രാമവർമ്മഗ്രന്ഥാവലി

# മണിമേഖല

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മററിയിൽ നിന്നു

പ്രസിദ്ധപ്പെടുത്തുന്നത്.

രാമവർമ്മഗ്രന്ഥാവലി

RAMA VARMA RESEARCH INSTITUTE.
TRICHUR, COCHIN STATE.

# മണിമേഖല.

52
M-L

കൊച്ചി
ഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നത്.

RAMA VARMA RESEARCH INSTITUTE.
TRICHUR. COCHIN STATE.

രാമവർമ്മഗ്രന്ഥാവലി.

RAMA VARMA RESEARCH INSTITUTE,
TRICHUR. COCHIN STATE.

# മണിമേഖല.

No. 1056

---

ഗ്രന്ഥകർത്താവു്

മ. രാ. രാ. നെന്മാറ പടിഞ്ഞാറെ പാറയിൽ
നാരായണൻ നായരവർകളോടു

പകർപ്പവകാശം വാങ്ങി

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മറ്റിയിൽ നിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

---

കോപ്പി ൫൦൦.

മംഗളോദയം അച്ചുകൂടത്തിൽ
അച്ചടിച്ചതു്

൧൦൮൯.

സകല പകർപ്പവകാശവും
കമ്മറ്റിയ്ക്കു്.

വില ൧ ക.
ഒരുറുപ്പിക.

RAMA VARMA RESEARCH INSTITUTE.
TRICHUR, COCHIN STATE.

# മുഖവുര.

'കൂലവാണികൻ ചാത്തനാർ' എന്നു പ്രസിദ്ധനായ ദ്രാവിഡകവിവര്യനാൽ രചിക്കപ്പെട്ടതും, തമിഴ് സംഘത്താൽ അംഗീകരിക്കപ്പെട്ടതുമാണ് 'മണിമേഖല'യെന്നു പ്രസിദ്ധമായ തമിഴ്കാവ്യം. വിഖ്യാതന്മാരായ പല വ്യാഖ്യാതാക്കളും പ്രമാണത്തെന്ന അംഗീകരിച്ചു വരുന്ന ഗ്രന്ഥങ്ങളിൽ ഇതിന്നുള്ള പ്രാധാന്യം അല്പമല്ല. ഇക്കാലത്തിൽ ഗ്രന്ഥാന്തരങ്ങളിൽ നിന്നു ഗ്രഹിപ്പാൻ കഴിയാത്ത ചില ദേവന്മാരുടെ പേരുകളും, ചില ജാതിഭേദങ്ങളും, കുലാചാരാദികളും, നഗരദ്വീപശൈലാദികളും, ദേവസ്ഥാനങ്ങളും, ഓരോ മതങ്ങളുടെ പ്രചാരസ്ഥാനങ്ങളും, ചില രാജാക്കന്മാരുടെയും, മുനികളുടേയും ചരിത്രങ്ങളും മററും ഇതിൽ നിന്നറിവാൻ കഴിയുന്നു. ദ്രാവിഡസാഹിത്യാചാര്യന്മാരാൽ പ്രാമാണ്യം കല്പിക്കപ്പെട്ടിട്ടുള്ള പഞ്ചമഹാകാവ്യങ്ങളിലൊന്നായിട്ടാണ ഇതിന്നു സ്ഥാനം കല്പിച്ചിട്ടുള്ളത്. അത്യന്തം ഒരുപോലെ വാച്യവാചകങ്ങൾ നിഷ്കൃഷ്ടങ്ങളാകയാൽ ഇതിന്റെ പ്രൌഢത സാമാന്യമല്ലെന്നു 'ചിന്താമണി' '[illegible]' എന്ന രണ്ടു ഗംഭീരഗ്രന്ഥങ്ങളുടെ കർത്താവും കവിപുംഗവനുമായ ശ്രീശിവപ്രകാശസ്വാമി

കൾ തന്റെ വേങ്ങക്കോവയിലുള്ള ഈ പദ്യത്താൽ പ്രകാശിപ്പിച്ചിരിക്കുന്നു.

ഗംഗാധരസുത വേങ്ങമരം പോ-
ലങ്ങുരുവായോരു ദേവ! കുമാര!
എങ്ങിനെ 'മണിമേഖല'യുടെ മഹിമയി-
ന്നങ്ങും സാരമറിഞ്ഞീടാവൂ.
'ചിന്താമണി'യും 'തൃക്കോവാ'ഖ്യ
ഗ്രന്ഥവുമങ്ങുരചിച്ചീടുകിലും
ബന്ധുരമാമക്കാവ്യാത്ഥത്തെ
ചിന്തിച്ചെഴുതും വിധമരുളേണം.

'ചിലപ്പതികാര'ത്തിലെ കഥാനായകനായ കോവലന്റെ മകൾ മണിമേഖലയുടെ ചരിത്രമാകയാൽ ഈ ഗ്രന്ഥം കഥാഭാഗംകൊണ്ട് അതിന്റെ പരിശിഷ്ടമെന്നു വേണം പറയുവാൻ.

"സർവ്വസമ്പത്സമൃദ്ധമായ ചോഴമണ്ഡലത്തിന്റെ പ്രധാനനഗരമായ 'കാവിരിപ്പൂമ്പട്ടിന'ത്തിൽ പെരുങ്കുടി വൈശ്യകുലജാതനായ കോവലനു 'മാധവി'യെന്ന നാടകവേശ്യയിലുല്പാദിച്ചവളാണ് 'മണിമേഖല'. കോവലൻ മധുരയിൽ കൊലപ്പെട്ടതു കേട്ട മാധവി തന്റെ വേശ്യാവൃത്തിയെ വെറുത്തു ബൌദ്ധാചാര്യനായ 'അറവണ അടികൾ'ളെ ശരണം പ്രാപിച്ചു സത്യചതുഷ്ടയവും, പഞ്ചശീലവും ഗ്രഹിച്ചു ബൌദ്ധസംഘത്തിൽ ചേന്നു. മണിമേഖലമാതൃസാന്നിദ്ധ്യം കൊണ്ടു ബാല്യത്തിൽ ത

ന്നെ ബുദ്ധധർമ്മങ്ങളെ ഗ്രഹിപ്പാൻ തക്ക അറിവു സ
മ്പാദിച്ചു. ഇവൾ ഒരു ദിവസം മാതാവിൻെറ അനുമതി
യോടെ ശ്രുതമതിയുമായി ഉദ്യാനത്തിലേക്കു പുഷ്പറുപ്പാൻ
പോയി. തന്നിൽ അനുരക്തനായി അവിടെ വന്ന ഉദ
യകുമാരനെ പേടിച്ചു അവിടെയുള്ള ഒരു പളുങ്കറയിൽ
ഒളിച്ചിരിക്കയും അവൻപോയതിന്നുശേഷം പുറത്തുവരി
കയും ചെയ്കപ്പോൾ തൻെറ കുലദൈവമായ മണിമേഖ
ലാദേവി അവളെ മണിപല്ലവദ്വീപിലെത്തിച്ചു. അവി
ടെയുള്ള ബുദ്ധപീഠദശനത്താൽ അതീതജന്മവൃത്താന്ത
സ്മരണയുണ്ടായി. പിന്നെ ആ ദേവിയിൽ നിന്നു മൂന്നു മ
ന്ത്രങ്ങൾ ലഭിച്ചതിന്നു പുറമെ പൂവ്ജന്മത്തിൽ പതിയാ
യിരുന്ന ഇരാകുലൻ തന്നെയാണ് ഉദയകുമാരനെന്നും
അറിഞ്ഞു. ബുദ്ധപീഠപാലികയായ ദ്വീപതിലകയോ
ടൊന്നിച്ചു ഗോമുഖിപ്പൊയ്കക്കു ചെന്നു. അതിൽനിന്നു
അമൃതസുരഭിയെന്ന അക്ഷയപാത്രം ലഭിച്ചു. പിന്നെ
കാവിരിപ്പൂമ്പട്ടിനത്തിലേക്കു മടങ്ങി അറവണ അടിക
ളെ കണ്ടു ആപുത്രനു മധുരയിൽവെച്ചു 'ചിന്താദേവി'
അമൃതസുരഭി കൊടുത്തതും, ആതുരന്മാക്കു ദാനം ചെയ്യു
ന്നതുതന്നെ ഉൽകൃഷ്ടധർമ്മമെന്നുള്ളതും അദ്ദേഹം പറ
ഞ്ഞു കേട്ടതിനാൽ അക്ഷയപാത്രവുമെടുത്തു വീഥിതോ
റും ചെന്നു സതീശിരോമണിയായ ആതിരയോടാദ്യ ഭിക്ഷ
വാങ്ങി. കായചണ്ഡികയെന്ന വിദ്യാധരവനിതയുടെ അ
ത്യഗ്നിരോഗത്തെ തൻെറ പാത്രത്തിൽ നിന്നൊരു പിടി
അന്നംകൊടുത്തു ശമിപ്പിച്ചു. എടുക്കുന്തോറും പാത്ര

ത്തിൽ വൎദ്ധിച്ചുവരുന്ന അന്നരാശികൊണ്ട് ആ നഗര ത്തിലെ 'ഉലകവറവി'യെന്ന ദേവാലയത്തിൽ വന്നുകൂടിയ ക്ഷുധിതന്മാരുടെ സന്തൎപ്പണം നിത്യധൎമ്മമായനുഷ്ഠിച്ചുവന്നു. അക്കാലത്തു കാമിച്ചുവന്ന ഉദയകുമാരൻ തന്നെ അറിയാതിരിപ്പാൻ മുൻചൊല്ലിയ കായചണ്ഡികയുടെ വേഷം ധരിച്ച് ആ നഗരത്തിലെ കാരാഗാരത്തിൽ ചെന്നു തദ്വാസികൾക്കെല്ലാം അന്നം നൽകി അതിനെ ധൎമ്മാഗാരമാക്കി. വീണ്ടും തന്നെ തുടൎന്നു വന്ന ഉദയകുമാരൻ കായചണ്ഡികയുടെ പതിയായ വിദ്യാധരനാൽ ഹതനായതു കണ്ടു കാലുഷ്യം വൎദ്ധിക്കുകയും സ്വം ദേശ്വരന്റെ വാക്കിനാൽ സമാശ്വസിക്കുകയും ചെയ്തു. പിന്നെ കുമാരന്റെ പിതാവായ 'മാവൺകിള്ളി'യാൽ ബന്ധനസ്ഥയാക്കപ്പെടുകയും മഹാരാജ്ഞിയുടെ അപേക്ഷപ്രകാരം മോചിക്കപ്പെടുകയും ചെയ്തതിന്നുശേഷം നാഗപുരത്തിൽ ചെന്നു തദധിപനായ പുണ്യരാജനോടൊന്നിച്ചു മണിപല്ലത്തിൽ ചെന്ന് അവനെ പീഠദൎശനം ചെയ്യിച്ച് അവന്റെ പൂൎവ്വജന്മം അറിയുമാറാക്കി. കാവിരിപ്പൂമ്പട്ടിനം കടലെടുത്തു പോയതായി ദ്വീപതിലകയിൽനിന്നറിഞ്ഞതിനാൽ വഞ്ചിപുരത്തിലേക്കു പ്രയാണം ചെയ്തു. അവിടെ നഗരത്തിന്നു ബഹിൎഭാഗത്തിൽ സന്നിധാനം ചെയ്യുന്ന പതിദേവതയായ കണ്ണകി (ഇപ്പോൾ ശ്രീകുരുംബേശ്വരി)യെ ദൎശിച്ച് അവളുടെ പൂൎവ്വവൃത്താന്തങ്ങൾ കേട്ടറിഞ്ഞു. പിന്നെ അവിടെയുള്ള മതവാദികളേയും കണ്ട് അവരവരുടെ മതപ്രസ്ഥാനങ്ങളെ

ഓരോന്നായറിഞ്ഞു് ആ നഗരത്തിൽ തപം ചെയ്തുകൊണ്ടിരുന്ന മാശാത്തുവാനെ കണ്ടു് അവനിൽനിന്നു പല വൃത്താന്തങ്ങളും ഗ്രഹിച്ചു. അനന്തരം അവൻെറ ചൊല്പടിക്കു കാഞ്ചീപുരത്തിൽചെന്നു് അവിടെ വിശന്നു വലയുന്ന സർവ്വപ്രാണികൾക്കും അന്നം കൊടുത്തു. അവിടെ വന്ന അറവണ അടികളെ കണ്ടു അദ്ദേഹത്തിൻെറ ധർമ്മോപദേശങ്ങൾ കേട്ടതിൽ പിന്നെ നിർവ്വാണപ്രാപ്തിക്കായി അവിടെത്തന്നെ തപം ചെയ്തുകൊണ്ടിരുന്നു" എന്നുള്ളതാണു കാവ്യത്തിലെ ഇതിവൃത്തം.

ഈ കാവ്യം ഇതിലെ ഇതിവൃത്തത്തിൻെറ ഒരു സംക്ഷിപ്തരൂപമായ കഥാമുഖംകൊണ്ടു തുടങ്ങി 'ഇന്ദ്രോത്സവപ്രഖ്യാപനം' തൊട്ടു് 'സംസാരമോചനോദ്യോഗ'പര്യന്തമായ മുപ്പതു ഗാഥ (കാത)കളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ 'ഗാഥ' എന്നതിനെ തന്നെ ഈ ഗ്രന്ഥകാരനും മററു ചില കവികളും 'പാട്ടു്' എന്നു പ്രയോഗിച്ചു കാണുന്നു. സംസ്കൃതപണ്ഡിതന്മാർ 'ഗീത'മെന്ന അർത്ഥത്തിലാണു് ഇതിൻെറ പ്രയോഗമെന്നും അഭിപ്രായപ്പെടുന്നു. 'കാത'ക്കു് കഥയെന്നും ഒരു പക്ഷക്കാർ അർത്ഥകല്പന ചെയ്യുന്നു. ഈ ഗ്രന്ഥത്തിൽ ആദ്യന്തം ഒരേ വൃത്തം തന്നെയാണു് അംഗീകരിച്ചിട്ടുള്ളതു്. ഈ വൃത്തത്തിന്നു തമിഴ് സാഹിത്യഗ്രന്ഥങ്ങളിൽ കല്പിച്ചിട്ടുള്ള സ്ഥാനം ഏതാണ്ടു മലയാളത്തിൽ കിളിപ്പാട്ടിന്നുള്ള സ്ഥാനം തന്നെയെന്നു പറയാം. ഈ കാവ്യം ബൌദ്ധമതപ്രസക്തയായ മണിമേഖലയുടെ ചരിത്രമാകയാൽ

ഇതിൽ (ബൌദ്ധ) ആധൎമ്മങ്ങൾ ആദ്യന്തം എങ്ങും തുടൎന്നു കാണാം. പല ധൎമ്മങ്ങളും ഇതിൽ പറഞ്ഞിട്ടുണ്ടെങ്കിലും മുഖ്യമായ്കാണുന്നതു് ഒരുവൻ മനോവാക്കായ ശുദ്ധിയോടെ സൎവ്വജീവികളിലും സൎവ്വദാ കൃപാലുവായിരിക്കേണമെന്നുതന്നെയാണു്.

മണിമേഖലാകാവ്യകാരൻ, പണ്ടു മധുരയിൽ സ്ഥാപിച്ചിരുന്നതും ക്രമേണ മൂന്നു കാലങ്ങളിലായി പ്രഖ്യാതിയോടെ നടന്നുവന്നതുമായ 'മുതൽചങ്കം', 'ഇടൈച്ചങ്കം' 'കടൈച്ചങ്കം' എന്ന ആദിമദ്ധ്യാന്തതമിഴ്പണ്ഡിത സംഘങ്ങളിൽ കടൈച്ചങ്കപ്പുലവന്മാരിൽ ഒരുവനായിരുന്നു. മധുരജന്മഭൂമിയായതിനാലും കുലസംജ്ഞങ്ങളായ എട്ടുവക ധാന്യങ്ങളെ വ്യാപാരം ചെയ്തിരുന്നതിനാലും 'മതുരൈക്കുലവാണികൻ ചത്തനാർ' എന്നും സംഘത്തിൽ അരങ്ങേററുവാൻ ഓരോ കവികൾ സമൎപ്പിക്കുന്ന ഗ്രന്ഥങ്ങളിൽ പിഴകൾ കാണുന്തോറും ഗ്രന്ഥകാരന്മാരെ കുററപ്പെടുത്തുവാനൊരുങ്ങാതെ, "ഈ വക തെററുകൾ എനിക്കറിയേണ്ടതായി വന്നുവല്ലോ" എന്നു മനസ്താപപ്പെട്ടു തന്റെ തലയിൽ തല്ലുകയും, അതിനാൽ തലപുണ്ണായി ചീഞ്ഞിരിക്കയും ചെയ്കതിനാൽ, 'ചീത്തലൈ ചാത്തനാർ' എന്നും മററും ഓരോ ഗ്രന്ഥങ്ങളിൽ ഇദ്ദേഹത്തിന്റെ പേരിന്നു പ്രസിദ്ധികാണുന്നു. സാദ്ധ്വീദേവിയായ കണ്ണകിയുടെ കഥയും അവളുടെ മഹത്വവും ചെങ്കുട്ടവൻ ചേരനെ ബോധിപ്പിച്ചു് ഒരു സഖാവിന്റെ നിലയിൽ അദ്ദേഹത്തെക്കൊണ്ടു് ആ ദേവിയുടെ ക്ഷേത്ര

നിമ്മാണവും, നിത്യപൂജാദികളും, നടത്തിച്ചത് ഇദ്ദേഹമായിരുന്നു. ചേരനു കണ്ണകിയുടെ ചരിത്രം കേൾപ്പിക്കുന്ന സമയം അദ്ദേഹത്തിൻെറ അനുജനും സന്യാസം സ്വീകരിച്ച ദേഹവുമായ 'ഇളങ്കോവടികളും' അവിടെ സന്നിഹിതനായിരുന്നു. ഈ ചരിത്രത്തെ 'ചിലപ്പതികാരം' എന്ന ഉത്തമകാവ്യമാക്കിച്ചമക്കുന്നതിന്നു അടികളെ ഉദ്യമിപ്പിച്ചതു ചാത്തനാരാണെന്നു ആ കാവ്യത്തിൽനിന്നുതന്നെ തെളിയുന്നു. മേൽക്കാണിച്ച പ്രകാരം കണ്ണകീദേവിയുടെ ആലയനിമ്മാണാദികൾ നടത്തിയ കാലത്തു സിംഹളരാജാവായ 'ഗജബാഹു' ചെങ്കുട്ടവൻെറ അതിഥിയായി വഞ്ചിപുരത്തിൽവന്നു വസിച്ചിരുന്നതായും അദ്ദേഹം സിംഹളത്തിൽ കണ്ണകിദേവിയെ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്നതായും ചിലപ്പതികാരത്തിൽ കാണുന്നു. 'മഹാവംശ'മെന്ന സിംഹളചരിത്രത്തിൽ 'ഗജബാഹു'വെന്നു പേരുള്ള രണ്ടു രാജാക്കന്മാരെ പറഞ്ഞു കാണുന്നതിൽ ചെങ്കുട്ടവൻെറ സഖാവായി കാണുന്നതു് ഒന്നാംഗജബാഹുവായിരിപ്പാനേ ഇടയുള്ളുവെന്നും ആ ഗജബാഹുവിൻെറ കാലം ഏതാണ്ടു ക്രിസ്ത്വാബ്ദം ദ്വിതീയശതവഷത്തിൻെറ പൂവ്വാദ്ധമായിരിക്കേണമെന്നും കാണുന്നു. ഇതിനാൽ ഈ ഗ്രന്ഥകത്താവിൻെറ കാലവും ഇതുതന്നെയെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥനിമ്മാണകാലം തൃതീയശതവഷത്തിൻെറ പൂവ്വാദ്ധമായിരിക്കേണമെന്നാണു ചില ചരിത്രാന്വേഷകന്മാരുടെ പക്ഷം.

ഇതിലെ ഇതിവൃത്തം നടന്ന കാലത്തുതന്നെ ഈ

ഗ്രന്ഥകർത്താവും ജീവിച്ചിരുന്നുവെന്നും അദ്ദേഹത്താൽ തമിഴിൽ കവനം ചെയ്യപ്പെട്ട മൂലഗ്രന്ഥം തന്നെയാണിതെന്നും ചിലപ്പതികാരത്തിൽ നിന്നെന്നപോലെ ഈ ഗ്രന്ഥത്തിലെ കഥാമുഖത്തിൽനിന്നും വിശദമാകുന്നതിനാൽ ഇതു് അന്യഭാഷയിൽനിന്നു വന്നതായി ശങ്കിപ്പാനവകാശം കാണുന്നില്ല. ചിലപ്പതികാരവും മണിമേഖലയും ഓരോ മഹാകാവ്യങ്ങളാണെങ്കിലും അവയിലെ കഥാവസ്തു ഒരേ ഇതിഹാസത്തിൻെറ പൂർവ്വാപരഖണ്ഡങ്ങളാണെന്നുള്ളതും, രചനാ, ഭാഷ, വർണ്ണനാസാമ്യം, വ്യാകരണാദിശാസ്ത്രീയപദ്ധതി, കല്പനാശക്തി മുതലായ അംശങ്ങളിലുള്ള പരസ്പരസാദൃശ്യവും, വിമർശനം ചെയ്യുന്നതായാൽ ഇവരണ്ടും ചേൎന്ന ഒരു മഹാകാവ്യമാണെന്നും വാദിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. രണ്ടു കവിപുംഗവന്മാരും തങ്ങളുടെ കാവ്യങ്ങളെ പരസ്പരം കേൾപ്പിച്ചതായി അവയിൽ തന്നെ കാണുന്നുണ്ടു്. ഈ വക ലക്ഷണങ്ങളാൽ രണ്ടു കാവ്യങ്ങളും പരസ്പരം പൂർണ്ണതാപാദകങ്ങളായി നിൽക്കുന്നു. ഈ ഗ്രന്ഥങ്ങളുടെ നിർമ്മാണവും വഞ്ചിനഗരത്തിൽ ഒരേ കാലത്തു നടന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. ഈ നഗരം അന്നു കേരളത്തിലെ പെരുമാക്കന്മാരുടെ രാജധാനിയായിരുന്നുവെങ്കിലും ഇന്നു ഇതിൻെറ മഹിമകൾ ചരിത്രഗ്രന്ഥങ്ങളിലും നഷ്ടശിഷ്ടങ്ങളായി ചില അംശങ്ങൾ ഭൂഗർഭത്തിലുമായി ലയിച്ചു് അനാഥന്നിശ്ചരൻ തുണ' എന്ന നിലയിൽ 'വഞ്ചി'(തിരു-വഞ്ചി-കളം)എന്ന ആ പുരാതന

സംജ്ഞമാത്രം ഒരു ദേവാലയത്തെ അവലംബിച്ച് ഒരു കോണിൽ സ്ഥിതി ചെയ്യുന്നു.

എനിക്കു് ഇരുപതുകൊല്ലങ്ങൾക്കുമുമ്പു 'ചിലപ്പതികാരം' 'മണിമേഖല' ഈ രണ്ടു പുരാതന കാവ്യങ്ങളുടെ പരിഷ്കൃതരീതിയിലുള്ള പ്രസിദ്ധീകരണത്തെപ്പററി ഒരു ഇംഗ്ലീഷുപത്രത്തിലുണ്ടായിരുന്ന നിരൂപണം വായിച്ചറിഞ്ഞു് എൻെറ പ്രിയമിത്രം പരേതനായ ഐ. എസ്സ്. നാരായണയ്യർ ബി. എ., അവർകൾ, "ഈ ഗ്രന്ഥങ്ങളിൽ കേരളചരിത്രത്തിൻെറ പുരാതനമായ ചില അംശങ്ങളടങ്ങീട്ടുണ്ടു്; നിങ്ങൾ അവ രണ്ടും വരുത്തി വായിക്കേണ്ടതാണ്." എന്നു എന്നോടുപദേശിക്കുകയും എനിക്കതിൽ ആസക്തി ജനിക്കയും ചെയ്കതിനാൽ ആ രണ്ടു ഗ്രന്ഥങ്ങളും വരുത്തി വായിച്ചുകൊണ്ടിരുന്നു. ഒരിക്കൽ വി. കെ. അച്യുതമേനോൻ ബി. എ. എൽ. ടി., അവർകളുമായുണ്ടായ സംഭാഷണത്തിൽ പ്രസംഗവശാൽ ഈ ഗ്രന്ഥങ്ങളെ സംബന്ധിച്ചും ഞാൻ ചില വിഷയങ്ങൾ പ്രസ്താവിക്കയുണ്ടായി. അതിൻെറ ഫലമായി ഈ ഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്വാനായി അദ്ദേഹം എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒരു സംവത്സരം കഴിഞ്ഞിട്ടും കാര്യാന്തരപരതന്ത്രനായ എനിക്കു് ആ പ്രവൃത്തിയിൽ ഏർപ്പെടുവാൻ കഴിഞ്ഞില്ല. പിന്നീടു 1101 മീനത്തിൽ നേരിട്ടു കണ്ട സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ഇഷ്ടസിദ്ധി പ്രതിരോധിയായി എന്നെ ബാധിച്ചിട്ടുള്ള ഔദാസീന്യപിശാചികയുടെ ഉച്ചാടനമന്ത്രപ്രതിമമായി

ഭാഷാപരിഷ്കരണകമ്മററി സിക്രട്ടറിയുടെ നിലയിൽ ഒരു പത്രമെഴുതിത്തരികയും ചെയ്തു. ഈ നിലയിലാണു് ഈ ഭാഷാന്തരീകരണത്തിൽ എന്റെ പ്രവേശനമുണ്ടായതു്.

ഇതു മൂലത്തിന്റെ ഒരു നേരുതർജ്ജമതന്നെയെന്നിരിക്കിലും അത്യാവശ്യകമല്ലെന്നു കരുതി അവിടവിടെ അല്പാല്പം ചില അംശങ്ങളെ ഉപേക്ഷിച്ചിട്ടുണ്ടു്. വായനക്കാൎക്കു രസാവഹമായിരിപ്പാനും ദ്രാവിഡകാവ്യപദ്ധതിയിലുള്ള വിശേഷങ്ങളെ അല്പാല്പം പ്രദർശിപ്പിപ്പാനുമായി മിക്കഗാഥകളിലും ചില വർണ്ണനകൾ, സുഭാഷിതങ്ങൾ മുതലായവയെ മൂലത്തിൽനിന്നു നേരെ തർജ്ജമചെയ്തു പദ്യങ്ങളായിത്തന്നെ ചേർത്തിട്ടുമുണ്ടു്. കഥാപുരുഷന്മാരുടെ നാമധേയങ്ങളിൽ സംസ്കൃതതത്ഭവങ്ങളായികാണുന്ന ചുരുക്കം ചിലതിനെ മാത്രം അവയുടെ തത്സമങ്ങളാക്കിയും ചില സംജ്ഞാപദങ്ങളെ യുക്തമെന്നു കാണുന്നിടത്തു് അൎത്ഥഭേദം വരാതെ ഭാഷാന്തരംചെയ്തും പ്രയോഗിച്ചിട്ടുണ്ടു്. സാംഖ്യബൌദ്ധാദിദർശനങ്ങളുടെ പ്രതിപാദനങ്ങളിൽ ശാസ്ത്രീയങ്ങളായ ദ്രാവിഡപദങ്ങൾക്കു പകരം കേരളഭാഷാഗ്രന്ഥങ്ങളിൽ പ്രയോഗിച്ചുവരുമാറുള്ള സംസ്കൃതപദങ്ങളെത്തന്നെ ഒട്ടുമുക്കാലും അംഗീകരിച്ചിരിക്കുന്നു. 27-ാം, 30-ാം, ഗാഥകൾ ആ മൂലം ദാൎശനികതത്വപ്രതിപാദകങ്ങളും, ദുൎവ്വിജ്ഞേയങ്ങളുമാണെന്നിരിക്കിലും അവയെ കഴിയുന്നതും സുഗമമാക്കിത്തീർത്തിട്ടുണ്ടു്. 29-ാം ഗാഥയിലെ ദാൎശനികമായ അംശത്തെമാത്രം തർജ്ജമചെയ്യാതെ

വിട്ടിരിക്കുന്നു. ഈ അംശം ഇന്നത്തെ ദാർശനികന്മാരാൽ ദുർഗ്രാഹ്യമാണെന്നു പല പണ്ഡിതന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു.

ഈ പരാവർത്തനത്തിൽ ഒരാപ്തമിത്രത്തിന്റെ നിലയിൽ നിർബ്ബന്ധപൂർവ്വകം എന്നെ പ്രേരിപ്പിച്ച് അപ്പപ്പോൾ വേണ്ടുന്ന ഉപദേശങ്ങൾ തന്നു ഗ്രന്ഥസമാപ്തിയെ പ്രതീക്ഷിച്ചിരുന്ന വി. കെ. അച്യുതമേനോൻ ബി. എ. എൽ. ടി., അവർകളോടും ഈ ഗ്രന്ഥത്തിന്റെ ചരിത്രസംബന്ധമായ ചില അംശങ്ങളെ ശേഖരിച്ചു തന്നു പലപ്രകാരത്തിലും എന്നെ ഉത്സാഹിപ്പിച്ച എൻ. ജി. ശ്രീനിവാസയ്യർ എം. എ. എൽ. ടി., അവർകളോടും എനിക്കുള്ള നിർവ്യാജമായ കൃതജ്ഞതയെ ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു. ഈ വിവർത്തനം ആരംഭിച്ചതു മുതൽ ഈ ആവശ്യത്തിനുള്ള ഗ്രന്ഥാന്തരപരിശോധനയിലും മററും പങ്കുകൊണ്ടും ഇതു മുഴുവൻ ഒന്നുരണ്ടു വട്ടം പകർത്തെഴുതിയും നിരന്തരമായി എന്നെ സഹായിച്ചുവന്ന എന്റെ സഹോദരപുത്രനും വിനീതശിഷ്യനുമായ പി വിശ്വനാഥൻനായരും എന്റെ അഭിനന്ദനത്തിനു പാത്രമായിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്. ഈ അപൂർവ്വഗ്രന്ഥത്തെ ഭാഷാന്തരം ചെയ്തു തങ്ങളുടെ മുമ്പാകെ സമർപ്പിപ്പാൻ ഉദ്യമിപ്പിച്ച ഭാഷാപരിഷ്കരണക്കമ്മിററിക്കും ഞാൻ ഏററവും വന്ദനം പറഞ്ഞുകൊള്ളുന്നു.

കാവേരിയെപ്പോലെ മലനാട്ടിൽ പിറന്നു തമിഴ്നാട്ടിനെ അലങ്കരിക്കുന്ന ഈ കാവ്യരത്നത്തെ ജന്മഭൂമിയിലേക്കാനയിച്ച സഹോദരന്മാരും കാലാതിപാതത്താൽ അപരിചിതന്മാരുമായ കേരളീയൎക്കു പരിചയപ്പെടുത്തിക്കൊടുത്താൽ കൊള്ളാമെന്നുള്ള ആഗ്രഹത്തിന്മേലാണു ഞാൻ ഈ വിവൎത്തനത്തിന്നു തുനിഞ്ഞത്. ഞാൻ ശുദ്ധ മലയാളിയും ഈ മൂലഗ്രന്ഥം ദ്രാവിഡവും പ്രൌഢവുമാകയാൽ ഇതിൽ എന്റെ പാണ്ഡിത്യക്കുറവിനാലോ മറ്റോ വല്ല സ്ഖലിതങ്ങളും വന്നു പോയിട്ടുണ്ടെങ്കിൽ അവയെ സദയം ക്ഷമിച്ചുകൊള്ളേണമെന്നു പ്രാജ്ഞന്മാരായ മഹാ ജനങ്ങളോടു പ്രാൎത്ഥിച്ചുകൊള്ളുന്നു.

എന്നു

പി. നാരായണൻ നായർ

പരിഭാഷകൻ.

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം. |
|---|---|---|---|
| 9 | 5 | ദിവോദ്യാന | ദിവ്യോദ്യാന |
| 10 | 9 | അജ്ജന | അജ്ജുന |
| 31 | 14 | അിനന്ധ | അന്ധ |
| 34 | 8 | ഭൂതവാസി | ഭൂവാസി |
| ,, | 9 | വൃത്താന്തം | വൃത്തം |
| 41 | 16 | ഇരാകുലാൻ | ഇരാകുലൻ |
| 44 | 12 | വരവശ | പരവശ |
| 50 | 9 | ബാധ | ബാധാ |
| 51 | 1 | പകിനൊന്നാം | പതിനൊന്നാം |
| 52 | 4 | ആ് പുത്ര | ആപുത്ര |
| 66 | 8 | അപന്റെ | അവന്റെ |
| 68 | 22 | കമ്മലത്താൽ | കമ്മ്ബലത്താൽ |
| 71 | 16 | സാദ്ധ്വാഹ | സാത്ഥ്വാഹ |
| 72 | 21 | പരിണാമ | പരിമാണ |
| 73 | 18 | ഹസ്ത്യഗ്നി | അത്യഗ്നി |
| 80 | 8 | യുലലത്തി | യുലത്തി |
| ,, | 9 | നിവത്ത | നിവൃത്ത |
| 81 | 8 | ആനത്തിയെന്ന | അത്യഗ്നിയെന്ന |
| ,, | 25 | ഹസ്ത്യഗ്നി | അത്യഗ്നി |

| ഭാഗം | വരി | അശുദ്ധം | ശുദ്ധം. |
|---|---|---|---|
| 84 | 7 | ഫസ്ത്യഗ്നി | അത്യഗ്നി |
| 91 | 1 | ഇരുപത്തൊന്നാം | ഇരുപത്തൊന്നാം (ഗാഥ |
| 93 | 1 | ഇരുപത്തൊന്ന | ഇരുപത്തൊന്നാം |
| ,, | 4 | പത്തെടേഴം | പത്താടേഴം. |
| 100 | 18 | തള്ളണ | തള്ളേണ |
| ,, | ,, | യുലകാ | യുലകി |
| 101 | 4—5 | യവ്വന | യൌവന |
| 105 | 23 | ചൈതിന്യ | ചൈതന്യ |
| 108 | 2 | നിർവാഴ്ത്തി | നിർവിഴ്ത്തി |
| 117 | 5 | തനിയും | തനിയെ |
| 121 | 7 | ചൈല്യ | ചൈത്യ |
| 123 | 16 | ശംഭവിക്ക | സംഭവിക്ക |
| 129 | 10 | അനുസമുദായം | അണുസമുദായം. |
| 130 | 20 | വിളിക്കും | വിളയിക്കും. |
| ,, | 23 | പ്രാരാബ്ധ | പ്രാരബ്ധ |
| 131 | 4 | മഹത്വ | മഹത്തത്വ |
| 136 | 11 | ചൈല്യത്തെ | ചൈത്യത്തെ |
| 139 | 5 | ദേവിയും | ദേവിയേയും |
| 142 | 11 | രചതാദി | രജതാദി |
| ,, | 15 | സിദ്ധിച്ചു മരിക്കുന്ന | സിദ്ധിച്ചുമിരിക്കുന്ന |
| 144 | 12 | സ്കന്ദങ്ങൾ | സ്കന്ധങ്ങൾ |

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 146 | 5 | നിലയിരിക്കന്നതു | നിലയിലിരിക്കന്ന (തു |
| ,, | 7 | ഷഡായനാങ്ങൾ | ഷഡായതനാങ്ങൾ |
| 147 | 9 | പൃച്ഛ | പൃച്ഛ |
| ,, | 16 | ഉപാലാഭം | ഉപാലംഭം. |
| 149 | 11 | ത്രുവം | ത്രുവം. |
| ,, | 19 | ഷഡവ്യവഹാര | ഷഡ്വ്യവഹാര |
| 150 | 24 | വിവോജക | വിയോജക |
| 151 | 5 | ചതുപ്പയ | ചതുഷ്ടയ |
| 152 | 6 | ഢ്യാനിക്ക | ധ്യാനിക്ക |
| ,, | 12 | മൈത്ത്രിയെ | മൈത്രിയെ |
| ,, | 25 | മൈത്ര്യാദി | മൈത്ര്യാദി |
| 153 | 5 | ശേവാസി | ദേശവാസി |
| 154 | 6 | മൈത്ര്യാദി | മൈത്ര്യാദി |
| ,, | 13 | തപപ്രഭാവം | തപഃപ്രഭാവം |

RAMA VARMA RESEARCH INSTITUTE.
TRICHUR, COCHIN STATE.

ശ്രീ

# മണിമേഖല

## കഥാമുഖം

---

ബാലദിവാകരൻതന്നെയും വെല്ലും ശ്രീ
കോലും തൻകാന്തി പൂണ്ടുകൊണ്ടു്
ചേലാർന്ന ചെഞ്ചിടാഭാരത്തിൻ ദീധിതി
ജാലവും നീളെപ്പരത്തി നിന്നാൾ
ഉന്നതമാകിന പൊന്മലതന്മുടി
തന്നിൽ നിന്നൻപോടെഴുന്നരുളി
നിശ്ചയം ദക്ഷിണദിക്കിന്നണഞ്ഞൊരു
ജംബുവാം ദ്വീപമമർന്ന ദേവി
ജംബൂഭഗവതി ജംബൂതരുതലം
തന്നിലമർന്നു മരുവും നാളിൽ
ദുഷ്ടന്മാരായ ദാനവന്മാരുടെ
ധിക്കാരമേറ്റം പൊറുക്കായ്കയാൽ
അത്തലണഞ്ഞു തളർന്നു ചമഞ്ഞൊരു
പൃത്ഥ്വിയായുള്ളൊരു ദേവിതന്റെ
വൃത്താന്തം കേട്ടു കനിഞ്ഞു ദനുജരിൽ
ബദ്ധമാം വൈരം മുഴുക്കയാലെ

‘ജംബു’വെന്നുള്ളൊരു നാമവും കൈക്കൊണ്ടു
ശമ്പാപതി തന്നിൽ വാണരുളി
മാർത്താണ്ഡഗോത്രത്തിൽ ജ്ജാതനായെങ്ങുമേ
കീർത്തി വളർന്നൊരു ചോഴമന്നൻ
‘കാന്തനെ’ന്നുള്ള നാമം പുകഴ്ന്നവൻ
കാന്തിമാൻ വീരൻ കൃപാംബുരാശി
ദോഷമകന്നു വിളവുകളെന്നും ത-
ന്നൂഴിയിലേറിച്ചമഞ്ഞിടുവാൻ
അംഭസ്സമൃദ്ധി വരുത്തണമെന്നോർത്തു
കുംഭോത്ഭവനാകും മാമുനിയെ
കമ്പിട്ടു കേൾപ്പിച്ചു കാമിതമങ്ങവ-
നൻപോടനുഗ്രഹം വാങ്ങിക്കൊണ്ടാൻ.
അന്നാമമ്മുനി തന്റെ കമണ്ഡലു
തന്നിലടങ്ങി മരുവിടുന്ന
പുണ്യനദിയായ കാവേരിയാം നദി
തിണ്ണമൊഴുകിപ്പരന്നു പൊങ്ങി.
ദക്ഷിണദിക്കിന്നഭിമുഖമായ് ച്ചെന്നു
പുക്കിതു ശമ്പാപതിക്കരികെ
പൊങ്ങിത്തിളങ്ങുന്നൊരോളങ്ങളാൽ തള്ളിക്കൊ-
ണ്ടങ്ങിനെ കാണായ വാരിധിയെ
സമ്പന്നമാം തപം കൈക്കൊണ്ടു നിത്യവും
ശമ്പാപതിയെന്ന നാമത്തെയും
കൊണ്ടങ്ങു മേവുന്ന ജംബൂഭഗവതി
കണ്ടു കുതൂഹലം പൂണ്ടുടനെ

ദിവ്യനദിതന്നെ ച്ചെന്നങ്ങെതിരേററ
ദ്ധ്യമാംവണ്ണം പറഞ്ഞൊരുളവം
"മന്ദാകിനി! ശുഭേ! വനാലയമിങ്ങു നീ
നിന്നുടെ സംഗം മേസാദ്ധ്യമായി
മണ്ണിൽ മഹിമ കലർന്നുള്ള തീർത്ഥങ്ങൾ-
ക്കിന്നൊരു ദീപം നീയെന്നു ചൊൽവൂ."

എന്നപ്പോൾ കാവേരി തന്നെ പ്പിരിയാതെ
നിന്നുള്ള താപസൻ ചൊന്നാദരേണ.

"ജംബുവെന്നെങ്ങും പുകൾക്കൊള്ളും ദേവിയെ
സ്സമ്മാനിക്കേണം കവേരകന്യേ!
വന്ദ്യയാണെന്നും നിനക്കിവളെന്നതും
നന്നായുറപ്പിച്ചു കൊൾക വേണം.

പാരാളും ഭാരതഭൂമിയിലെങ്ങുമെ
ധാരാളമായിപ്പരിലസിക്കും
വീരന്മാരായുള്ള ചോളഭൂപാലന്മാർ
പാരാതെ പോററും കലാകൈരവം

പാരാളും മന്നവൻ ധർമ്മം ത്യജിക്കയാൽ
വാരിദം വൃഷ്ടി പൊഴിക്കാഞ്ഞിടിലും
വാരിപ്രവാഹത്തിനൂനം കലരാതെ
പോരാനിടും തമിഴ് ദേവിതാനും;"

ചാലേ വണങ്ങിനിന്നപ്പോൾ പുരാതന-
കാലത്തു വാണരുളുന്ന ദേവി
കാലിന്മേൽ കാലുമണച്ചിരുന്നാൾക്കൊമ്പിൽ
കോലും കുതൂഹലം പൂണ്ടു ചൊന്നാൾ.

“കാമത്തിനൊത്തുള്ള ഭോഗങ്ങളെ നൽകും
ശ്രീമത്തമാൎന്നു വിളങ്ങുന്നോരു
ഭവ്യങ്ങളാം മഹാരാജികാദിയാം
ദിവ്യഭുവനങ്ങളാറുണ്ടല്ലോ
നിഷ്കാമകൎമ്മികളായുള്ള മാനവ-
ൎക്കാകുന്നലോകമിരുപതുണ്ട്.
ആയവററിൻ നാമം ചൊല്ലിടുകിൽ ബ്രഹ്മ-
കായികലോകം മുതലായുള്ളു.
ഇങ്ങിനെ സൎവ്വപ്രപഞ്ചത്തിൻ ബീജങ്ങൾ
പങ്കജനാഭൻ ചമച്ച കാലം
ശമ്പാവതിയെന്നു പാരിൽ പ്രസിദ്ധമാ-
യെൻ പേർ പുകഴുമിപ്പത്തനത്തെ
തന്നാമധേയത്തിലാക്കിച്ചമച്ച നീ
ധന്യേ! ചിരകാലം വാഴ്ക,”യെന്നേവം.
അന്നു തുടങ്ങി താൻ ‘കാവേരി’പട്ടണ
മെന്നുള്ള നാമത്തെ പൂണ്ടുകൊണ്ട്
മുന്നമേ പേർ പെററു നിന്നൊരു തൽപുരം
മന്നിൽ സമൃദ്ധമായ്പുന്നു പണ്ടെ.

ഇങ്ങിനെ ശമ്പാവതിയെന്നും കാവിരിപ്പൂമ്പട്ടിനമെന്നും നാമധേയങ്ങളോടു കൂടിയതും പുരാതനവുമായ പുരവരത്തിൽ ശതമഖമഹോത്സവം നടത്തിയതും, ചിത്രാപതി ചിത്ത ചാഞ്ചല്യം കലൎന്ന വസന്തമാലയുടെ വഴിക്കു മാധവിയോടു നാഗരികവാദമറിയിച്ചതും, മണിമേഖല പൂവിറുപ്പാൻ പുഷ്പവാടിയിൽ ചെന്നപ്പോൾ യുവരാജകുമാ

രൻ അവിടെ വന്നതായി കണ്ടു അവൾ സ്ഫടികാഗാരത്തിലൊളിക്കുന്നതും, അതു കണ്ടു കുമാരൻ നിരാശനായി പോയശേഷം മണിമേഖലാദേവി പ്രത്യക്ഷീഭവിച്ചു മണിമേഖലയെ മണിപല്ലവത്തിലേക്കു കൊണ്ടുചെന്നു വീണ്ടും ഉപവനത്തിൽ വന്നു ശ്രുതമതിയുടെ ഉറക്കമുണർത്തിയതും, മണിപല്ലവത്തിൽ സുപ്രതിഷ്ഠിതയായ മണിമേഖല നിശിഥിനിയിൽ ഏകാകിനിയായുഴലുമ്പോൾ കേളിവാന്മുള്ളൊരുമണിപീഠത്തെ കണ്ടുപൂർവ്വജന്മവൃത്താന്തമറിഞ്ഞതും, അവിടെ മണിമേഖലാദേവി ആവിർഭവിച്ചു ചിന്താശോകമകലുംവണ്ണം മന്ത്രോപദേശം ചെയ്തതും, ദീപതിലകയുടെ സാഹായ്യത്താൽ ദിവ്യമായ പാത്രം ലഭിച്ചതും, പാത്രലാഭാനന്തരം പട്ടണത്തിലേക്കു മടങ്ങിവന്നു മാധവിയോടും ശ്രുതമതിയോടും കൂടി അറവണ അടികളെ ചെന്നു വണങ്ങിയതും, ആ പുത്രന്റെ മഹിമയും അവനു ചിന്താദേവിയിൽ നിന്നുള്ള പാത്രലാഭവും അടികൾ അവരെ കേൾപ്പിച്ചതും, ആ പാത്രം മണിമേഖലക്കു കിട്ടുകയാൽ അവൾ പാത്രഹസ്തയായി ഈ നഗരത്തിലെ തെരുവുകളിൽ ഭിക്ഷയേററതും, പതിവ്രതകൾ പാത്രത്തിൽ ഭിക്ഷാന്നമേകിയതും, കായചണ്ഡികയുടെ അത്യഗ്നിരോഗം ശമിപ്പിച്ചു ദേവാലയം പുക്കതും, അതുകേട്ടു രാജകുമാരൻ അവിടെ ചെന്നെത്തിനാൽ അവൾ കായചണ്ഡികയുടെ വേഷം ധരിച്ചു് അവന്റെ ദൃഷ്ടിയിൽനിന്നു മാറിച്ചെന്നു കാരാഗാരം ധർമ്മാഗാരമാക്കിയതും, കായചണ്ഡികയെന്നു കരുതി കാഞ്ച

നാൻ അവളെ പിരിയാതെ തുടൎന്നുചെന്നു രാജകുമാരനെ ഖഡ്ഗത്തിന്നിരയാക്കിയതും, മഹാരാജ്ഞിക്കഴൽ പിണഞ്ഞതും, സ്കന്ദദേവൻ കുമാരവധം തെളിയിച്ചതും, മന്നവൻ മണിമേഖലയെ ബന്ധനാലയത്തിലാക്കിയതും അവൾ രാജ്ഞിക്കു ധൎമ്മോപദേശം ചെയ്തു ആ പുത്രന്റെ രാജ്യത്തിൽ ചെന്നു അവനോടുകൂടി മണിപല്ലവം പ്രാപിച്ചതും, അവിടെ നിന്നു താപസവേഷം പൂണ്ടു വഞ്ചിനഗരം പൂകിയതും പരമാൎത്ഥതത്വഗ്രഹണത്തിന്നായി ആചാൎയ്യന്മാരുടെ മതവാദം കേട്ടതും, പിന്നെസ്വസ്വരൂപം പൂണ്ടു കാഞ്ചീപുരത്തു ചെന്നു അമ്മമാരെയും അടികളെയും കണ്ടുവന്ദിച്ചതും, തപോവേഷം പൂണ്ടു ധൎമ്മമറിഞ്ഞു ഭവബന്ധം നീങ്ങുവാനായി വ്രതാനുഷ്ഠാനം ചെയ്തതും, ഇളങ്കോവടികളെ കേൾപ്പിപ്പാനായി പദ്യമയങ്ങളായ മുപ്പതു ഗാഥകളടങ്ങിയതും, 'മണിമേഖലയുടെ സന്ന്യാസം' എന്നുകൂടി പേരുള്ളതുമായ 'മണിമേഖലാ' കാവ്യം കൂലവാണികൻ 'ചാത്തൻ' തമിഴിൽനിൎമ്മാണം ചെയ്തു.

# മണിമേഖല.

---

## ഒന്നാം ഗാഥ.

### ഇന്ദ്രോത്സവപ്രഖ്യാപനം.

---

ചോഴമണ്ഡലത്തിൽ കാവേരിനദി കടലോടു സംഗമിക്കുന്ന പ്രദേശത്തു വിഖ്യാതന്മാരായ ചോഴരാജാക്കന്മാരുടെ പുരാതനരാജധാനിയായ കാവിരിപ്പൂമ്പട്ടിനത്തിൽ പെരുങ്കുടി വൈശ്യകുലത്തിൽ പിറന്ന കോവലൻ കുലമുറയ്ക്കൊത്തവണ്ണം കണ്ണകിയെന്ന കുമാരിയെ വേട്ടതിന്നുശേഷം നാട്യവിദഗ്ദ്ധയായ മാധവിയെന്ന വേശ്യക്കു വശംവദനായി ഏതാനും കാലം നയിച്ചതിനാൽ മണിമേഖലയെന്ന ഒരു പുത്രിയുണ്ടായി. പിന്നെ കാൎയ്യാന്തരവശാൽ പാണ്ഡ്യരാജധാനിയായ മധുരാപുരിയിൽ ചെന്നുചേൎന്ന അവനെ രാജകല്പനപ്രകാരം അവിടെ വച്ചു കൊലപ്പെടുത്തി. കോവലന്റെ മരണവൃത്താന്തശ്രവണത്താൽ മാധവി തന്റെ വേശ്യാവൃത്തിയെ വെറുത്തു ബുദ്ധഗുരുവൎയ്യനായ അറവണസ്വാമികളെ ശരണം പ്രാപിച്ചു ബുദ്ധമതധൎമ്മങ്ങളനുഷ്ഠിച്ചു വന്നതിനാൽ ബാല്യം മുതല്ക്കുതന്നെ മണിമേഖലക്കും ബൌദ്ധധൎമ്മങ്ങളിൽ അഭിരുചി ജനിക്കുന്നതിന്നിടയായി.

പൂർവ്വകാലത്തിൽ കാവിരിപ്പൂമ്പട്ടിനത്തിന്റെ അഭ്യുന്നതിക്കായി പ്രയത്നിച്ചുകൊണ്ടിരുന്ന അഗസ്ത്യമുനിയുടെ ആജ്ഞപ്രകാരം ചെമ്പിയൻ എന്ന ചോഴൻ ഇന്ദ്രനോടപേക്ഷിച്ചനുമതിവാങ്ങി ആ നഗരത്തിൽ നടത്തിവന്നതും പിൻഗാമികളായ രാജാക്കന്മാരാൽ പരമ്പരായായി നടത്തപ്പെട്ടുവരുന്നതും ഇരുപത്തെട്ടു നാൾ കൊണ്ടാടിവരാറുള്ളതുമായ ഇന്ദ്രോത്സവം നടത്തുവാൻ നഗരവാസികളായ സർവ്വമതസ്ഥന്മാരും പ്രമാണികളും ഒത്തുകൂടി ഇങ്ങിനെ ആലോചിച്ചുറച്ചു "നാം ഇന്ദ്രോത്സവം മുടക്കരുതു്. മുടക്കിയാൽ പണ്ടു് മുചുകുന്ദ ചക്രവർത്തിക്കു ദൈത്യന്മാരുടെ താമസാസ്ത്രപ്രയോഗത്താൽ ബാധിച്ച ദിഗ്ഭ്രമനിദ്രാക്ലേശത്തെ നീക്കുവാൻ മഹേന്ദ്രാജ്ഞാകരനായി ഭൂലോകത്തിൽവന്നു സംകൃത്യനിഗ്രഹണാനന്തരം ഈ നഗരത്തിൽ നാളങ്കാടിത്തെരുവിൽ സന്നിധാനം ചെയ്തു ബലിപൂജകൾ കയ്ക്കൊണ്ടുവരുന്ന "നാളങ്കാടിബ്ഭൂതം" ചില ബാധകൾ ചെയ്യും. കപടവേഷധാരികളായും മറ്റും പരദ്രോഹം ചെയ്തുവരുന്ന പാപികളെ തന്റെ പാശത്താൽ ബന്ധിച്ചു കൊന്നു ഭക്ഷിച്ചു നഗരരക്ഷ ചെയ്തു വരുന്ന ഈ "ചതുഷ്പഥഭൂതം" ഈ നഗരം വിട്ടു നീങ്ങുകയും ചെയ്യും. ആകയാൽ നാം ഈ ഉത്സവത്തെ ആദരിച്ചു നടത്തുക തന്നെ വേണം." സർവ്വസമ്മതമായി നിശ്ചയിച്ചു ഉത്സവാരംഭം പറയടിച്ചു നഗരവാസികളെ അറിവിപ്പാനായി പറയനെ വരുത്തി ആജ്ഞാപിച്ചു. അവൻ വജ്രകോഷ്ഠത്തിൽ ഇരിപ്പുള്ളതായ പെരുമ്പറയെടു

ത്തു് ആനക്കഴുത്തിലേററി ഒന്നാമതായി നഗരത്തെ വാ
ഴ്ത്തി സ്തുതിച്ചു യഥായോഗ്യം വിജ്ഞാപനം ചെയ്തു. "മേ
ഘങ്ങൾ മാസംതോറും മുമ്മൂന്നുമഴ പൊഴിക്കുമാറാകട്ടെ!
രാജശാസനങ്ങൾ നിർബ്ബാധം നിറവേറുമാറാകട്ടെ! വി
ജ്ഞന്മാരായ മഹാജനങ്ങളെ! ഇവിടെ ഇന്ദ്രോത്സവം
ഘോഷിക്കുമ്പോൾ സർവ്വദേവന്മാരും സ്വർല്ലോകം വെടി
ഞ്ഞു് ഈ നഗരത്തിൽ സന്നിഹിതന്മാരാകുമെന്നാണു പൂ
ൎവ്വന്മാരുടെ മതം. അതിനാൽ രാജവീഥികളിലും ചതു
ഷ്പഥങ്ങളിലുമെന്നല്ല മറെറല്ലായിടങ്ങളിലും പൂൎണ്ണകുംഭ
ങ്ങൾ, സ്വൎണ്ണപ്രതിമകൾ, മംഗലപ്രതിമ, ദീപാവലി
കൾ മുതലായവ നിരത്തുവിൻ. കുലക്കവുങ്ങു്, കുലവാഴ,
കരിമ്പു്, വഞ്ചിക്കൊടി, പുഷ്പവല്ലി മുതലായവകൊണ്ടല
ങ്കരിപ്പിൻ. സ്തംഭങ്ങളിൽ മുത്തുമാലകൾ തൂക്കുവിൻ. വീ
ഥികളിലും, മന്നങ്ങളിലും, പഴയമണൽ നീക്കി പുതുമ
ണൽ പരത്തുവിൻ. മാടഗോപുരാദികളിൽ കൊടിക്കൂറ
കൾ കെട്ടുവിൻ. ശിവാലയം തൊട്ടു ചതുഷ്പഥകോഷ്ഠാ
ന്തമുള്ള സർവ്വദേവസന്നിധാനങ്ങളിലും ഭദ്രദീപാലങ്കാര
നൈവേദ്യാദികൾ നടത്തുവിൻ. ധൎമ്മജ്ഞന്മാരെ! നി
ങ്ങൾ മണ്ഡപങ്ങളിലും ദേവായതനങ്ങളിലും ചെന്നു ധ
ൎമ്മോപദേശപ്രസംഗങ്ങൾ നടത്തുവിൻ. മതവാദികളെ!
നിങ്ങൾ വിദ്യാമണ്ഡപത്തിൽ ആത്മാനാത്മപക്ഷങ്ങളായ
സ്ഥാനങ്ങളെ അലങ്കരിച്ചു മതവാദങ്ങൾ ചെയ്യുവിൻ.
ആരിലും കോപവും വൈരവുമില്ലാതിരിപ്പിൻ." ഇങ്ങി
നെ പെരുമ്പറയടിച്ചു പട്ടണത്തിന്റെ നാനാഭാഗങ്ങളി
ലും ഇന്ദ്രോത്സവത്തെ വിജ്ഞാപനം ചെയ്തു.

## രണ്ടാം ഗാഥ.

### നാഗരികോക്തി.

---

കാവിരിപ്പൂമ്പട്ടിനത്തിൽ ഇന്ദ്രോത്സവം ആരംഭിച്ചു മാധവിക്കു നാട്യവിദ്യയിലുള്ള നൈപുണ്യം പ്രസിദ്ധമായിരുന്നതിനാൽ നഗരത്തിൽ നടന്നുവരുമാറുള്ള ഉത്സവാദികളിലെല്ലാം മാധവിയുടെ നാട്യപ്രയോഗം ഒഴിച്ചുകൂടാത്തതായിരുന്നു. കീഴ്നടപ്പനുസരിച്ചു മണിമേഖലയും മാധവിയും ആട്ടത്തിന്നു വന്നുചേരായ്കയാൽ നാഗരികന്മാർ ചെയ്ത ആക്ഷേപം നിമിത്തം മാധവിയുടെ മാതാവായ ചിത്രാപതി വയന്തമാലയെ വരുത്തി ഈ വിവരം മാധവിയോടറിയിപ്പാൻ പറഞ്ഞയച്ചു. അവൾ തന്റെ തോഴിയായ മാധവി മണിമേഖലയോടൊരുമിച്ചിരിക്കുന്ന മലർമണ്ഡപത്തിൽ ചെന്നു വ്രതാനുഷ്ഠാനക്ലേശത്താൽ വാടിയുലഞ്ഞ മാധവിയെ ദയനീയമായ വിധത്തിൽ കണ്ടു് അവളോടിങ്ങിനെ പറഞ്ഞു. "നീയും മണിമേഖലയും ഉത്സവത്തിൽ പങ്കുകൊള്ളാതെ നിങ്ങളുടെ കുലധർമ്മത്തിന്നു വിരുദ്ധമായ തപശ്ചര്യയിൽ കാലം നയിച്ചുവരുന്നതു് ഈ പട്ടണവാസികളുടെ അതിയായ അപ്രീതിക്കു കാരണമായ്ത്തീർന്നിരിക്കുന്നു." മാധവി പറഞ്ഞു. "ഭർത്താവു കൊലപ്പെട്ടുപോയതുകൊണ്ടുണ്ടായ കോപാവേശം സഹിക്കവയ്യാതെ മധുരാപുരിയെ ഭസ്മീകരിച്ച പതിദേവതയായ കണ്ണകിദേവിയുടെ കുമാരി മണിമേ

ഖല തപശ്ചൎയ്യയിലിരിക്കത്തക്കവളാകാതെ എത്രയും നികൃഷ്ടമായ വേശ്യാവൃത്തിക്കുതകുന്നവളല്ലായ്കയാൽ അവിടെ വരുന്നതല്ല. ഞാൻ ഇവിടെ വന്നു ബൌദ്ധാചാൎയ്യനായ അരവണസ്വാമികളെ വണങ്ങി എന്റെ പ്രാണനാഥൻ മധുരയിൽ വധിക്കപ്പെട്ടതിനാലും മററുമുള്ള മനഃക്ലേശത്തെ നിവേദനം ചെയ്തു മുറയിടുകയാൽ അദ്ദേഹം—

"ജന്മമല്ലോ ദുഃഖകാരണ മൂഴിയിൽ
ജന്മമില്ലെന്നാകിലാനന്ദമെത്രയും
സംഗത്തിനാൽ ദുഃഖമത്രേഫലം ദൃഢം
സംഗമററിടിലാനന്ദം പരം നൂനം"

എന്നുള്ള സംഗാസംഗഫലത്തെയും, അഹിംസാ, അസ്തേയം, ശൌചം, അവിതഥം, അകാമം, എന്നീ പഞ്ചശീലത്തെയും എനിക്കുപദേശിച്ച് ഇവയെ ദൃഢമായനുഷ്ഠിച്ചുകൊള്ളണമെന്നരുളിച്ചെയ്ത് എന്നെ തപോമാൎഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കയാൽ ഞാനും അവിടെ വരേണ്ടവളല്ല. ഈ വിവരം എന്റെ തോഴിമാരോടും മതാവിനോടും അറിയിക്കുക." വസന്തമാല ദുൎല്ലഭമായ മാണിക്യക്കല്ലിനെ കടലിൽ കളഞ്ഞവളെപ്പോലെ നിസ്സംജ്ഞയായി ചിത്രാവതിയുടെ സമീപത്തിലേക്കുമടങ്ങി.

# മൂന്നാം ഗാഥ.

## പൂഞ്ചോലപ്രവേശം.

---

മാധവി വസന്തമാലയോടു പറഞ്ഞ വൃത്താന്തങ്ങൾ കേട്ടമാത്രയിൽ അപാരമായ സംസാരബന്ധത്തിൽ വൈരാഗ്യം നേരിടുവാൻ തക്ക പുണ്യപരിപാകം പൂൎണ്ണമായിരുന്ന മണിമേഖലയുടെ ശ്രവണങ്ങൾക്കു തന്റെ മാതാപിതാക്കന്മാരായ കണ്ണകിക്കും കോവലനും മധുരയിൽവെച്ചു നേരിട്ട സംഭവം തപ്തനാരാചസന്നിഭമായി പരിണമിക്കയും അനിവാൎയ്യമായ സന്താപഭാരത്താൽ അവിരതമൊഴുകുന്ന അശ്രുക്കളുടെ പതനം കൊണ്ടു താൻ കെട്ടിക്കൊണ്ടിരുന്ന പുഷ്പമാലയെ നനച്ചു കളഞ്ഞു തുടങ്ങുകയും ചെയ്തപ്പോൾ മാധവി കണ്ണീർ തുടച്ചു് ഒരുവിധം അവളെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു "ഈ മാല നിന്റെ കണ്ണീർക്കണങ്ങളാൽ വാടിയുലഞ്ഞു നിഷ്പ്രഭമായിക്കഴിഞ്ഞു. വേറെ മാല കെട്ടുന്നതിന്നായി നീ പൂഞ്ചോലയിൽ ചെന്നു പുതിയ പുഷ്പങ്ങൾ അറുത്തു കൊണ്ടുവരിക."

ഈ സന്ദൎഭത്തിൽ അവിടെ സന്നിഹിതയായിരുന്ന 'ശ്രുതമതി' തന്റെ സഖി മാധവിയോടു പറഞ്ഞു "മാതാപിതാക്കൾക്കു സംഭവിച്ച വിപത്തിനെ ചിന്തിച്ചു സീമാതീതമായ സന്താപാബ്ധിയിൽ മുഴുകി കണ്ണീരും കയ്യുമായിരിക്കുന്ന ഈ കമനീമണിയെ കണ്ടാൽ കാമൻ ത

ന്റെ പടക്കോപ്പുകളെ ദൂരത്തെറിഞ്ഞു നാട്ടങ്ങി മണ്ടിപ്പോകും. യുവാക്കന്മാർ ഇവളെ പുറത്തു കാണുന്നതായാൽ ഒരിക്കലും വിട്ടുപിരിയുകയില്ല. അവർ തന്നെത്താൻ മറന്നു മര്യാദാലംഘനം ചെയ്യും. അങ്ങിനെ ചെയ്യാതിരിക്കുന്നവർ അത്രത്തോളം ഭീരുക്കളായിരിക്കണം. ഇങ്ങിനെയുള്ള പുത്രിയെ പുഷ്പാപചയത്തിന്നായി ഇപ്പോൾ തനിയെ വെളിയിലയക്കുന്നതു് ഒരിക്കലും ഉചിതമല്ല. ഞാൻ ഈ നഗരത്തിൽ വരുവാനുള്ള കാരണമിന്നതെന്നു് ഇപ്പോൾ നിങ്ങളോടു പറയാം. അംഗദേശത്തു ഗംഗാതീരത്തിൽ ചമ്പാനഗരത്തിലുള്ള കൌശികനെന്ന ബ്രാഹ്മണന്റെ പുത്രിയാകുന്നു ഞാൻ. വീണ്ടുവിചാരം കൂടാതെ ഏകാകിനിയായി ഒരു പൂഞ്ചോലയിൽ ചെന്നു പുഷ്പങ്ങൾ പറിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ദ്രോത്സവം കാണ്മാൻ ഈ നഗരത്തിലേക്കു് ആകാശമാർഗ്ഗത്തൂടെ വരുന്ന 'മാരുതവേഗ'നെന്ന ഒരു വിദ്യാധരൻ എന്നെ കാണുകയും ഉടനെ വന്നു എന്നെ എടുത്തുകൊണ്ടു മേല്പോട്ടുയർന്നു തനിക്കു വശപ്പെടുത്തുകയും, കുറെ നാൾ കഴിഞ്ഞശേഷം എന്നെ ഇവിടെ കൊണ്ടുവന്നു വിട്ടു് അവൻ സ്വനഗരത്തിലേക്കു പോവുകയും ചെയ്തു. സ്ത്രീകൾ തുണയില്ലാതെ സഞ്ചരിക്കുന്നതിനാൽ ഈവിധമുള്ള അപനയങ്ങൾ നേരിടുന്നതു സാധാരണമായിട്ടുള്ളതാണ്. അതിനാൽ മണിമേഖല ആരാമത്തിൽ തനിയെ ചെന്നു പൂപറിക്കത്തക്ക നിലയിലുള്ളവളല്ല. അവൾക്കു സഹായമായി ആരെങ്കിലും കൂടെ ഉണ്ടായിരിക്കേണ്ടതാണ്.

ലവന്തികോദ്യാനത്തിൽ ചെല്ലുന്നതായാൽ രാജപരിവാരങ്ങളിൽ ചിലർ അവിടെ ഉണ്ടായിരിക്കും. ഉദ്യാനമെന്ന ചോലയിൽ ചെല്ലുകയെന്നു വെച്ചാൽ അതിൽ അമരന്മാർക്കല്ലാതെ മനുജന്മാർക്കു ആശ്രയിപ്പാനരുതാത്തവയും വണ്ടുകൾ അണയാത്തവയുമായ പുഷ്പങ്ങളെ വഹിക്കുന്ന വൃക്ഷജാലങ്ങൾ വാടാമലർ മാലകളെ തൂക്കി നില്ക്കുന്നു. ഇതു പാശപാണികളായ ഭൂതങ്ങളാൽ പാലിക്കപ്പെട്ടവരുന്നതാണെന്നറിഞ്ഞു വിവേകികളാരും ഈ വനത്തിൽ പ്രവേശിക്കമാറില്ല. പണ്ടു ദിവാകരൻെറ കഠോരകിരണങ്ങളേററു പക്ഷങ്ങൾ ദഹിച്ച സമ്പാതി വാസം ചെയ്തതായ സമ്പാതിവനവും, കാവേരിയുടെ ജനകനായ കവേരമുനിവരൻെറ ആശ്രമോദ്ദേശമായിരുന്ന കവേരവനവും, പുരാതനമായി അവിടെ കുടികൊള്ളുകയും അടുത്തു ചെല്ലുന്നവരെ അപ്രവേശിപ്പെപദ്രവിക്കുകയും ചെയ്യുന്ന ദേവതകളാൽ സംരക്ഷിക്കപ്പെടുന്നവയാകയാൽ ഇവയിലും പ്രാജ്ഞന്മാരുടെ പ്രവേശമില്ല.

> കരുണ, മഹിതാദരം, ജീവസംരക്ഷണം
> പെരിയ മഹിമാവു, മന്ത്യനവ്രതങ്ങളും
> അരുളുമിഹനായനാ മഹാ മുനീന്ദ്രാജ്ഞയാൽ
> തരുനിരകൾപവു മഴ കൊടു വൃക്ഷനത.

ഇങ്ങിനെ ഗുണവിശിഷ്ടമായി 'ഉപവനം'മെന്നു പേരായ ഒരു പൂങ്കാവിൽ അകത്തുള്ളവരുടെ ഛായ വെളിപ്പെടുത്താതെ ആകാരത്തെ മാത്രം പ്രദർശിപ്പിക്കുന്ന ഒരു പളുങ്കു മണ്ഡപവും, അതിൽ മാണിക്യപ്രഭ പൊങ്ങുന്ന ഒരു

പത്മപീഠവുമുണ്ടു്. ഈ പീഠത്തിൽ അൎപ്പിക്കുന്ന പൂമൊ
ട്ടുകൾ വികസിക്കും. എത്ര കാലം ചെന്നാലും അവക്കു
വാട്ടമില്ല. വണ്ടുകൾ വന്നു ബാധിക്കയുമില്ല. ഇതേവരെ
ക്കും ഈ ദിവ്യോദ്യാനത്തിന്റെ മഹിമകളെ നിന്നോടു പ
റയുവാൻ എനിക്കവസരം ലഭിക്കയുണ്ടായില്ല. ഇനി
അതിന്റെ മാഹാത്മ്യത്തെ പറയാം. ഭക്തന്മാർ ഒരു
ദേവനെ ധ്യാനിച്ചു് ആ പീഠത്തിൽ പുഷ്പങ്ങൾ അൎപ്പി
ച്ചാൽ അവ ആ പീഠം വിട്ടു നീങ്ങി ആ ദേവന്റെ പാദ
ങ്ങളിൽ ചെന്നു ചേരും. നിഷ്കാമമായി അതിൽ അൎപ്പി
ച്ച കുസുമങ്ങൾ അതിനെ വിട്ടു നീങ്ങുന്നതല്ല. ഇതിനു
ള്ള കാരണമെന്തെന്നും പറയാം. "മനഃപൂൎവ്വമല്ലാതുള്ള
കൎമ്മവും ഫലിക്കും" എന്നു കരുതുന്ന വ്യക്തികളുടെ അന്ധവിശ്വാസം
നീങ്ങുവാനും "മനഃപൂൎവ്വമല്ലാതുള്ള കൎമ്മം
ഫലപ്രദമല്ല," എന്നു വിശ്വസിക്കുന്നവൎക്കു ദൃഷ്ടാന്തപ്പെ
ടുവാനും ആയി പുഷ്പങ്ങളൎപ്പിച്ചു ദൃഷ്ടാന്തീകരിക്കുവാൻ
പണ്ടു മയനെന്ന ദിവ്യശില്പിയാൽ ഈ പീഠം നിൎമ്മിക്ക
പ്പെട്ടിരിക്കുന്നു. നിന്റെ മകൾ ആ വനത്തിലല്ലാതെ
മറ്റെങ്ങും പോവാൻ പാടുള്ളതല്ല. പൂപ്പറിപ്പാൻ അവൾ
ക്കു തുണയായി ഞാനും പോകാം." ഇങ്ങിനെ മണിമേ
ഖലയും ശ്രുതമതിയും ഒന്നിച്ചു പോകുമ്പോൾ ഉപവാസ
വ്രതിയായ ഒരുവനെ മദ്യം കുടിപ്പാൻ നിൎബ്ബന്ധിക്കുന്ന ഒരു
മദ്യപാനിയെ പിൻതുടൎന്നു നില്ക്കുന്നവരും, ഒരു ഭ്രാ
ന്തന്റെ ചേഷ്ടകൾ കണ്ടു ക്ലേശിക്കുന്നവരും, പതിനൊ
ന്നു വിധമുള്ള രൂപകങ്ങളിൽ ഒന്നായ പേടിയാട്ടം കണ്ടു

നില്ക്കുന്നവരും, തെരുവുകളിൽ ഇരുവശത്തുമുള്ള മാളികകളുടെ ഭിത്തികളിൽ എഴുതിട്ടുള്ള നാനാവൎണ്ണപരിലസിതങ്ങളായ ചിത്രങ്ങളെ കണ്ടു വിസ്മയിച്ചു നില്ക്കുന്നവരും, ഒരു ചെറിയ വണ്ടിയിൽ ഒരാനക്കുട്ടിയെപ്പണിചെയ്തുവെച്ചു അതിന്മേൽ ബാലന്മാരെ ഇരുത്തി കളിപ്പിക്കുന്ന കാമിനികളെ കണ്ടു നില്ക്കുന്നവരുമായ സൎവ്വജനങ്ങളും തങ്ങളുടെനോട്ടം തിരിച്ചു മുമ്പുവിരാടനഗരത്തിൽ നപുംസകത്വം വഹിച്ചു ചെന്ന അൎജ്ജുനനെയെന്നവണ്ണം മണിമേഖലയെ കണ്ടു വിസ്മയം പൂണ്ടു ചുററും നിന്നുകൊണ്ടു, "അലൌകികമായ ലാവണ്യാതിശയത്താൽ വിളങ്ങുന്ന ഈ തരുണിമണിയെ തപോമാൎഗ്ഗത്തിൽ പ്രവേശിപ്പിച്ച മാതാവിന്റെ മനോവൃത്തി എത്രയും കഠോരമെന്നേ പറയേണ്ടു. ഇവൾ പൂഞ്ചോലയിൽ ചെല്ലുന്നതായാൽ അരയന്നങ്ങൾ ഇവളുടെ നടയും, കുയിലുകൾ ഇവളുടെ മൊഴിയും, കാണുമ്പോഴും കേൾക്കുമ്പോഴുമുണ്ടാകാവുന്ന അസൂയനിമിത്തം എത്രത്തോളം സങ്കടപ്പെട്ടും." ഇങ്ങിനെ പല വിധവും പറഞ്ഞു അവളുടെ രൂപാദിഗുണങ്ങളെ പ്രശംസിച്ചുകൊണ്ടു ഏററവും കൌതുകയോടെ നില്ക്കുകയും മണിമേഖലയും ശ്രുതമതിയും പുഷ്പവൃക്ഷത്തിന്നായി ഉപവനത്തിലേക്കു പോവുകയും ചെയ്തു.

# നാലാം ഗാഥ.

## പളുങ്കറപ്പൂകിയത്തു്.

ശ്രുതമതി മണിമേഖലക്ക് ഉദ്യാനശോഭയെ കാട്ടിക്കൊടുക്കുന്നു.

തരുനിരകളൊടു ലതകൾ തിങ്ങി പരന്നപൊൽ-
ത്താർത്തേൻമണം പെടും പൂവനം ശോഭനം
തിമിരഭരനിബിഡിതമഹാസാലഗുല്മമായ്
താരം വിശാലമായുള്ള പൂവാടിയിൽ
ദിനകരമയൂഖസംഘാതത്തിനെന്നുമേ
ദീനമാമുള്ളിൽ കടന്നു ചെന്നീടുവാൻ
മധുപതതി മദമൊടിഹ വേണുഗാനോപമം
മാധുര്യമുൾക്കൊണ്ടു പാടുന്നു സർവ്വദാ
മയിലുകൾ മനോജ്ഞമായാടുന്ന രംഗത്തിൽ
മാനിച്ചുമേവുന്ന ശാഖാമൃഗങ്ങളും
കുയിലിനിട പൂകുവാനാകാത പത്രങ്ങൾ
കൂടി ഞെരുങ്ങും ലതാവൃക്ഷസഞ്ചയം
സ്ഫടികമണിനിഭസലില സരസിയിൽ നിരന്തരം
സ്ഫീതങ്ങളായുള്ള ദിവ്യപത്മങ്ങളിൽ
സതതമരയന്നങ്ങൾ കേളിയാടീടുന്നു
സാദരം താരസ്വനം മുഴക്കീടവെ.

ഇവരിരുവരും ഉദ്യാനം സന്ദർശിച്ചുകൊണ്ടിരിക്കെ മദാന്ധനായി വീഥികൾ തോറും സ്വേച്ഛാസഞ്ചാരത്താൽ ജനദ്രോഹം ചെയ്തു നടന്ന 'കാലവേഗ'മെന്ന കൊലയാനയുടെ മദവേഗത്തെ അടക്കി ബന്ധനസ്ഥനാക്കിയതിനുശേഷം രഥാരൂഢനായ ഉദയകുമാരൻ സേനാപരിവൃതനായി ചെല്ലുമ്പോൾ വേശ്യാവീഥിയിൽ ഒരു മാളികപ്പുറത്തു പൂമെത്തമേൽ തന്റെ പ്രേമഭാജനമായ കാമിനിയൊന്നിച്ച് ഒരു വീണയും മാറിൽ തഴുകി മയങ്ങി പാവ കണക്കെയിരിക്കുന്ന 'എട്ടിക്കുമാര'നെ ജനാലവഴിയായി കാണുകയും അവന്റെ അവശതയെന്തെന്നു ചോദിക്കുകയും ചെയ്തു. അവൻ ഉടനെ എഴുന്നേററു ബദ്ധപ്പെട്ട് ഉദയകുമാരന്റെ അരികെ വന്നു വണങ്ങി സ്തുതിച്ചു പറഞ്ഞു. "തന്റെ സഹജമായ സൌന്ദര്യം കുറഞ്ഞ് ഈ മാർഗ്ഗത്തിലൂടെ പാദചാരേണ ഉദ്യാനത്തിലേക്കു പ്രയാണം ചെയ്യുന്ന മണിമേഖലയെ കണ്ടമാത്രത്തിൽ അവളുടെ പിതാവായ കോവലനു മധുരയിൽ നേരിട്ട ഭയങ്കരസംഭവം മനോഗോചരമായതിനാൽ നിസ്സംജ്ഞനായി ഈ വീണക്കമ്പികൾക്കിടയിൽ കയ്യിട്ടിരുന്നുപോയതാണ്. മറെറാന്നുമില്ല." കുമാരൻ പല നാളായി തനിക്കു മണിമേഖലയിൽ സഞ്ജാതമായ മോഹം തല്ക്കാലം സാധിപ്പിക്കാമെന്നു കരുതി, "ഞാൻ അവിടെ ചെന്നു മണിമേഖലയെ തേരിലേററിക്കൊണ്ടുവരാ"മെന്ന് അവനോടു പറഞ്ഞു രഥാരൂഢനായി ഉപവനത്തിന്റെ ബഹിർദ്വാരത്തെ പ്രാപിച്ചു

മണിമേഖല തേരൊലി കേട്ടമാത്രയിൽ ശ്രുതമതിയോടു പറഞ്ഞു. "ഉദയകുമാരന്നു് എന്നിൽ അതിയായ വാഞ്ഛയുണ്ടെന്നു് എന്റെ ജനനിയോടു വയന്തമാല പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. ഈ കേൾക്കുന്നതു് അവന്റെ രഥധ്വാനമാണു്. ഈ വിപത്തിൽനിന്നു രക്ഷപ്പെടുവാൻ എന്തു ചെയ്യേണ്ടു?" ശ്രുതമതി അവളെ അവിടെയുള്ള പളുങ്കറയിലാക്കി കതകടച്ചു പൂട്ടി നാലഞ്ചു വിൽപ്പാടകലെ ചെന്നു നിന്നു. കുമാരൻ പുഷ്പവാടിയിൽ പ്രവേശിച്ചു നോക്കിയപ്പോൾ ശ്രുതമതി അവിടെ നില്ക്കുന്നതായി കാണുകയും തനിക്കു മണിമേഖലയിലുള്ള രാഗാതിശയത്തെ ധ്വനിപ്പിച്ചുകൊണ്ടിങ്ങിനെ ചോദിക്കുകയും ചെയ്തു. "ഏകാകിനിയായി നില്ക്കുകയാണോ? നീ മണിമേഖലയോടൊന്നിച്ചാണു് ഇവിടെയ്ക്കു വന്നതെന്നു് എനിക്കറിവു കിട്ടിയിരിക്കുന്നു. അവൾക്കു് അലഭ്യമായ ആത്മജ്ഞാനം സിദ്ധിച്ചുവോ? പുഞ്ചിരിപ്പൂതൂമ തൂകുന്നില്ലയോ? നയനങ്ങൾ കടാക്ഷവീക്ഷണങ്ങളാൽ കാമത്തെ പ്രദർശിപ്പിക്കുന്നുവോ? ബൌദ്ധാചാര്യന്മാരുടെ വാസസ്ഥാനം വിട്ടു് അവൾ ഇവിടെ വരുവാൻ കാരണമെന്തു്?"

അപ്പോൾ ശ്രുതമതി വാതിലില്ലാത്ത മുറിയിൽ അകപ്പെട്ടുകണക്കെ ഗത്യന്തരമില്ലാതെ കുമാരന്റെ ചോദ്യങ്ങൾക്കിങ്ങിനെ ഉത്തരം പറഞ്ഞു. "യൌവനവയസ്സിൽ തന്നെ വൃദ്ധത്വം പൂണ്ടു് എതിരാളികളുടെ വാദം കേട്ടു തീരുമാനിച്ചു് അവൎക്കു പരമാർത്ഥം വെളിപ്പെടുത്തിക്കൊടു

ത്ത കരികാലചോഴപ്പെരുമാളുടെ കുലോല്പന്നനാകയാൽ നീ തരുണനെന്നിരിക്കിലും അറിവുകൊണ്ട് സ്ഥവിരനാകയില്ലയോ? നിനക്കു മാതൃശകളായ നാരികൾ ഉപദേശിക്കേണ്ടതായി യാതൊന്നുമില്ല. എങ്കിലും ഞാൻ ഒന്നു പറയാം. അതു കേട്ടരുളേണമേ.

കൎമ്മത്താലുണ്ടായതുതന്നെ
കൎമ്മത്തിന്നൊരു വിളനിലമാകും
നറുമണമകലും നേരത്തിങ്കൽ
വരുമഥ വെളിയിൽ മഹാദുൎഗ്ഗന്ധം.
മൂത്തു മരിച്ചീടും മനുജന്മാർ
ചീൎത്ത മഹാരോഗങ്ങൾക്കിരയാം
സംഗമിയന്നിട്ടുകിലോ ഹൃദയം
ഭംഗത്തിന്നൊരു ഭാജനമാകും.
ചിത്തത്തിൽ കുടികൊള്ളും വൈരം
പുററിൽ പാമ്പു കിടക്കുമ്പോലെ
അത്ര വിഷാദമഹാമോഹാദികൾ
ചീൎത്തു വലഞ്ഞുഴലുന്നിതു നിത്യം.
മൎത്ത്യന്മാരുടെ ഗതിയെല്ലാം പുന-
രിത്തരമോൎത്തറിയേണം സുമതേ!"

അവൾ ഇങ്ങിനെ മനുഷ്യജീവിതത്തിന്റെ നിലയെപ്പററി സാരമായി പറഞ്ഞതു കുമാരന്റെ ശ്രവണഗോചരമാകുന്നതിന്നു മുമ്പായി പളുങ്കറയ്ക്കകത്തിരുന്ന മണിമേഖലയുടെ രൂപം അവന്ന് അക്ഷിഗോചരമായി ഭവിച്ചു.

# അഞ്ചാം ഗാഥ.

## മണിമേഖലാദേവിയുടെ ആവിർഭാവം.

ഉദയകുമാരൻ താൻ കണ്ടതു മണിമേഖലയുടെ രൂപമാണെന്നു കല്പിച്ച് ആ പളുങ്കറയുടെ ഉള്ളിൽ കടന്നുചെല്ലുവാൻ ശ്രമിച്ചപ്പോൾ അതിൻെറ പ്രവേശദ്വാരം കാണായ്കയാൽഅതു് ഇന്ന ഭാഗത്താണെന്നറിയുവാൻ സ്ഫടികഭിത്തിയെ തലോടിനോക്കിക്കൊണ്ടു നാലുപാടും ചുററിവന്നു ശ്രുതമതിയോടു്, "മണിമേഖല ഏതൊരു വൃത്തിയെ അവലംബിച്ചാണിരിക്കുന്നതു്?" എന്നു ചോദിച്ചു. ശ്രുതമതി "അവൾ അപരാധികളെ ശപിച്ചടക്കുവാൻ തക്ക തപോബലം സമ്പാദിച്ചു കാമവികാരം അല്പംപോലുമില്ലാതെ വത്തിക്കുന്നു. ആകയാൽ നീ അവളെ കാമിക്കുന്നതു ശരിയല്ല," എന്നു വിലക്കുകയാൽ, "അവൾ എങ്ങിനെയിരുന്നാലും ശരി സവ്വഥാ എനിക്കനുരൂപിണിയായിരിക്കും" എന്നു പറഞ്ഞു പോകുവാൻ ഭാവിക്കുകയും വീണ്ടും ശ്രുതമതിയോടു്, "സന്യാസവൃത്തിയിലിരിക്കുന്ന ശ്രമണസ്ത്രീകളുടെ മദ്ധ്യത്തിൽ ഒരു വിദ്യാധരനാൽ കൊണ്ടുവന്നു വിടപ്പെട്ടവളാണു നീയെന്നു് എല്ലാവരും അറിഞ്ഞിരിക്കുന്നു. നീ അവരെ വിട്ടു ബൌദ്ധസംഘത്തിൽ പെട്ട മാധവിയുടെ മകൾ മണിമേഖലയോടൊരുമിച്ചു് ഇവിടെ വരുവാൻ കാരണമെന്തു്?"

ശ്രുതമതി പറഞ്ഞു—"രാജകുമാര! ഞാൻ ശമ്പാനഗരവാസിയായ കൌശികനെന്ന ബ്രാഹ്മണന്റെ കുമാരിയാണ്. ബാല്യത്തിൽതന്നെ എന്റെ ജനനി പരലോകം പ്രാപിച്ചു. പിമ്പു പിതാവിന്റെ പരിലാളനത്തിൽ വളൎന്നുവരുംകാലത്ത് ഒരുനാൾ ഏകാകിനിയായി ഒരു പൂവാടിയിൽ ചെന്നു പൂവറുത്തുകൊണ്ടിരിക്കുമ്പോൾ എന്നിൽ മോഹം വെച്ച് ആകാശമാൎഗ്ഗത്തിലേക്കു നയിച്ചു വശപ്പെടുത്തിയ ഒരു വിദ്യാധരൻ എന്നെ ഈ പട്ടണത്തിൽ വിട്ടേച്ചുപോയി. ഈ സംഭവമൊന്നും ഗ്രഹിക്കാതെ പുത്രീവിയോഗതപ്തനായ പിതാവ് എന്നെ അന്വേഷിച്ചുകൊണ്ട് കന്യാകുമാരിനദിയിൽ സ്നാനത്തിന്നായി പുറപ്പെട്ടു തീൎത്ഥയാത്രക്കാരോടൊരുമിച്ചു യാത്ര ചെയ്യുമ്പോൾ ഇവിടെ സംഗമുഖത്തിൽ ചില ബ്രാഹ്മണരോടുകൂടി സ്നാനത്തിന്നായിറങ്ങുകയും തദവസരത്തിൽ എന്നെ കാണുകയും ചെയ്തു. എന്റെ വൃത്താന്തമെല്ലാം ചോദിച്ചറിഞ്ഞ് എന്നെ ഒരു ബ്രാഹ്മണസ്ത്രീയുടെ നിലയിൽ സമുദായത്തോടു സംയോജിപ്പിക്കുന്നത് അനാശാസ്യമാണെന്നിരിക്കിലും വാത്സല്യാതിശയം നിമിത്തം അദ്ദേഹം എന്നെ കൈവിടാതെ വീടുതോറും ഭിക്ഷയെടുത്തു ദിവസവൃത്തി കഴിച്ചുവന്നു. ഇങ്ങിനെ കഴിഞ്ഞുവരുന്ന കാലത്ത് ഒരുനാൾ ഭിക്ഷ തെണ്ടുവാൻ പോകുംവഴിയിൽ നവപ്രസൂതയായ ഒരു പശു അദ്ദേഹത്തിന്റെ ഉദരത്തെ കുത്തിപ്പിളൎന്നു. വെളിക്കു വന്ന കുടൽമാലയെ താങ്ങിപ്പിടിച്ചുകൊണ്ടു (ഞാൻ ഇരിപ്പുണ്ടെന്നു മുൻകൂട്ടി അറിഞ്ഞിട്ടുള്ള) ശ്രമണമുനികളുടെ വാസസ്ഥലത്തിൽ

വന്ന ശരണാഗതനായ തന്നിൽ കനിവുണ്ടാകേണമെ ന്നപേക്ഷിച്ച മുറയിട്ടു. മുനികൾ ഇതുകേട്ടു കോപിച്ച് അദ്ദേഹത്തെ മാത്രമല്ല എന്നെയും കൂടെ അവിടെനിന്നു ബഹിഷ്കരിച്ചു. ഞങ്ങൾ അത്യന്തവിഷാദത്തോടെ തെരുവീഥിയിലിറങ്ങി "ഇവിടെ അശരണരായ ഞങ്ങളെ ആദരിക്കത്തക്ക പുണ്യവാന്മാരാരെങ്കിലുമുണ്ടോ?" എന്നു വിളിച്ചുചൊല്ലി മുറയിട്ടുകൊണ്ടു നിന്നു. അപ്പോൾ കപാലഹസ്തനായി ഭവനംതോറും ഭിക്ഷാടനംചെയ്തുവരുന്ന പൂർണ്ണചന്ദ്രാഭിരാമമായ വദനത്തോടും,കാഞ്ചനപ്രഭ കലർന്ന കാഷായവസ്ത്രത്തോടും, കൂടിയ 'ശംഖധർമ്മനെ'ന്ന മുനിവരൻ തൽക്ഷണം അരികെവന്നു സന്താപകാരണമെന്തെന്നു ചോദിച്ചു ശ്രുതിമധുരങ്ങളായ വചനങ്ങളെക്കൊണ്ടു ഞങ്ങളുടെ ശ്രോത്രങ്ങളെ പൂരിപ്പിക്കുകയും, ഹൃദയത്തെ കുളുർപ്പിക്കുകയും ചെയ്തു ഉടനെ തന്റെ കരത്തിലുള്ള ഭിക്ഷാകപാലം എന്റെ വക്കൽ തന്നു പിതാവിന്റെ ശരീരവ്യഥ മുഴുവൻ നീങ്ങുംവണ്ണം തല്ക്കാലോചിതങ്ങളായ ഉപചാരങ്ങൾ ചെയ്കയും അദ്ദേഹത്തെയെടുത്തു ബൌദ്ധസമാജമന്ദിരത്തിൽ കൊണ്ടുചെന്നു ജീവിതസംശയത്തെ ജനിപ്പിച്ചുകൊണ്ടിരുന്ന വേദനകളെ കാലവിളംബംവരാതെ ശമിപ്പിച്ചു സ്വസ്ഥനാക്കിത്തീർക്കുകയും ചെയ്തു. ആ മുനിവരൻ എന്റെ കണ്ണത്തിൽ ഉപദേശിച്ചതായ—

കറമറ്റിടും ഗുണങ്ങളൊത്തുള്ളൊരു
നിത്യൻ പ്രപഞ്ചപ്രിയൻ മമ സ്വാമിതാൻ

ധന്യൻ ബഹുജീവജാലങ്ങളുൾപ്പെട്ട
ചെന്നു നാനാഗതിഭേദങ്ങൾ കണ്ടവൻ
മന്നിൽ വാഴ്‌വാനില്ല മോഹമെന്നാകിലു-
മന്യോപകാരാത്ഥമിങ്ങു വാണൂഴിയിൽ
ജന്മികളൊക്കവെ നിർവ്വാണമാൎഗ്ഗത്തെ
നിർമ്മായമെത്തിസ്സുഖിച്ചു വാണിടുവാൻ
നിർമ്മലകാരുണ്യപൂർണ്ണം വിളങ്ങുന്ന
ധർമ്മരശ്മിപ്രഭാചക്രം തിരിച്ചുടൻ
കാമനൊക്കാമം ജയിച്ചു ദീനന്മാൎക്ക
കാമമേകും ബുധൻപാദമിങ്ങാശ്രയം."

ഈ ഗീതങ്ങളെത്തന്നെ എന്റെ നാവു പാരായണം ചെയ്കയല്ലാതെ മറെറാന്നും ഉച്ചരിപ്പാൻ ഒരുങ്ങുന്നതല്ല. അതുമുതൽ ബൌദ്ധസംഘത്തിൽ ഉൾപ്പെട്ടിരുന്ന മാധവിയുടെ സഖിയായിത്തീരുകയും തന്മൂലം ഇവളോടൊന്നിച്ചു് ഇവിടെ വരികയും ചെയ്തതാണ്."

കുമാരൻ, "നിന്റെ ഗതി ഞാൻ അറിഞ്ഞുകഴിഞ്ഞു. ഇനി മണിമേഖലയെ ചിത്രാപതിയുടെ വഴിക്ക് എന്റെ വശത്തിലാക്കിക്കൊള്ളാം" എന്നു പറഞ്ഞു് അവിടം വിട്ടു പോയി. ഉടനെ മണിമേഖല പളുങ്കറയിൽനിന്നു പുറത്തുവന്നു ശ്രുതമതിയെ നോക്കി, "ഉദയകുമാരൻ എന്നെ കൃപാഹീനയെന്നും, ആത്മജ്ഞാനശൂന്യയെന്നും, കുലധർമ്മവിഹീനയെന്നും, കുലടയെന്നും അധിക്ഷേപിച്ചതിനെ ഗണിക്കാതെ എന്റെ ചിത്തം അവനെ പിന്തുടരുന്നു.

ഇതിന്നു കാരണമെന്തു്? കാമത്തിന്റെ കൊട്ടമയോ?" എന്നിങ്ങിനെ പുലമ്പിക്കൊണ്ടുനില്ക്കേ, ഇന്ദ്രോത്സവസന്ദൎശത്തിന്നു സന്നിഹിതയായ മണിമേഖലാദേവി അവൎക്കുപേക്ഷം പരിചിതയും മായാകാന്ത്യവിദഗ്ദ്ധയുമായ ഒരു തരുണിയുടെ വടിവു കൈക്കൊണ്ടു് അവിടെ വന്നു സ്ഫടികമണ്ഡപപ്രതിഷ്ഠിതമായ ശ്രീപാദപീഠത്തെ പ്രദക്ഷിണംചെയ്തു ഭൂസ്പൎശം വിട്ടുയൎന്നു നിന്നു.

പുണ്യാത്മൻ പണ്ഡിതപാവന
മനാഖിലവുമാളും വ്രതമോ-
ടന്യൂനമെഴുന്ന പുരാതന ... ... ജഗദീശ
കാരങ്ങൾ കളഞ്ഞൊരംശം കരൾ
പരാതഖിലത്തിലുമങ്ങരി-
വുററിട്ടമൊരാദിമനാകിയ ... ...ജഗദീശ
കാമനെ വെന്നവൎക്കം ബാഹ്യ
കാമം ചേൎത്തങ്ങുമധൎമ്മ-
സ്തോമത്തെയകററിട്ടന്നൊരു ... ... ജഗദീശ
ആരസഹസ്രാഞ്ചിതചക്രാ
ഗാരം തിരുവടികൾ പുകഴ്ത്ത
ത്തിരുമ്പടി നാവുകളായിര ... ...മിവനാമോ.

ഇങ്ങിനെ സ്തുതിച്ചുകൊണ്ടിരിക്കെ ആദിത്യൻ അസ്തമയം പ്രാപിച്ചു. അന്തിനേരമണഞ്ഞുതുടങ്ങി.

## ആറാം ഗാഥ.

### ചക്രവാളകോഷ്ഠം.

അന്തിയണഞ്ഞൊരു നേരത്തു കൈരവ-
ബന്ധുവും വാനിൽ തെളിഞ്ഞു ചെമ്മെ
ആക്കമിയന്നവൎക്കുള്ളൊരു മാലിന്യം
നീക്കമകന്നു വെളിപ്പെടുമ്പോൾ
ആൎക്കുമറിയാസ്ഥാനാവഴി ശോഭന-
മാക്കിച്ചമയ്ക്കണമെന്നു നണ്ണി
വാനററു നിന്നൊരു നീലിമാവൊക്കവെ
ചേണററു മാഞ്ഞുകൊണ്ടിടുംവണ്ണം.
വിണ്ണിൽ വിലസുന്ന വെള്ളിക്കുടത്തിന്നു
തിണ്ണം പയസ്സു ചൊരിയുംപോലെ
കണ്ണും കരളും കവൎന്നിടുമാറുള്ള
വെണ്ണിലാവെങ്ങും പരന്നിടവേ
ചിന്നും മധുമണമാൎന്നൊരു പൂവനം
തന്നിൽ പൊഴിഞ്ഞു പഴുതുതോറും.

അപ്പോൾ ശരീരവാനായി പ്രത്യക്ഷീഭവിച്ച മഹേന്ദ്രചാപമെന്നു തോന്നുംവണ്ണം മനോമോഹനമായി വിലസുന്ന ദിവ്യരൂപത്തോടെ ആ മണിമേഖലാദേവി,

ആദിത്യൻ ധൎമ്മചക്രത്തെ-
യാദരിച്ചു നടത്തുവോൻ

ഭേദഹീനൻ ബുധൻ തന്റെ
പാദപീഠമഹം ഭജേ.

എന്ന ഗീതം പാടി വാങ്ങിനിന്നു് അവിടെ നിഷ്പ്രഭമായ മുഖകമലത്തോടെ നില്ക്കുന്ന ശ്രുതമതിയോടു ചോദിച്ചു. "നിങ്ങൾ ഇവിടെ വന്നു നിൽപ്പാൻ കാരണമെന്തു്? നിങ്ങൾക്കെന്തു സങ്കടം നേരിട്ടിരിക്കുന്നു?" ശ്രുതമതി, ഉദയകുമാരൻ മണിമേഖലയെ കാമിച്ചുകൊണ്ടു പറഞ്ഞതും, പിന്നീടു ചിത്രാവതിമുഖേന അവളെ തനിക്കു ലഭിപ്പാൻ വഴിയുണ്ടെന്നു കരുതിപ്പോയതും പറഞ്ഞു കേൾപ്പിച്ചു. ദേവി, "കുമാരന്നു മണിമേഖലയിലുള്ള മോഹം ശമിച്ചിട്ടില്ല; ഇതു് ഋഷികൾ വാസംചെയ്യുന്ന തപോവനം; ഇവിടെ ദുഷ്കർമ്മമൊന്നും ചെയ്യരുതെന്നു കരുതിത്തന്നെയാണു് അവൻ ഈ പൂഞ്ചോല വിട്ടുപോയതു്; ഇവൾ ഇവിടം വിട്ടിറങ്ങുന്നതായാൽ പുറത്തെ വീഥിയിൽവെച്ചു് അവന്നു് ഇവളെ തന്റെ അധീനത്തിൽ ഉൾപ്പെടുത്തുവാൻ കഴിയും; നിങ്ങൾ ഇപ്പൂവനത്തെ ചുററിയുള്ള മതിൽക്കെട്ടിൽ കിഴക്കോട്ടുള്ള ചെറിയ ദ്വാരമാർഗ്ഗത്തിൽക്കൂടെ മുനിവരന്മാരുടെ വാസസ്ഥാനമായ ചക്രവാളകോഷ്ഠത്തിൽ ചെല്ലുവിൻ. എന്നാൽ ഒരിക്കലും യാതൊരാപത്തും അടുക്കുന്നതല്ല." ശ്രുതമതി, "മാരുതവേഗനും ഭവതിയും മാത്രമെ അതിനെ 'ചക്രവാളകോഷ്ഠ'മെന്നു വ്യവഹരിക്കാറുള്ളു. മററെല്ലാവരും ചുടുകാട്ടുകോട്ടയെന്നാണു പറഞ്ഞുവരാറുള്ളതു്. ഇതിന്നു ചക്രവാളകോഷ്ഠമെന്ന പേർ സിദ്ധിപ്പാൻ കാരണമെന്തു്? അതെനിക്കു പറഞ്ഞുതരേണം."

ദേവി പറഞ്ഞു:—"കാവിരിപ്പൂമ്പട്ടിനത്തിന്റെ ഉത്ഭവകാലത്ത് ഉടനെ ഉണ്ടായ ശ്മശാനം തന്നെയാണ് ഈ ഉദ്യാനത്തിന്നരികെ ഉള്ളത്. അതു നാലുപാടും ദ്വാരങ്ങളോടുകൂടിയ സാലങ്ങളാൽ പരിവൃതമാണ്. അതിന്നകത്ത് ഒരു കാളീകോഷ്ഠവും, തപോധനന്മാർ, രാജാക്കന്മാർ, ഭർത്താവിന്റെ മരണംനിമിത്തം തന്നെത്താൻ മരിച്ച പതിവ്രതകൾ ഇവരിൽ ഓരോരുത്തരേയും ഇന്നിന്ന സ്ഥാനങ്ങളിലടക്കംചെയ്തിട്ടുണ്ടെന്നതിന്നടയാളമായി അവരുടെ വർണ്ണാശ്രമാദികൾക്കും മഹത്വത്തിന്നും തക്കവണ്ണം ന്യൂനാതിരിക്തഭേദപൂർവ്വകം നിർമ്മിക്കപ്പെട്ട പല കോഷ്ഠങ്ങളും, ശ്മശാനദേവതകൾക്കുള്ള ബലിസ്ഥംഭങ്ങളും, ശിലാനിർമ്മിതങ്ങളായ വേദികകളും, കാവലാളികൾക്കുള്ള പാർപ്പിടങ്ങളും, തോരണപംക്തികളും, മണ്ഡപങ്ങളുമുണ്ട്. പ്രേതങ്ങളെസ്സംസ്കരിപ്പാനും, പൂതപ്പാനും, വെളിയിൽ വെപ്പാനും, മറിക്കകത്തിട്ടടപ്പാനും, മംഗലികളിൽ അടക്കം ചെയ്വാനുമായി രാപ്പകൽ വന്നുപോയ്ക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ ശബ്ദവും, പ്രേതവാദ്യധ്വനിയും, സന്ന്യാസിമാരുടെ സമാധികളെ സന്ദർശിക്കുന്ന ഭക്തജനത്തിന്റെ പ്രണാമഘോഷവും, പരേതന്മാരെക്കുറിച്ചു ബന്ധുജനങ്ങളുടെ വിലാപങ്ങളും, കുറുനരികളുടെ കൂക്കാരങ്ങളും, മരിച്ചവരെ ഉദ്ദേശിച്ചുകൊണ്ടു കാലക്കോഴിയുടെ കൂക്കിവിളിയും, മൃഗങ്ങളുടെ മൂളലും, തലച്ചോർ കൊത്തിപ്പറിച്ചു തിന്നുന്ന ഞാൺതലപ്പക്ഷികളുടെ നാദങ്ങളും, ആ ശ്മശാനത്തിൽ അതിരില്ലാതെ മുഴങ്ങിക്കൊ-

ണ്ടിരിക്കും. താന്നി, ഒട്ടക്, കാര, കള്ളി മുതലായ പല ജാതി മരങ്ങളും അവിടെയുണ്ട്. പിശാചങ്ങൾ തിക്കിത്തിരക്കി വാസംചെയ്യുന്ന വാകമരത്തറകളും, യഥേഷ്ടം രക്തമാംസങ്ങൾ ഭക്ഷിച്ചു സുഖിക്കുന്ന പക്ഷികൾ കൂട്ടംകൂട്ടമായി തിങ്ങിയിരിക്കുന്ന വിളാമരത്തറകളും, കാപാലികന്മാർ വാഴുന്ന വന്നിമരക്കോഷ്ഠങ്ങളും, വ്രതത്താൽ കൃശാംഗന്മാരായി കപാലശകലങ്ങളെ മാലകളാക്കിത്തീർത്തുകൊണ്ടിരിക്കുന്ന കാപാലികന്മാരുടെ സങ്കേതങ്ങളായ ഇലന്തമരത്തറകളും, ശവഭോക്താക്കൾ കരകങ്ങളിൽ സംഭരിച്ചുവെച്ചിട്ടുള്ള നിണങ്ങളെക്കൊണ്ടു സുഹൃത്തുക്കളെ സൽക്കരിച്ചു സുഖിച്ചു വാഴുന്ന വിശാലതലങ്ങളും, അവിടെ കാണാം. സംസ്കാരത്തിന്ന് അഗ്നി മുതലായവയെടുത്തുകൊണ്ടുവന്നിട്ടുള്ള നവഭാണ്ഡങ്ങളും, ശവമെടുത്തുകൊണ്ടുവന്ന പാടകളും, അറുത്തെറിഞ്ഞ മാലകളും, ഉടഞ്ഞ കുടങ്ങളും, നെല്ലുപൊരികളും, എള്ളും പരന്നു കിടക്കുന്ന പാഴ്പ്പറമ്പുകളുമുണ്ട്.

ഉരുതപങ്ങൾ ചെയ്തോരും ധനവാന്മാരും
പഠിച്ചിനോടങ്ങീറേറയും തരുണിമാരും
അറിവെഴും ബാലന്മാർ വൃദ്ധന്മാരും
മരണമെങ്ങാനില്ലെന്നോർത്തമരുന്നോരും
കൊട്ടമക്കോലും കാലനയ്യോ കൊണ്ടൊന്നൊതുക്കി
ചുടുകാട്ടിന്നിരയായിച്ചമഞ്ഞിടുന്നു.
അഴിഞ്ഞിടും പൊരുളിന്മേലാശവെച്ചു
മയങ്ങീടും മനുജരുടെ മുക്തിമാർഗ്ഗം

തിരഞ്ഞിടാതുഴലുന്ന പാപാത്മാക്കൾ-
ക്കിരുന്നിട്ടന്നോ തിന്നയ്യോ കരളും കണ്ണും.

ഇങ്ങിനെയിരിക്കുന്ന ശ്മശാനത്തിൽ ശാർങ്ഗല നെന്നു പേരായ ഒരു ബ്രാഹ്മണയുവാവു് ഇതൊരു നഗര മാണെന്നു ധരിച്ചു് ഏകാകിയായി അകത്തു കടന്ന പ്പോൾ അവിടെ കളിച്ചുപുളച്ചുകൊണ്ടിരുന്ന ഒരു പിശാ ചത്തെ കണ്ടു പേടിച്ചതിനാൽ അതു് അവനെ ബാധി ക്കുകയും അവൻ ഭയാക്രാന്തനായോടി തന്റെ മാതാവാ യ ഗൌതമിയുടെ മുമ്പിൽ ചെന്നു "ചുടുകാട്ടുപ്പിശാചി ന്നു് എന്റെ ജീവനെ ബലികൊടുത്തു"വെന്നു ദീനസ്വ രത്തിൽ പറഞ്ഞു തൽക്ഷണം വീണു മരിക്കുകയും ചെയ്തു. ഉടനെ ഗൌതമി, "എനിക്കും എന്റെ ഭർത്താവിന്നും വാൎദ്ധക്യം അതിക്രമിച്ചിരിക്കയാൽ ഏത്രയും അവശന്മാ രായിരിക്കുന്നു. കണ്ണുകൾക്കു കാഴ്ചയില്ല; മററാരും ശര ണവുമില്ല. ഞങ്ങളുടെ ഈ കഷ്ടാവസ്ഥയെ ഗണിക്കാ തെ ഞങ്ങളുടെ ഏകപുത്രനായ ഇവന്റെ ജീവഹാനി വരുത്തിയതു യക്ഷിയോ പേയോയെന്നറിഞ്ഞില്ലല്ലോ!" എന്നു വിലാപിച്ചുകൊണ്ടു് കാമനക്കുമാരനെയെടുത്തു മാ റോടണച്ചുംകൊണ്ടു ശ്മശാനത്തിന്റെ ബഹിർദ്വാര ത്തിൽ ചെന്നു മുറയിട്ടു. "ദേവി! ശമ്പാവതി! നദീഘട്ട ങ്ങളിൽനിന്നോ, പഴയ വൃക്ഷമൂലങ്ങളിൽനിന്നോ, മന്ദ ങ്ങളിൽനിന്നോ, കോഷ്ഠങ്ങളിൽനിന്നോ, വിജനപ്രദേശ ങ്ങളിൽനിന്നോ ആൎക്കും ഏതൊരു കാലത്തും, യാതൊരു ബാധയും വരാതെ കാത്തു രക്ഷിച്ചുവരുന്ന നിന്തിരുവടി

ക്ക് എന്റെ കുമാരനിൽ കാരുണ്യലേശമില്ലാതെ വരു വാൻ കാരണമെന്തു്? ഭവതി നിഷ്പക്ഷപാതിനിയല്ലയോ? ഞാനിനി എന്തു ചെയ്യേണ്ടു?"

ഗൌതമിയുടെ വിലാപങ്ങൾ കേട്ടു ശമ്പാവതി പ്ര ത്യക്ഷമായി. പിശാചങ്ങളുടെ ഗതാഗതങ്ങൾക്കുചിതമാ യ രാത്രികാലങ്ങളിൽ ഈ ശ്മശാനദ്വാരത്തിൽ വന്നുനി ല്പാനുള്ള കാരണം ചോദിക്കയും ഗൌതമി നടന്ന സംഭ വത്തെ പറയുകയും ചെയ്തു. ശമ്പാവതി പറഞ്ഞു: "നി ന്റെ പുത്രനെ ഹനിച്ചതു യക്ഷിയോ പേയോ അല്ല. അവന്റെ അജ്ഞതയെത്തന്നെ ആധാരമാക്കിവെച്ചു കൊണ്ടു മരണവിധിതന്നെയാണ് അവനെ സംഹരിച്ച തു്." ഗൌതമി പറഞ്ഞു—"എന്റെ ജീവനെ ഗ്രഹി ച്ചു് ഇവന്റെ ജീവനെ തരുന്നതായാൽ ഇവൻ അനാ ഥനായ പിതാവിനെ സംരക്ഷിച്ചുകൊള്ളുന്നതാകയാൽ അങ്ങനെ ചെയ്യാൻ കൃപയുണ്ടാകേണമേ." ശമ്പാവതി പറഞ്ഞു—"ജീവൻ ഉടലിനെ വിട്ടൊഴിഞ്ഞാൽ പിന്നെ സ്വകർമ്മാനുസാരേണ ദേഹാന്തരപ്രാപ്തിക്കൊരുങ്ങുമെന്ന തിനു സന്ദേഹമില്ല. അകന്നുപോയിട്ടുള്ള ആത്മാവി നെ വീണ്ടും സംഘടിപ്പിക്കുന്ന കാര്യം എന്നാൽ സാദ്ധ്യ മല്ല. അതിനാൽ ഇനി പുത്രനാശത്തെ ഉദ്ദേശിച്ചു നീ പ രിതപിക്കരുതു്.

തന്നുടയ ജീവനൊത്താൻ പകരമേകി
മന്നവരെക്കാത്തുകൊൾവാനാളില്ലെന്നോ
എണ്ണമില്ല ചുടുകാട്ടിലരചർക്കുള്ള
മണ്ഡപങ്ങൾ മരണോത്മസ്മാരകങ്ങൾ.

അതിനാൽ നരകാനുഭവപ്രായമായ മരണവൃത്താന്തകഥനത്തിൽനിന്നു നീ വിരമിക്കുക.” ഗൌതമി പറഞ്ഞു:—“ഭക്തന്മാരപേക്ഷിക്കുന്ന വരങ്ങളെല്ലാം ദേവന്മാർ കനിഞ്ഞു ദാനം ചെയ്യുമെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നതാകകൊണ്ടു ഞാൻ വരിച്ചുകൊണ്ടതായ ഈ വരം തരിക. ഇല്ലെന്നുവരികിൽ ഇപ്പോൾതന്നെ ഇവിടെ ഞാനും ജീവത്യാഗം ചെയ്യും.” ശമ്പാപതി പറഞ്ഞു:—“ഈ ലോകങ്ങളിലുള്ള ദേവന്മാരിൽ ആരെങ്കിലും നീ ആശിക്കുന്ന വരം നൽകുവാനർഹന്മാരാണെന്നുവരികിൽ ഞാനും അതിന്നു കഴിവുള്ളവളായിരിക്കും. എന്റെ വിഷമാവസ്ഥകളെ ഞാൻ പ്രത്യക്ഷപ്പെടുത്തിത്തരാം. കണ്ടുകൊൾക.” എന്നു പറഞ്ഞു് ആകാശാനന്ത്യായതനലോകം, വിജ്ഞാനാനന്ത്യായതനലോകം, ആകിഞ്ചന്യായതനലോകം, നൈവസംജ്ഞായതനലോകം, ഇവയിലുള്ള നാലുവക അരൂപബ്രഹ്മഗണങ്ങളേയും, ബ്രഹ്മകായികലോകം, ബ്രഹ്മപുരോഹിതലോകം, മഹാബ്രഹ്മലോകം, പരിത്താപലോകം, അപ്രമാണാപലോകം, അഭാസ്വരലോകം, പരിത്തശുഭലോകം, അപ്രമാണശുഭലോകം, ശുഭകൃൽസ്നലോകം, ബൃഹൽഫലലോകം, അസംജ്ഞ്യാസത്വലോകം, അബൃഹലോകം, അതപലോകം, സുദശലോകം, സുദശിലോകം, അകനിഷ്ഠലോകം ഇവയിലുള്ള പതിനാറുവക സരൂപബ്രഹ്മഗണങ്ങളേയും, ചന്ദ്രൻ, സൂര്യൻ എന്നീ രണ്ടു തേജോമൂർത്തികളേയും, മഹാരാജികലോകം, ത്രയത്രിംശല്ലോകം, യമലോകം, തുഷിതലോകം, നിർമ്മാണരതിലോകം, പര

നിൎമ്മിതവശവൎത്തിലോകം, ഇവയിലുള്ള ആറുവക ദൈവഗണങ്ങളേയും, പലവക അസുരഗണങ്ങളേയും, മഹാനിരയം, രൌരവം, കാലസൂത്രം, സഞ്ജീവനം, മഹാവീചി, തപനം, സംപ്രതാപനം, സംഘാതം എന്നുള്ള എട്ട നരകപുരുഷന്മാരേയും, അന്തരീക്ഷത്തിലുള്ള പല തേജോമൂൎത്തികളേയും അശ്വിന്യാദികളായ സപ്തവിംശതിനക്ഷത്രങ്ങളേയും നവഗ്രഹങ്ങളേയും തന്നിൽ അടക്കിക്കൊണ്ടിരിക്കുന്ന ഈ ചക്രവാളത്തിൽ അനുഗ്രഹശക്തിയുള്ള ദേവസഞ്ചയത്തെ ഒട്ടൊഴിയാതെ അവിടെ വരുത്തി ഗൌതമിയുടെ മുന്നിൽ നിറുത്തി ഇവൎക്ക നേരിട്ടതായ സങ്കടം അവരെ അറിയിക്കകയും അതു നീങ്ങുവാനുള്ള വരം കൊടുപ്പാൻ പ്രാൎത്ഥിക്കകയും ചെയ്തു. അവിടെ സന്നിഹിതന്മാരായ സൎവ്വദേവന്മാരും ശമ്പാപതി പറഞ്ഞവണ്ണം തന്നെ ഗൌതമിക്ക് ഇങ്ങിനെ ഒരു വരം കൊടുപ്പാൻ തങ്ങൾക്കഹതയില്ലെന്നു തീരുമാനം പറഞ്ഞു. അപ്പോൾ ഗൌതമിക്ക പ്രപഞ്ചതത്വജ്ഞാനമുദിച്ച് സന്താപനിവൃത്തി വന്നതിനാൽ പുത്രനെ ശ്മശാനത്തിൽ സംസ്കരിക്കയും താനും അവിടെത്തന്നെ സ്വേച്ഛാമരണം പ്രാപിക്കയും ചെയ്തു.

അതിന്നുശേഷം ശമ്പാപതിയുടെ പ്രഭാവത്തെ സൎവ്വജനത്തിന്നും പ്രത്യക്ഷീകരിപ്പാനായി വിശ്വദേവഗണത്തിൻെറ ഒരു സമ്മേളനമുണ്ടായതിനെ പ്രമാണിച്ച് ഭൂലോകമദ്ധ്യവൎത്തിയായ മഹാമേരുവും അതിനെ ചുഴന്നു കൊണ്ടിരിക്കുന്ന സപ്തകുലപവ്വതങ്ങളും നാലു മഹാദ്വീപു

കളും രണ്ടായിരം ചെറുദ്വീപുകളും മററു വിശിഷ്ടഭൂഭാഗ ങ്ങളും പ്രത്യേകം ക്രമപ്പെടുത്തി തത്തൽഭൂതവാസികളു ടെ രൂപഭേദങ്ങളും കല്പിച്ചു മയനാൽ നിൎമ്മിക്കപ്പെട്ടിരി ക്കയാൽ ഇതിന്നു ചക്രവാളക്കോഷ്ഠമെന്നു നാമം സിദ്ധി ച്ചിരിക്കുന്നു. ഇതു ചുടുകാട്ടിന്റെ മതിൽക്കെട്ടിന്നു ബ ഹിൎഭാഗത്തുള്ളതാകയാൽ ചുടുകാട്ടുക്കോഷ്ഠമെന്നു ജനങ്ങ ളാൽ വ്യവഹരിക്കപ്പെടുന്നു. ഇതിന്റെ ഐതിഹ്യം ഈ വിധത്തിലുള്ളതാണ്." മണിമേഖല ഈ പുരാവൃത്താന്തം ശ്രവിച്ചു മനുഷ്യജീവിതത്തിന്റെ നിലയെപ്പററി ഓരോ ന്നു പറഞ്ഞുകൊണ്ടിരിക്കുംമദ്ധ്യേ ശ്രുതമതി നിദ്രാവശഗ യായിത്തീൎന്നു. മണിമേഖലാദേവി തന്റെ ദിവ്യശക്തി യാൽ മയക്കി മണിമേഖലയെ മാറോടണച്ചെടുത്തു ന ഭോമാൎഗ്ഗത്തുടെ മുപ്പതു യോജന ദൂരം തെക്കോട്ടു ചെന്നു മഹോദധിമദ്ധ്യത്തിൽ പ്രശോഭിതമായ മണിപല്ലവദ്വീ പിലിറങ്ങി അവളെ അവിടെ വിട്ടു തൽക്ഷണം മറഞ്ഞു പോകയും ചെയ്തു.

# ഏഴാം ഗാഥ.

## ഉറക്കമുണൎത്തിയത്.

പ്രഭാതാനന്തരം മണിമേഖലയെ വശപ്പെടുത്തി കൊള്ളുവാനുള്ള കരുതലോടുകൂടി കാമപരവശനായി ഉറക്കമിളച്ചുകൊണ്ടിരുന്ന ഉദയകുമാരന്റെ മുന്നിൽ വന്നു നിന്നുകൊണ്ടു മണിമേഖലാദേവി പറഞ്ഞു.

"മന്നവ കുമാരക! കേൾക്ക മാമകവാക്യം
മന്നവൻ പിഴച്ചീടിൽ വിണ്ണോരും പിഴച്ചീടും
വിണ്ണവർ പിഴച്ചീടിൽ നിന്നീടും വൃഷ്ടിപാതം
നിന്നീടും വൃഷ്ടിയെന്നാൽ വന്നിടും ജനനാശം
എന്നാകിൽ ഭൂവാസികളാകവെ നൃപതിക്കു
നിൎണ്ണയമാത്മതുല്യന്മാരെന്നുള്ളതും ചേരാ.
തുംഗമാം തപം പൂണ്ടു വാഴുന്ന തരുണിയാ-
ലംഗജവശനായ ദുൎന്നയം ത്യജിക്ക നീ."

ഇങ്ങിനെ ഉപദേശിച്ചതിന്നുശേഷം ഉപവനത്തിൽ ചെന്നു നിദ്രാവശയായിക്കിടക്കുന്ന ശ്രുതമതിയെ എഴുനേല്പിച്ച്, "ഞാൻ മണിമേഖലാദേവിയാകുന്നു. ഈ നഗരത്തിൽ നടക്കുന്ന ഇന്ദ്രോത്സവം കാണ്മാൻ വന്നിരിക്കയാണ്. നീ ഭയപ്പെടേണ്ട. മണിമേഖലക്കു ബൌദ്ധമതമാൎഗ്ഗത്തിൽ പ്രവേശിപ്പാനുള്ള ഭാഗ്യമുണ്ടായി. അതിനാൽ ഞാൻ അവളെ എടുത്തുകൊണ്ടുചെന്നു മണിപല്ലവദ്വീപിൽ വിട്ടിരിക്കുന്നു. തന്റെ പൂൎവ്വജന്മവൃത്താന്ത

ങ്ങളെല്ലാം അറിഞ്ഞുകൊണ്ടു് ഇന്നു തുടങ്ങി ഏഴാംനാൾ അവൾ ഇവിടെ വരും. ഇപ്പുരത്തിൽ വേഷച്ഛന്നയായി വർത്തിയ്ക്കുമെങ്കിലും നിന്നിൽനിന്നു സാക്ഷാൽ രൂപത്തെ മറയ്ക്കുയില്ല. അവൾ ഈ പട്ടണത്തിൽ പ്രവേശിക്കുന്ന നാളിൽ പല അത്ഭുതങ്ങളും കാണും. എന്റെ ആഗമനത്തേയും മണിമേഖലയുടെ സന്മാർഗ്ഗപ്രാപ്തിയേയും മാധവിയോടറിവിക്കേണം. അവൾ മുമ്പേതന്നെ എന്നെ അറിയും. കോവലൻ ഈ കുമാരിക്കു നമ്മുടെ കുലദൈവത്തിന്റെ പേരായിരിക്കേണമെന്നു കരുതി എന്റെ പേർ വിളിച്ച നാൾ രാത്രി "പഞ്ചബാണനൻ പാടവം കുറഞ്ഞു പരവശനാകത്തക്കവണ്ണം മോഹമശേഷമകന്നു മഹാതപസ്സിദ്ധിമതിയായ കുമാരിക്കു നീ ജനനിയായി ഭവിച്ചു"വെന്നു സ്വപ്നത്തിലെന്നപോലെ മാധവിയെ അറിവിച്ചിട്ടുണ്ടു്. ഇതും അവളോടു പറഞ്ഞോർമ്മിപ്പിക്കുക." എന്നരുൾചെയ്തു മറഞ്ഞു.

അനന്തരം ശ്രുതമതി മണിമേഖലയുടെ വിയോഗത്താൽ മനസ്സുലഞ്ഞു് ആ പൂഞ്ചോലയ്ക്കുള്ള പശ്ചിമദ്വാരത്തിലൂടെ ചക്രവാളകോഷ്ഠത്തിൽ ചെന്നു് അവിടെ ഉലകവറവിയെന്ന ധർമ്മശാലയിൽ ഒരു ഭാഗത്തിരിക്കുമ്പോൾ ഒരു സ്തംഭത്തിലുള്ള പ്രതിമയിന്മേൽ അധിഷ്ഠാനംചെയ്തിരിക്കുന്ന ഒരു ദേവതയിൽനിന്നു് അവൾ ഭയപരവശയാകത്തക്കവണ്ണം, "ഇരവിവർമ്മകുമാരിയും, ദുർജ്ജയന്റെ പ്രണയിനിയുമായ ശ്രുതമതി! നീ കേട്ടുകൊൾക. നിന്റെ ജ്യേഷ്ഠസഹോദരിയായ ലക്ഷ്മി അവളുടേയും, നി

ൻേറയും പൂൎവ്വജന്മവൃത്താന്തങ്ങളെ അറിഞ്ഞുകൊണ്ടു് ഇന്നു തൊട്ടേഴാം നാൾ രാത്രി ഈ നഗരിയിൽ വരും. അവളുടെ വിയോഗത്താൽ നിനക്കു വൈമനസ്യം വേണ്ട." ഇങ്ങിനെ ഒരു വാക്യം കേൾക്കുമാറായി. അപ്രതീക്ഷിതമായ ഈ അശരീരിവാക്കു ശ്രുതമതിക്കു സാധ്വസഹേതുവായിത്തീൎന്നുവെങ്കിലും ഗത്യന്തരമില്ലാതെ പ്രഭാതകാലത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും സൂൎയ്യോദയമായപ്പോൾ അവിടംവിട്ടു തെരുവീഥികൾ വഴിയായി മാധവിയുടെ വസതിയിൽ ചെല്ലുകയും, തലേനാൾ നടന്ന സംഭവങ്ങളെല്ലാം കേൾപ്പിച്ചതിനാൽ അവൾ "മാണിക്യം കളഞ്ഞ മണിനാഗ"ത്തെപ്പോലെ നിഭരമായ ആധിക്കു പാത്രമാവുകയും, ശ്രുതമതി മണിമേഖലയെ പിരിഞ്ഞ ഹേതുവാൽ അചേതനയായിത്തീരുകയും ചെയ്തു.

# എട്ടാം ഗാഥ.

## മണിപല്ലവത്തിലുഴന്നത്.

ഇങ്ങനെയിരിക്കെ മണിപല്ലവദ്വീപിൽ സികതാമയമായ ഒരു പ്രദേശത്തു സുപ്തയായിരുന്ന മണിമേഖല നിശീഥിനിയിൽ തനിയെ ഉണൎന്നു് അവിടെയെങ്ങും തനിക്കു പരിചിതമായ യാതൊന്നും കാണായ്കയാൽ ജന്മഭൂമി വിട്ടു ദേശാന്തരത്തിൽ ജനനമെടുത്ത ജീവനെന്നപോലെ പരിഭ്രമിച്ചുകൊണ്ടിരിക്കെ ആദിത്യൻ ഉദയാദ്രിശിഖരത്തിൽ ആവിൎഭവിച്ചു. അവൾ "ഇവിടം ഉപവനത്തിൽ ഞാൻ മുമ്പു കണ്ടിട്ടില്ലാത്തതായ ഒരു ഭാഗമായിരിക്കുമോ

ശ്രുതമതി നീയൊളിഞ്ഞെവിടെ വാഴ്‌വതെനിക്കു ഭൃശം
വ്യഥ വളരുന്നു ജാഗരമിതല്ല കിനാവിതുതാൻ
ദ്രുതമഴലാറുകെന്നരികിൽ വന്നിഹ കൂരിരുളിൽ
ഗതിയണയാത മാം ബത വെടിഞ്ഞു മറഞ്ഞിതു നീ.

ഇതു മായത്തൊഴിലുകളിൽ സഹജമായ നൈപുണ്യം ലഭിച്ചിരിക്കുന്ന അവൾ ചെയ്ത ചതിയോ? ഒന്നും അറിയുന്നില. ഈ വിജനത്തിൽ ഏകാകിനിയായിരിപ്പാൻ എനിക്കു ഭയം ജനിക്കുന്നു. അതിനാൽ നീ ശീഘ്രം വരിക." ഇങ്ങനെ പുലമ്പിക്കൊണ്ടു ജലധാരഘട്ടങ്ങളിലും മണൽക്കുന്നുകളിലും ഒന്നൊഴിയാതെ അന്വേ

ഷണം ചെയ്യിട്ടും പരിചിതന്മാരായ കരുത്തരേയും കണ്ടു കിട്ടായ്കയാൽ വായ്വിട്ടുകരഞ്ഞുകൊണ്ടിരിക്കുമ്പോൾ,

"പെണ്മണിയോടും പാണ്ഡ്യൻ
തന്മഹിയെച്ചേൎന്നു കൎമ്മശേഷവശാൽ
ദുൎമ്മതിതൻ കരവാളാൽ
വിണ്ണിലിയന്നോരു താത! വരികരികെ."

എന്നു തന്റെ പിതാവിനെ ധ്യാനിച്ചു. അപ്പോൾ ഇന്ദ്രനാൽ ഭൂലോകത്തിന്നായി നൽകപ്പെട്ടതും സന്ദൎശനമാത്രത്തിൽ എവൎക്കും പൂൎവ്വജന്മവൃത്താന്തജ്ഞാനത്തെയുണൎത്തുന്നതുമായ ബുദ്ധപീഠം അവൾക്കു പ്രത്യക്ഷമായി.

## ഒമ്പതാം ഗാഥ.

—

### പീഠികാദൎശനത്താൽ പൂൎവ്വജ്ഞാനം.

—

മണിമേഖല ബുദ്ധപീഠികാദൎശനജന്യമായ ഭക്തിഭാരത്താൽ മതിമറന്നു; അവളുടെ കരങ്ങൾ ശിരസ്സിൽ അഞ്ജലിബന്ധം ചെയ്തു; പിന്നെ ആനന്ദബാഷ്പധാരകളെ പൊഴിച്ചുംകൊണ്ടു് ആ പീഠത്തെ മൂന്നു വലംവച്ചു നമസ്കരിച്ചു നിന്നപ്പോൾ പീഠസന്ദൎശനഫലമായി തന്റെ മുജ്ജന്മവൃത്താന്തങ്ങൾ ബുദ്ധിഗോചരങ്ങളായിത്തീൎന്നു; അവൾ, "പരമാത്മതത്വജ്ഞനായ തപോധന! കായങ്കരയെന്ന നദീതീരത്തിൽ വച്ചു ഭവാൻ അരുളിച്ചെയ്തവയെല്ലാം സത്യമായി പരിണമിച്ചതു ഞാൻ ശരിയായറിഞ്ഞിരിക്കുന്നു. ഗാന്ധാരരാജ്യത്തു പൂൎവ്വദേശത്തിൽ "ഇടവയ"മെന്ന നഗരത്തെ രാജധാനിയാക്കി വാണുകൊണ്ടിരിക്കുന്ന ഹസ്തിപതിയെന്ന നരവരന്റെ പ്രാലനായ ബ്രഹ്മധൎമ്മൻ! നീ ആ നരവരന്റെ മുമ്പിൽ ചെന്നു ധൎമ്മോപദേശം ചെയ്യുമ്പോൾ "ഈ ജംബൂദ്വീപിൽ ഇന്നുതൊട്ടേഴാം നാൾ ഭൂകമ്പമുണ്ടാകും; അപ്പോൾ ഈ നഗരവും നാഗനാട്ടിൽ നാനൂറു യോജനവിസ്തീൎണ്ണമുള്ള ഭൂഭാഗവും പാതാളത്തിലുൾപ്പെട്ടൊഴിഞ്ഞുപോകും; അതിനാൽ ഈ നഗരം വിട്ടു മാറിപ്പാൎത്തുകൊള്ളണം" എന്നുപദേശിക്കയാൽ അദ്ദേഹം ഈ വൃത്താന്തത്തെ നഗരവാസികൾക്കെല്ലാം പറയടിപ്പിച്ചു പ

രസ്യപ്പെടുത്തി ഒട്ടൊഴിയാതെയുള്ള നാഗരികജനങ്ങളോടൊരുമിച്ചു നഗരത്തിന്നുത്തരദിക്കിലുള്ള അവന്തിനഗരത്തിലെക്കായി യാത്ര തുടൎന്നു മദ്ധ്യെയുള്ള കായങ്കരയെന്ന നദീതീരത്തിലെത്തി കൂടാരം കെട്ടി പാൎക്കുമ്പോൾ സ്വാമിൻ! അങ്ങുന്ന് അരുള ചെയ്തവണ്ണംതന്നെ അന്നേദിനത്തിൽ ഭൂകമ്പമുണ്ടായി ഇടവയനഗരം നഷ്ടമായിപ്പോകയും ചെയ്തു. ഈ സംഭവം ഗ്രഹിച്ചതിനാൽ ആ ഭൂപനും പ്രജകളും ഭക്തിഭാരാകുലന്മാരായി ഭവാനെ ശരണം പ്രാപിച്ചനില്ലേയാൽ അവൎക്ക മുനിമാൎഗ്ഗോപദേശം ചെയ്തുകൊണ്ടിരിക്കെ, 'അശോധര'നഗരാധിപനായ ഇരവിവൎമ്മന്റെ പത്നിയായ അമൃതവതിയുടെ ഗൎഭത്തിലുത്ഭവിച്ചു ലക്ഷ്മിയെന്ന പേരും ധരിച്ചു ഹസ്തിപതിരാജാവിന്നു നീലപതിയിലുണ്ടായ ഇരാകുലന്റെ പ്രിയതമയായിരുന്ന ഞാൻ നായകനോടുംകൂടി ധൎമ്മോപദേശശ്രവണാൎത്ഥം വന്നു വണങ്ങിനില്ലേ, "ഈ ഇരാകുലൻ ഇന്നെക്കു പതിനാറാംനാൾ ദൃഷ്ടിവിഷനെന്ന സൎപ്പത്താൽ ഹനിക്കപ്പെടും. നീയും ഇവനോടൊത്തു ചിതാപ്രവേശം ചെയ്യും. പിന്നെ കാവിരിപ്പൂമ്പട്ടിനത്തിൽ ചെന്നു ജനിക്കും. അവിടെ നിനക്കൊരാപത്തു നേരിടും. അപ്പോൾ മണിമേഖലാദേവി പ്രത്യക്ഷീഭവിച്ചു നിശീഥിനിയിൽ നിന്നെയെടുത്തു കാവിരിപട്ടണത്തിന്നു ദക്ഷിണഭാഗത്തുള്ള ഒരു ചെറുദ്വീപിൽ ഇറക്കിവിട്ടു പോയ്ക്കളയും. നീ അവിടെ കുടികൊള്ളുന്ന ബുദ്ധപീഠത്തെ കണ്ടു വന്ദിക്കും. തൽക്ഷണം നിന്റെ ജന്മാന്തരവൃത്താന്തങ്ങളെ ഗ്രഹിക്കുമ്പോൾ എന്റെ ഈ വചനങ്ങളെയും നീ സംസ്മ

രിക്കും." എന്നു ഭവാന്റെ ഉക്തികൾ കേൾക്കയാൽ "എന്റെ പ്രിയവല്ലഭന്റെ ജനനം ഇന്നവിധത്തിലായിരിക്കുമെന്നുകൂടി ഞാൻ അപേക്ഷിക്കയും, "നിന്നെ നയിച്ച ദൈവം വീണ്ടും ആവിർഭവിച്ച് ഈ വസ്തുത നിന്നെ ഗ്രഹിപ്പിക്കും" എന്നു പ്രതിവദിക്കയും ഉണ്ടായി. "ആ ദൈവം വരികയുണ്ടായില്ലല്ലൊ" എന്നു ദീർഘമാസ്സിത്തു വിലപിച്ചുകൊണ്ടിരുന്നു.

## പത്താം ഗാഥ.

—

### മന്ത്രോപദേശം.

—

മണിമേഖല മണിപല്ലവത്തിൽ ബുദ്ധപീഠസന്നിധാനത്തിലിരിക്കുമ്പോൾ ജന്മാന്തരവൃത്താന്തഗ്രഹണഹേതുഭൂതങ്ങളായ അവളുടെ ഗുണഗണങ്ങളെ അഭിനന്ദിച്ചുകൊണ്ടു നഭോമാൎഗ്ഗത്തിൽനിന്നവതരിച്ച മണിമേഖലാദേവി അവൾ കേൾക്കത്തക്കവണ്ണം

"കുറഞ്ഞു ബോധവും നരന്മാൎക്കാകവെ
വളൎന്നു വന്നുള്ള ധനപ്രലാപങ്ങൾ
നിറഞ്ഞിതു ശ്രുതിപഥങ്ങളിൽപാര-
മകന്നു വിജ്ഞാനമണഞ്ഞു ദാരിദ്ര്യം
ശരണമററുള്ള ജനങ്ങൾ മാഴ്കുമ്പോൾ
ധരണിയിൽ ധൎമ്മമുയൎന്നുവന്നീടാൻ
ഇരുൾപ്പരപ്പിനാലുഴലുംവേളയി-
ലിളംകതിരവനുദിച്ചിടുംവണ്ണം
വിളങ്ങും നിൎമ്മലരടിയിണകളെ
വണങ്ങിടുന്നു ഞാൻ കനിഞ്ഞ ഭക്തിയാൽ."

ഇങ്ങനെ പീഠത്തെ ബുദ്ധദേവനായിത്തന്നെ കല്പിച്ചു പൂജാസ്തുതിപ്രണതികൾ ചെയ്തു. അപ്പോൾ മണിമേഖലയും പീഠത്തെ വന്ദിച്ചു്, "നിന്തിരുവടിയുടെ കടാക്ഷത്താൽ എന്റെ ജന്മാന്തരവൃത്തം എനിക്കറിവാൻ സാധിച്ചു. അജ്ജന്മത്തിൽ എന്റെ പതിയായ ഇരാകു

ലന്റെ ജനനം എവിടെയെന്നുള്ളതുമുരചെയ്യേണമേ!" എന്നപേക്ഷിച്ചു.

അപ്പോൾ ആ ദേവി, "അല്ലയോ ലക്ഷ്മി! കേട്ടുകൊൾക. നീ ഒരിക്കൽ ഇരാകുലനോടൊരുമിച്ചു് ഒരു ചോലയിൽ ഇരിക്കുമ്പോൾ പ്രണയകലഹശമനത്തിന്നായി നിന്റെ പാദങ്ങളെ വണങ്ങുമ്പോൾ രത്നദ്വീപിൽ ചെന്നു ധൎമ്മചക്രപ്രചാരംചെയ്തു മടങ്ങിവരുന്ന 'സാധുചക്ര'നെന്ന ബൌദ്ധചാരണമുനി നിങ്ങൾക്കു നേരെ മുകളിൽ ആകാശത്തിൽനിന്നിറങ്ങിവരികയാൽ നീ അദ്ദേഹത്തെക്കണ്ടു നടുങ്ങി തളൎന്നു ഭയഭക്തിപരവശയായി അരികെ ചെന്നു വണങ്ങി. ഇരാകുലൻ അതു കണ്ടു്, "ഇവിടെ വന്നതാരു്?" എന്നു കോപത്തോടെ ചോദിച്ചു. അപ്പോൾ നീ ഭയകമ്പിതയായി അവന്റെ വായ് പൊത്തി. അന്തരീക്ഷത്തിൽനിന്നും അവതരിച്ച ഈ മഹാത്മാവിന്റെ പാദഭജനം ചെയ്യാതെയും, ഇദ്ദേഹത്തെ സ്തോത്രംചെയ്യാതെയും ഇരുന്നതു് ഒരു വലിയ അപരാധമായ്പ്പോയി," എന്നു് അവനെ ഗ്രഹിപ്പിച്ചു് അവനോടും ചേൎന്നു് ആ മുനിയെ വന്ദിച്ചു്, "ഞങ്ങൾ ഭവൽഭക്തന്മാരാകുവാൻ അൎഹന്മാരല്ലെന്നിരിക്കിലും ഇവിടെ ഭുക്തിചെയ്യണം. അങ്ങയുടെ ഇഷ്ടത്തെ അനുസരിച്ചെല്ലാം നടത്തുവാൻ ഞങ്ങൾ ഒരുക്കമാണു്." ഇങ്ങിനെ അപേക്ഷിച്ചപ്പോൾ മുനിവരൻ, "അമ്മേ! ഞാൻ ഭുജിക്കാം. ഇങ്ങോട്ടു കൊണ്ടുവരിക" എന്നു പറയുകയും, നീ ഉടനെ ഭോജ്യപദാൎത്ഥങ്ങളെ കൊണ്ടുവന്നു് അദ്ദേഹത്തെ ഭുജിപ്പിക്കയും ചെയ്തു.

"എന്നാളവനു നൽകിയൊ-
രന്നത്താലുള്ള പുണ്യഫലമേതും
നിന്നോടകന്നുപോകാ
വന്നിടും ജനിമൃതിക്കവസാനം."

ആ ഇരാകുലൻതന്നെയാണു് ഉപവനത്തിൽ നിന്നെ കാമിച്ചുവന്ന ഉദയകുമാരൻ. ഇതുകൊണ്ടുതന്നെയാണു് അവനു നിന്നിലും അതേവിധം നിനക്കവനിലും അതിയായ അഭിലാഷം ഉത്ഭവിച്ചതു്. ആ ബന്ധത്തെ നീക്കി നിന്നെ ഉത്തമമായ മാർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമെന്നുള്ള ഉദ്ദേശത്തിന്മേലാണു് ഈ ദ്വീപത്തിൽ കൊണ്ടുവന്നു ശ്രീപീഠദർശനാർഹയാക്കിത്തീർത്തതു്. അത്രയുമല്ല, ഹേ ലക്ഷ്മി! ഇനിയും കേട്ടുകൊൾക. മുജ്ജന്മത്തിൽ നിന്റെ സഹോദരികളായിരുന്ന 'താരാ', 'വീരാ' എന്ന രണ്ടുപേരെയും അംഗദേശത്തിൽ 'കക്ഷയ'നഗരത്തിലെ രാജാവായ ദുർജ്ജയൻ വിവാഹംചെയ്തശേഷം ഒരുനാൾ ആരണ്യദേശത്തിലെ വിശേഷങ്ങൾ ആരാഞ്ഞുനോക്കിക്കൊണ്ടു ഗംഗാതീരത്തു ചെന്നു വിശ്രമിക്കയായിരുന്നു. അപ്പോൾ അവിടെ അരവണസ്വാമികൾ എഴുന്നള്ളുകയാൽ ദുർജ്ജയൻ വിധിവിഹിതങ്ങളായ ഉപചാരങ്ങൾ ചെയ്തു കൈ കൂപ്പി അദ്ദേഹം ആരെന്നും, എങ്ങോട്ടു പോകുന്നുവെന്നും ചോദിച്ചു. സ്വാമികൾ, "ഞാൻ 'പാദപങ്കജഗിരി'യെ ദർശിപ്പാനായി വന്നതാണു്. ആദികാലത്തിൽതന്നെ ബുദ്ധദേവൻ സകല ജീവികളും ദുഃഖം നീങ്ങി സുഖിച്ചുവാഴേണമെന്നു കരുതി അവരെല്ലാം കേട്ടാനന്ദിക്കത്തക്കവണ്ണം ആ ഗിരിശിഖരത്തിൽ നിന്നുകൊണ്ടു ധർമ്മോപദേശം ചെയ്തപ്പോൾ അ

ദ്ദേഹത്തിന്റെ പാദകമലങ്ങൾ അവിടെ പതിഞ്ഞതി നാൽ അതിന്നു ഈ പേർ സിദ്ധിച്ചു. നിർമ്മലജ്ഞാന സമ്പന്നന്മാരായ നിങ്ങളും അവിടെ ചെന്നു ഭഗവല്പാദ ത്തെ സന്ദർശിച്ചു സേവിക്കുവിൻ!" ഈ അനുശാസനം കേട്ടുകൊണ്ടു അവർ മൂന്നുപേരും ഗിരിശിഖരത്തിൽ ചെ ന്നു ശ്രീപാദദർശനം ചെയ്തു പുണ്യവിശേഷത്താൽ പുന ർജ്ജന്മത്തിൽ 'താര' മാധവിയായും, 'വീര' ശ്രുതമതിയാ യും നിന്നോടു ബന്ധപ്പെട്ടുവന്നിരിക്കുന്നു. നീ പൂർവ്വജന്മത്തെ അറിഞ്ഞു. ധർമ്മത്തിന്റെ ഗതിയും ഗ്രഹിച്ചിരിക്കുന്നു. അന്യമതവാദികളുടെ ഉദ്ദേശങ്ങളേയും ഒരുകാലത്തിൽ നീ ആരാഞ്ഞുകൊള്ളുവാൻ ശ്രമിക്കും. അക്കാലത്തു നീ യൌവനയുക്തയാണെന്നു കരുതി ഓരോ മതങ്ങളിലുമു ള്ള സൂക്ഷ്മതത്വങ്ങളെ മതാചാര്യന്മാർ വേണ്ടുംവണ്ണം നി നക്കുപദേശിക്കയില്ല. അതിനാൽ നീ വേഷച്ഛന്നയാ കാതെ കഴിയുന്നതല്ല." ഇങ്ങിനെ പറഞ്ഞു രൂപാന്ത രപ്രാപ്തിക്കും, ആകാശഗമനത്തിന്നുമുള്ള രണ്ടു മന്ത്രങ്ങ ളെ അവൾക്കുപദേശിച്ചു. "ബുദ്ധദേവനരുൾചെയ്തിട്ടു ള്ള ധർമ്മമാർഗ്ഗം ദുർഗ്രാഹ്യമാണെന്നു ധരിച്ചുകൊൾക. ഈ പീഠത്തെ സ്തുതിച്ചു വന്ദിച്ചുകൊണ്ടു നിന്റെ സ്വദേ ശത്തിലേയ്ക്കു പൊയ്ക്കൊൾക. വ്രതനിയമാദ്യനുഷ്ഠാനപര യായ നിനക്കായി ഒന്നുകൂടി ഉപദേശിക്കാം. "അന്ന ത്താൽ സംഭവിച്ചോരു, പിണ്ഡം മാനുഷവിഗ്രഹം." ഈ മന്ത്രത്തെ ഗ്രഹിച്ചുകൊൾക. ഇതിനാൽ ക്ഷുൽബാ ധ നീങ്ങിപ്പോകും." ഇപ്രകാരം ഉപദേശം ചെയ്തു മണി മേഖലാദേവി ആകാശത്തിൽ മറഞ്ഞു.

# പതിനൊന്നാം ഗാഥ.

## പാത്രലാഭം.

മണിമേഖല മണിപല്ലവത്തിലുള്ള സൈകതങ്ങളേയും, പുഷ്പവാടികളേയും സന്ദർശനംചെയ്തുകൊണ്ടു മന്ദമന്ദം സഞ്ചരിക്കുമ്പോൾ ഒരു സ്ത്രീ അരികെ വന്നു, "സഖി! ഏകാകിനിയായുഴലുന്ന നീ ആരാണ്? കപ്പൽ മുങ്ങിപ്പോകയാൽ ഈ ദ്വീപിലണഞ്ഞു രക്ഷപ്പെട്ടവളാണോ?" എന്നു ചോദിച്ചു.

മണിമേഖല, "സുന്ദരി! നിന്റെ ചോദ്യം എന്റെ ഏതു ജന്മത്തെ അറിഞ്ഞുകൊൾവാനാണെന്ന് എനിക്കു മനസ്സിലാവുന്നില്ല. എന്നാൽ ഞാൻ പറയാം. കേൾക്കു. കഴിഞ്ഞ ജന്മത്തിൽ ലക്ഷ്മിയെന്നാണ് എന്റെ പേർ. ഇരാകുലനെന്ന രാജകുമാരനാണ് എന്നെ പാണിഗ്രഹണം ചെയ്തത്. ഇജ്ജന്മത്തിൽ നാട്യവൃത്തിയിലിരിക്കുന്ന മാധവിയെന്ന വേശ്യയുടെ പുത്രിയായിട്ടിരുന്നു മണിമേഖലയെന്നാണു നാമധേയം. മണിമേഖലാദേവി കാവിരിപ്പൂമ്പട്ടിനത്തിലുള്ള ഉപവനത്തിൽനിന്നെന്നെ ഈ ദ്വീപിൽ കൊണ്ടുവന്നു വിട്ടതിനാൽ ഇവിടെയുള്ള പീഠത്തെ ദർശിച്ചു മുജ്ജന്മത്തെയറിഞ്ഞു. ഇവിടെ വന്നതിനാൽ എനിക്ക് ഈ ഫലസിദ്ധിക്കു ഭാഗ്യമുണ്ടായി. ഇതാണ് എന്നെസ്സംബന്ധിച്ചു പറവാനുള്ളത്. ഇനി നീയാരാണെന്നു പറയുക."

ദ്വീപതിലക, "മുമ്പൊരു കാലത്ത് ഞാൻ ഈ ദ്വീപിന്നു സമീപത്തുള്ള രത്നദ്വീപിൽ അത്യുന്നതമായ്ത്തിളങ്ങുന്ന സമന്തകൂടപർവ്വതമൂർദ്ധാവിൽ ബുദ്ധദേവന്റെ അടിയിണകളെച്ചെന്നു സേവിച്ചു മടങ്ങി ഈ ദ്വീപിൽ വരികയും, മഹേന്ദ്രന്റെ ആജ്ഞയാൽ ഈ ധർമ്മപീഠത്തെ കാത്തുകൊണ്ടിവിടെത്തന്നെ വസിക്കയും ചെയ്യുന്നു. എനിക്കു ദ്വീപതിലകയെന്നാണു നാമധേയം. ബുദ്ധദേവപ്രോക്തങ്ങളായ വിശിഷ്ടധർമ്മങ്ങളെ അനുഷ്ഠിക്കുന്നവരാരെങ്കിലും ഇതിനെ ദർശനം ചെയ്യുന്നതായാൽ തൽക്ഷണംതന്നെ അവർക്കു തങ്ങളുടെ പൂർവ്വജന്മസ്മൃതിയുണ്ടാകുമെന്നുള്ളത് അനുഭവസിദ്ധമാണ്. ലോകത്തിൽ അങ്ങിനെയുള്ള ധർമ്മാത്മാക്കൾ കുറയും. അവർ മാത്രമേ ഇദ്ധർമ്മപദത്തിന്നധികാരികളാകയുള്ളൂ. പൂർവ്വജന്മസ്മരണയുണ്ടായതിനാൽ നിന്റെ മഹിമ പ്രത്യക്ഷീഭവിച്ചിരിക്കുന്നു. ഈ പീഠികയുടെ പുരോഭാഗത്തു കുവലയങ്ങളും, കുമുദങ്ങളും നിരന്തരമായി പരിലസിക്കുന്ന 'ഗോമുഖി'യെന്ന ഒരു ശുദ്ധജലപ്പൊയ്കയുണ്ട്. അതിന്റെ അന്തർഭാഗത്തിൽനിന്നു പ്രതിവത്സരം ബുദ്ധാവതാരദിനമായ വൈശാഖശുക്ലപൂർണ്ണിമയിൽ അമൃതസുരഭിയെന്നു പേരായ അക്ഷയപാത്രം ജലവിതാനത്തിന്നു മേലെ ഉയർന്നുകാണാം. ഇന്ന് ആ പൂർണ്ണിമതന്നെ. പാത്രം ഉയർന്നുവരുന്ന സമയവും ഇതുതന്നെ. ഇപ്പോൾ ആ പാത്രം നിനക്കു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിൽ ഇടുന്ന അന്നം എടുക്കുംതോറും വർദ്ധിച്ചുവരും. ഇനി ഇതിന്റെ ആഗമത്തെപ്പറ്റിയുള്ള വിവരങ്ങൾ നിന്റെ ന

ഗരത്തിൽ വാസം ചെയ്യുന്ന അറവണസ്വാമികളിൽനി ന്നറിഞ്ഞുകൊൾക.'' മണിമേഖല അതിനെ ലഭിപ്പാനുള്ള അഭിലാഷത്തോടുകൂടി ബുദ്ധപീഠത്തെ തൊഴുതു ദ്വീപതിലകയോടൊരുമിച്ചു ചെന്നു 'ഗോമുഖി'പ്പൊയ്കയെ പ്രദക്ഷിണം ചെയ്തു നിന്നപ്പോഴേയ്ക്കും ആ പാത്രം പൊയ്കയ്ക്കുള്ളിൽനിന്നു പൊങ്ങി മണിമേഖലയുടെ കരതലത്തിൽ വന്നുചേൎന്നു. തൽക്ഷണം അവൾ അപരിമിതമായ ആനന്ദത്തിന്നധീനയായി,

"മാരനെ വെന്നുള്ള വീരനാം നിമ്പദം
ലോകാമാദിയെ വെടിഞ്ഞോരു നിമ്പദം
പുണ്യം പലതും പുകഴ്ത്തുന്ന നിമ്പദം
ധന്യ! നിൎവ്വാണമിച്ഛിക്കാത്ത നിമ്പദം
വിണ്ണാശ വിട്ട പുരാതന നിമ്പദം
ഗണ്യമല്ലാതെ നിന്നീടുന്ന നിമ്പദം
നിൎമ്മലജ്ഞാനപ്രദായകം നിമ്പദം
കന്മഷംവാക്യം ശ്രവിക്കാത്ത നിമ്പദം
സത്യോക്തിയാൽ പ്രശോഭിക്കുന്ന നിമ്പദം
സൎപ്പസംഘാതാൎത്തി തീൎത്തോരു നിമ്പദം
നാരകപ്രാപ്തരെ കാത്തോരു നിമ്പദം
നേരേ നമിച്ചു നിന്നീടുവാനാളല്ല.
പാരാതെ പോററി സ്തുതിച്ചുകൊൾവാനുമേ
പോരാ പടുതയെൻ നാവിനു ദൈവമേ!"

എന്നു ബുദ്ധദേവനെ സ്തുതിച്ചു. അപ്പോൾ ജീവികൾക്കു ക്ഷുൽബാധകൊണ്ടുള്ള താപത്തെയും, അതി

നെ പരിഹരിക്കുന്ന പുണ്യാത്മാക്കളുടെ മഹിമയേയും ദീപതിലക മണിമേഖലക്കുപദേശിച്ചു.

"ദാനം പോക്കും കുലമറുതിയാമാപ്പുവിദ്യാഖ്യനൌകർ
ക്കുനം ചേക്കും സുഭഗത കെടും, നാണവും താണുപോകും
ന്യൂനം നാരീ പതിയെ വെടിയും പാപി ദാരിദ്ര്യമൂലം
ഞാനാളല്ലീ ദുരിതമകലെപ്പോക്കുവോരെപ്പുകഴ്ത്താൻ.

പണ്ടൊരിക്കൽ അനാവൃഷ്ടിയാൽ സസ്യങ്ങൾ ഒട്ടൊഴിയാതെ നശിച്ചു ക്ഷുൽബാധവിവശനായ വിശ്വാമിത്രമുനി അതിന്റെ നിവൃത്തിക്കായി എങ്ങും തിരഞ്ഞലഞ്ഞു ഭക്ഷ്യപദാത്ഥങ്ങളൊന്നും ലഭിക്കാതെ അംഗം മെലിഞ്ഞു വിവശനായതുമൂലം തനിക്കു കിട്ടിയ ശ്വമാംസം ഭക്ഷിക്കാനൊരുങ്ങുകയും അതിൽ ഒരു ഭാഗം ദേവകൾക്കായി ആഹുതിചെയ്യാൻ നിശ്ചയിക്കുകയും ചെയ്തു. ഇന്ദ്രൻ ഈ നിശ്ചയമറിഞ്ഞു് ഉടൻതന്നെ എങ്ങും വഷിക്കുകയും ചെയ്തു. ഈ സംഭവം നീയും കേട്ടിരിക്കാം.

ധനമിയലുവോക്കു ദാനം ചെയ്യുന്തോക്കുകിൽ
ധന്യമാം ധമ്മത്തെ വില്ലുകയെന്നല്ലയോ?
ക്ഷുധിതരുടെ പരവശത പോക്കുന്ന മാനവൻ
സുത്രാമലോകേ സുഖിച്ചുമേവും ദൃഢം.
അവനിയിലനേകക്ക്മഷ്ടി നൽകുന്നവ-
നാദരാൽ ജീവൻ കൊടുക്കുവോനല്ലയോ.

അതിനാൽ ക്ഷുൽബാധ നീക്കി പ്രാണപ്രദാനം ചെയ്യുകയെന്നുള്ള ധമ്മത്തെ കൈക്കൊള്ളുക."

മണിമേഖല പറഞ്ഞു, "കഴിഞ്ഞ ജന്മത്തിൽ എന്റെ പതിയായ ഇരാഹുലൻ സാഹിദംശനത്താൽ മൃത

നായതുമൂലം അസഹ്യമായ സന്താപംകൊണ്ടു ഞാൻ അഗ്നിപ്രവേശം ചെയ്തു മരിക്കുംകാലത്തു സാധുചക്രമുനിവരന്നു മുമ്പൊരിക്കൽ അന്നം കൊടുത്തതിനെ സ്മരിക്കുകയുണ്ടായി. മരണകാലത്തിൽ ആ നിനവുണ്ടായിരുന്നതിന്റെ പുണ്യവിശേഷത്താൽതന്നെ ഈ പാത്രം എന്റെ കയ്യിൽ വന്നിരിക്കേണമെന്നാണു ഞാൻ കരുതുന്നതു്. ആശ്ചര്യമല്ല, വിശപ്പിനാൽ വാടിയ ശിശുവിന്റെ മുഖാലോകനത്താൽ മനം കനിഞ്ഞു പാൽ ചുരക്കുന്ന മാതൃസ്തനംപോലെ ജഠരാഗ്നിയുടെ ദാഹശമനത്തിന്നായി വാതാതപവർഷാദികളെസ്സഹിച്ചുംകൊണ്ടു വാടിയുലഞ്ഞും നടന്നുഴലുന്ന ദീനന്മാരുടെ വദനം കണ്ടു കനിഞ്ഞു് ഈ പാത്രം എപ്പോഴും അവൎക്കന്നദാനം ചെയ്തുകാണ്മാനാണു് എനിക്കു മോഹം."

മണിമേഖലയുടെ ചിന്തിതമറിഞ്ഞു സന്തുഷ്ടയായ ദ്വീപതിലക അവളോടു പല സംഭാഷണവും ചെയ്തശേഷം അമൃതസുരഭിയുംകൊണ്ടു കാവിരിപ്പൂമ്പട്ടിനത്തിലേക്കു പൊയ്ക്കൊൾവാൻ പറഞ്ഞു. മണിമേഖല അവളുടെ അടിയിണ വണങ്ങി ബുദ്ധപീഠത്തെയും തൊഴുതു വലംവച്ചു് ആകാശഗമനമന്ത്രം ജപിച്ചു മേല്പോട്ടുയൎന്നു നഭോമാൎഗ്ഗത്തൂടെ ചെന്നു തന്റെ വിയോഗദുഃഖംമൂലം പരവശയായി പ്രത്യാഗമനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ശ്രുതമതിയേയും, മാധവിയേയും കണ്ടു വിസ്മയാവഹമാകുംവണ്ണം അവരുടെ ജന്മാന്തരവൃത്താന്തങ്ങൾ പറഞ്ഞുകേൾപ്പിച്ചശേഷം അവരോടു പറഞ്ഞു. "മനുഷ്യപ്രയത്ന

ത്താൽ ലഭ്യങ്ങളായ നൈകവാച്യമാർഗ്ഗങ്ങളെ ഇനിമേൽ നിങ്ങൾ അറവണസ്വാമികളിൽനിന്നുതന്നെ ഗ്രഹിക്കേണ്ടതാണ്. എന്റെ കയ്യിലിരിക്കുന്നതു മുമ്പ് ആ പുത്രന്റെ കയ്യിലുണ്ടായിരുന്ന അക്ഷയപാത്രമാണ്. അമൃതസുരഭിയെന്ന നാമധേയത്താൽ പ്രസിദ്ധവുമാകുന്നു. ഇതിനെ വന്ദിപ്പിൻ." മൂന്നുപേരും അമൃതസുരഭിയെ ഭക്തിപൂർവ്വം തൊഴുതതിനുശേഷം അറവണസ്വാമികളുടെ സന്നിധാനത്തിലേയ്ക്കു പോവുകയും ചെയ്തു.

---

## പന്ത്രണ്ടാം ഗാഥ

### അറവണനെ വന്ദിച്ചത്.

മണിമേഖല അറവണസ്വാമികളുടെ വസതിയെ അന്വേഷിച്ചുചെന്നു വയസ്സിൽ വൃദ്ധനും വാക്കിൽ ശാന്തനുമായ അദ്ദേഹത്തിന്റെ സന്നിധിയിൽ മൂന്നുരു വണങ്ങി സ്തുതിച്ചു, താൻ ഉപവനം പ്രാപിച്ചതും ഉദയകുമാരൻ അവിടെ വന്നു പറഞ്ഞുപോയതും മണിമേഖലാദേവി തന്നെ മണിപല്ലവദ്വീപിൽ കൊണ്ടുചെന്നതും അവിടെ ബുദ്ധപീഠദർശനത്താൽ പൂർവ്വജ്ഞാനം സിദ്ധിച്ചതും പിന്നീടു മണിമേഖലാദേവി പൂർവ്വവൃത്താന്താവശിഷ്ടങ്ങൾ കേൾപ്പിച്ചു മൂന്നു മന്ത്രങ്ങളുപദേശിച്ചു മറഞ്ഞതും ദ്വീപതിലകയെ കണ്ടതിനാൽ അമൃതസുരഭി കൈവന്നതും അവളുടെ ചൊല്പടിക്കു സ്വദേശത്തിൽ വന്നതുമായ സകല വൃത്താന്തങ്ങളും കേൾപ്പിക്കയാൽ സ്വാമികൾക്കു് അളവററ സന്തോഷമുണ്ടായി; മാധവിയേയും, സുതമതിയേയും നോക്കി പറഞ്ഞു.

പണ്ടൊരിക്കൽ ഞാൻ പാദപങ്കജഗിരിയിൽ ചെന്നു ഭജിച്ചു തിരിച്ചുവരുമ്പോൾ ദുർജ്ജയമന്നവനെ ഒരു ചോലയിൽ കണ്ടു കുശലപ്രശ്നം ചെയ്തപ്പോൾ കരളുരുകി കണ്ണീർ വാർത്തുകൊണ്ടു തന്റെ പത്നിയായ 'വീര' മദ്യമദംകൊണ്ടു് ഒരു മത്തഗജത്തിൻമുന്നിൽ ചെന്നു് അതിനാൽ ഹനിക്കപ്പെടുകയും അതു കേട്ട 'താര' നിരാശപ്പെട്ടു് ഒരു മാടത്തിൽ കയറി താഴെ വീണു മരിക്ക

യും ചെയ്ത സംഭവങ്ങളെപ്പറഞ്ഞു വിലപിച്ചു. അപ്പോൾ ഇതെല്ലാം കർമ്മഫലമാണെന്നു മന്നവനെ സമാധാനിപ്പിക്കയും ഞാൻ വിസ്മയിക്കയും ചെയ്തു. അങ്ങിനെ മൃതരായ നിങ്ങളിപ്പോൾ നടന്മാരെപ്പോലെ വേഷം മാറിവന്നിരിക്കയാണ്." എന്നു മാധവിയേയും സുതമതിയേയും നോക്കി പറഞ്ഞശേഷം മണിമേഖലയോടു പറഞ്ഞു. "ഈ ലോകത്തിൽ ബൌദ്ധധർമ്മങ്ങൾ ക്ഷയിച്ചതിനാൽ പാപങ്ങൾ വർദ്ധിച്ചിരിക്കുന്നു. എങ്കിലും അല്പാല്പം ധർമ്മനിഷ്ഠന്മാരുമുണ്ടായിവരുവാനിടയുണ്ടെന്നു കരുതി ഞാൻ ധർമ്മോപദേശംചെയ്തുവരുന്നതുമുണ്ട്. ധർമ്മതത്വം ഭൂലോകവാസികൾക്കറികയില്ല. ചക്രവാളത്തിലുള്ള ദേവഗണങ്ങൾ ഈ തത്വമറിഞ്ഞിരിക്കയാൽ അവരുടെ അപേക്ഷനിമിത്തം ആയിരത്തറുനൂററി പതിനാറാമാണ്ടിൽ തുഷിതലോകത്തിലുള്ള ദേവൻ ഈ ലോകത്തിൽ അവതരിക്കും. അതിൽപിന്നെ ഭൂവാസികൾക്കെല്ലാം ജീവകാരുണ്യം മനസ്സിലുദിക്കും.

ബുദ്ധനായുദിക്കവേ രവിശീതരശ്മികളംബരേ
ശുദ്ധരശ്മികൾകൊണ്ടു ദിക്കുകളൊക്കവേ തെളിയിച്ചിടും
സ്വസ്ഥിതിക്കു നഭസ്ഥലേ ഗ്രഹതാരകാദികൾ നിന്നിടും
വൃഷ്ടിയും വഴിപോലെയാം ഫലപുഷ്ടിയും വരുമൂഴിയിൽ.

എങ്ങുമാശകളിൽ സ്വഭാവമാനം വലമാസ്ഥരും
അന്നവും തരുമെന്നുമറു വിളഞ്ഞ നല്ല വിഭൂതികൾ
കന്നിനുള്ളതു വിട്ടു പയ്ക്കൾ കുടം നിറച്ചിഹ പാൽ തരും
മുന്നമങ്ങിനെ തിന്നു വാണിടുമന്ധജങ്ങൾ വെടിഞ്ഞിടും.

അന്നവരോ മനുജർ വൈരശേഷമില്ല മൃഗങ്ങളിൽ
തങ്ങളിൽക്കലഹിക്കയില്ല പിശാചനാഗഗണങ്ങളും
അംഗമറിനാത വന്നുഴന്നിടുമെന്ന ഭീതിയുമില്ലപോൽ
മംഗളം വരുമന്നു വന്നു പിറന്നവർക്കു നിരന്തരം.

മണിമേഖലേ! ഇവിടെ നിന്നാൽ ചില വിശിഷ്ട കാര്യങ്ങൾ നടക്കേണ്ടതായിരിക്കുന്നു. അതിന്നുശേഷമല്ലാതെ എന്റെ ധർമ്മോപദേശങ്ങൾ നിന്റെ ഹൃദയത്തിൽ പതിയുന്നതല്ല. ഇവർ ഇരുപേരും അതീതജന്മത്തിൽ പാദപങ്കജഗിരിയിൽ ചെന്നു ഭജിച്ച പുണ്യവിശേഷത്താൽ ഇനിമേൽ നിന്റെ സഹചാരിണികളായി ബുദ്ധപാദാരവിന്ദങ്ങളെ കൈവണങ്ങി പാതകങ്ങളകന്നു പരമപദം പ്രാപിക്കും. നിന്നാൽ സമ്പാദിക്കപ്പെട്ട അമൃതസുരഭി മാഹാത്മ്യമേറിയ ഒരു ജീവനൌഷധമാകുന്നു. നീ ഇതിനാൽ എല്ലാ ജീവികളുടേയും ക്ഷുൽബാധാനിവൃത്തിക്കായി ഉദ്യമിക്കുക." "അന്നദാനത്തിൽ പരമില്ലൊരു ധർമ്മമെന്നു മുന്നമേ മഹാമുനിവര്യന്മാർ ചൊല്ലിക്കേൾപ്പൂ" എന്നാജ്ഞാപിക്കുകയും അവൾ അതിനെ അംഗീകരിക്കുകയും ചെയ്തു.

# പതിമൂന്നാം ഗാഥ

## ആപുത്രമഹാത്മ്യനിവേദനം.

അറവണസ്വാമികൾ മണിമേഖലയോട് ആപുത്രന്റെ ചരിത്രത്തെ പറയുന്നു:—"വാരാണസിയെന്ന ദേശത്തിൽ അപാഞ്ചികയെന്ന ഒരു ശ്രോത്രിയന്നു ശാലിയെന്ന ഒരു ഭാൎയ്യയുണ്ടായിരുന്നു. ഈ ബ്രാഹ്മണി തന്റെ ദുരാചാരവശാൽ നേരിട്ട പാപത്തിന്റെ പരിഹാരത്തിനായി താൻ ഗർഭിണിയാണെന്നുപോലും ഗണിക്കാതെ കന്യാകുമാരിയിൽ സ്നാനംചെയ്യുന്നതിന്നായി പുറപ്പെട്ടു പോകുമ്പോൾ വഴിമദ്ധ്യത്തിൽ അസഹ്യമാംവണ്ണം സൂതിവേദനയുണ്ടായി ആരും സഹായമില്ലാതെ പ്രസവിക്കുകയും ആ ശിശുവിനെ നിഷ്കരുണം ഒരു തോട്ടത്തിലിട്ടേച്ചു പോവുകയും ചെയ്തു. ആഹാരം ലഭിക്കായ്കയാൽ രോദനം ചെയ്തുകൊണ്ടിരിക്കുന്ന ബാലകന്റെ ദീനസ്വരം കേട്ടു കനിവു കലൎന്ന ഒരു പശു അവിടെ വന്നു കുട്ടിയെ നക്കിത്തുടച്ചു കരച്ചിൽ മാററി പാൽ കൊടുത്തുകൊണ്ട് ഏഴുനാൾവരെ അവിടം വിട്ടുപോകാതെ രക്ഷിച്ചുപോന്നു. അങ്ങിനെയിരിക്കെ 'വയനങ്കോടെ'ന്ന ഗ്രാമത്തിലുള്ള 'ഭൂതി'യെന്നു പേരായ ബ്രാഹ്മണൻ പത്നീസമേതനായി ആ വഴിയെ പോകുമ്പോൾ ബാലസ്വനം കേട്ടു സമീപത്തിൽ ചെന്നു കണ്ടു കണ്ണീർ പൊഴിച്ചു കരഞ്ഞുംകൊണ്ട്, "ഇവൻ പശുവിന്റെ മകനല്ല. എന്റെ മകൻതന്നെ

ന്നെയാണ്'' എന്നു പറഞ്ഞു കുമാരനെ കയ്യിലെടുത്തു കൊണ്ടു തന്റെ സദനത്തിൽ ചെന്നു സന്തോഷത്തോടെ വളർത്തി. കാലാനുരൂപം തന്റെ കുലധർമ്മത്തിനൊത്ത വണ്ണം വിദ്യാഭ്യാസം ചെയ്യിച്ചുവന്നു. ആ കുട്ടി ഒരു ദിനം അതേ ഗ്രാമത്തിൽ യാഗം ദീക്ഷിച്ചിരിക്കുന്ന ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ ചെന്നപ്പോൾ അവിടെ കൊമ്പിന്മേൽ മാലയണിയിച്ചിട്ടുള്ള ഒരു പശുവിനെ ബന്ധിച്ചിരിക്കയായിരുന്നു. അതു തന്റെ ഭാവിയെ നിരൂപിച്ചു വേടന്റെ വലയിലകപ്പെട്ട മാനിനെപ്പോലെ പേടിച്ചു വിറച്ചു പതറിക്കൊണ്ടു നില്ക്കുന്നതായിക്കണ്ടു കരുണ്യവശനായ കുമാരൻ കണ്ണീർ പൊഴിച്ചുംകൊണ്ട്, "ആരും അറിയാതെ ഈ പശുവിനെ കവർന്നുകൊണ്ടുപോകേണം'' എന്നു കരുതി അവിടെ ഒരു ഗൂഢസ്ഥലത്തിൽ പതുങ്ങിയിരുന്ന് അന്നുരാത്രിയിൽതന്നെ അതിനേയുംകൊണ്ടു ഗ്രാമം വിട്ടു വെളിയിൽ പൊയ്ക്കളഞ്ഞു. യജ്ഞപശുവിനെ കാണായ്കയാൽ വിപ്രന്മാർ പലരും പലവഴിക്കായി തിരഞ്ഞുനടക്കുമ്പോൾ ഒരു ദിക്കിൽവച്ചു കള്ളനെയും കളവുമുതലിനെയും കൂടെ കണ്ടുപിടിച്ചു. അവർ ചോരന്റെ നിലയിൽ കണ്ടുകിട്ടിയ ആ ബാലന്റെ അന്തസ്സറിയാതെ അവനെ ഒരു ചണ്ഡാലനെപ്പോലെ കഠിനമായി അധിക്ഷേപിക്കയും, പ്രഹരിക്കയും ചെയ്തുതുടങ്ങി. തത്സമയം പശു ഈ സംഭവം കണ്ടു പശ്ചാത്തപിച്ചു നില്ക്കുന്ന ഒരു ഉപാദ്ധ്യായന്റെ ഉദരം കുത്തിപ്പിളർന്നു കുടൽമാല പുറത്തു ചാടിച്ചശേഷം ദ്രുതഗതിയിൽ ഓടി കാട്ടുകയറുകയും ചെയ്തു.

'ആപുത്രൻ' ആ ബ്രാഹ്മണരോട്, "നിങ്ങൾക്ക സന്താപം വേണ്ട. അതിന്ന തക്കവണ്ണം ഈ പശു യാതൊരപരാധവും ചെയ്തിട്ടില്ല.

മന്നവൻ കാലികൾക്കായി വിട്ടുള്ളോരു
മണ്ണിൽ കുരുത്ത പൈയ്പുല്ല മേഞ്ഞുംകൊണ്ട്
മന്നിൽ പിറന്ന നാൾ തൊട്ട നരന്മാക്ക
തന്നിലെന്നും ചുരന്നിട്ടും പയസ്സിനെ
തന്ന പുലത്തുന്ന പാരം കൃപാവശാൽ
പുണ്യം പുകഴ്ന്ന തദ്വൃത്തങ്ങളിത്തരം
അങ്ങിനെ വാഴുന്ന ജീവിയെക്കൊണ്ടത്ര
നിങ്ങൾക്ക വന്നോരു സന്താപമെന്തഹോ.

ഇങ്ങിനെ ചോദിച്ചതിന്ന് അവർ "നീ വേദവിധിയെ ഗ്രഹിക്കാതെ യജ്ഞത്തെ നിഷേധിച്ചു പറയുന്നത് ആപുത്രനെന്നുള്ളതിന്നനുരൂപംതന്നെ." എന്ന നിന്ദിക്കയാൽ വിപ്രകുമാരൻ,

"മാനിന്ന ശൃംഗിയും ഗോവിന്നചലനും
കാനപ്പുലിക്ക പിറന്ന വിരിഞ്ചിയും
വാനവർ പോററിത്തൊഴും കേശകംബളൻ
താനും കുറുനരി പെററുള്ളനല്ലയോ.
എന്നിവരെല്ലാം പുരാണർഷിവയ്യരാ-
ണെന്നുള്ള മഹാത്മ്യമോതുന്നതാകയാൽ
മുന്നം പശുക്കളിൽനിന്ന തുടങ്ങൊരു
ധന്യങ്ങളാകും കുലങ്ങളിന്നുള്ളതോ?"

എന്ന ചോദ്യം ചെയ്കപ്പോൾ അവരുടെ മദ്ധ്യത്തിൽനിന്ന് ഒരു ബ്രാഹ്മണൻ പറഞ്ഞു "ഇവന്റെ

ജന്മവൃത്താന്തം എനിക്കറിയാം. ഞാൻ മുമ്പൊരിക്കൽ കന്യാകുമാരിയിൽ സ്നാനംചെയ്തു ചിന്താപരവശയായിരുന്ന 'ശാലി'യെന്നു പേരായ ബ്രാഹ്മണസ്ത്രീയെ കണ്ടപ്പോൾ അവളോട്, "നിന്റെ ദേശമേതു്? ഇവിടെ വന്നതെന്തിനു്?" എന്നു ചോദിച്ചു. അവൾ, "ഞാൻ വാരാണസിയിൽ ഒരു ശ്രോത്രിയന്റെ പത്നിയാണ. എന്റെ വൃത്തദോഷം നിമിത്തം പതിയെ പിരിഞ്ഞു കന്യാകുമാരിയിൽ സ്നാനത്തിന്നായി പോകുമ്പോൾ 'കൊല്ലം' നഗരത്തിന്നപ്പുറം ഒരു കാതം ദൂരത്തുള്ള ഇടച്ചേരിയിൽ ഞാൻ പെററ ഒരു പുരുഷപ്രജയെ കൃപ കൂടാതെ ഒരു തോട്ടത്തിൽ ഇട്ടേച്ചുപോയി. ഈ കടുങ്കയ്യു ചെയ്തു കൊടുംപാപിയായ എനിക്കു സൽഗതിയുണ്ടോ?" എന്നു പുലമ്പിക്കൊണ്ടു പറഞ്ഞു. അവളിൽ അന്നുണ്ടായ പുത്രൻ തന്നെ ഇവൻ. ഈ വൃത്താന്തശ്രവണം നിഷ്ഫലമെന്നു കരുതി ഇത്രനാളും നിങ്ങളെ അറിവിക്കാതിരുന്നതാണു്. പതിതനായ ഇവനെ തൊടാതെ എല്ലാവരും വിട്ടൊഴിയുവിൻ."

ആ പുത്രൻ, "ശാലിക്കു നിങ്ങൾ കുററം കല്പിപ്പാൻ തുനിഞ്ഞുവല്ലൊ. തിലോത്തമയുടെ പുത്രന്മാർ മഹാമുനികളാണെന്നു നിങ്ങൾ കേട്ടിട്ടില്ലയോ?" എന്നു് അവരെ അപഹസിച്ചു. പിന്നെ അവനെ വളത്തിയ ഭൂതിബ്രാഹ്മണനും ആപുത്രനെ നികൃഷ്ടനെന്നു കരുതി കൈവിട്ടു. ഗ്രാമങ്ങളിൽ ഭിക്ഷക്കു പോകുമ്പോൾ, "ഗോവിനെ കൊന്ന കള്ളൻ" എന്നു പുച്ഛിച്ചുകൊണ്ടു് എല്ലാവരും അവന്റെ പിച്ചപ്പാത്രത്തിൽ കല്ലിട്ടുതുടങ്ങി. പിന്നെ അ

വൻ ഗത്യന്തരമില്ലാതെ ദക്ഷിണമധുരയിൽ ചെന്നു ചിന്താദേവിയെന്ന തിരുനാമത്തെ വഹിച്ചിരിക്കുന്ന സരസ്വതിദേവിയുടെ നിലയത്തിന്നു പുരോഭാഗത്തുള്ള ഒരു മണ്ഡപത്തെ വാസസ്ഥാനമാക്കി കയ്യിൽ കപാലവുമേന്തി ഗൃഹസ്ഥന്മാരും യാചിച്ചു കിട്ടുന്ന അന്നത്തെ അനാഥന്മാർ, അംഗഹീനന്മാർ, മഹാരോഗികളെന്നുള്ളവരെ ക്ഷണിച്ചുവരുത്തി അവർക്കെല്ലാം നൽകിശ്ശേഷിച്ചതു താനും ഭക്ഷിച്ചു ഭിക്ഷാകപാലത്തെ തലയിണയാക്കി ആ മണ്ഡപത്തിൽതന്നെ രാവിൽ ശയിച്ചുകൊണ്ടിരുന്നു.

# പതിനാലാം ഗാഥ.

## പാത്രഗ്രഹണകഥനം

ആപുത്രൻ ഒരു രാത്രിയിൽ സരസ്വതീമണ്ഡപത്തിൽ കിടന്നുറങ്ങുമ്പോൾ ചിലർ അവിടെ വന്നു, "ക്ഷുത്തു ഞങ്ങളെ ഏററവും ബാധിക്കുന്നു" എന്നു പറഞ്ഞു. അവരുടെ താപശാന്തി വരുത്തിക്കൊടുക്കുന്നതിന്നു വഴി കാണാതെ അവൻ വിഷണ്ണനായി നില്ക്കുമ്പോൾ ചിന്താദേവി പ്രത്യക്ഷമായി; "നീ ഇതിനെ വാങ്ങിക്കൊൾക. എങ്ങും ദാരിദ്ര്യം ബാധിച്ചാലും ഇതിലുള്ള അന്നത്തിന്നു കുറവു വരുന്നതല്ല. ദാനംചെയ്യുംതോറും ഇതിൽ അന്നം പെരുകിവരികയേ ഉള്ളു." എന്നു പറഞ്ഞു തന്റെ കയ്യിലുള്ള ഒരു പാത്രത്തെ അവന്നു കൊടുക്കുകയും അതു ലഭിക്കയാൽ അവൻ ഏററവും ആനന്ദിക്കയും,

"ചിന്താദേവികലാനിയമാളിധ-
ബന്ധുരാനിലയേ! വാഗധിനാഥേ!
ചന്തമിയന്നു കെടാതെ വിളക്കൊളി
ചിന്തും ദേവി! വിളങ്ങുക നാവിൽ.
വാനോർക്കെല്ലാം നാഥേ! ധരണിയിൽ
വാണിടും മനുജന്മാർക്കാദ്യേ!
കേണുഴലുന്നോരെത്തുണചെയ്വാൻ
വേണം തവ കരുണാലവമമ്മേ!"

ഇങ്ങിനെ സ്തുതിക്കുകയുംചെയ്തു മുമ്പു വിശന്നു വലഞ്ഞു വന്നിരുന്നവർക്കെല്ലാം അന്നം കൊടുത്തു കൃതാർത്ഥ

നായി. അന്നുമുതൽ സൎവ്വപ്രാണികൾക്കും ഭക്ഷണം കൊടുത്തുതുടങ്ങി. ആഹാരാൎത്ഥം അനേകജനം നിരന്തരം അവന്റെ അരികിൽ വന്നു തിരക്കിത്തുടങ്ങി. പക്ഷിമൃഗാദികളും പ്രേമപൂൎവ്വം അവനെ പിരിയാതെ ചുറ്റിനിന്നു. ഇങ്ങനെ കഴിയുന്ന കാലത്ത് ഒരുനാൾ ഇന്ദ്രൻ അവന്റെ സുകൃതവിശേഷം തന്റെ പാണ്ഡുകംബളസ്ഫുരണത്താൽ (ദേവേന്ദ്രൻ താനിരിക്കുന്ന ശുദ്ധകംബളത്തിന്റെ ചലനത്താൽ ചില വിശേഷസംഭവങ്ങളെ ഗ്രഹിക്കുമാറുണ്ടെന്നു ബൌദ്ധന്മാരുടെ മദ്ധ്യത്തിൽ ഒരു വിശ്വാസമുണ്ട്.) അറിഞ്ഞ് അവന്നു മതിയായ ഒരു വരം കൊടുക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ ഒരു വൃദ്ധബ്രാഹ്മണരൂപിയായി അവന്റെ മുന്നിൽ വന്നുനിന്ന്, "സ്വൎഗ്ഗലോകാധിപനായ ഞാൻ നിന്നെ അനുഗ്രഹിപ്പാൻ വന്നിരിക്കയാണ്. അപരിമിതമായ നിന്റെ ദാനഫലത്തെ നീ അനുഭവിക്കുക. എന്നിൽനിന്ന് എന്തൊരു വരമാണു നീ ഇച്ഛിക്കുന്നത്?" എന്നു ചോദ്യംചെയ്തു.

ആപുത്രൻ നട്ടെല്ലു പൊട്ടുംവണ്ണം ചിരിച്ചുംകൊണ്ടു പറഞ്ഞു, "ധൎമ്മചാരികളും, സാധുസംരക്ഷകന്മാരും, തപസ്വികളും, മുമുക്ഷുക്കളുമില്ലാത്ത സ്വൎല്ലോകാധീശ്വരനായ സ്വാമിൻ! വിശന്നുവരുന്നവരുടെ അനിവാൎയ്യമായ ജഠരാഗ്നിദാഹത്തെ ശമിപ്പിച്ച് അവരുടെ പ്രസന്നമുഖാലോകനസുഖപ്രദായകമായ ഈ ദിവ്യപാത്രം ഒന്നുമാത്രം എനിക്കുണ്ടായിരുന്നാൽ മതി. മറ്റൊന്നും വേണ്ടതില്ല."

തന്നെ ബഹുമാനിക്കാതെ ഇങ്ങനെ പറഞ്ഞതിനാൽ ഇന്ദ്രൻ കോപിച്ചു ദ്വാസികൾക്കൊക്കും ക്ഷുൽബാ

ധ നേരിടാതിരിക്കത്തക്ക ഒരു നിവൃത്തി ചെയ്യേണമെ ന്നു കല്പിച്ചു സവൃദ്ധിക്കിലും ഒരുപോലെ വഷിക്കകയും, ധാന്യപുഷ്ടി വരുത്തുകയും ചെയ്തു. അതിനാൽ വിശന്നു വലഞ്ഞു വരുന്നവർ ആരുമില്ലാതായി. അപ്പോൾ ആ പുത്രൻ മധുരാപുരി വിട്ടുമാറി ഗ്രാമങ്ങൾ തോറും ചെന്നു, "ഭക്ഷണാൎത്ഥികൾ വല്ലവരുമുണ്ടോ?" എന്നു വിളിച്ചു ചോദിച്ചുതുടങ്ങി. ആരെയും കാണായ്കയാൽ അവൻ പ്രഭൂതമായ സമ്പത്തിന്നു ഹാനി വന്ന ധനികനെപ്പോ ലെ ഭ്രാന്തചിത്തനും, നിസ്സഹായനുമായി സഞ്ചരിക്കു മ്പോൾ കരേടത്തു കപ്പലിറങ്ങിവരുന്ന ചില യാത്രിക ന്മാർ ഓരോ ദേശവൃത്താന്തങ്ങൾ പറയുന്ന കൂട്ടത്തിൽ 'സാവക'ദേശത്തിൽ അനാവൃഷ്ടിനിമിത്തം ക്ഷാമം വ ൎദ്ധിച്ച് അസംഖ്യം നിവാസികൾ ആഹാരത്തിന്നു വഴി യില്ലാതെ നശിച്ചുപോയിരിക്കുന്നതായി അവനോടു പറ ഞ്ഞു. ദയനീയമായ ഈ വൎത്തമാനം കേൾക്കയാൽ അ വൻ സാവകദേശത്തിലേക്കു പോവാനൊരുങ്ങി കപ്പൽ കയറി. ആ കപ്പൽ അവിടെനിന്നു പുറപ്പെട്ടു മണിപ ല്ലവദ്വീപിൽ കരയ്ക്കടുത്തു് ഒരുദിവസത്തെ താമസമു ണ്ടെന്നറിഞ്ഞതിനാൽ അവനും അവിടെ ഇറങ്ങിത്താമ സിച്ചു. അവിടേനിന്നു കപ്പൽ പുറപ്പെട്ടതു രാത്രിയി ലായിരുന്നതിനാൽ ആപുത്രനും കയറിയിരിക്കുമെന്നു ക രുതി കപ്പിത്താൻ കപ്പലോടിച്ചുപോകയും ചെയ്തു. ആ പുത്രൻ കപ്പൽ പോയ വിവരമറിഞ്ഞു ഭഗ്നാശനായി പ ലക്കും അന്നദാനം ചെയ്വാൻ ഉപകരിക്കുന്ന ഈ അക്ഷ യപാത്രത്തെ വെച്ചുകൊണ്ടു വിജനമായ ഈ ദ്വീപിൽ

താൻ തനിയെ വാസംചെയ്യുന്നതല്ലെന്നുറച്ച് ആ പാത്രത്തെ വന്ദനംചെയ്ത്, "സംവത്സരത്തിലൊരിക്കൽ നീ പ്രത്യക്ഷീഭവിക്കണം" എന്നു പ്രാർത്ഥിച്ചുകൊണ്ട് അതിനെ ഗോമുഖിപ്പൊയ്കയിലേക്കു കൊണ്ടുചെന്നു, "ദയാലുക്കളും ധർമ്മനിഷ്ഠന്മാരുമായി, സർവ്വജീവികളേയും കാത്തുരക്ഷിക്കുന്ന പുണ്യവാന്മാർ ആരെങ്കിലും വരുന്നതായാൽ അവരുടെ കരത്തെ നിന്റെ സാന്നിദ്ധ്യംകൊണ്ടു പവിത്രീകരിക്കുക." എന്നു പ്രാർത്ഥിച്ച് അത് പൊയ്കയിൽ നിക്ഷേപിച്ചു നിരാഹാരനായി നിർവ്വാണം പ്രാപിക്കുവാനൊരുങ്ങി. ആ സന്ദർഭത്തിൽ ഞാൻ ആ ദ്വീപിൽ ചെന്ന് അവനെ കാണുകയും, നടന്ന വൃത്താന്തമെല്ലാം അവൻ എന്നെ കേൾപ്പിക്കുകയും ചെയ്തു. പിന്നെ മണിപല്ലവത്തിൽ മൃതനായ ആപുത്രൻ സമസ്തജീവികളേയും സന്താപം തീർത്തു രക്ഷിക്കണമെന്ന വാസനാബലത്തോടെ സാവകദേശാധിപന്റെ അരമനയിലുള്ള ഒരു പശുവിന്റെ ഗർഭത്തെ പ്രവേശിക്കുകയും ചെയ്തു.

## പതിനഞ്ചാം ഗാഥ.

### പാത്രത്തിൽ ഭിക്ഷയേററത്

അറവണസ്വാമികൾ വീണ്ടും മണിമേഖലയോട് പറഞ്ഞു. "തന്റെ ഗർഭത്തിൽ ജാതനായ ആപുത്രന്ന് ഏഴുദിനംവരെ സ്തന്യം നൽകിയ ധേനു തൽഫലമായ പുണ്യാതിരേകത്താൽ ഖുരങ്ങളും, ശൃംഗങ്ങളും കനകമയങ്ങളായിത്തീൎന്ന സാവകദേശത്തുള്ള ധവളഗിരിയിൽ തപംചെയ്യുന്ന 'മൺമുഖ'മഹാമുനിയുടെ സന്നിധിയിൽ ചെന്നുചേൎന്ന ബുഭുക്ഷുക്കൾ ഇച്ഛിക്കുംമുമ്പേതന്നെ അവൎക്ക പാൽ ചുരത്തിക്കൊടുത്തു നിഖിലപ്രാണികളേയും ആദരിച്ചുകൊണ്ടിരുന്നു. അതു കണ്ടു ത്രികാലജ്ഞനായ മുനിവരൻ, "ഇപ്പശുവിന്റെ ഉദരത്തിൽനിന്നുത്ഭവിച്ച സുവൎണ്ണമയമായ അണ്ഡത്തിൽനിന്നു സകല ജീവരാശികളേയും കാത്തുരക്ഷിക്കത്തക്ക ഒരു ദിവ്യപുരുഷൻ അവതരിക്കും" എന്നരുളിച്ചെയ്തു. ധൎമ്മസ്ഥാപനത്തിന്നായി മണിപല്ലവത്തിൽ അന്തരിച്ച'ആപുത്രൻ' തന്നെ ശൈശവത്തിൽ കാത്തുരക്ഷിച്ച ഗോവിനെ സദാ സ്മരിച്ചുകൊണ്ടിരുന്നതിനാൽ മൺമുഖമുനിയുടെ അഭിപ്രായപ്രകാരം അതിന്റെ ഉദരത്തിൽനിന്നു ജനിച്ചു. അവന്റെ ജനനം വൈശാഖശുക്ലപൌൎണ്ണമിയിലായിരുന്നു. അപ്പോൾ ശുഭാവഹങ്ങളായ ചില നിമിത്തങ്ങളുമുണ്ടായി. ഈ നിമിത്തങ്ങളെ ഗ്രഹിക്കയാൽ ചക്രവാളകോഷ്ഠത്തിലുള്ള മുനികൾ, ബുദ്ധാവതാരകാലത്തുണ്ടാകാവുന്ന നിമിത്ത

ങ്ങൾ ഇപ്പോഴുണ്ടാവാൻ കാരണമെന്ത്? എന്നാശ്ചര്യം കലൎന്ന് അതിന്റെ വാസ്തവം ഗ്രഹിപ്പാനായി സ്കന്ദേശ്വരന്റെ സന്നിധിയിൽ ചെന്നപേക്ഷിച്ചു ചോദിച്ചു. ആ ദേവൻ, "മണിപല്ലവത്തിൽ മരിച്ച ഒരു ദിവ്യൻ പ്രാണിരക്ഷണത്തിന്നായി സാവകദേശത്തിലവതരിച്ചു. അതിന്റെ സൂചകമായിട്ടാണ് ഈ നിമിത്തങ്ങളുണ്ടായത്. അപന്റെ വൃത്താന്തം അറവണരോട് ചോദിപ്പിൻ." എന്നു പറഞ്ഞ് എന്റെ സമീപത്തിലേക്കയച്ചു. ഞാൻ ആ സംഭവം അവരെ ഗ്രഹിപ്പിക്കയുമുണ്ടായി. പുത്രനില്ലാതെ ദുഃഖിക്കുന്ന സാവകരാജാവായ ഭൂമിചന്ദ്രൻ മൺമുഖമുനിയെ സേവിച്ചു മുൻചൊല്ലിയ ഗോവിന്നുണ്ടായ പുത്രനെ വാങ്ങിക്കൊണ്ടുചെന്നു വളൎത്തി. ആ ബാലൻ ഇപ്പോൾ രാജ്യം വാണുവരുന്നു. ഇങ്ങിനെയിരിക്കെ കാവേരിമഹാനദി നിരന്തരമായൊഴുകി ഇപ്രദേശത്തെ ഫലവത്താക്കിത്തീൎത്തുകൊണ്ടിരുന്നിട്ടും ഏതോ കാരണത്താൽ ജീവരാശികൾ ക്ഷാമപീഡിതന്മാരായുഴലുന്നു. അതിനാൽ,

സലിലനിധി തന്ന പീയൂഷത്തെ വാനവർ
സാദരം സൂക്ഷിച്ചുവെച്ചുള്ളവണ്ണമെ

പരമോപകാരപ്രദമായ ഈ അമൃതസുരഭിയെ നിവൃഥാവിൽ വെച്ചിരിക്കുന്നതു ശരിയല്ല" എന്നു പറഞ്ഞു. ഇതു കേട്ടു മണിമേഖല ഉടനെ അദ്ദേഹത്തെ വണങ്ങി സ്തുതിച്ച് ഒരു ഭിക്ഷുണിയുടെ വേഷം ധരിച്ച് ആ പാത്രവും കയ്യിലെടുത്തു വീഥിയിൽ ചെന്നു. അപ്പോൾ, "ഉജ്ജയിനി നഗരാധിപതിയായ പ്രദ്യോതനൻ ഉദയനനെ ച

തിച്ച് ബന്ധനസ്ഥനാക്കിയപ്പോൾ അവനെ ബന്ധനത്തിൽനിന്നു മോചിപ്പാൻ അമാത്യപ്രധാനനായ യൌഗന്ധരായണൻ വേഷപ്ലന്നനായി വീഥിയിൽ വന്ന കാലത്ത് അവനെ കണ്ടു കരുണപൂണ്ട് ബഹുജനങ്ങൾ മൂഴ്ന്നുനിന്നപോലെ ഭിക്ഷുണീവേഷധാരിണിയായ മണിമേഖലയെ കണ്ട് പലരും, "ഉദയകുമാരന്റെ ഉള്ളത്തിൽ ഒളിച്ചിരുന്ന ഇവൾ ഭിക്ഷാകപാലധാരിണിയായി സർവ്വജനസമക്ഷം തെരുവിൽ വന്നതെന്തൊരു വിസ്മയം" എന്നു ചൊല്ലിക്കൊണ്ടു വിഷണ്ണന്മാരായി അവളെ ചുററിനിന്നു. അപ്പോൾ മണിമേഖല "സാദ്ധ്വികളായുള്ളവർ നൽകുന്ന ഭിക്ഷ മുമ്പിനാൽ സ്വീകരിക്കുന്നതുതന്നെ യുക്തമായിരിക്കുമെന്നാണു ഞാൻ കരുതുന്നതു്" എന്ന് എല്ലാവരും കേൾക്കേ പറകയാൽ അവിടെ സന്നിഹിതയായിരുന്ന കായചണ്ഡിക, "അനാവൃഷ്ടി ബാധയെപ്പോലും ഒഴിപ്പാൻ തക്ക മാഹാത്മ്യമുള്ള സതീരത്നമായ 'ആതിര'യുടെ ഭവനമാണിത്. നീ ഇവിടെ ചെല്ലുക" എന്നവളോടുപദേശിച്ചു.

## പതിനാറാം ഗാഥ.

### ആതിരഭിക്ഷ നൽകിയതു്.

അനന്തരം കായചണ്ഡിക മണിമേഖലയുടെ അരികെ ചെന്നു് ആതിരയുടെ ചരിത്രവിശേഷത്തെ പറഞ്ഞു കേൾപ്പിച്ചു. "ഇവളുടെ പതിയായ സാധുവൻ ഇവളെ വെടിഞ്ഞു് ഒരു വേശ്യയിൽ ആസക്തനായിത്തീൎന്നു് തന്റെ സവ്വസ്വവും കൈവിട്ടു ദാരിദ്ര്യം ബാധിച്ചതിനാൽ അതിന്റെ പരിഹാരാൎത്ഥം ദേശാന്തരം പോയി ദ്രവ്യസമ്പാദനം ചെയ്യേണമെന്നു കരുതി വംഗദേശത്തിലേക്കായിപ്പോകുന്ന വണിക്കുകളോടു ചേൎന്നു കപ്പൽ കയറി യാത്ര ചെയ്യുമ്പോൾ കൊടുങ്കാറ്റിന്റെ ശക്തിയാൽ കപ്പൽ ഉടഞ്ഞുപോയി. സാധുവൻ അതിൽനിന്നു മുറിഞ്ഞുവീണ ഒരു പാമരത്തുണ്ടിന്മേൽ പററിപ്പിടിച്ചു നീന്തി നഗ്നവൃത്തികളായ നാഗരന്മാരുടെ നിവാസദേശമായ ഒരു പവ്വതപ്രാന്തത്തിൽ ചെന്നു കരയണഞ്ഞു. ഇപ്രകാരംതന്നെ ആ കപ്പലിൽനിന്നു സമുദ്രത്തിൽ വീണു നീന്തികാചിരിപ്പെമ്പട്ടിനത്തിൽ കരയ്ക്കടുത്തു രക്ഷപ്പെട്ടവർ, "കപ്പലുടഞ്ഞു മരിച്ചവരിൽ സാധുവനും ഉൾപ്പെട്ടിരിക്കുന്നു"എന്നു് ആതിരയോടറിയിച്ചു. അവൾ ഭർത്തൃനിധനശ്രവണത്താൽ ശോകമൂർച്ഛിതയായി ദേഹത്യാഗം ചെയ്വാനുറച്ചു് ശ്മശാനത്തിൽ ഒരു ചിത ചമച്ചു പാവകനെ ജ്വലിപ്പിച്ചു്, "കമ്മലത്താൽ എന്റെ നായകനു സിദ്ധിച്ചതായ ലോകത്തെ ഞാനും പ്രവേശിക്കുമാറാ

കന്നമേ" എന്നുള്ള പ്രാൎത്ഥനയോടുകൂടി അഗ്നിപ്രവേശം ചെയ്കയും ആശ്രയാശൻ അവളെ ദഹിപ്പിക്കാതെ അകന്നു നില്ക്കുകയും ചെയ്തു. തന്നെ പാവകനും ദഹിപ്പിക്കാതിരുന്നതിനാൽ അവൾ പൂൎവ്വാധികം വ്യസനാക്രാന്തയായി. അപ്പോൾ, "ആതിരേ! നിൻെറ പ്രാണനാഥൻ അന്തരിച്ചുപോയിട്ടില്ല. അവൻ ആപന്നിവൃത്തനായി ഇപ്പോൾ നാഗാചലത്തിൽ ചെന്നു ചേൎന്നിരിക്കുന്നു. അവിടെ അധികസംവത്സരക്കാലം അധിവസിക്കയില്ല. അവൻ കാലവിളംബംവരാതെ ചന്ദ്രദത്തനെന്ന വണിക്കിൻെറ കപ്പലിൽ കയറി മടങ്ങിവന്നു നിന്നോടു ചേൎന്നിരിക്കും. നീ അഴലകലെക്കളയുക." എന്നൊരശരീരിവാക്കുണ്ടായി. ഇതു കേട്ടതിനാൽ ആതിര ആതങ്കം വെടിഞ്ഞു സ്വഭവനം പ്രവേശിച്ചു. ആത്മവല്ലഭൻ കാലംവൈകാതെ വന്നുചേരുവാൻ തക്കവണ്ണം പല സൽക്കൎമ്മങ്ങളും ചെയ്തുകൊണ്ടിരുന്നു. നാഗമലയിൽ ചെന്നു രക്ഷപ്പെട്ട സാധുവൻ അവിടെ ഒരു മരത്തണലിൽ ആലസ്യംപൂണ്ടു കിടന്നുറങ്ങുമ്പോൾ പൎവ്വതവാസികളായ നാഗന്മാർ അവനെക്കണ്ടു തങ്ങൾക്കു നല്ലൊരാഹാരമായിത്തീരുമെന്നു കരുതി അവനെയുണൎത്തി. അവനു അവരുടെ ഭാഷ നല്ല വശമുണ്ടായിരുന്നതിനാൽ അവരുമായി സംഭാഷണം ചെയ്തു. അപ്പോൾ അവർ വണങ്ങി വാങ്ങിനിന്നു്, "ഞങ്ങൾക്കൊരു ഗുരുവുണ്ടു്. നിങ്ങൾ അദ്ദേഹത്തിൻെറ അടുക്കലേക്കു വരണം." എന്നുള്ള അവരുടെ ക്ഷണനമനുസരിച്ചു് സാധുവൻ അവരോടൊരുമിച്ചു ചെന്നു. അവിടെ മത്സ്യകംഭങ്ങളും, അസ്ഥിഖണ്ഡങ്ങളും നിറഞ്ഞു ദുൎഗ്ഗ

സമ്പൂൎണ്ണമായ ഒരു വസതിയിൽ ഒരു ആൺകരടി ഇണയോടു ചേൎന്നിരിക്കുംവണ്ണം തന്റെ കാമിനിയോടൊത്തു വാഴുന്ന നാഗാചാൎയ്യപുത്രനെക്കാണുകയും അവനോടിണങ്ങി തനിക്കു വശംവദനാക്കിത്തീൎക്കുകയും ചെയ്തു. ഗുരുപുത്രൻ സാധുവനോടു് അവിടെ ചെല്ലുവാനുണ്ടായ കാരണങ്ങൾ ചോദിച്ചറിഞ്ഞതിന്നുശേഷം തന്റെ ശിഷ്യന്മാരോടു്, "വിശപ്പുകൊണ്ടു പരവശനായ ഈ അതിഥിക്കു വേണ്ടുവോളം മദ്യവും മാംസവും നമ്മുടെ ഇളയ സഹോദരിമാരിലൊരുത്തിയേയും കൊടുപ്പിൻ" എന്നാജ്ഞാപിച്ചു. സാധുവൻ ഈ ആജ്ഞാപനത്തിൽനിന്നു് അവന്റെ മൂഢതയെ ഗ്രഹിക്കുകയും അവനെ അനുശോചിക്കുകയും ചെയ്തു്, "എനിക്കവയൊന്നും ആവശ്യമില്ല" എന്നു നിഷേധിച്ചു. അപ്പോൾ അവൻ, "അന്നപാനങ്ങളും സ്ത്രീസംഭോഗവുമല്ലാതെ മൎത്ത്യനു് ആനന്ദപ്രദമായി മറ്റേതൊരു വസ്തുവാണു ലോകത്തിലുള്ളതു്? വല്ലതുമുണ്ടെങ്കിൽ ഇന്നതെന്നു ബോദ്ധ്യപ്പെടുത്തുക" എന്നു കുപിതനായി ചോദിച്ചു. അപ്പോൾ സാധുവൻ,

"ഉള്ളം പാരം മയക്കിച്ചമച്ചിടും
കള്ളും പിന്നെ കടുംകൊലയെന്നതും
ഉള്ളം നല്ലുണൎവ്വുള്ള മഹാജനം
തള്ളി നീക്കീടുമെന്നുള്ളതോൎക്ക നീ. 1
പൃത്ഥ്വിയിൽ പിറന്നുള്ളോർ മരിക്കയു-
മത്രപിന്നെജ്ജനിക്കയും ചെയ്യുന്നു.

രാത്രി തന്നിലുറങ്ങിപ്പുലരുമ്പോഴ്
പേൎത്തുമങ്ങുണൎന്നിടുന്ന വണ്ണമെ. 2
പുണ്യകൎമ്മങ്ങൾ ചെയ്യുന്നോർ വിണ്ണിലും
തിണ്ണം പാപികൾ നാരകത്തിങ്കലും
നിൎണ്ണയം വാണുകൊള്ളുന്നിതാകയാൽ
പണ്ഡിതന്മാരറിഞ്ഞുവെടിയുന്നു. 3

എന്നു പറഞ്ഞു. പിന്നെ അവൻ ഓരോ ചോദ്യം ചെയ്തതിന്നെല്ലാം തക്ക സമാധാനങ്ങൾ കൊടുത്തു പുനൎജ്ജന്മവും പുണ്യപാപങ്ങളും അവററിനാൽ നേരിടുന്ന സുഖദുഃഖങ്ങളുമുണ്ടെന്നു നല്ലവണ്ണം ബോദ്ധ്യപ്പെടുത്തി മരണംവരെ അനുഷ്ഠിച്ചു വരേണ്ടും കൃത്യങ്ങളെ ശരിക്കുപദേശിച്ചു. അതിന്നുശേഷം അവനോടു വിടവാങ്ങി അവൻ സമ്മാനിച്ച ചന്ദനം, അകിൽ, തുകിൽ ഇവയെല്ലാം വാങ്ങിക്കൊണ്ട് അവിടെ വന്നണഞ്ഞ ചന്ദ്രദത്തനെന്ന സാൎത്ഥവാഹകന്റെ കപ്പലിൽ കയറി ഈ നഗരത്തിൽ വന്ന് അവളോടും കൂടി വാണിരുന്നു പല ദാനധൎമ്മങ്ങളും ചെയ്തു. ഇങ്ങിനെ മാഹാത്മ്യമുള്ള ഈ ആതിരയുടെ കയ്യാൽ ഒന്നാമതായി ഭിക്ഷയേൽക്കുക." ഇതു കേട്ടു മണിമേഖല ആതിരയുടെ സദനത്തിൽ പ്രവേശിച്ച് ഒരു ചിത്രമെന്നപോലെ മൌനവ്രതമനുഷ്ഠിച്ചു നിന്നു. ആതിര അരികെ വന്നു തൊഴുതു വലംവെച്ച് താപഹരങ്ങളായ വചനങ്ങളാലാശംസിപ്പിച്ച്, "പാരകമഖിലമിയന്നോരു, പൈദാഹം തിന്നുകൊള്ളേണം" എന്നു പ്രാൎത്ഥിച്ചുകൊണ്ട് അമൃതസുരഭി നിറയത്തക്കവണ്ണം പ്രാണികളുടെ ജീവനൌഷധമായ ഭിക്ഷാന്നം നൽകുകയും ചെയ്തു.

---

## പതിനേഴാം ഗാഥ.

### ഉലകവറവിപ്രവേശം.

ആതിര നൽകിയ ആദിമമായ ഭിക്ഷ കയ്യേറ്റതിന്നുശേഷം അമൃതസുരഭിയിലുള്ള അന്നരാശി, "ധൎമ്മാൎജ്ജിതം ധനം ദാതൃതപമാനുള്ള ധൎമ്മിഷ്ഠനിൽ ചേൎന്നു വൎദ്ധിച്ചിടും വിധം" എടുക്കുന്തോറും കുറയാതെ മേൽക്കുമേൽ വൎദ്ധിച്ചു ബുഭുക്ഷുക്കളായ സമസ്തജനങ്ങളുടേയും പൈദാഹം തീൎത്തു പരിലസിച്ചു. ഇപ്രകാരമുള്ള അമൃതസുരഭിയുടെ മാഹാത്മ്യംകണ്ടു വിസ്മിതയായ കായചണ്ഡികമണിമേഖലയോട്, "ഹേ ജനനി! അനിവാൎയ്യമായ എന്റെ ബുഭുക്ഷാക്ലേശശാന്തി വരുത്തിത്തരേണമേ" എന്നു യാചിച്ചു. ഉടനെ അവൾ തന്റെ പാത്രത്തിൽനിന്നു ഒരു പിടി അന്നമെടുത്തു് അവളുടെ കയ്യിൽ കൊടുത്തു. അതിനെ ഭക്ഷിച്ചതിനാൽ തന്റെ ക്ഷുൽബാധ നീങ്ങി കായചണ്ഡിക പറഞ്ഞു "ഉത്തരദിക്കിൽ വിദ്യാധരലോകത്തുള്ള കാഞ്ചനപുരമാണു് എന്റെ ജന്മദേശം. ദക്ഷിണദിക്കിലുള്ള ബോധിശൈലത്തിലെ വിശേഷങ്ങളെ സന്ദൎശിക്കുന്നതിന്നായി പുറപ്പെട്ട ഭൎത്താവിനോടൊരുമിച്ചു യാത്ര തുടൎന്നു മാൎഗ്ഗമദ്ധ്യത്തിൽ ഒരു അരുവിയാററിൻകരയിലിരിക്കുമ്പോൾ 'വൃശ്ചിക'നെന്ന ഒരു മുനിവരൻ തന്റെ പാരണക്കായി പനമ്പഴത്തിന്റെ പരിണാമത്തിലുള്ള ഒരു ഞാവൽപഴം ഒരു തേക്കിലയിൽവച്ചു നദിയിൽ നീരാടുവാനിറങ്ങി. മുനി തന്റെ ഭക്ഷണാൎത്ഥം

സംഭരിച്ചിട്ടുള്ളതാണെന്നറിയാതെ ജന്മാന്തരദുരിതപരി പാകവശാൽ ഞാൻ ആ കനിയെ ചവിട്ടിച്ചതച്ചു കള ഞ്ഞു. സ്നാനം കഴിഞ്ഞു നിവൃത്തനായ മഹർഷി എന്റെ അനുചിതകൃത്യം കണ്ടു കുപിതനായി, "പന്തിരാണ്ടു കൂടു മ്പോൾ ഒരു ഫലത്തെ നൽകുന്ന ദിവ്യമായ ഒരു ജംബൂ വൃക്ഷത്തിന്റെ കനിയാണിതു്. ഇതിനെ ഭക്ഷിച്ചവന്നു് ഒരു വ്യാഴവട്ടത്തേക്കു വിശപ്പുണ്ടാകുന്നതല്ല. ഞാനോ പ ന്തിരാണ്ടുകാലം പട്ടിണിയിരുന്നു പാരണ ചെയ്യുയെന്ന വ്രതത്തെ ദീക്ഷിച്ചു വരുന്നവനാണു്. പാരണാദിനം ഇ ന്നു തന്നെയാണു്. അതിന്നുള്ള പദാർത്ഥവും ഈ കനി തന്നെ. ഇതു നിന്നാൽ നശിപ്പിക്കപ്പെട്ടു. അതിനാൽ നീ ആകാശഗമനമന്ത്രത്തെ വിസ്മരിക്കുമാറാകട്ടെ. ഭസ്മക്യ ഗ്നിരോഗത്താൽ ഒരിക്കലും വിശപ്പടങ്ങാതെ പന്തിരാണ്ടു കാലം ജഠരാഗ്നിജ്വാല നിന്നെ തപിപ്പിക്കട്ടെ. എന്റെ ഇനിവരുന്ന പാരണ ഇവിടെ നടക്കുന്ന ദിനത്തിൽ നി ണക്കും താപശാന്തി ഭവിക്കട്ടെ" എന്നു ശാപമോക്ഷ ങ്ങൾ നൽകി ക്ഷുധിതനായ അദ്ദേഹം അവിടെ വിട്ടുപോ കയും ചെയ്തു. തൽക്ഷണം തന്നെ എനിക്കു അത്യഗ്നിയു ണ്ടാവുകയും അതിനാൽ അതിയായ കഷ്ടമനുഭവിക്കേ ണ്ടി വരികയും ചെയ്തു. എന്റെ രമണൻ ഇതു കണ്ടു് ബു ഭുക്ഷാശാന്തിക്കായി നല്ല നല്ല ഫലമൂലങ്ങൾ കനികൾ മുതലായ ഭോജ്യപദാർത്ഥങ്ങൾ എണ്ണമില്ലാതെ സംഭരിക്ക യും അവയെല്ലാം ഞാൻ ഭുജിക്കയും ചെയ്തിരുന്നു. എന്നി ട്ടും ദുർഗ്ഗയായ എനിക്കു് അല്പമെങ്കിലും ഉദരവ്യഥക്കു ശാ ന്തിവരികയുണ്ടായില്ല. നായകന്റെ നിർദ്ദേശത്താൽ ന

ഭോമാഗ്ഗസഞ്ചാരത്തിന്നുദ്യമിച്ചപ്പോഠം തത്സംബന്ധമായ മ ന്ത്രവും വിസ്മൃതമായി തീൎന്നിരിക്കുന്നു. ഇങ്ങിനെ ദുഃഖ വിമൂഢയായ എന്നെ കണ്ടു കരുണാപരവശനായ എ ൻെറ കണവൻ, "നീ ഇവിടം വിട്ടു ഈ തമിഴ് നാട്ടിൽ അഗതികളായ സൎവ്വജനങ്ങഠക്കും അന്നപാനാദികഠം നൽകി നിരന്തരം പോററിവരുന്ന ഉദാരന്മാരും ധൎമ്മശാലികളുമായ അനേകം കുബേരന്മാർ വാഴുന്ന കാവിരിപ്പൂമ്പട്ടിനത്തിൽ ചെന്നു വസിക്കുക" എന്നുപദേശിച്ചപ്രകാരം ഞാൻ ഇവിടെ വന്നിരിക്കയാണ്. ഇവിടെ സംവത്സരംതോറും ഇന്ദ്രോത്സവം നടക്കുന്ന കാലത്ത് എൻെറ പ്രിയതമൻ ഇവിടെ വന്ന് എന്നെ കണ്ട് അനുശോചിച്ചു പോവുകയും പതിവുണ്ട്. ഹേ മണിമേഖലേ! എൻെറ തിരോധിശപ്പുടക്കിയ നിന്നെ ഞാൻ നമസ്കരിക്കുന്നു. ഞാൻ എൻെറ വാസഭൂമിയായ കാഞ്ചനപുരത്തേക്കു പോകുന്നു. എന്നാൽ ഈ നഗരത്തിൽ പല മുനികളും അധിവാസം ചെയ്തുവരുന്ന ചക്രവാളകോഷ്ഠമെന്ന ഒരു നിലയവും അതിൽ പലക്കും യഥേഷ്ടം കടന്നു ചെല്ലുവാൻ തക്കവണ്ണം എപ്പോഴും കതകുതുറന്നു വെച്ചിരിക്കുന്ന ഉലകവറവിയെന്നു നാമധേയത്തോടുകൂടിയ ഒരു ഗ്രാമദേവാലയവുമുണ്ട്. അവിടെ അന്നംലഭിക്കാതെ പട്ടിണികിടക്കുന്നവരും അനാഥന്മാരായുഴലുന്നവരും ആരാനുമെതാനും തന്നുകൊള്ളുമെന്നു വിശ്വസിച്ചുകൊള്ളുന്നവരുമായി പലരും വന്നിരിപ്പുണ്ട്. അതിനാൽ നീ അവിടേക്കു ചെല്ലുക." എന്നും പറഞ്ഞ് അവഠം സ്വസ്ഥാനത്തിലേക്കുപോയി. മണിമേഖല വീഥിയുടെ ഒരു ഭാഗത്തിൽ കൂടെ ഒരു

ങ്ങിച്ചെന്നു ഉലകപറയിൽ കടന്നു മൂന്നുവലംവച്ചു വ
ണങ്ങി മണ്ഡപത്തിൽ കയറി ശമ്പാപതിയേയും സ്കംഭേ
ശ്വരനേയും തൊഴുത്,

മാത്താണ്ഡഘോരകരമേററു കരിഞ്ഞ കാട്ടി
ലാത്താദരം മുകിലണഞ്ഞു ചമഞ്ഞപോലെ
അപ്പിക്കഴന്നു വലയും ജനരക്ഷചെയ്വാ-
നക്ഷയ്യപാത്രവുമമന്നവളങ്ങു നിന്നാൾ.

പിന്നെ "ഈ പാത്രം ആപുത്രന്റെ കയ്യിലിരു
ന്ന അമൃതസുരഭിയത്രെ. ഭക്ഷണാത്ഥികളായ എവരും വ
രുവിൻ." എന്നു വിളിച്ചു പറയുമ്പോഴേക്കും അനേകം
പേർ വന്നുകൂടി. ആ അമ്പലത്തിൽ ആകമാനം ഉൗണി
കളുടെ ബഹളധ്വനി മുഴങ്ങി.

# പതിനെട്ടാം ഗാഥ.

## ഉദയകുമാരന്റെ ക്ഷേത്രപ്രവേശം.

ചിത്രാപതി മണിമേഖല ഭിക്ഷുണിവേഷം പൂണ്ടു പാത്രത്തിൽ ഭിക്ഷയേന്തി ഉലകവറവിയിൽ ചെന്നതായി കേട്ടു ശോകാകുലിതഹൃദയയായി, "മണിമേഖലയെ ഈ നിലയിൽനിന്നും ഞാൻ തെററിക്കും" എന്നുറച്ചു നാടകവേശ്യകളെല്ലാവരെയും വരുത്തികൊണ്ടു്, "കോവലന്റെ നിധനം കേട്ടു മാധവി സർവ്വസംഗവും പരിത്യജിച്ചു താപസാശ്രമം പ്രാവിച്ചു തപോവേഷം പൂണ്ടിരിക്കുന്നതു പരിഹാസജനകമായിരിക്കുന്നു. നാം ഭർത്താവിനോടൊന്നിച്ചു് ഉടന്തടിയേററി മരിക്കുന്ന പതിവ്രതകളല്ല. വൈണികന്നു നാശം സംഭവിച്ചാലും നശിക്കാതിരിക്കുന്ന അവന്റെ വീണയെപ്പോലെയാണു നമ്മുടെ നില. അത്രയുമല്ല,

ഊറും നറുന്തേനഖിലം നുകന്നു
വാറില്ലയെന്നങ്ങു വരുന്നനേരം
സൂനം ത്യജിക്കും മധുപങ്ങളോടു
നൂനം നമുക്കുണ്ടു സമത്വമോർത്താൽ.

ഇങ്ങിനെയുള്ള നാം തപോവേഷം ധരിക്കുന്നതായാൽ അതു നമ്മുടെ കുലാചാരത്തിന്നു യോജിക്കുന്നതല്ല.

ഞാൻ മാധവിയുടെ മകളായ മണിമേഖലയുടെ സന്ന്യാസവേഷം മാററി അവൾ കയ്യിലുണ്ടു ഭിക്ഷാകപാ

ലത്തെയുദ്ദേശിച്ചെന്നപോലെ പലരും കൊതിച്ചു കൈ നീട്ടി കാത്തുകൊണ്ടിരിക്കുന്ന ഉദയകുമാരനെക്കൊണ്ടു് അവളെ അവൻെറ തേരിലേററിച്ചു് ഇവിടെ വരുത്തും. അങ്ങിനെ ചെയ്യാതിരുന്നാൽ കുടിപ്പിഴവന്ന അപരാധിനിയായ ഒരു വേശ്യയെപ്പോലെ ഏഴു ചെങ്കല്ലും തലയിൽ ചുമന്നു നാടകരംഗത്തെ ചുററിവന്നു, "മേലിൽ എനിക്കു നാടകവേശ്യാമന്ദിരങ്ങളിൽ ചെല്ലുവാൻ അൎഹതയില്ലാതെ പോകട്ടെ." എന്നു ശപഥംചെയ്തും മററും ചിലരോടൊരുമിച്ചു് ഉദയകുമാരൻെറ അരമനയിൽ ചെന്നു് അവനെ കണ്ടു പുകഴ്ത്തി മണിമേഖല ഉലകവറവിയിൽ ചെന്നിട്ടുണ്ടെന്ന വിവരം ധരിപ്പിച്ചു. അപ്പോഠം അവൻ മണിമേഖലയെ ഉപവനത്തിൽ വെച്ചു കണ്ടതുമുതൽ നടന്ന സംഭവങ്ങളെല്ലാം പറകയും തൻെറ പ്രഭാവത്തെയും ഗുണഗണങ്ങളെയും എടുത്തു വൎണ്ണിക്കകയും ചെയ്തു.

ചിത്രാപതി തൻെറ ഉദ്ദേശസിദ്ധിക്കായി യുക്തിയുക്തങ്ങളായ സരസവചനങ്ങളാൽ അവൻെറ മനസ്സിനെ ഉദ്ദീപിപ്പിക്കയാൽ മതിമറന്നു രഥാരൂഢനായി ഉലകവറവിയിൽ പ്രവേശിച്ചു് അസംഖ്യം അഗതികഠംക്കന്നം കൊടുത്തുകൊണ്ടിരിക്കുന്ന മണിമേഖലയുടെ അരികിലണഞ്ഞു, "നീ സന്യാസവൃത്തി കയ്ക്കൊണ്ടതു് എന്തൊരുദ്ദേശത്തിന്മേലാണ്?" എന്നു ചോദ്യം ചെയ്തപ്പോഠം അവഠം, "മുജ്ജന്മത്തിൽ പതിയായിരുന്ന ഇവനെ വന്ദിക്കേണ്ടും മുറയുണ്ടു" എന്നു കല്പിച്ചു നമിച്ചു്,

ജന്മജരാമരണാമയപാത്രം
ദുർമ്മലദുഃഖമയം നരഗാത്രം
കന്മഷപൂരിതമെന്നതുണർന്നോൻ
നിർമ്മലമായ പദത്തിനണഞ്ഞോൻ.

ഇങ്ങിനെ പ്രതിവദിച്ച ശേഷം മാറുവാനുള്ള ഉദ്ദേശത്തിന്മേൽ അവനെ പിരിഞ്ഞു് അമ്പലത്തിന്നകത്തു ചെന്നു ശമ്പാപതിയെ തൊഴുതു മുമ്പു മണിമേഖലാദേവി ഉപദേശിച്ച മന്ത്രം ജപിച്ചു കായചണ്ഡികയുടെ രൂപം ധരിച്ചു് അമൃതസുരഭിയുമെടുത്തു വെളിയിൽ വന്നുനിന്നു. ഉദയകുമാരൻ അവൾ ഇങ്ങനെ ചെയ്തതറിയാതെ ശമ്പാപതി മണിമേഖലയെ ആലയത്തിന്നകത്തു ഗൂഢമായി വച്ചിരിക്കയാണെന്നു കരുതിച്ചെന്നു ശമ്പാപതിയുടെ സന്നിധിയിൽ വന്ദനംചെയ്തു. "ഭിക്ഷാപ്പാത്രം കായചണ്ഡികവശം കൊടുത്തുംവച്ചു് എന്റെ ദൃഷ്ടിയിൽനിന്നു മറഞ്ഞുപോയ മണിമേഖലയെ ഇത്രവലിയ സ്ത്രീസമുദായത്തിൽനിന്നു ഞാൻ എങ്ങിനെ കണ്ടുപിടിക്കും? നീ അവളെ കാട്ടിത്തരാതിരിക്കുന്നപക്ഷം ഞാൻ ഇവിടെ പാടുകിടക്കും. എത്രകാലം ചെന്നാലും ശരി, മണിമേഖലയെ ഇവിടെ വിട്ടു ഞാൻ തനിയെ പോകുവാനുള്ളതല്ല. ഞാൻ നിന്റെ പാദപത്മങ്ങളെ ശരണംപ്രാപിക്കുന്നു." എന്നു ശപഥംചെയ്തു.

## പത്തൊമ്പതാം ഗാഥ.

### കാരാഗാരം ധമ്മാഗാരമാക്കിയത്.

ഉദയകുമാരൻ ശമ്പാപതിയുടെ മുമ്പാകെ ഇപ്രകാരം ശപഥംചെയ്തപ്പോൾ അവിടെയുള്ള ഒരു ചിത്രത്തെ അധിഷ്ഠാനംചെയ്തിരിക്കുന്ന ഒരു ദേവത അവനോടു പറഞ്ഞു. "നീ ഞങ്ങളുടെ ദേവീസന്നിധിയിൽ ആലോചനകൂടാതെ ശപഥം ചെയ്തു. ഇതിനാൽ യാതൊരു ഫലവുമില്ല." അവൻ ഇതു കേട്ടു വിഷാദിച്ചു, "മണിമേഖലയെ മറന്നുകളയുക" എന്നു മുമ്പു മണിമേഖലാദേവി ഉപദേശിച്ചതും എനിക്ക് അത്ഭുതം ജനിപ്പിക്കുന്നു. ദിവ്യത്വമുണ്ടെന്നു കാണുന്നതിനാൽ അവൾ സ്വീകരിച്ചിട്ടുള്ള പാത്രവും അതിശയനീയംതന്നെ! ഈ ചിത്രോക്തിയും വിസ്മയിക്കത്തക്കതാണ്. മണിമേഖലയെ അന്വേഷിച്ചറിഞ്ഞതിനുശേഷം ഈ ദേവതകളുടെ മാഹാത്മ്യം നിർണ്ണയിച്ചുകൊള്ളാമല്ലോ എന്നു നിശ്ചയിച്ചു,

ചൂർണ്ണിക — അനന്തരമരിയകൂരിരുളശേഷമഹീമണ്ഡലം
വിഴുങ്ങിപ്പുകലായിട്ടമരചനോടുമാറു പൊരുമ്പറയറ
ഞ്ഞു സന്ധ്യാസമയമണഞ്ഞ നഭോവിഭാഗമാം നി
ടിലത്തടവും വെൺമതികലാബന്ധുരമനമുസലവുമി
യന്നന്ധതിമിരമാം മഹാഘോരമത്തമാതംഗം നിജ
നേതാവിനേയുംമറുത്തു സമ്മോഹമാമതിസ്ഥൂലായത
കരദണ്ഡപ്രസാരത്തോടും, ഷാൾപടങ്ങളണിഞ്ഞും
സപ്തഛദഗന്ധമാം കപോലതലമതിൽനിന്നെഴും മ

ദസലിലസുരഭിലതയോടും മാരുതവേഗമിയന്നു മാര ണാത്ഥമനുധാവനംചെയ്തണഞ്ഞും നാഗരാംഗനാ ജനം നിജരമണസമക്ഷമതിമധുരമകരവീണാവാദ നവിനോദവേളയിലരിയതന്ത്രിയിലമന്ദ മധുരശ്രു തിലയമാം കാലായസകുന്തപ്രഹാരമേററു കരറം ഞെരിഞ്ഞുമഴൽ പിണഞ്ഞുമകക്കാമ്പിലനംഗതാ പാഗ്നിയുലലത്തി കണക്കിലുജ്ജ്വലിച്ചുമുടലെരി ഞ്ഞും പ്രതിനിവൃത്തനായ്നിജാവാസമകംപൂക്ക നി താന്തചിന്താപരവശനായി ശയിച്ചു.

മണിമേഖലയാവട്ടെ, "താൻ ഭിക്ഷുണീവേഷ ത്തോടെ സഞ്ചരിക്കുന്നതായാൽ ഉദയകുമാരൻ തന്നെ വിട്ടുമാറാതെ വശപ്പെടുത്തുവാനൊരുങ്ങും. അതിനാൽ കായചണ്ഡികയുടെ വടിവുകൊള്ളുന്നതു നന്നായിരി ക്കും" എന്നു കരുതി ആ രൂപം ധരിച്ചു ശമ്പാപതിയു ടെ സന്നിധിയിൽ സൂക്ഷിച്ചിരുന്ന അമൃതസുരഭിയുമെടുത്തു നാനാ ഭാഗങ്ങളിലും നടന്ന് അന്നം ലഭിക്കാതെ വിശ ന്നു വലഞ്ഞുവരുന്ന സമസ്തജനങ്ങറംക്കും അന്നം കൊടു ത്തുവരുമ്പോറം ഒരുനാറം ആ നഗരത്തിലെ കാരാഗൃഹ ത്തിൽ ചെന്നു രാജശിക്ഷയിൽ പെട്ടു ഭക്ഷണം കിട്ടാതെ വലയുന്ന ബന്ധനസ്ഥന്മാരെ കണ്ടു കനിഞ്ഞു സാന്ത്വ നവാക്കുകളാലാശ്വസിപ്പിക്കുകയും ഭക്ഷണം നൽകുകയും ചെയ്തു. അവിടെയുള്ള കാവലാളികറം ഇവറം ഒരേപാ ത്രത്തിൽനിന്നുതന്നെ അനേകം പേക്കന്നം കൊടുക്കുന്ന തു കണ്ടു വിസ്മയിച്ച്, "ഈ പാത്രത്തിനുള്ള വിശേഷ വും ഇവളുടെ വൃത്താന്തവും രാജാംഗത്തിലറിവിക്കേണം"

എന്നു കല്പിച്ച് രാജമന്ദിരം പ്രാപിച്ച് അവിടെ ഒരു മണ്ഡപത്തിൽ ചിത്തിയെന്ന തൻെറ രാജ്ഞിയോടൊരുമിച്ച രാജയോഗ്യമായ വിരുതുകളെല്ലാം തികഞ്ഞു പ്രതാപശാലിയായി രത്നസിംഹാസനത്തിൽ വാഴുന്ന മഹാരാജാവിനെ കണ്ടു തൊഴുതു വിജയവാചകങ്ങളാൽ വാഴ്ത്തി സ്തുതിച്ചുംകൊണ്ടിപ്രകാരം പറഞ്ഞു. "സ്വാമിൻ! ആനത്തിയെന്ന രോഗപീഡയാൽ ഉടൽ മെലിഞ്ഞു വശംകെട്ട ഒരു തരുണി ഈ നഗരത്തിൽ അലഞ്ഞുനടന്നിരുന്നു. അവൾ ഇപ്പോൾ ബന്ധനാലയത്തിൽ വന്നു തിരുമനസ്സിലെ വാഴ്ത്തി ഒരു ഭിക്ഷാകപാലം മാത്രം കയ്യിൽ വച്ചുകൊണ്ട് അതിൽ പെരുകിവരുന്ന അന്നത്തെ അവിടെയുള്ളവൎക്കെല്ലാം കൊടുത്തു തൃപ്തിപ്പെടുത്തിവരുന്നു. ഈ അത്ഭുതത്തെ അറിവിപ്പാനായി ഞങ്ങൾ ഇവിടെ വന്നതാണ്." അപ്പോഴരചൻ അവളെ ശീഘ്രമായിൽ വരുത്തുവാനാജ്ഞാപിച്ചപ്രകാരം ഉടനെ അവർ രാജശാസനം അറിവിക്കുകയും, അവൾ രാജാവിനെ വന്നു കണ്ടു വണങ്ങുകയും ചെയ്തു. രാജാവു ചോദിച്ചു: "ഹേ തപോധനേ! നീയാർ? നി കരത്തിൽ വഹിച്ചിരിക്കുന്ന ഈ പാത്രം എവിടെനിന്നു കിട്ടി?" അവൾ പറഞ്ഞു: "മഹാരാജാവേ! ചിരകാലം വാണിരിക്കുക. ഞാനൊരു വിദ്യാധരി. ഈ നഗരിയിൽ വേഷച്ഛന്നയായി ചുററിനടന്നിരുന്നു. ഈ ഭിക്ഷാപാത്രം അമ്പലത്തിലുള്ള ഒരു ദൈവം എനിക്കു തന്നു. ഇതിന്നു ദിവ്യതയുമുണ്ട്. ഹസ്തച്യഗ്നിയെന്നുള്ള അസാദ്ധ്യമായ മഹാരോഗത്തെ ഇതു നിശ്ശേഷം ശമിപ്പിച്ചിരിക്കുന്നു. അന്നു

പാനങ്ങളില്ലാതെ അംഗം മെലിഞ്ഞു വലയുന്നവക്കിതൊരു സുരസുരഭിതന്നെയാണ്." രാജാവ്: "ഞാനിപ്പോൾ നിനക്കെന്തു ചെയ്യണം." അവൾ: "ബന്ധനശാലയെ ധമ്മശാലയാക്കുകയാണ് അവിടന്നെനിക്കു ചെയ്യേണ്ടതു്." അപ്പോൾ രാജാവ് അവളുടെ അപേക്ഷപ്രകാരം ബന്ധനശാല നിക്കംചെയ്തു ശരിപ്പെടുത്തി അവിടെ ബഹുവിധ പുണ്യകമ്മങ്ങൾ നടത്തത്തക്കവണ്ണം ഒരു ധമ്മശാല പണിതിപ്പിച്ചു.

## ഇരുപതാം ഗാഥ.

### ഉദയകുമാരനെ കൊലപ്പെടുത്തിയതു്.

രാജാജ്ഞയാൽ കാരാഗാരം നാനാവിധപുണ്യപ്രസാധനമായ ധൎമ്മാഗാരമായ്പ്രകാശിച്ചു. ഉദയകുമാരൻ ഈ വൃത്താന്തമെല്ലാമറിഞ്ഞു, "മണിമേഖല ഉലകവറവിയെ വിട്ടു വെളിയിൽ വരുമ്പോൾ അവളെ കൈവശപ്പെടുത്തി തേരിലേററിക്കൊണ്ടുവന്നു് അവൾ ഗ്രഹിച്ചിട്ടുള്ള വിദ്യകളെ ഗ്രഹിക്കുകയും അവൾ പറയുന്ന ആപ്തവാക്യങ്ങളെ കേൾക്കുകയും ചെയ്യുന്നുണ്ടു്" എന്നുള്ള മനസ്സങ്കല്പത്തോടെ ഉലകവറവിയിൽ ചെന്നു. കാഞ്ചനനെന്ന വിദ്യാധരൻ "പൊതിയമലയിൽ (അഗസ്ത്യകൂടത്തിൽ) ഉള്ള അരുവിയാററിൻകരയിൽവെച്ചു വൃശ്ചികമുനി അത്യാഗ്നിയാൽ തപിക്കത്തക്കവണ്ണം കായചണ്ഡികക്കു കൊടുത്ത ശാപത്തെ അനുഭവിപ്പാനുള്ള പന്ത്രാണ്ടു കാലം കഴിഞ്ഞിട്ടും അവൾ മടങ്ങിവരാതിരിപ്പാൻ കാരണമെന്തായിരിക്കും" എന്നുള്ള ചിന്തയാൽ സംഭ്രദശംവിട്ടു നഭോമാൎഗ്ഗത്തൂടെ വന്നു കാവിരിപ്പൂമ്പട്ടിനത്തിലിറങ്ങി ഭൂതചതുഷ്കം, പലതരം പൂവാടികൾ, മുനികളുടെ പൎണ്ണശാലകൾ, കോഷ്ഠങ്ങൾ, ദേവാലയങ്ങൾ മുതലായ മുഖ്യസ്ഥാനങ്ങളിലെല്ലാം തുടരെത്തുടരെ തിരഞ്ഞുംകൊണ്ടു നടക്കുമ്പോൾ കായചണ്ഡികാവേഷധാരിണിയായി അൎത്ഥിജനത്തിന്റെ ക്ഷുത്തു ശമിപ്പിക്കുന്നതിലത്യാദരത്തോടെ അന്നം ദാനംചെയ്തുകൊണ്ടിരിക്കുന്നതു മണി

മേഖലയെന്നറിയാതെ കായചണ്ഡികയെന്നുതന്നെ കരുതി അവൾക്കരികേ ചെന്നു, "നീ ഒരേപാത്രം ധരിച്ചിരിക്കുന്നുവെങ്കിലും ഇതിനാൽ നൽകുന്ന അന്നം ഭുജിക്കുന്നവരായി അസംഖ്യം പേരെ കാണുന്നു. ഇതെനിക്കത്യാശ്ചര്യത്തെ ജനിപ്പിക്കുന്നു. നിന്നെ പീഡിപ്പിച്ചിരുന്ന ഹസ്തൃഗ്നിയെ കഴിപ്പാൻ ദേവകളാൽ നൽകപ്പെട്ടതാണോ ഇതു്." എന്നിങ്ങിനെ ഭാഷണംചെയ്തശേഷം പൂർവ്വവൃത്തങ്ങൾ ധാരണയിൽ വരത്തക്ക പല വൃത്താന്തങ്ങളും പ്രീതിപൂർവ്വം പ്രതിപാദിച്ചു. അവൾ യാതൊന്നും ആദരിക്കാതെ അവനെ പിരിഞ്ഞു് ഉദയകുമാരൻെറ സമീപം ചെന്നുനിന്നു താരുണ്യത്തിലുണ്ടാകാവുന്ന അനിശ്ചലചിത്തവൃത്തിയെസംബന്ധിച്ചു് അവനിൽ ഒരു ബോധം ജനിപ്പിക്കേണമെന്നു കരുതി അവിടെ യദൃച്ഛയാ വന്നവളും വാർദ്ധക്യദശയിലിരിക്കുന്നവളുമായ ഒരു സ്ത്രീയെ ദൃഷ്ടാന്തീകരിച്ചു യൌവനത്തിൽ രൂപവതിയായിരുന്ന അവളുടെ ഓരോ അവയവങ്ങൾ ഇപ്പോൾ അവശങ്ങളും അശോഭനങ്ങളും കുത്സിതങ്ങളുമായിരിക്കുന്നുവെന്നു് അവനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടു്,

മുന്നം കൌതുകമാർന്നൊരു യൌവന-
മിന്നിവളിൽ കണി കാണ്മാനില്ല
അന്നോ കരുമണലൊത്തൊരു കചഭര-
മിന്നോ വെണ്മണൽപോൽ വിലസുന്നു.

ചന്ദ്രക്കലയോടിടയും നിടിലം-
തന്നിൽ ചുളിവാർന്നഴക കുറഞ്ഞു
ഊനമകന്നൊരു ചില്ലിയിരാലാം
മീനു വരണ്ട വിധത്തിൽ കാൺമൂ.

ആമ്പൽപ്പൂവൊളി പൂണ്ടൊരു നയനം
കൂമ്പിക്കൊഴുനീരൊഴുകീടുന്നു.
കുമിഴിന്റെ കിടയാം നാസിക മങ്ങി-
ട്ടുമിഴും സലിലം കാൺക കുമാര!
മുത്തൊക്കും ദശനാവലിയോ ചുര-
വിത്തുകണക്കായ്ത്തമ്മിലകന്നു.
ബന്ധൂകാധരവദനം ദുർമ്മല-
ഗന്ധം വീശുന്നൊരു വ്രണമായി.
വണ്ണത്തണ്ടൊക്കും ശ്രുതിപാശം
തിണ്ണം വററൽകണക്കെ വരണ്ടു
പൊങ്ങിത്തിങ്ങി വിളങ്ങിയ കൊങ്കകൾ
തങ്ങളിലേററമകന്നുകിഴിഞ്ഞു.
മഞ്ഞിയൊഴിഞ്ഞൊരു സഞ്ചികണക്കട-
നിങ്ങിനെ കാണ്മിതു വിസ്മയമോർത്താൽ.
വടിവുപെടുന്നൊരിളംകൈ തെങ്ങിൻ-
മടലുകണക്കെത്തൂങ്ങീടുന്നു.
ത്വക്കിനെ വിട്ടു ഞരമ്പുകൾ കാണെ
ചുക്കിവളഞ്ഞു വിരലുകളെല്ലാം.
വാഴെക്കിണയാന്നുള്ളൊരു തുടയിണ
താഴത്തണ്ടു വരണ്ടകണക്കായ്
തൂണിക്കൊത്ത മുഴങ്കാലിന്മേൽ
കാണാമസ്ഥികൾ നാഡികളോടും
തളിരോടിടയുന്നടിയിണ ചുങ്ങി-
ച്ചുളിവാന്നുള്ളൊരു തേങ്ങക്കിണയായ്.

പൂവും ചാന്തും കൊണ്ടുടൽതന്നിൽ
താവും ദുർവ്വാസനകൾ മറച്ചും
അണികളണിഞ്ഞും സ്മിതരുചി പൂണ്ടും
മനുജനു മോഹം വിളയിച്ചിടും.
മാനിനിമാരുടെ കൌശലമേത്തും
ആനം നൃപസുത! നീയറിവീലാ.

എന്നു പറഞ്ഞു. ഈ വിധത്തിലുള്ള ഇവളുടെ ഉപദേശം കേട്ടുകൊണ്ടിരുന്ന കാഞ്ചനൻ "ഞാൻ ആദരവോടെ പറയുന്ന വാക്യങ്ങളെ ഇവൾ കാര്യമാക്കുന്നില്ല. എന്നെ ബഹുമാനിക്കുന്നില്ല. അവന്റെ പിമ്പെ പോകുന്നു. എന്നെ അന്യനായി കരുതുന്നു. പ്രേമലക്ഷണങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടുതന്നെ അവനോടു നീതിവാക്യങ്ങൾ പറയുന്നു. ഇവൻ ഇവളുടെ ഒരു കാമുകനാകയാൽ ഇവൾ ഇവിടെ തങ്ങിയതായിരിക്കണം." എന്നു കരുതി കോപാകുലനായി പുറ്റിനുള്ളിലേക്കു പാമ്പുപോലെ ഉലകവറവിക്കകത്തു ചെന്ന് അനാശാസ്യമായ ഉദ്ദേശത്തോടെ ഒളിവിൽ പതുങ്ങിയിരുന്നു. കാഞ്ചനന്റെ നിലയെപ്പററി ഒന്നും അറിയാത്ത ഉദയകുമാരൻ അതിയായ മോഹത്തോടെ, "മണിമേഖല തന്നെയാണു കായചണ്ഡികയുടെ വടിവു കൈക്കൊണ്ടു ഭിക്ഷാകപാലവുമേന്തിവന്നു നിന്ന് എന്നെ മോഹിപ്പിച്ചത്. പരിചിതനെപ്പോലെ പഴമകൾ പറഞ്ഞും കൊണ്ടു കൂടിയിരിക്കുന്ന ഒരുവൻ ഇവിടെയുണ്ട്. അതിനാൽ ഇവൾ ഇന്നു രാത്രി ഇവിടം വിട്ടു പോകുന്നതല്ല. ഇവളുടെ നില ഇന്ന് അർദ്ധരാത്രിയിൽ ഇവിടെ

വന്നറിഞ്ഞുകൊള്ളാം" എന്നു നിശ്ചയിച്ചു തന്റെ വസതിയെ പ്രാപിച്ചു. മണിമേഖലയാവട്ടെ താൻ കൈക്കൊണ്ട വേഷത്തോടെ ശമ്പാപതിയുടെ ആലയത്തിൽ വസിക്കുകയും ചെയ്തു. എല്ലാവരും ഉറക്കമായെന്നു കണ്ടപ്പോൾ ഉദയകുമാരൻ അരമനയിൽ നിന്നു പുറപ്പെട്ടു വന്നു.

കാളുംവിഷം കലരുമുഗ്രമഹാഭുജംഗം
വാഴും വിലത്തിലൊരുമൂഷികനെന്നപോലെ

ഉലകവറവിക്കകത്തു പ്രവേശിച്ചു. ഉടനെ ഇവന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു കോപാന്ധനായി അവിടെ ഒളിവിലിരുന്ന കാഞ്ചനൻ ഇവന്റെ വരവു മുൻ കരുതിയവണ്ണം തന്നെയെന്നു നിശ്ചയിച്ച് അതിവേഗത്തിൽ എഴുന്നേററു ചെന്ന് അവന്റെ ഭുജച്ഛേദനം ചെയ്തു ഭൂമിയിൽ പതിപ്പിച്ചു. പിന്നെ കായചണ്ഡികയെ കൈക്കലാക്കി ഗഗനമാർഗ്ഗത്തൂടെ പോയ്ക്കളയാമെന്നുറച്ച് അവളുടെ അരികെ ചെന്നു. അപ്പോൾ അവിടെ അധിവാസം ചെയ്യുന്ന സ്തംഭേശ്വരൻ പറഞ്ഞു. "കാഞ്ചനാ! അരുത്! അരുത്. ഇവൾ നിന്റെ നായികയായ കായചണ്ഡികയല്ല. അവളുടെ രൂപം ധരിച്ച മണിമേഖലയാണ്. കായചണ്ഡികക്കുഗ്രമായ ജഠരാഗ്നിതാപം ശമിച്ചു നഭോമാർഗ്ഗമായി പോകുമ്പോൾ അവൾക്കു പിണഞ്ഞതായ ആപത്തിനെ പറയാം. കേട്ടുകൊൾക. ദുർഗ്ഗാദേവിയെഴുന്നരുളുന്ന വിന്ധ്യപർവ്വതത്തിന്നു നേരെ മേൽഭാഗത്തൂടെ ആകാശചാരികളാരും സഞ്ചരിക്കമാറില്ല. ആരെങ്കിലും ആ വഴിയെ ചെല്ലുന്നതായാൽ ആ മല

യെ കാത്തുവരുന്ന 'ചിന്താംഘടിക'യെന്ന രാക്ഷസി കോപിച്ച് അവരെ നിഴൽ പിടിച്ചാകർഷിച്ചു തൻെറ ഉദരഗഹ്വരത്തിലാക്കുക പതിവാണ്. ഈ വിവരം അറിയാഞ്ഞയാൽ കായചണ്ഡിക ആ വഴിയെ പോവുകയും അവളുടെ ഉദരത്തിലകപ്പെടുകയും ചെയ്തു. കാഞ്ചന! നീ ഇതുകൂടെ കേൾക്കണം. ഉദയകുമാരൻ അവൻെറ കർമ്മഫലത്താൽ മൃതനായെങ്കിലും നീ അശേഷം ആലോചനകൂടാതെ അവനെ അസിഘാതത്താൽ ഹനിച്ചുവെന്നു വന്നതിനാൽ നീ മൂഢൻ തന്നെയെന്നതിന്നു സന്ദേഹമില്ല. നീ ചെയ്തതു മഹാഘോരകൃത്യമായ്പ്പോയി. അതു നിന്നെ വിട്ടൊഴിയാതെ അതിയായ സങ്കടത്തിന്നു പാത്രമാക്കും". ഇതു കേട്ടു കാഞ്ചനൻ ശോകപരവശനായി സ്വദേശത്തിലേക്കു യാത്രയാവുകയും ചെയ്തു.

# ഇരുപത്തൊന്നാം ഗാഥ.

## സ്തംഭേശ്വരൻെറ ഭാവികഥനം.

ശമ്പാപതിയുടെ ആലയത്തിൽ ഗൂഢമായിരുന്ന മണിമേഖല കാഞ്ചനൻെറ കൃത്യങ്ങളും ഉദയകുമാരൻ വെട്ടേററു വീണു മരിച്ചതും സ്തംഭേശ്വരനരുളിച്ചെയ്ത വിസ്മയാവഹമായ വാക്യവും ഗ്രഹിച്ചു ഉടനെയെഴുന്നേററു താൻ ധരിച്ചിരുന്ന വേഷത്തെ മാററി, "മുജ്ജന്മത്തിൽ ദൃഷ്ടിവിഷമെന്ന സർപ്പത്തിൻെറ ദംശനത്താൽ നീ മൃതനായ കാലത്തിൽ അസഹ്യമായ നിൻെറ വിയോഗത്താൽ ഞാനും അഗ്നിപ്രവേശം ചെയ്തു മരിച്ചു. പിന്നെ ഉപവനത്തിൽ വെച്ചു നിന്നെ കണ്ട സന്ദർഭത്തിൽ നിൻെറ പേരിൽ ഞാൻ മനസ്സു ചെലുത്തിയ കാരണത്താൽ മണിമേഖലാദേവി എന്നെ മണിപല്ലവദ്വീപിൽ കൊണ്ടു ചെല്ലുകയും അവിടെവച്ചു ബുദ്ധപീഠദർശനത്താൽ എനിക്കു ജന്മാന്തരസ്മരണയുണ്ടാവുകയും ആ ദേവി നിൻെറ പൂർവ്വജന്മം എനിക്കു പറഞ്ഞു തരികയും ചെയ്തു. നീ മുജ്ജന്മത്തിൽ എൻെറ പ്രിയതമനായിരുന്നതിനാൽ നിന്നിലുണ്ടായ പ്രേമഭാരം നിമിത്തം.

ക്ഷോണിതന്നിൽ പിറന്നുള്ള മാനവന്മാർ മരിച്ചീടും
ഊനമെന്ന്യേമരിച്ചുള്ളോരാകവേതാൻ ജനിച്ചീടും
താററിയന്നാസുഖംമൂലം ജാതമാം ദുഷ്കൃതംപിന്നെ
മാനസാത്തിമഹാധർമ്മപ്രാപ്തിതൻ ബീജമാകുന്നു.

ഞാനിതെല്ലാമുരച്ചേനിൻ ദുഷ്കൃതങ്ങളകന്നീടാൻ
പ്രാണനാഥവരം കായചണ്ഡികതൻ വടിവാനു.

നീ വിദ്യാധരന്റെ വാളിന്നിരയായിട്ടിഹലോകവാസം വെടിഞ്ഞുവല്ലൊ. കഷ്ടം!" ഇങ്ങിനെ പരിദേവനം ചെയ്തു മോഹിച്ചുവീണു വീണ്ടും ബോധം കയ്ക്കൊണ്ടു താപാത്തയായി അവന്റെ അരികിൽ ചെല്ലുവാൻ ഭാവിച്ചപ്പോൾ സ്തംഭേശ്വരൻ തന്റെ ദിവ്യവാക്കാൽ ഇങ്ങിനെ പറഞ്ഞു. "നീ ഇവന്റെ സമീപത്തു ചെല്ലരുതേ. നിണക്കിവൻ പതിയായതും നീയിവന്നു പത്നിയായതും കഴിഞ്ഞ ജന്മത്തിൽ മാത്രമല്ല. അതിന്നുമുമ്പും എത്രയോ ജന്മങ്ങളിലും ഉണ്ടായിരുന്നതാണ്. ഇപ്രകാരം മറിഞ്ഞുവരുന്ന ജനനമരണദുഃഖങ്ങളെ ഒഴിച്ചുകളയുവാൻ തക്ക അഭിജ്ഞാനസമ്പന്നയായ നീ ഇവന്റെ മരണത്തെക്കുറിച്ചു സന്തപിക്കരുതു". മണിമേഖല ഇതുകേട്ടു സമീപത്തിൽ ചെന്നു, "ഈ ക്ഷേത്രത്തിൽ ഏവക്കും പരമാത്ഥോപദേശം ചെയ്തുകൊണ്ടധിവാസം ചെയ്യുന്ന ഒരു ദൈവമുണ്ടെന്നു പ്രസിദ്ധമാണ്. ആ ദൈവം നീ തന്നെയോ? നിന്റെ തിരുവടികളെ ഞാൻ നമിക്കുന്നു. കഴിഞ്ഞ ജന്മത്തിൽ ദൃഷ്ടിവിഷനാഗത്തിനാലും ഇജ്ജന്മത്തിൽ വിദ്യാധരന്റെ വാളിനാലും ഇവന്നു നാശം നേരിടുവാൻ കാരണമെന്തെന്നു നിണക്കറിയുമോ? അറിയുമെങ്കിൽ ഈയുള്ളവളോടരുളിച്ചെയ്യേണമെ" എന്നപേക്ഷിച്ചു. സ്തംഭേശ്വരൻ പറഞ്ഞു. "ബുദ്ധദേവൻ അവതാരം ചെയ്യുന്നുണ്ടെന്നതിനെ പ്രഖ്യാപനം ചെയ്തുകൊണ്ടു കായങ്കരയെന്ന നദീതീരത്തിലിരുന്നു മത്ത്യന്മാരുടെ അജ്ഞാന

ത്തെ അകററുന്ന ബ്രാഹ്മധമ്മമഹാമൂനിയെ ഇരാകലനും നീയും ചെന്നു സേവിച്ച് അദ്ദേഹത്തിന്നു ഭിക്ഷ ചെയ്യാനുള്ള തങ്ങളുടെ ആഗ്രഹത്തെ ഉണത്തിക്കകയും അദ്ദേഹം അംഗീകരിക്കകയും ചെയ്തു. പിറെറന്നാൾ പ്രഭാതകാലത്തിൽ ഭിക്ഷക്കവേണ്ടുന്ന അന്നപാനാദിപദാത്ഥങ്ങൾ ജാഗ്രതയായി തയ്യാറാക്കേണമെന്നു പാചകനോടു നിങ്ങൾ ആജ്ഞാപിച്ചു. അവൻ ഏതോ കാരണവശാൽ കുറെ സമയം കഴിഞ്ഞു വരികയും തൻെറ വീഴ്ചയെപ്പററി ആലോചിച്ചുംകൊണ്ടു ചെന്നു പാകശാലയിൽ കാൽവഴുതി നിലം ചിതറത്തക്കവണ്ണം വീഴുകയും ചെയ്തു. അതുകണ്ടു കാരുണ്യലേശവുമില്ലാതെ "ഇവൻ മഹഷിയുടെ ഭിക്ഷക്കവേണ്ടുന്ന കായ്യങ്ങൾ കാലെ വന്നു ചെയ്യാതെ കിടക്കുകയാണ്" എന്നു കരുതി കോപിച്ചു കഴുത്തും കൈകളും വേർപെടത്തക്കവണ്ണം ഇരാകലൻ അവനെ വെട്ടി കൊലപ്പെടുത്തി, ആ കൊലപാതകത്താൽ തന്നെയാണ് അവനു അജ്ജന്മത്തിൽ വിഷമേററുമരിപ്പാനും ഇജ്ജന്മത്തിൽ വെട്ടേററു മരിപ്പാനും സംഗതിവന്നതു്. ദുരിതം അതിൻെറ ഫലത്തെ അനുഭവിക്കാതെ വിട്ടുപോകുന്നതല്ലെന്നു തീച്ചതന്നെ. ഇനിയും കേട്ടുകൊൾക. ഉദയകുമാരൻെറ മരണത്താൽ ഉൾത്താപമണഞ്ഞിരിക്കുന്ന ചക്രവാളകോട്ടത്തിലെ ഋഷികളിൽ നിന്നു് ഈ മരണവൃത്താന്തം ഗ്രഹിച്ചു രാജാവു നിന്നെ ബന്ധനത്തിലാക്കും. ഇതറിഞ്ഞു രാജമാതാവു നിന്നെ ബന്ധനത്തിൽ നിന്നൊഴിച്ചു തൻെറ അധീനത്തിൽ വെച്ചിരിക്കും. മാധവിയുടെ അപേക്ഷപ്രകാരം വന്ന അറവണ

സ്വാമികളുടെ ചൊല്പടിക്ക് ആ ബന്ധനത്തിൽനിന്നും നിണക്കു മോചനം ലഭിക്കും. പിന്നെ നീ ശാവകനാട്ടിൽ ചെന്നു തദ്ദേശാധിപനായ ആപുത്രരായും കണ്ട് അവരോടൊരുമിച്ചു മണിപല്ലവദ്വീപത്തിൽ ചെല്ലും. ബുദ്ധപീഠികാദശനത്തിൽനിന്നും ദീപതിലകയിൽനിന്നും തൻെറ ചരിത്രമെല്ലാം ഗ്രഹിച്ചശേഷം ആ മന്നവൻ സ്വദേശത്തിലേക്കു പോവുകയും നീ താപസിയുടെ നിലയിൽ ശ്രീവഞ്ചി നഗരിയിൽ ചെന്ന് അവിടെയുള്ള പല സമയവാദികളുടേയും മതങ്ങളെ ആരാഞ്ഞറിയുകയും ചെയ്യും. ഇനി എൻെറ വൃത്താന്തവും പറയാം. കേട്ടുകൊൾക. ഞാൻ ദേവഗണങ്ങളിൽ ഒരുവനാണ്. 'ദ്വതിക'നെന്നാണ് എനിക്കു പേർ. ഈ പുരാതനസ്തംഭത്തിൽ എൻെറ രൂപത്തിനു സദൃശമായി മയനാൽ നിർമ്മിക്കപ്പെട്ട ഈ പ്രതിമയെ ഒരിക്കലും ഞാൻ വിട്ടു നീങ്ങുന്നതല്ല." ഇതു കേട്ടു മണിമേഖല മുൻ ചൊല്ലിയതിനുശേഷം മരണം വരെയുള്ള തൻെറ ഭാവി വൃത്താന്തം കൂടെ പറഞ്ഞുതരണമെന്നു പ്രാർത്ഥിക്കുകയും ദേവൻ പറയുകയും ചെയ്തു. അനാവൃഷ്ടിയാൽ കാഞ്ചിനഗരത്തിൽ ജനങ്ങൾ ആഹാരവിഹീനന്മാരായി തപിക്കുന്നതും മാധവിയോടും ശ്രുതമതിയോടുമൊരുമിച്ച് അറവണ അടികൾ നിൻെറ സമാഗമത്തെ പ്രതീക്ഷിച്ചിരിക്കുന്നതും വഞ്ചിനഗരത്തിൽ നീ അറിഞ്ഞ ഉടൻ കാഞ്ചീപുരിയിൽ ചെന്നു സകലപേൎക്കും അന്നദാനം ചെയ്തു രക്ഷപ്പെടുത്തും. ഭാവിടെ പിന്നെ സംബന്ധിച്ച പല അത്ഭുതങ്ങളുമുണ്ടാകും. പിന്നെ വഞ്ചിനാട്ടിലെ സമയവാദികളുടെ സിദ്ധാന്തങ്ങ

ളെല്ലാം നീ അറവണസ്വാമികളെ ധരിപ്പിക്കും. അപ്പോൾ അദ്ദേഹം,

“തപവും ധർമ്മവും പരത്തെ ദേഹം രണ്ടു നിദാനങ്ങൾ
ഭവഖേദത്തിന്ന വേണ്ടും വഴിയുമങ്ങൾ ചെയ്തു
ദുരിതമാമിരുൾപോക്കി നരന്മാക്ക് സുഖം നൽകി
സുകൃതരശ്മികൾ നീളെപ്പരത്തി സിദ്ധികളെട്ടും.
വിളങ്ങും ബുദ്ധനായോരു ദിനനാഥനുദിപ്പോളം
അലസാതെ പലവട്ടം മരിച്ചിട്ടും ജനിച്ചിട്ടും
പരിചിൽ ധർമ്മജാതങ്ങൾ പലരോടുമുരച്ചിട്ടും
മരുവും ഞാനിവിടത്തിലറികനീ മഹാഭാഗേ.”

എന്നരുൾ ചെയ്യും. സ്വാമികളുടെ ഉപദേശങ്ങളിൽ പിഴവരാതെ പല സൽക്കർമ്മങ്ങളും ചെയ്തു കാലധർമ്മം പ്രാപിച്ചതിന്നു ശേഷമുള്ള നിന്റെ ജനനങ്ങൾ മഗധദേശത്തിൽ തന്നെയായിരിക്കും. അവയിലെല്ലാം നീ പുരുഷനായുമിരിക്കും. ആ ഓരോ ജന്മത്തിലും ജീവകാരുണ്യം നിന്നെ വിട്ടൊഴിയാതെ നിലനില്ക്കയും ഒടുവിൽ ബുദ്ധദേവന്റെ പ്രധാന ശിഷ്യനെന്നുള്ള പൂജ്യസ്ഥാനം ലഭിക്കുകയും അന്തത്തിൽ ബന്ധമകന്നു നിർവ്വാണം പ്രാപിക്കയും ചെയ്യും. ഇനിയും കേട്ടുകൊൾക. നിന്റെ വംശത്തിൽ ജാതന്മാരായ പൂർവ്വ പുരുഷന്മാരിൽ ദാനശീലനും ഗുണവിശിഷ്ടനുമായ ഒരുവനെ കടലിൽനിന്നും രക്ഷപ്പെടുത്തിത്തന്ന മണിമേഖലാദേവി നീ, പൂർവ്വജന്മത്തിൽ സാധു ചക്രമുനീന്ദ്രന്ന അന്നദാനം ചെയ്ത പുണ്യവിശേഷമാർജ്ജിച്ചിട്ടുള്ളവളാണ്” എന്നറികയാൽ ഉപവനത്തിൽനിന്നും നിന്നെ എടുത്തു മണിപല്ലവദ്വീപിൽ കൊണ്ടുചെന്നു ബുദ്ധപീഠികയെക്കാണ്മാനിടയാക്കിയതാണ്,” എന്ന് ആ ദേവനരുളിച്ചെയ്തു. അപ്പോഴേക്കും ആദിത്യനുദയം പ്രാപിക്കയും ചെയ്തു.

# ഇരുപത്തിരണ്ടാം ഗാഥ.

## കാരാഗൃഹപ്രാപ്തി.

സൂൎയ്യോദയമായപ്പോൾ ദിക്കംഭേശപരനേയും ശമ്പാപതിയേയും സേവിപ്പാനായി വന്നവർ അവിടെ ഉദയകുമാരൻ കൊലപ്പെട്ടു കിടക്കുന്നതിനെ കണ്ടു് ഈ വിവരം ചക്രവാളകോഷ്ഠത്തിലുള്ള മുനികളെ അറിവിച്ചു. അവർ ഈ സംഭവത്തെപ്പററി മണിമേഖലയോടു ചോദിക്കയും അവൾ രാത്രിയിൽ നടന്ന കൃത്യങ്ങളെല്ലാം പറകയും ചെയ്തു. ഉടനെ അവർ കുമാരന്റെ ശവശരീരത്തെയും മണിമേഖലയേയും മറെറാരിടത്തിൽ ബന്തോവസ്തിൽ വെക്കുകയും രാജഗൃഹദ്വാരം പ്രാപിച്ചു തങ്ങടെ വരവിനെയറിവിച്ചനുമതിവാങ്ങി രാജസന്നിധിയിൽചെന്നു വിധിപ്പോലെ വാഴ്ത്തി സ്തുതിക്കയും അവരിൽ ഒരുവൻ ഇപ്രകാരം അറിവിക്കയുംചെയ്തു. "മഹീപാല! ഈ നഗരത്തിൽ കാമമോഹിതരായി സാദ്ധ്വികളെ ആക്രമിക്കയും താപസികളെ കാമിക്കുകയും ചെയ്തു ദുഷ്കൎമ്മത്തിനാൽ കൊല്ലപ്പെട്ടവർ ഇക്കാലത്തിൽ മാത്രമല്ല മുൻകാലത്തും അനേകംപേരുണ്ടായിട്ടുണ്ടു്. ക്ഷത്രിയവംശത്തെ മൂവ്വേഴുവട്ടം മുടിച്ച ഭാൎഗ്ഗവരാമൻ ഇവിടെ ആയോധനത്തിന്നായി വന്ന സമയം അന്നത്തെ രാജാവായ കാന്തമനോടു ദുൎഗ്ഗാദേവി, "നീ ഇപ്പോൾ പരശുരാമനോടു പോർചെയ്വാൻ പോകുന്നതു ശരിയല്ല" എന്നു പറഞ്ഞതിനാൽ അന്യനഗര

ത്തിലേക്ക പോവാനൊരുങ്ങി ഈ നഗരം കാത്തു രക്ഷിക്കത്തക്കവരാരെന്നന്വേഷിച്ച് ഒരു നാടകവേശ്യയുടെ പുത്രനും വീരാഗ്രേസരനുമായ കഗന്ധൻ തന്നെ യോഗ്യനെന്നു നിശ്ചയിച്ചു. അവനെ വരുത്തി, "ഒരു രാജാവിൻെറ സ്ഥാനം വഹിക്കത്തക്ക കുലമഹിമ നിണക്കില്ലായ്കയാൽ ക്ഷത്രിയപരമ്പരയുടെ വധം വ്രതമാക്കി വെച്ചിട്ടുള്ള പരശുരാമൻ നിന്നൊട്ട പൊരുതുവാനൊരുങ്ങുന്നതല്ല. അഗസ്ത്യമഹർഷിയുടെ അനുമതി ലഭിച്ചു ഞാൻ മടങ്ങിവരുവോളം ഈ നഗരത്തെ നീ കാത്തുവരിക. നിൻെറ വാഴ്ചമൂലം ഈ നഗരിക്ക കാഗന്ധിയെന്നു പേർ ഭവിക്കട്ടെ." എന്നു പറഞ്ഞുംവെച്ച വേഷം മാറി താൻ ഉദ്ദേശിച്ച ദേശത്തിലേയ്ക്കു പോയീ.

അവൻ പോയതിന്നു ശേഷം കഗന്ധനാൽ ഈ നഗരം പരിപാലിക്കപ്പെട്ടവന്നു. അക്കാലത്ത് ഒരു ദിവസം കഗന്ധൻെറ പുത്രന്മാരിലിളയവൻ കാവേരിയിൽ സ്നാനംചെയ്തു സംഗമുഖവീഥിയിൽകൂടെ തനിയെ വരുന്ന മരുതിയെന്ന ബ്രാഹ്മണിയെ കണ്ടു കാമപരവശനായി കൈകാട്ടി വിളിച്ചു. ഉടനെ അവൾ അവശയായി. "ഈലോകത്തിൽ യഥാകാലം മഴ പൊഴിപ്പിക്കുവാൻ തക്ക മഹത്വമുള്ള പതിവ്രതമാർ അന്യ പുരുഷന്മാരുടെ ഹൃദയത്തിൽ ചെല്ലുകയില്ല. ഞാനോ ഇവൻെറ ഹൃദയത്തിൽ പതിഞ്ഞുകഴിഞ്ഞു. അതിനാൽ ഇനി ബ്രാഹ്മണൻെറ നേത്രാഗ്നിയെ ആരാധിപ്പാൻ എനിക്കർഹതയില്ലല്ലോ. ഇതിന്നു കാരണമെന്തു്?" എന്നുള്ള ചിന്താപാരവശ്യത്തോടെ തൻെറ ഗൃഹത്തിൽ ചെല്ലാതെ ഭൂതച

ത്തൂപ്പത്തിൽ ചെന്നു, “ദൈവമേ എന്റെ പതിക്കു ഞാൻ ഒരപരാധവും ചെയ്തിട്ടില്ല. അങ്ങിനെയിരുന്നിട്ടും അവിതർക്കിതമായി അന്യ പുരുഷന്റെ ഹൃദയത്തിൽ പ്രവേശിക്കുമാറായി. ഞാൻ ചെയ്ത കുററം ഇന്നതെന്നു എനിക്കറിയുന്നില്ല. വ്രതഭംഗം മുതലായ ദുഷ്കൃത്യങ്ങളാചരിക്കുന്ന പാപികളെ പാശത്താൽ ബന്ധിച്ചു കൊണ്ടുവന്നു നീ കൊന്നു ഭക്ഷിക്കും.” എന്നു ബുധന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഇപ്പോൾ എന്നെ അങ്ങിനെ ചെയ്യാതിരുന്നതിനാൽ നിന്റെ സാന്നിദ്ധ്യം ഇവിടെയുണ്ടെന്നുള്ളതു വ്യാജമായിരിക്കുമോ?” എന്നിങ്ങിനെ അവളുടെ ഉപാലംഭവചനങ്ങൾ കേട്ട ചതുഷ്ക്കഭൂതം പ്രത്യക്ഷമായി അവളോടു പറഞ്ഞു. ഹേ സുന്ദരി കേട്ടുകൊൾക.

“ഈശന്റെ പാദകമലങ്ങൾ തൊഴാതിലും പ്രാ-
ണേശന്റെ കാലിണവണങ്ങി വരുന്ന നാരി
ആശിച്ചുവെങ്കിലുളവാം പെരുമാരിയപ്പോൾ”
ക്ലേശിച്ചിടാതെ തിരുവള്ളുവരേവമോതി.

നീ മററുള്ളവരിൽനിന്നു കേട്ടകഥകളേയും ഹാസ്യോക്തികളേയും കേട്ട നൃത്തഗീതവാദ്യപ്രധാനങ്ങളായ ഉത്സവങ്ങളിലുള്ള ആസക്തിമൂലം ഈശ്വരാരാധനത്തെ നിയമേന കയ്യൊഴിഞ്ഞിരിക്കുന്നു. അതിനാൽ നിന്റെ ആജ്ഞക്കുൾപ്പെട്ട മേഘം മഴ പൊഴിക്കയില്ല. സതീശിരോമണികളെപ്പോലെ അന്യ പുരുഷന്മാരുടെ ഹൃദയത്തെ ദഹിപ്പിപ്പാൻ തക്ക തപശ്ശക്തി നിണക്കില്ലാതെ പോയി. മുൻപറഞ്ഞ വൃത്തികളെ വിടുന്നതായാൽ മേഘം നി

ന്റെ ചൊല്പടിക്കു വഷിക്കും. തന്നിഷ്ടംപോലെ നടക്കുന്ന സ്ത്രീകളെ എന്നപോലെ എന്റെ പാശം നിന്നെ ബന്ധിക്കയില്ല. അപരാധികളെ ഏഴു നാൾവരെ ശിക്ഷിക്കാത്തതു രാജധർമ്മമാകുന്നു. ഈ അവധിക്കുള്ളിൽ അവൻ തന്റെ മുറ നടത്തുന്നതല്ലെന്നു വരികിൽ പിന്നീട് ആ അപരാധിയെ ദണ്ഡിപ്പിപ്പാനുള്ള അധികാരി ഞാനാകുന്നു. ഈ ഏഴു ദിനത്തിന്നകം തന്നെ ഈ വൃത്താന്തം കഗന്ധൻ ഗ്രഹിക്കുകയും നിന്നെ കാമിച്ച ആ ദുരാചാരനെ വധിക്കുകയും ചെയ്യും." എന്ന് ആ ഭൂതം നിഷ്കർഷിച്ചു പറഞ്ഞു. മേല്പറഞ്ഞപ്രകാരം ഏഴു ദിവസത്തിനുള്ളിൽ ആ വിടൻ സ്വപിതാവിന്റെ അസിലതക്കിരയാവുകയും ചെയ്തു. രാജസിംഹമേ ഇനിയും കേട്ടുകൊൾക.

പണ്ടൊരിക്കൽ ഈ നഗരവാസിയും ലോകൈകസുന്ദരനുമായ ധർമ്മദത്തനെന്ന വൈശ്യനും അവന്റെ മാതുലപുത്രിയായ വിശാഖയും അന്യോന്യം ഗാഢാനുരക്തരായി സല്ലാപം ചെയ്തുവരുന്നതിനെ കണ്ടു ഗ്രാമവാസികൾ, "ഇവൻ ഗാന്ധർവ്വവിവാഹത്തിന്നു തുനിഞ്ഞിരിക്കയാണ്" എന്നൊരപവാദം പറഞ്ഞു തുടങ്ങി. ഈ അപവാദം അസഹ്യമായ്ത്തീർന്നതിനാൽ വിശാഖ ഉലകവരവിയിൽ ചെന്നു "സുരേശ്വര! ഈ അപവാദം തീർത്തു തരേണമേ" എന്നു കരഞ്ഞുകൊണ്ടപേക്ഷിച്ചു. ഉടനെ ആ ദേവൻ നഗരവാസികളെല്ലാം കേൾക്കത്തക്കവണ്ണം "ഇവൾ യാതൊരപരാധവും ചെയ്തവളല്ല" എന്നു വിളിച്ചു പറഞ്ഞു. ഇതു കേട്ട നഗരവാസികൾ വിസ്മയിക്കുകയും

അവളെ വാഴ്ത്തി സ്തുതിക്കുകയും ചെയ്തു. വിശാഖയാകട്ടെ, ഈ ദേവൻ എൻെറ മനോഭാവത്തെ ഇപ്രകാരം തെളിയിക്കാതിരുന്നുവെങ്കിൽ പൌരന്മാരെക്കാണ്ടിലുള്ള ദുശ്ശങ്ക നീങ്ങുകയില്ല. ഇജ്ജന്മത്തിൽ ഇവനെ വേൾക്കുകയില്ല. ഇനി ജന്മാന്തരത്തിലെ ഞാൻ ഒരു വരനെ വരിപ്പാൻ ഭാവമുള്ളു." എന്നു തൻെറ പ്രിയജനനിയോടു ശപഥം ചെയ്തു കന്യാമഠത്തിൽ ചേന്നു തപം ചെയ്തുകൊണ്ടിരുന്നു. പിന്നീടു ധമ്മദത്തൻ തൻെറ അപവാദം തീൎത്തരുളിയ സ്തംഭേശ്വരനെ വണങ്ങി സ്തുതിച്ചു കാവിരിപ്പൂമ്പട്ടിനം വിട്ടു ദക്ഷിണമധുരയിൽ ചെന്നു "വിശാഖയെ വിട്ടു മറെറാരു തരുണിയിലെ ഞാൻ കാംക്ഷിക്കയില്ല. ഇജ്ജന്മം ഇങ്ങിനെ കഴിഞ്ഞുകൊള്ളട്ടെ". എന്നു തന്നെത്താൻ ഒരു വ്രതം കയ്ക്കൊണ്ടു വാണിഭം ചെയ്തു ധമ്യമായ മാൎഗ്ഗത്തിൽ ധനസമ്പാദനം ചെയ്തു മഹാസമ്പന്നനായി അക്കാലത്തിൽ വണിഗ്വരന്മാക്കു രാജാംശത്തിൽ നിന്നു ലഭിക്കാറുള്ള മാന്യപട്ടമായ "എട്ടിപ്പൂ"വെന്ന ഒരു സ്വൎണ്ണപുഷ്പം ലഭിച്ചു വിഖ്യാതനായി അറുപതു വയസ്സുവരെ ആ നഗരത്തിൽതന്നെ വസിച്ചു. അക്കാലത്തു് ഒരു ബ്രാഹ്മണൻവന്നു "നീ വിവാഹം ചെയ്യാതെ ഈ നഗരത്തിൽ തന്നെ വാസം ചെയ്യുന്നതു് എത്രത്തോളം യുക്തമാണു്. പത്നിയില്ലാത്തവൻ എത്രതന്നെ സൽക്കൎമ്മങ്ങൾ ചെയ്താലും സ്വൎഗ്ഗപ്രാപ്തിക്കൎഹനാകയില്ലെന്നുള്ളതു നീ ധരിച്ചിട്ടില്ലയോ? ഇനി താമസിയാതെ സ്വദേശത്തിലേക്കു പോവുക." എന്നുപദേശിക്കയാൽ ധമ്മദ

ത്താൻ മധുരാപുരി വിട്ടിവിടെക്ക വന്നു. അവൻ വന്നതായി കേൾക്കയാൽ വിശാഖകന്യാമഠത്തിൽ നിന്നിറങ്ങി നില്ലജ്ജയായി അവൻെറ അരികെ വന്ന് ഇങ്ങിനെ പറഞ്ഞു. "ഇപ്പോൾ നാം നേരിട്ടു കണ്ടതിൽ പരസ്പരം അറിവാൻ കഴിഞ്ഞില്ല. മുമ്പു നമ്മെ മോഹിപ്പിച്ച സൌന്ദൎയ്യം ഇപ്പോൾ എവിടെ പോയി. നിണക്ക് എഴുപത്തു പ്രായമായി. എൻെറ കേശത്തിന്നും നരബാധിച്ചു കഴിഞ്ഞു. മുമ്പുണ്ടായിരുന്ന യൌവനവും കാമവും എവിടെ മാഞ്ഞുപോയി. ഇജ്ജന്മത്തിൽ ഞാൻ നിന്നെ വേൾക്കുകയില്ല. ജന്മാന്തരത്തിൽ നിന്നെ പതിയായി വരിക്കുമെന്നുള്ളതു നിശ്ചയം തന്നെ.

നിത്യമല്ലമനുജൎക്കു യൌവനവുമത്ര
തമ്മിലുള്ളമൈത്രിയും
നിത്യമല്ല നിലവിട്ടയന്നുളവകന്നെ-
ഴുന്ന ധനരാശിയും
പുത്രമക്കളുളവാകിലെന്തു ദിവമെത്തുകെ-
ന്നതതിനാൽ വരാ
നിത്യമാംസുകൃതമൊന്നുതന്നെ നിലവിട്ടി-
ടാതതുണ്ട നിൎണ്ണയം.

അതിനാൽ സുകൃതം ചെയ്കയാണു വേണ്ടതു്"

അപ്പോൾ അവൻ താൻ സംഭരിച്ചിട്ടുള്ള ധനസഞ്ചയത്തെ വിശാഖക്കു കാട്ടിക്കൊടുത്തു് അവളുടെ സഹകരണത്തോടുകൂടി അനേകം ധൎമ്മങ്ങൾ ചെയ്യേണ്ടതിന്നായി ആ ദ്രവ്യത്തെ വിനിയോഗിച്ചു. ഇതിങ്ങിനെയിരിക്കെ; മുമ്പൊരിക്കൽ ഈ വിശാഖസ്തംഭേശ്വരൻെറ കാരു

ന്ന്യത്താൽ അപവാദം തീൻ്റ ബ്രാഹ്മണങ്ങളുടെ കൂട്ട ത്തിൽ പരസ്യമായ വീഥിയിലൂടെ പോകുമ്പോൾ മുമ്പു മാരുതിയുടെ ഗുമിത്താം വധിക്കപ്പെട്ടവൻെറ ജ്യേഷ്ഠസ ഹോദരൻ അവളെ കണ്ടു കാമമോഹിതനായി തൻെറ ശിരസ്സിൽ ധരിച്ചിരുന്ന പൂമാലയെടുത്ത് അവളുടെ ക ണ്ഠത്തിൽ അണിയിപ്പാനായി കുടമയിൽ കൈവെച്ച പ്പോൾ ആ കൈ കുടമ വിട്ടു നീങ്ങാതെയായി. വിശാഖ യുടെ ധർമ്മവിശേഷത്താൽ അവൻെറ കൈ കുടമയിൽ നിന്നു വേർപെടാതായി.'' എന്നു പലരും പറഞ്ഞു കേൾ ക്കയാൽ കശന്ധൻ കോപാവിഷ്ടനായി തൻെറ തനയ നാണെന്നു ഗണിക്കാതെ അവനെ ഉടൻ തൻെറ ഖ ഡ്ഗത്തിന്നിരയാക്കി.'' ഇതു കേട്ടു നരപതി പറഞ്ഞു. "ഇക്കാലത്തിൽ മാത്രമല്ല" എന്നു തുടങ്ങി പല സംഭവ ങ്ങളും നിങ്ങൾ പറഞ്ഞുവല്ലോ. മുൻ നടന്നതായി പറ ഞ്ഞ ആ ദുഷ്കൃത്യം ഇക്കാലത്തും നടക്കുന്നുണ്ടോ? പറയു വിൻ.'' അപ്പോൾ ഒരു മുനിവരൻ പറഞ്ഞു.

''തള്ളണമെന്നു ബുധർ ചൊല്ലുന്നതീയുലകാ
    ലഞ്ചുണ്ടു ദോഷമവയിൽ
കള്ളംകുടംകൊലയസത്യോക്തിയും കളവു
    പിന്നേതു കാമ മിവയാം
കൊള്ളുന്നകാമിവരത പിന്നേതു നാലുമിവ
    തള്ളുന്ന ബോധമുടയോ
രല്ലാതെ പേർനരകവാസത്തിനാലുഴലു
    മെന്നോർത്തുകൊൾകനൃപതേ.

തന്റെ പ്രാണപ്രിയനായ കോവലൻ വധിക്കപ്പെട്ടതിനാൽ മാധവി ഐഹികസുഖവിരക്തയായി താപസാശ്രമം പ്രാപിച്ചു. അവളുടെ പുത്രി മണിമേഖല യൌവ്വനാരംഭത്തിൽതന്നെ ഗൃഹങ്ങളിലും ആശ്രമങ്ങളിലും ചെന്നു ഭിക്ഷയേററു വൃത്തികഴിച്ചു നഗരത്തിലുള്ള ദേവാലയത്തിൽ ചെന്നുചേൎന്നു. അവൾ ആ നിലയിലായപ്പോഴും ഉദയകുമാരൻ അവളെ തുടൎന്നു അവളുടെ നിഴലെന്നവണ്ണം വിട്ടുപിരിയാതെ കാമപരവശനായി ക്ഷുരിങ്ങളിൽ ആ ദേവായതനത്തിൽ ചെന്നു. മണിമേഖല ആ വിവരമറിഞ്ഞു തന്നെ അറിയാതിരിപ്പാൻവേണ്ടി കായചണ്ഡികയുടെ വേഷം കൈക്കൊണ്ടു. അവിടെ മുമ്പുണ്ടായിരുന്ന കായചണ്ഡികയെ സ്വദേശത്തിലേക്കു കൂട്ടിക്കൊണ്ടുപോവാൻ വന്ന അവളുടെ പ്രിയതമനായ വിദ്യാധരൻ ഇവളെക്കണ്ടു മണിമേഖലയെന്നറിയാതെ സ്വപത്നിയായ കായചണ്ഡികയെന്നും അവിടെ വന്നുചേൎന്ന ഉദയകുമാരനെ അവളുടെ ജാരപുരുഷനെന്നും കല്പിച്ച് കോപാക്രാന്തനായി അവനെ തന്റെ ഖഡ്ഗത്തിന്നിരയാക്കി ഭൂമിയിൽ പതിപ്പിച്ചു." ഇതുകേട്ട നരപാലൻ പുത്രവിനാശത്താൽ അല്പംപോലും പരിതപിക്കാതെ സേനാപതിയും സചിവനുമായ 'ചൊഴികവെനാതി'യെ നോക്കി ഇപ്രകാരം പറഞ്ഞു. "ഉദയകുമാരനെ ശിക്ഷിക്കേണ്ടത് എന്റെ കടമയായിരിക്കെ വിദ്യാധരൻ ആ ക്രിയ നടത്തിയതു് അവന്റെ അറിവില്ലായ്മയാലാകുന്നു.

മുനിജനോചിതമാം തപവും സതി
ജനമനോഹരമാം വ്രതവും തഥാ
അനഘമാസ്സരികെന്നതസാദ്ധ്യമാം
മനുജനായക ശാസനമെന്നിയേ.

പുത്രനെ താഴെ കിടത്തി അവൻെറ മേൽ തേരുരുൾ നടത്തി സ്വധർമ്മപരിപാലനംചെയ്ത രാജസിംഹൻെറ പരമ്പരയിൽ ഒരു പാപാത്മാവു് പിറന്നതായി മററു രാജാക്കന്മാരറിയുന്നതിന്നുമുമ്പായി ഇവനെ പ്രേതഭൂമിയിൽ കൊണ്ടുചെന്നു സംസ്കരിക്കുകയും വേശ്യാപുത്രിയായ മണിമേഖലയെ കാരാഗൃഹത്തിൽ പാർപ്പിക്കുകയും ചെയ്യുക.” ഇതുകേട്ട രാജകല്പന നടത്തുകയും ചെയ്തു.

——— :o: ———

# ഇരുപത്തിമൂന്നാം ഗാഥ.

## കാരാഗൃഹമോചനം.

അനന്തരം നയവചനങ്ങളാൽ പരഹൃദയാവൎജ്ജനം ചെയ്യുന്നതിൽ പാടവമേറിയ വാസന്തവയെന്നു പേരായ വൃദ്ധ പുത്രശോകാൎത്തയായ മഹാരാജ്ഞിയുടെ മുമ്പാകെ വന്നു വണങ്ങി അവളുടെ ഹൃദയശോകശമനാൎത്ഥം പല കഥകളും പറഞ്ഞു ഫലിപ്പിച്ചുവെങ്കിലും ദുഃഖപരിശാന്തിവരായ്കയാൽ പ്രതികാരാഭിലാഷിണിയായ രാജ്ഞി തന്റെ ഹൃദയശോകത്തെയടക്കി മണിമേഖലയെ ചതിയിൽപെടുത്തി ക്ലേശിപ്പിക്കണമെന്ന കരുതലിന്മേൽ രാജസന്നിധിയിൽചെന്നിപ്രകാരം പറഞ്ഞു. "മഹാരാജാവേ! മണിമേഖലയുടെ ഭിക്ഷുകിവേഷംകണ്ടു തന്നെത്താൻ മറന്ന ഉദയകുമാരൻ യുവരാജസ്ഥാനത്തിന്നു യോഗ്യനല്ല. അവൻ കട്ടംകൊലയേററു മരിപ്പാനൎഹൻതന്നെ. തന്റെ താരുണ്യദശയെ ഫലപ്പെടുത്താതെ ജ്ഞാനസമ്പാദനംചെയ്തു മണിമേഖലയെ കാരാഗൃഹത്തിൽ പാൎപ്പിക്കുന്നതു യുക്തമല്ല." രാജാവു്, "നിന്റെ ഹിതം അങ്ങിനെയാണെന്നു വരികിൽ അവളെ ബന്ധനത്തിൽ നിന്നു വേർപെടുത്തിക്കൊൾക." എന്നനുവദിക്കുകയും ചെയ്തു. അപ്രകാരം മഹാരാജ്ഞി അവളെ തടവിൽനിന്നു വിടുവിച്ചു രാജധാനിയിൽ കൊണ്ടുവരികയും, "നഗരവാസികളുടെ താഡനാദി ഹിംസകൾക്ക പാത്രീഭവിക്ക

ത്തക്കവണ്ണം ഇവൾക്കു ചിത്തഭ്രമമുണ്ടാക്കിത്തീർക്കണം" എന്നു കരുതി കൈവിഷം കൊടുക്കുകയും ചെയ്തു. അവൾക്കു ജന്മാന്തരജ്ഞാനമുണ്ടായിരുന്നതിനാൽ അല്പം പോലും പ്രജ്ഞാഭംഗമുണ്ടായതുമില്ല. തന്റെ പ്രയോഗം നിഷ്ഫലമായിത്തീർന്നതിനാൽ രാജ്ഞി പിന്നീട് മൂഢനായ ഒരു യുവാവിനെ വരുത്തി, "നീ മണിമേഖലയെ വല്ലുകണക്കിലും കൊലപ്പെടുത്തി 'മണിമേഖല എന്നെ കാമിച്ചു' എന്നു ബഹുജനങ്ങളെ പറഞ്ഞറിവിക്കുക." എന്നു ചട്ടംകെട്ടി പലതരം പൊൻനാണയങ്ങൾ കൈനിറയെ കൊടുക്കുകയും അവൻ അതുവാങ്ങി കൊലക്കൊരുങ്ങി മണിമേഖലയുടെ ഇരിപ്പിടത്തിലേക്കു ചെല്ലുകയും ചെയ്തു. അപ്പോഴവൾ "ഇവൻ രാജ്ഞിയുടെ ചതിയാലോചനയിന്മേൽതന്നെ വന്നതായിരിക്കേണം"മെന്നു നിശ്ചയിച്ചു രൂപാന്തരപ്രാപ്തിക്കുള്ള മന്ത്രം ജപിക്കുകയും ഒരു പുരുഷനായ്ത്തന്നെ സ്വസ്ഥാനത്തിലിരിക്കുകയും ചെയ്തു. ഇതുകണ്ടു് ആ ഭോഷന്റെ ഹൃദയം നടുങ്ങി "ഈ അന്തഃപുരത്തിൽ ഒരുവിധത്തിലും പുരുഷന്മാർക്കു പ്രവേശമില്ല. ഈ നിഷ്ഠുരബുദ്ധിയായ രാജ്ഞിയുടെ ദുർവ്വിചാരം എനിക്കറിവാൻ കഴിഞ്ഞില്ല." എന്നു കരുതി ഭയകമ്പിതനായിഉടനെ അവിടംവിട്ടു വെളിയിൽ ഓടിപ്പോകയും ചെയ്തു. ഇപ്പോഴും ശേഷം നിമിത്തം ക്രോധമൂർച്ഛിതയായ രാജ്ഞി ഉദ്ദേശ്യനായ തന്റെ പ്രിയസൂനുവിനെ മയക്കി മരണത്തിന്നിടയാക്കിയ ഇവളെ ഇനി ജീവനോടെ വെച്ചിരിക്കയില്ലെന്നുറച്ചു. "ഇവൾക്കു രോഗം വിഷമിച്ചിരിക്കയാൽ അന്നം അകത്തേക്കു ചെല്ലുന്നില്ല" എന്നൊരു പ്രസ്താവം

നടത്തി വ്യാജമായി ഒരു വ്യാധിയും കല്പിച്ച് ഒരു ഇരുട്ട റയിൽ പാർപ്പിച്ചു. അപ്പോൾ അവൾ തനിക്കു സിദ്ധിച്ചിട്ടുള്ള ക്ഷുൽബാധാശമനമന്ത്രശക്തിയാൽ ഒരു വാട്ടവും വരാതെ അതിൽ തന്നെ ഇരുന്നു. രാജ്ഞി അതു കണ്ടറിഞ്ഞു വിസ്മയവും ഭീതിയും കലൎന്ന് അവളെ വന്ദനം ചെയ്തു പറഞ്ഞു. "പുത്രവിയോഗത്തിന്നു വശംവദയായി തീൎന്നതുമൂലം ഞാൻ ഈ ദുഷ്കൃത്യങ്ങൾ ചെയ്തുപോയതാണ്. ഇവയെല്ലാം പൊറുത്തു നീ എന്നെ രക്ഷിച്ചുകൊള്ളണമെ" എന്നു പലവുരു പ്രാൎത്ഥിച്ചു. മണിമേഖല പറഞ്ഞു. "കഴിഞ്ഞ ജന്മത്തിൽ നീലപതിയുടെ ഗൎഭത്തിൽനിന്നുല്പന്നനായി ദൃഷ്ടിവിഷനാഗത്താൽ ദഷ്ടനായി മരിച്ച ഇരാകുലന്റെ വിയോഗം സഹിക്കവയ്യാതെ അഗ്നിപ്രവേശം ചെയ്തു ദേഹം ദഹിപ്പിച്ച കാലത്ത്,

കരഞ്ഞതെങ്ങു നീ ധാത്രീ, പതിസൂനുമരിക്കവേ
വനനാരീമണേ ചൊറുമതുതാത്തതു ചെയ്തു നീ 1
കരഞ്ഞതുടലിന്നായോ, പരംജീവനുവേണ്ടിയോ
ശരീരാൎത്ഥമതെന്നാകിൽ, താസാതവപുത്രനെ 2
എടുത്താപ്രേതഭൂവിങ്കലിട്ടവനായതാരവാൻ
പടുവാംജീവനെച്ചൊല്ലി, ചുടുന്നുചിത്തമെങ്കി
(ലോ 3
ജീവൻപൃഥക്കും ശരീരത്തിൽ, താവും ചൈതന്യമ
(സ്ഥാനം
ആരുന്നതല്ലറിഞ്ഞിടാ, ദേവനും കൎമ്മവൈഭവാൽ

കാരുണ്യമാജീവനിൽതാൻ ചേരുന്നാകിലതേവിധം
കാരുണ്യമുള്ളവാകേണം പ്രാണിവൎഗ്ഗത്തിലൊക്കവെ.

നിന്റെ കുമാരനെ ഒരു വിദ്യാധരൻവധിപ്പാൻ കാരണമായ ദുഷ്കൎമ്മം ഇന്നതെന്നു പറയാം. മുൻജന്മത്തിൽ ഓദനപാത്രം ചരിഞ്ഞുവീഴുമാറാകത്തക്കവണ്ണം കാൽ തെററി വീണ പാചകനെ വധിച്ച പാതകഫലം തന്നെ. അതേ ജന്മത്തിൽതന്നെ ദൃഷ്ടിവിഷനാഗം അവന്റെ പ്രാണവായുവിനെ പാനം ചെയ്കയും ഇജ്ജന്മത്തിൽ വിദ്യാധരന്റെ വാളിന്നിരയായിത്തീരുകയും ചെയ്തു. ഈ വൃത്താന്തമെല്ലാം എനിക്ക് അറിവായതെങ്ങിനെയെന്നും കേട്ടുകൊൾക." എന്നു തന്റെ ഉപവനപ്രവേശം മുതലായ സംഭവങ്ങളെ വിശദമായി പറഞ്ഞു ധരിപ്പിച്ചതിന്നു ശേഷം വീണ്ടും പറഞ്ഞു തുടങ്ങി. "നീ എനിക്കു ഉന്മാദമുറവാനുള്ള ഔഷധം നൽകി. ഞാൻ പൂൎവ്വജന്മജ്ഞാനമുള്ളവളാകയാൽ ഒട്ടും ചിത്തവിഭ്രമം ഭവിച്ചില്ല; നിന്റെ പ്രേരണയാൽ അജ്ഞനായ ആ യുവാവ് എന്റെ വസതിയിൽ വന്നപ്പോൾ രൂപാന്തരകരണിമന്ത്രശക്തിയാൽ പുരുഷരൂപം കൈക്കൊണ്ടു. യാതൊരു രോഗവും ബാധിച്ചിട്ടില്ലാത്ത എന്നെ വ്യാജമായി രോഗിണിയാണെന്നു കല്പിച്ച് ഇരുട്ടറയിലിട്ടടച്ചു. ക്ഷുത്തൃഡാൎത്തിഹാരിണിമന്ത്രസിദ്ധിയുണ്ടായിരുന്നതിനാൽ ആ ബാധയിൽ നിന്നും ഞാൻ നിവൃത്തിസമ്പാദിച്ചു. നീ മുജ്ജന്മത്തിൽ എന്റെ ഭൎത്താവായ ഇരാകുലന്റെ ജനനിയാകയാൽ നിന്റെ സന്താപമൊഴിച്ചു പാ

പശാന്തി പരത്തി സന്മാർഗ്ഗബോധം നൽകുവാനായിട്ടാ ണു ഞാൻ ആകാശമാർഗ്ഗത്തൂടെ ഗമിപ്പാനോ, ത്രപാന്ത രം കൈക്കൊൾവാനോ ഒരുങ്ങാതിരുന്നതു്; അത്രയുമ ല്ല; ലോകത്തിൽ ദുഃഖപ്രദങ്ങളായുള്ളവയേതെല്ലാമെ ന്നാൽ കാമം, കൊല, കള്ള്, പൊളി, കളവു്, എന്നി പഞ്ചശീലങ്ങൾ തന്നെ. ഇവയെ ത്യജിച്ചവരേ ശീലഗു ണസമ്പന്നന്മാരാകയുള്ളൂ.

വൈരമററു സമസ്തതത്വങ്ങളും
സൈ്വരമായിട്ടുണ്ണൻ ദരിദ്രരെ
കൂറൊടില്ലങ്ങൾ നൽകി പുലത്തുവോർ
പാരിൽ ജീവിപ്പോരെന്നറിഞ്ഞീടുക. 1

ചാരുകങ്കണം ചേരും കരദ്വയെ
പാരമയ്യോ വിശന്നവലഞ്ഞോർക്കു
ചോറുനൽകുന്ന ധന്യന്മാരല്ലയോ
പാരലൌകികജ്ഞാനം പുകഴ്ന്നുള്ളോർ. 2

ജീവരാശിയിലെല്ലാമൊരുപോലെ
താവും കാരുണ്യമുള്ളവരല്ലയോ
ഭൂവിൽസംസാരതാപത്തെ നീക്കുവാ-
നാവും ശാസ്ത്രാർത്ഥസാരം ഗ്രഹിച്ചവർ. 3

ചിത്തമായ വിറകിൽ പിടിപെട്ടു്
കത്തിക്കാളുന്ന പുത്രശോകാഗ്നിയെ

ശ്രോത്രമാർഗ്ഗത്തിൽ സുജ്ഞാനനീർവാഴ്ത്തി
സത്വരം നീ കെടുക്കേണമോമലേ” 4

ഇപ്രകാരമുള്ളസുഭാഷിതംകേട്ടു മഹാരാജ്ഞിയുടെ ക്ലേശമകന്നു ഹൃദയം തെളിഞ്ഞു മണിമേഖലയെ വണങ്ങി. അവൾ അതിനെ അംഗീകരിക്കാതെ “നീ എന്റെ ഭർത്തൃജനനിയാണെന്നുള്ളതിന്നുംപുറമെ മഹാരാജപത്നിയുമായിരിക്കുന്നതിനാൽ എന്നെ വന്ദനം ചെയ്യുന്നതു യുക്തമല്ല”. എന്നു അവളെ പുകഴ്ത്തി താനും സബഹുമാനം അഭിവാദ്യം ചെയ്തു.

# ഇരുപത്തിനാലാം ഗാഥ.

## ആപുത്ര ദേശഗമനം.

മണിമേഖലയെ കാംക്ഷിച്ചുകൊണ്ട് ഉലകവറവിയിൽ ചെന്ന ഉദയകുമാരൻ അവിടെവെച്ചു വിദ്യാധരന്റെ വാളിന്നിരയായിത്തീൎന്നതും മണിമേഖലയെ തടവിൽ വെച്ചതും കേട്ടു ചിന്താക്രാന്തയായ ചിത്രാപതി അവളുടെ ബന്ധനം വേർപെടുത്തേണമെന്നു കരുതി രാജ്ഞിയുടെ സമീപത്തിൽ ചെന്നു വണങ്ങി ഇപ്രകാരം പറഞ്ഞു. മഹാരാജ്ഞി! കോവലന്റെ മരണംമൂലം മാധവി തന്റെ വേശ്യാവൃത്തി വെടിഞ്ഞു താപസാശ്രമം പ്രാപിച്ചതും അവളുടെ പുത്രി മണിമേഖല കപാലഹസ്തയായി ഭവനം തോറും ഭിക്ഷയേററതും അവളെ ബാഹ്യജനങ്ങൾ അവമാനിപ്പാനും ഹസിപ്പാനും ഇടയായിത്തീൎന്നുവെന്നല്ലാതെ മറെറന്താണുള്ളത്; ഇതിന്നും പുറമെ ഉദയകുമാരന്നു മരണം നേരിട്ടതു തന്നെയല്ല, മണിമേഖലയാൽ ഇനി പട്ടണത്തിന്നു നേരിടുവാൻ പോകുന്ന ഒരു മഹാവിപത്തുകൂടിയുണ്ട്. അതു പറയാം.

പണ്ടൊരിക്കൽ ഇവിടെ കടലോരത്തിലുള്ള പൂന്തോട്ടത്തിൽ മഹാരാജാവു സൎവ്വാംഗസുന്ദരിയായ ഒരു തരുണീമണിയെ കണ്ടു കാമവശനായി അവളോടു ചേൎന്നു ആ ചോലയിൽതന്നെ സുഖിച്ചുവാണതിന്നുശേഷം അവൾ അദ്ദേഹത്തിന്റെ അനുമതി കൂടാതെ സ്വസ്ഥാന

ത്തിലേക്കു പോവുകയാൽ എവിടെയാനും ഒളിച്ചിരിക്കയാണെ ന്നു കരുതി അന്വേഷിച്ചുകൊണ്ടിരിക്കുമ്പോഠം അത്ഭുത കമ്മാവായ ഒരു ചാരണനെ അവിടെ കാണുമാറാവുക യും രാജാവു് അവനെ ചെന്നു വണങ്ങി ഇപ്രകാരം ചോ ദിക്കുകയും ചെയ്തു. "എന്റെ പ്രാണപ്രിയയായ ഒരു ത രുണി ഇവിടെ എങ്ങാനോ മറഞ്ഞു; അവഠം ഭവാന്റെ നയനങ്ങഠംക്കു വിഷയീഭവിച്ചുവെങ്കിൽ പറയുക;" ചാര ണൻ, "ആ വനിതയെ ഞാനിപ്പോഠം കാണുകയുണ്ടാ യില്ലെന്നിരിക്കിലും മുമ്പറിഞ്ഞിട്ടുണ്ടു്; അവഠം നാഗ ലോകാധിപനായ 'വളവണ'നെന്ന തന്റെ ദേവിയായ 'വാസമയില'യിൽ ഉല്പന്നയായ 'പീലിവള' എന്നവ ളാണു്; അവളുടെ ജന്മദിനത്തിൽ ഒരു ഗണകൻ അവ ളുടെ ജാതകത്തെ സംബന്ധിച്ചു്, "ഇവഠം ഇവിടം വിട്ടു പോയി സൂര്യവംശജാതനായ ഒരു നരപാലന്റെ പ്രിയ തമയായി എതാനും കാലം രമിച്ചു ഗർഭധാരണം ചെയ്തു തിന്നുശേഷം മടങ്ങിവരും" എന്നു രാജാവിനോടു മുമ്പു പറഞ്ഞിട്ടുണ്ടു്. നിന്റെ കാമിനി അവഠം തന്നെ. ഇനി അവളിൽ ഉണ്ടായ പുത്രൻ മാത്രമേ ഇവിടെ വരികയു ള്ളൂ. അവഠം വരികയില്ല നീ ചിത്തചാഞ്ചല്യം കൂടാതി രിക്കുക. ഇനിയും ഒന്നു കേട്ടുകൊഠംക. ഇന്ദ്രോത്സവം പ തിവുപോലെ നടത്താതെ മുടക്കം വരുന്ന കാലത്തു മ ണിമേഖലാദേവിയുടെ ആജ്ഞയാൽ നിന്റെ നഗരം കടലെടുത്തുപോകും. അനിവാര്യമാകുംവണ്ണം ഇന്ദ്രശാപ വും നേരിടുന്നതാണു്. അതിനാൽ എന്റെ വാക്യം പ്ര മാണികരിച്ചു് ഈ പുരിക്കു പാരാവാരാശിയിൽ നിന്നു വില

യം വരാത്ത വിധം സംവത്സരംതോറും വിഘ്നംവരാതെ മഹേന്ദ്രോത്സവം നടത്തി വരിക.” ഇങ്ങിനെ ഉപദേശിച്ച ചാരണൻ പോവുകയും ചെയ്തു. അന്നു മുതൽ നാഗരവാസികളെല്ലാവരും ഈ പട്ടണത്തിന്നെപ്പോഠം നാശം വന്നു ഭവിക്കുമോ എന്നു ചിന്തിച്ചു ഭയകമ്പിതന്മാരായി തന്നെ കഴിയുന്നു. തന്റെ നാമധേയത്തെ വഹിച്ചിരിക്കുന്ന തരുണിക്കു മനഃക്ലേശം നേരിടുന്നതായാൽ അതിനെ പരിഹരിപ്പാൻ മണിമേഖലാദേവി ഇവിടെ സന്നിധാനം ചെയ്യാനിടയുണ്ടെന്നു കരുതി എന്റെ ഹൃദയവും നടുങ്ങുന്നു. എതായാലും പരിശുദ്ധമാനസയായി തീൎന്നിട്ടുള്ള ആ വാരനാരിയെ എന്റെ മന്ദിരത്തിലേക്കു കൂട്ടിക്കൊണ്ടു പോവാനാജ്ഞാപിച്ചാലും” എന്നപേക്ഷിച്ചു രാജ്ഞി.

കള്ളും കരളയും കാമം കളവും കൊലയെന്നിവ
ഉള്ളം പാരമുണൎന്നോരാൽ, തള്ളപ്പെട്ടവയല്ലയോ.

മാന്യജീവിതമായംഗീകരിക്കപ്പെട്ടിട്ടുള്ള നിന്റെ വേശ്യാവൃത്തിയെ നികൃഷ്ടമെന്നു കരുതി നിഷേധിച്ചു പോയിട്ടുള്ളവഠം നിന്റെ ഭവനത്തിലേക്കു വരുന്നതെങ്ങിനെ. ഇവഠം എന്നോടൊന്നിച്ചിരിക്കേണ്ടവളാണ്.” ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കെ മണിമേഖലയുടെ കഷ്ടാവസ്ഥകഠം കേട്ടു മാധവി ശ്രുതമതിയോടു തന്റെ സങ്കടം പറയുകയും അവളോടൊന്നിച്ച് അറവണസ്വാമികളെ ചെന്നു കണ്ടു വൃത്താന്തമുണൎത്തിച്ചശേഷം അദ്ദേഹത്തെ പുരസ്കരിച്ചുകൊണ്ടു മണിമേഖലയുടെ കാരാഗൃഹ

വാസമൊഴിപ്പാനായി മഹാരാജ്ഞിയുടെ സമീപത്തിൽ ചെല്ലുകയും ചെയ്തു. രാജ്ഞി അദ്ദേഹത്തെ കണ്ടമാത്രയിൽ എഴുന്നേററു ചെന്നെതിരേററു പാദങ്ങളിൽ നമസ്കരിച്ചു. അദ്ദേഹം, "നിണക്കു വിജ്ഞാനം ഭവിക്കട്ടെ" എന്നാശീർവ്വദിച്ചു. രാജ്ഞി അദ്ദേഹത്തെ ഒരു വിശിഷ്ടമായ ആസനത്തിന്മേലിരുത്തി പാദക്ഷാളനാദ്യുപചാരങ്ങൾ ചെയ്ത് "എൻെറ പുണ്യവിശേഷം തന്നെയാണ മഹാത്മാവായ നിന്തിരുവടിയെ ഇവിടേക്കെഴുന്നെള്ളിച്ചത്. വാക്കിന്നല്പംപോലും തളച്ചയില്ലെന്നിരിക്കിലും വാർദ്ധക്യം കൊണ്ടു തളൎന്ന ഈ തിരുമേനി ബഹുകാലം നശ്വരമാകാതിരിക്കേണമേ" എന്നു പ്രാൎത്ഥിച്ചു. അദ്ദേഹം "ജ്ഞാനദീതപസ്സരിരത്തെ അവലംബിച്ചിരുന്നിട്ടും അസ്തോന്മുഖനായ ഭാസ്കരനെപ്പോലെ ആയിത്തീൎന്നിരിക്കുന്നു.

ജനനം വാൎദ്ധക്യം പുന
രണയും രോഗങ്ങളാലെഴും വ്യഥയും
മരണവുമുള്ളവാകുന്നതു
ധരണിയിലേവൎക്കുമുള്ളതെന്നറിക."

എന്നു പറഞ്ഞു പന്ത്രണ്ടു നിദാനങ്ങൾ അവളെ ഗ്രഹിപ്പിക്കുകയും എപ്പോഴും സദ്ധൎമ്മങ്ങൾ കേട്ടറിഞ്ഞ് അപ്രകാരം തന്നെ നടക്കേണമെന്നുപദേശിക്കയും ചെയ്തതിന്നുശേഷം അവിടെ സന്നിഹിതയായിരുന്ന മണിമേഖലയോടു പറഞ്ഞു. "മററു മതങ്ങളുടെ ധൎമ്മങ്ങളെല്ലാം നീ ഗ്രഹിച്ചതിന്നു ശേഷം ഈ ധൎമ്മങ്ങളും ഇവയുടെ അവാന്തരഭേദങ്ങളും ഞാൻ നിണക്കുപദേശിക്കാം."

എന്നരുൾചെയ്തു് സ്വാമികൾ നിഷ്ക്രമിപ്പാൻ ഭാവിച്ചപ്പോൾ മണിമേഖല അദ്ദേഹത്തേയും രാജ്ഞിയേയും ലക്ഷ്യമാക്കി ഇപ്രകാരം പറഞ്ഞു. "സ്വാമികൾ അരുളിച്ചെയ്ത സദുപദേശങ്ങളെ എപ്പോഴും ധാരണയിൽ വെപ്പിൻ. അപ്രകാരംതന്നെ അനുഷ്ഠിപ്പിൻ; ഞാൻ ഈ നഗരത്തിൽ വസിക്കുന്നതായാൽ 'ഇവൾ ഉദയകുമാരന്റെ ക്രൂരകാരിയായിരുന്നു'വെന്നു ജനങ്ങൾ പറയും; അതിനാൽ ഇനി ഇവിടെ വാസംചെയ്യുന്നതല്ല. ഇവിടം വിട്ടു് ആപുത്രനാട്ടിൽ ചെല്ലുകയും അവിടെനിന്നു മണിപല്ലവത്തിൽ പോയി ബുദ്ധപീഠദർശനം ചെയ്യുകയും പിന്നീടു വഞ്ചിനഗരം പ്രാപിച്ചു വഞ്ചീശ്വരിയെ വണങ്ങുകയും ചെയ്തശേഷം ദേശാടനം ചെയ്തു സൽകർമ്മങ്ങളനുഷ്ഠിപ്പാനൊരുങ്ങിയിരിക്കുന്നു, എനിക്കു വല്ല പ്രതിബന്ധങ്ങളും നേരിടുമെന്നു് ഒരിക്കലും ശങ്കിക്കേണ്ട." പിന്നെ അവൾ അവരെ വന്ദിച്ചു സൂര്യാസ്തമനത്തിനുശേഷം ഉലകഅറവിയേയും, ചമ്പാപതിയേയും, സ്തംഭദേവതയേയും പ്രദക്ഷിണംചെയ്തു കൂപ്പിസ്തുതിച്ചു് ആകാശമാർഗ്ഗത്തൂടെ ചെന്നു് ഇന്ദ്രവംശപരമ്പരയിൽ ജാതനായ പുണ്യരാജന്റെ നഗരത്തിലുള്ള ബോധ്യോദ്യാനത്തിലിറങ്ങി വിശ്രമിച്ചു് അവിടെ വാസം ചെയ്യുന്ന ഒരു മുനീശ്വരനെ തൊഴുതു് ആ നഗരത്തേയും അവിടെ വാഴുന്ന രാജാവിനേയും സംബന്ധിച്ച വിവരങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു. "നാഗപുരമെന്നാണിതിന്റെ പേർ. ഇതിൽ വാഴുന്നതു ഭൂമിചന്ദ്രന്റെ സുതനായ പുണ്യരാജൻ. ഇവന്റെ ജനനംമുതൽ ഈ നാട്ടിൽ വർഷക്കുറവുണ്ടായിട്ടില്ല. വൃക്ഷലതാദികൾ പുഷ്പഫലപ്രദങ്ങളായി ഭവിച്ചു. യാതൊരു ജീവികൾക്കും ക്ലേശമുണ്ടായില്ല. എന്നു രാജമാഹാത്മ്യങ്ങളെ അവളോടു വിസ്തരിച്ചു പറഞ്ഞു.

## ഇരുപത്തഞ്ചാം ഗാഥ.

### ആപുത്രനോടൊന്നിച്ച മണിപല്ലവത്തിൽ ചെന്നത്.

ഇങ്ങിനെ മണിമേഖല മുനിവരനുമായി സംഭാഷണംചെയ്തുകൊണ്ടിരിക്കെ പുണ്യരാജൻ പട്ടമഹിഷിയോടൊരുമിച്ച് ആ ചോലയിലെഴുന്നെള്ളി, ധൎമ്മശാണകനെന്ന ആ താപസന്റെ അരികെ ചെന്നു.

പുണ്യപാപങ്ങളനിത്യവും നിത്യവും
പിന്നെ ദുഃഖം സുഖം ജീവന്നെഴും ഗതി
സംസാരനിമിത്തമുണ്ടാകുന്ന ഭാവന
സംഗം ത്യജിച്ചീടിലുണ്ടാസ്വതം സുഖം
ആചാൎയ്യഭാവത്തിനുള്ള വൈശിഷ്ട്യവും
ആചാരപൂൎവ്വകം ചോദിച്ചനന്തരം.

മണിമേഖലയെ കണ്ട്, "ഇവളുടെ സൌന്ദൎയ്യം അലൌകികമായിരിക്കുന്നു; കപാലഹസ്തയായി ഭിക്ഷ യാചിക്കുന്നു; ഇവളാരാണ്?" എന്നു ചോദിച്ചപ്പോൾ അരികെ നിന്നിരുന്ന കഞ്ചുകിപ്രധാനൻ! രാജാവിനോടുണൎത്തിച്ചു "ഇവൾക്കു സാദൃശ്യം ചൊല്ലുവാനൊരുത്തിയുമില്ല; ഞാൻ മുമ്പൊരുകാലത്ത് ഉദയകുമാരന്റെ പിതാവായ 'കിള്ളിവളവ'നോട് സഖ്യം ലഭിക്കണമെന്നുള്ള മോഹത്തിന്മേൽ കാവിരിപ്പൂമ്പട്ടണത്തിൽ ചെന്നസമയം അറവണസ്വാമികൾ ഇവളുടെ വൃത്താന്തങ്ങളെ എന്നോട് വിസ്തരിച്ചു പറഞ്ഞതായി ഞാൻ സ്വാമിയെ ഉണൎത്തിയിട്ടുണ്ടു; അവൾതന്നെ ഇവൾ" അപ്പോൾ മണിമേഖല

പുണ്യരാജനോടു പറഞ്ഞു:— "നിൻെറ കയ്യിലിരുന്ന പാത്രംതന്നെയാണു് എൻെറ കയ്യിൽ വന്നതു്; എന്തുചെയ്യാം; ഐശ്വൎയ്യമത്തനായതുകൊണ്ടു നിനക്കു വിസ്മൃതി വന്നേക്കും. മണിപല്ലവദ്വീപിൽ ചെന്നു ബുദ്ധപീഠദൎശനം ചെയ്തതിന്നുശേഷമല്ലാതെ നിൻെറ പൂൎവ്വജന്മജ്ഞാനം ലഭിക്കുന്നതല്ല; അതിനാൽ നീ അങ്ങോട്ടു വരിക; ഞാൻ ഇപ്പോൾതന്നെ പോകുന്നു" എന്നു പറഞ്ഞു് ആകാശമാൎഗ്ഗമായി ചെന്നു സൂൎയ്യാസ്തമനത്തിന്നുമുമ്പുതന്നെ മണിപല്ലവത്തിലിറങ്ങി ബുദ്ധപീഠത്തെ സന്ദൎശിച്ചു തൻെറ ജന്മാന്തരവൃത്താന്തജ്ഞാനലാഭത്തെ അനുസ്മരിച്ചു ഹൎഷോൽഫുല്ലതപരവശയായി അവിടെത്തന്നെ ഇരുന്നു. പുണ്യരാജൻ ആ ചോലയിൽനിന്നു നഗരത്തിലേയ്ക്കു ചെന്നു ഭൂമിചക്രമന്നവൻെറ പത്നിയും തൻെറ ധാത്രിയുമായ അമരസുന്ദരിയെക്കണ്ടു തൻെറ ഉത്ഭവം മുഴുവനും അവരോടു ചോദിച്ചറിഞ്ഞതുമൂലം രാജപദവിയിൽ വിരക്തനായി സന്ന്യാസവൃത്തി കയ്ക്കൊള്ളുവാനൊരുങ്ങി. ഈ അഭിപ്രായമറിഞ്ഞു ജനമിത്രനെന്ന മന്ത്രി രാജാവിനോടു വിനയാന്വിതനായി പറഞ്ഞു:- "സ്വാമിൻ! ഭവാൻെറ ജനനത്തിന്നുമുമ്പു് ഈ നാട്ടിൽ പന്തിരണ്ടു കാലം മഴയില്ലാതെയിരുന്നു. ക്ഷാമം വെന്തു സൎവ്വപ്രാണികളും തപിച്ചുകൊണ്ടിരുന്നു. അക്കാലത്തായിരുന്നു ഇവിടത്തെ ജനനം. അതിന്നുശേഷം ഈ നാട്ടിൽ സൎവ്വവും സമൃദ്ധിയായി വരികയും, ജീവരാശികൾ ദുഃഖമകന്നു സുഖിക്കുകയും ചെയ്തു. അങ്ങുന്നു് ഇവിടം വിട്ടുപോകുന്നതായാൽ സൎവ്വജീവികളും മാതാവിനെ പിരിഞ്ഞ ശിശുക്കളെപ്പോലെ സങ്കടപ്പെട്ടു വലയും.

ഈവിധമുള്ള ജനങ്ങളുടെ രക്ഷയെ ഗണിക്കാതെ സ്വാൎത്ഥിയായിപ്പോകുന്നതു യുക്തമല്ല.

ആത്മാവിൽ കൃപ കലരാതെകണ്ടു മറ്റു-
ള്ളാത്മാക്കൾക്കിതമരുളേണമെന്നു കണ്ട്
ആത്മാവിൽ കരുണ കവിഞ്ഞു കാമജിത്താ
മാത്മജനെന്നുമതധൎമ്മമല്ലിതോൎത്താൽ.

മന്ത്രിയുടെ ഗുണദോഷവാക്യം കേട്ട മാനവേന്ദ്രൻ, "മാഹാത്മ്യമേറിയ മണിപല്ലവത്തെ പ്രദക്ഷിണം ചെയ്യണ"മെന്ന് എനിക്കുണ്ടായിട്ടുള്ള മോഹം അനിവാൎയ്യമാകയാൽ ഞാൻ അവിടേയ്ക്കു പോകുന്നു; അതിനായി ഒരുമാസം വരേയ്ക്കും ഈ നഗരത്തെ പരിപാലിക്കേണ്ടതു നിന്റെ ചുമതലയാണ്." ഇങ്ങിനെ കല്പിച്ചു യാത്രയുടൻ കപ്പൽ കയറി മണിപല്ലവത്തിൽ ചെന്നിറങ്ങി. ഉടനെ മണിമേഖല വന്ന് അദ്ദേഹത്തെ എതിരേറ്റുകൊണ്ടു ചെന്ന് ആ ദ്വീപിനെ പ്രദക്ഷിണം ചെയ്യിച്ചു ജന്മാന്തരചരിത്രദ്യോതകമായ ധൎമ്മപീഠത്തെ കാട്ടിക്കൊടുക്കുകയും, രാജാവ് അതിനെ പ്രദക്ഷിണനമസ്കാരപൂൎവ്വകം സ്തുതിക്കുകയും ചെയ്തു. അപ്പോൾ ആ പീഠത്തിന്റെ സാന്നിദ്ധ്യത്താൽ അദ്ദേഹത്തിന്നു ജന്മാന്തരവൃത്താന്തസ്മരണമുണ്ടാകുകയും ചെയ്തു. തന്നിമിത്തം വിസ്മയപരതന്ത്രനായി പൂൎവ്വജന്മത്തിൽ അമൃതസുരഭിയെ നൽകിയ ചിന്താദേവിയെ സ്തുതിച്ചു മണിമേഖലയുമായി പുറപ്പെട്ടു തെക്കുപടിഞ്ഞാറോട്ടു ചെന്നു ഗോമുഖീനദീതീരത്തുള്ള പുന്നാഗമരത്തണലിലിരിക്കുമ്പോൾ രാജപുത്രനോടൊന്നിച്ചു മണിമേഖല അവിടെ വന്നിട്ടുള്ളതായറിഞ്ഞു ദ്വീപതിലകയും ആ തരുമൂലത്തിൽ ചെന്ന് അ

വരോടു പറഞ്ഞു: "അമൃതസുരഭിയും കൊണ്ടാണ് ജീ
വികളെ പരമസങ്കടത്തിൽനിന്നുദ്ധാരണംചെയ്തു. മഹാ
ത്മാവേ! ഈക്കാലത്തിൽ വിസ്മൃതിമൂലം ഈ ദ്വീപിൽ
നിന്നെ തനിയെ വിട്ടുംവെച്ചു കപ്പൽ കയറി പോവുക
യും പിന്നെ സ്മരണയുണ്ടായപ്പോൾ മടങ്ങിവരികയും
നീ ഇവിടെ വെച്ചു പരലോകം പ്രാപിച്ചതായറിഞ്ഞ് ഇ
വിടെത്തന്നെ പ്രാണനെ ത്യജിക്കയും ചെയ്തു കമ്പള
ചെട്ടികളുടെ ശരീരാസ്ഥികൾ ഇതാ കിടക്കുന്നു. അവ
രാൽ മുക്തി നൽകപ്പെട്ടവരും ഉടനെ അവരെ പിന്തു
ടർന്നുവന്നവരുമായ ചിലർ തങ്ങളുടെ അന്നദാതാക്കൾ മൃ
തരായിരിക്കുന്നുവെന്നറികയാൽ അവരും ദേഹത്യാഗം
ചെയ്തു. അവരുടെ അസ്ഥികളാണിക്കാണുന്നത്. അല
യടിച്ചു മണൽ കയറിക്കിടക്കുന്ന ഈ പന്നമരച്ചുവട്ടിൽ
നിന്റെ പൂർവ്വശരീരമുണ്ടായിരുന്നു. അതിനെ പരിശോ
ധിച്ചുനോക്കുക.

തന്നിൽ കനിഞ്ഞു തരസാ നിധനിച്ചതെന്നെ
പിന്നീടു വന്നവരെയും ബത കൊന്നു വേഗാൽ
അന്നത്ര ഘോരഘനനത്തിനു പാത്രമാം നീ
ഇന്നിത്തരം ഭുവനപാലനമാചരിപ്പൂ."

പിന്നെ അവൾ മണിമേഖലയോടു പറഞ്ഞു.
കാവിരിപ്പൂമ്പട്ടിനം കടലിൽ മുഴുകിപ്പോയി. അതിനു
കാരണമെന്തെന്നാൽ, നാകനാട്ടരചന്റെ മകളായ പീ
ലിവളയെന്ന രാജകുമാരി തന്റെ പുത്രനോടുകൂടി വന്ന്
ഈ ദ്വീപത്തെ പ്രദക്ഷിണംചെയ്തു ബുദ്ധപീഠത്തെ സ്തു
തിച്ചുകൊണ്ടിരിക്കെ 'കമ്പളച്ചെട്ടി'യുടെ കപ്പൽ ഇവി
ടെ വന്നണയുകയും പീലിവള അവന്റെ അരികെ ചെ

ന്നു, "ഇവൻ രാജകുമാരനാണ്; ഇവനെ 'നെടുമുടിക്കിള്ളി' ച്ചോഴൻവംശം എല്ലിക്കേണം." എന്നു ശബ്ദംകേട്ടുകയും, അവൻ അത്യന്തം സന്തോഷിച്ചു ബാലനെ കൈക്കൊണ്ടു കപ്പലോടിച്ചുപോകുമ്പോൾ അബ്ധിമദ്ധ്യത്തിൽ വെച്ച് അതു് പൊളിഞ്ഞുപോകയും, ചെയ്തു. അതിലുണ്ടായിരുന്നവരിൽ ചിലർ എങ്ങിനെയോ തെററിപ്പിഴച്ചു കാവിരിപ്പൂമ്പട്ടിനത്തിൽ ചെന്നുചേന്നു രാജകുമാരന്റെ നാശം സംഭവിച്ച വിവരം രാജാവിനോടറിയിച്ചു. അസഹ്യമായ പുത്രവിയോഗത്താൽ മോഹാന്ധനായ മന്നവൻ വാരിധിതീരത്തിൽ കുമാരനെത്തിരഞ്ഞു ചുററിനടന്നുകൊണ്ടിരുന്നതിനാൽ മാമൂൽപ്രകാരം നിശ്ചിതകാലത്തു മഹേന്ദ്രപ്രസാദത്തിനായി നടത്തിവരുമാറുള്ള മഹോത്സവത്തിനു മുടക്കം സംഭവിച്ചു. തന്നിമിത്തം മണിമേഖലാദേവി കോപിച്ച്, "ഈ നഗരം കടലെടുത്തുപോകുമാറാകട്ടെ" എന്നു ശപിക്കുകയും അപ്രകാരം നഗരമൊട്ടൊഴിയാതെ ആഴിയിൽ മുഴുകിപ്പോകയാൽ അരചൻ അവിടം വിട്ടു മാറിപ്പോകയും ചെയ്തു. അറവണസ്വാമിയോടൊരുമിച്ചു മാധവിയും ശ്രുതമതിയും നിർവ്യാകുലഹൃദയന്മാരായി പ്രയാണംചെയ്തു വഞ്ചിനഗരത്തിലും ചെന്നുചേന്നു." ഇങ്ങിനെ പറഞ്ഞ് അവൾ അവിടെനിന്നു പോയപ്പോൾ പുണ്യരാജൻ താനിരുന്ന ഭാഗത്തുള്ള മണൽ നീക്കിനോക്കുകയും അവിടെ ഉണ്ടായിരുന്ന തന്റെ പൂർവ്വശരീരാസ്ഥികൂടം പ്രത്യക്ഷീഭവിക്കയാൽ അവർ നിസ്സംശയനായിത്തീരുകയും ചെയ്തു. മണിമേഖല അദ്ദേഹത്തെ ആശ്വസിപ്പിച്ചു ധർമ്മോപദേശം ചെയ്തു നഗരത്തിലേയ്ക്കയച്ചതിന്നുശേഷം വഞ്ചിനഗരത്തിലേക്കായി വ്യോമമാർഗ്ഗത്തിൽക്കൂടെ പോകയും ചെയ്തു.

# ഇരുപത്തി ആറാം ഗാഥ

## വഞ്ചിനഗരപ്രവേശം.

മണിമേഖല ചെന്നു വഞ്ചിനഗരത്തിന്റെ ബഹിർഭാഗത്തിലിറങ്ങി തന്റെ മാതാപിതാക്കന്മാരായ കണ്ണകിയേയും കോവലനേയും കാണേണമെന്നുള്ള മോഹത്തിന്മേൽ ദേവായതനത്തിന്നകത്തു ചെന്നു കണ്ണകിയെ കുപ്പി സ്തുതിച്ചു ചോദിച്ചു. "ഭർത്തൃനിധനം ശ്രവിച്ചമാത്രയിൽ പ്രാണത്യാഗം ചെയ്യാതേയും വൈധവ്യമനുഷ്ഠിക്കാതേയും ക്രോധവശയായി മധുരാപുരിയുടെ നിധനം ചെയ്വാൻ കാരണമെന്തെന്നരുളിച്ചെയ്യേണമേ" എന്നു പ്രാർത്ഥിച്ചപ്പോൾ പതിദേവതയായ കണ്ണകി, "എന്റെ നാഥനു നേരിട്ട നിധനംമൂലം അസഹ്യമായി തീർന്ന ഹൃദയവ്യഥയാൽ മധുരാനഗരിയെ ഭസ്മീകരിപ്പാനൊരുങ്ങിയപ്പോൾ ആ നഗരത്തിന്റെ അധിദേവതയായ മധുരാപതി എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു ജന്മാന്തരകൃതമായ ദുഷ്കർമ്മത്തിന്റെ ഫലമായിട്ടാണെനിക്കീദുഃഖമനുഭവിക്കേണ്ടിവന്നതെന്നും ആ കർമ്മം ഇന്നതാണെന്നും പറകയുണ്ടായി. അതു നിന്നോടു പറയാം കേട്ടുകൊൾക.

"പണ്ടു കലിംഗദേശാന്തർഗ്ഗതമായ സിംഹപുരത്തിന്നധിപനായ വസുവും കപിലപുരാധീശനായ കുമാരനും തമ്മിൽ വൈരംമുഴുത്തു പോർചെയ്യാനിടയായി; അപ്പോൾ ഭാര്യയോടുകൂടി സിംഹപുരത്തിലുള്ള പണ്യവീഥി

യിൽചെന്നു വ്യാപാരംചെയ്തുകൊണ്ടിരുന്ന സംഗമനെന്ന വണിക്കിന്റെ പേരിൽ അസൂയവെച്ച് ആ നഗരത്തിലെ രാജാവിന്റെ ആജ്ഞാകരനായ ഭരതൻ “ഇവൻ നമ്മുടെ ശത്രുവിന്റെ ഒറ്റുകാരനാകുന്നു” എന്നു രാജാവിനെ തെറ്റിദ്ധരിപ്പിച്ചു നിരപരാധിയായ സംഗമനെ കൊലചെയ്യിച്ചു. സംഗമന്റെ പത്നിയായ നീലി അതുകേട്ടു സങ്കടം സഹിക്കവയ്യാതെ ഒരു മലയുടെ മുകളിൽ കയറി താഴെവീണു മരിപ്പാൻ നിശ്ചയിച്ച് “ഈവിധം നിരപരാധികളായ ഞങ്ങൾക്കു മരണസങ്കടമുണ്ടാക്കിത്തീർത്തവർ വരുന്ന ജന്മത്തിൽ ഈ ദുഃഖംതന്നെ അനുഭവിക്കട്ടെ” എന്നു ശപിച്ചുംകൊണ്ടു ജീവത്യാഗംചെയ്തു. ആ ഭരതൻതന്നെ കോവലനായി ജനിച്ചു; ആ പാപംനിമിത്തം ഞങ്ങൾക്ക് ഈ ദുഃഖം അനുഭവിക്കേണ്ടിവന്നു. പൂർവ്വജന്മാർജ്ജിതകർമ്മഫലങ്ങൾ ഏവനും അനുഭവിച്ചേ തീരൂ” ആ ദേവി ഈവിധം അരുളിച്ചെയ്തതിനു ശേഷവും എന്റെ അമർഷം ശമിക്കാതെ ആ നഗരത്തെ ഭസ്മീകരിക്കയാണു ചെയ്തതു്. പൂർവ്വപുണ്യപരിപാകത്താൽ ഞാനും എന്റെ പ്രിയതമനും ദിവ്യശരീരം ലഭിച്ചു ദേവലോകത്തിൽചെന്നു. ഈ പുണ്യഫലാനുഭവത്തിന്റെ അന്ത്യത്തിൽ ക്രോധജന്യമായ പാപത്തിന്റെ ഫലവും അനുഭവിക്കേണ്ടിവരുന്നു. ഇങ്ങിനെ ജനിച്ചും മരിച്ചും പുണ്യമൊടുങ്ങുമ്പോൾ പാപഫലത്തെയും പാപഫലാന്ത്യത്തിൽ പുണ്യഫലത്തെയും ഭുജിച്ചുകൊണ്ടു് ഉഴലേണ്ടിവരും. പിന്നീടു മഗധദേശത്തു കപിലവസ്തുവിൽ ബുദ്ധദിവാകരൻ ഉദയംപ്രാപിച്ചു ബോധിവൃക്ഷമൂലത്തിൽ എ

ഴുന്നരുളി സത്യചതുഷ്ടയഭേദങ്ങളറിഞ്ഞു ദ്വാദശബന്ധങ്ങളുടെ ഉല്പത്തികളേയും നാശത്തേയും വെളിവിലുപദേശിച്ചു ഭൂചക്രവാളമൊട്ടൊഴിയാതെ ധർമ്മരശ്മികളെ പരത്തുന്നകാലത്തു നാം ആ സദുപദേശങ്ങളെ കേട്ടു നിസ്സംഗന്മാരായി നിർവ്വാണപദം പ്രാപിക്കും. പണ്ടു കാവിരിപ്പൂമ്പട്ടിനത്തിൽ ബുദ്ധചൈത്യത്തിലുള്ള ഇന്ദ്രവിഹാരങ്ങളേഴിനേയും നിന്റെ പിതാവിനോടൊന്നിച്ചു ദർശനംചെയ്ത പുണ്യത്താൽതന്നെയാണ് ഈ ഫലം ലഭിപ്പാനിടയായതു്. നമ്മുടെ നിർവ്വാണപ്രാപ്തി പലനാൾ ചെന്നതിനു ശേഷമാണെന്നിരിക്കിലും അക്കാലംവരെക്കും പല സിദ്ധികളേയും ചെയ്തുകൊണ്ടിരിക്കേണം. അത്രയുമല്ല; നീ ഈ നഗരത്തിലുള്ള പല മതവാദികളും സിദ്ധാന്തിക്കുന്ന മാർഗ്ഗങ്ങളെ മുഴുവൻ കേട്ടു് അവയിലൊന്നിലും പരമാത്മബുദ്ധി ജനിക്കായ്കയാൽ ഒടുവിൽ ബുദ്ധമതത്തെ അനുസരിക്കും.” പിന്നെ മണിമേഖല മാതാവിനെ തൊഴുതു്, മന്ത്രസിദ്ധിയാൽ ഒരു താപസവേഷംപൂണ്ടു.

ചേലാർന്നിടുന്നൊരു ദേവാലയങ്ങളും
ശാലാവിശേഷങ്ങൾ വേദികാജാലവും
മാമലർക്കാവുമംഭോജിനീജാലവും
ശ്രീമതമാന്ന നാടെങ്ങും നിറക്കവെ
മാമുനിശ്രേഷ്ഠരും വിദ്വജ്ജനങ്ങളും
ധീമതമേറുന്ന സല്ക്കവിപ്രൌഢരും
ഒന്നിച്ചിരുന്നു ധർമ്മാസനം വാഴുന്ന
ധന്യനാം ചെങ്കുട്ടുവൻ ചേരമന്നവൻ

കണ്ണകീദേവിതാനിങ്ങുനിന്നങ്ങുസാ
വിണ്ണേറപൂക്കാളെന്ന മൂലമദ്ദേവിതൻ
പുണ്യമാം വിഗ്രഹം ക്ഷേത്ര്യാംപ്രതിഷ്ഠിച്ച
പുണ്യശീലൻ വൈരിഹന്താമഹാബലൻ
തന്നുടെ വിഖ്യാതി പൊങ്ങിപ്പുകഴ്ന്നിട്ടും
വന്നമപ്പത്തനം പൂകിനാൾമെല്ലവെ.

# ഇരുപത്തേഴാം ഗാഥ.

---

## മതവാദശ്രവണം.

---

മണിമേഖല വഞ്ചിപുരത്തിലുള്ള മതവാദികളുടെ സംഘത്തിൽ ചെല്ലുകയും അവരാൽ സബഹുമാനം സ്വീകരിക്കപ്പെടുകയും ചെയ്തതിന്നുശേഷം അവരുടെ സമയതത്വങ്ങളെ ഗ്രഹിക്കണമെന്നുള്ള തന്റെ അഭിലാഷം അവരോടറിവിച്ചു്, ഒന്നാമതായി വൈദികമാൎഗ്ഗവൎത്തികളായ മതാചാൎയ്യന്മാരോടു പ്രമാണസിദ്ധാന്തങ്ങളെ പ്രതിപാദിപ്പാനാവശ്യപ്പെടുകയും അവർ ഉപന്യസിക്കയും ചെയ്തു.

1. <u>പ്രമാണവാദം</u>:—വേദവ്യാസൻ ദശപ്രമാണങ്ങളേയും, കൃതകോടി (ബോധായനൻ) അഷ്ടപ്രമാണങ്ങളേയും, ജൈമിനി ഷൾപ്രമാണങ്ങളേയും പ്രതിപാദിച്ചു. പ്രത്യക്ഷം, അനുമാനം, ഉപമാനം, ആഗമം, അൎത്ഥാപത്തി, സ്വഭാവം, ഐതിഹ്യം, അഭാവം, പാരിശേഷികം, സംഭവം ഈ പത്തു പ്രമാണങ്ങളാൽ പദാൎത്ഥതത്വഗ്രഹണം സാധിക്കുന്നു. (1) പ്രത്യക്ഷം അഞ്ചുവിധം. നേത്രങ്ങളാൽ വൎണ്ണവും, ശ്രോത്രങ്ങളാൽ ധ്വനിയും, നാസികയാൽ ഗന്ധവും, ജിഹ്വയാൽ രസവും, ശരീരത്താൽ വേദനയും അനുഭവിച്ചു സുഖദുഃഖങ്ങളെ യഥായോഗ്യമറിഞ്ഞു ജീവേന്ദ്രിയമനസ്സുകൾ നിൎഗ്ഗുണമായി തേജസ്സുയത്തോടു സംഘടിച്ചു് അൎത്ഥകാമങ്ങൾക്ക ഭംഗംവ

രാതെ ഭേദഭ്രമമകന്നു നിസ്സന്ദേഹം ദേശ, നാമ, ജാതി ക്രിയാഗുണങ്ങളറിയുന്നു. (2) അനുമാനം — ഇതു് അനുമേയത്തെ സ്വലക്ഷണം അറിവാനുള്ള ശക്തിയാകുന്നു. ഇതു സാമാന്യം, കാൎയ്യം, കാരണം എന്നു മൂന്നുവിധം. ഇവയിൽ സാമാന്യത്തിന്നു സാധനം സാദ്ധ്യമെന്നു രണ്ടു ഭേദങ്ങളുണ്ടു്. ഇവകളെ നിയതസംബന്ധമില്ലെന്നിരിക്കിലും വനാന്തരത്തിൽ മത്തഗജഗർജ്ജനം കേൾക്കുന്നവൻ ശ്രവണമാത്രത്താൽ അവിടെ ഗജേന്ദ്രനുണ്ടെന്നു ഗ്രഹിക്കുന്നതു സാമാന്യാനുമാനം. ഒരിടത്തു ജലവ്യാപ്തി കണ്ടതിനാൽ ആ ഭൂഭാഗത്തിൽ വർഷമുണ്ടായിട്ടുണ്ടെന്നു ഗ്രഹിക്കുന്നതു കാൎയ്യാനുമാനം. ആകാശത്തിൽ കാർമേഘങ്ങളുടെ വ്യാപ്തികണ്ടതിനാൽവൃഷ്ടിയുണ്ടാകുമെന്നുകരുതുന്നതു കാരണാനുമാനം. ഈ മൂന്നു ഹേതുക്കളിലൊന്നു ത്രികാലങ്ങളിലൊന്നിനെ അവലംബിച്ചു നിൽക്കുമ്പോൾ ചിലതും പ്രാപിച്ചു ദേഹേന്ദ്രിയമനസ്സുകൾ പ്രതിബന്ധംകൂടാതെ പ്രത്യക്ഷത്താൽ പരോക്ഷത്തെ ഗ്രഹിക്കുന്നു (3) ഉപമാനം — ഗവയം (ഒരുജാതി മൃഗം) പശുവിന്നു തുല്യമാണെന്നറിയുന്നതു് ഉപമാനപ്രമാണം. (4) ആഗമം — സൎവ്വജ്ഞാരകാദികളായി ഭോഗയോഗ്യങ്ങളായ ഭുവനങ്ങളുണ്ടെന്നു് ആഗമങ്ങളാലറിയുന്നതു് ആഗമപ്രമാണം. (5) അൎത്ഥാപത്തി — "ഇടച്ചേരിയിൽ ഗംഗയുണ്ടു്" എന്നു പറയുന്നതായാൽ ഗംഗാതീരത്തിലാണു് ഇടച്ചേരി എന്നറിയുന്നതു് അൎത്ഥാപത്തിപ്രമാണം. (6) സഹജം — ആനപ്പുറത്തിരിക്കുന്നവൻ കോൽചോദിക്കുന്നതായാൽ സാധാരണ ഒരു കോൽകൊടുക്കാതെ ആനത്തോട്ടിതന്നെ കെ

ട്ടക്കമെന്നുള്ളതു സഹജപ്രമാണം. (7) ഐതിഹ്യം— "ഈ മരത്തിൽ ഒരു പിശാചുണ്ട്" എന്നുള്ള ഒരു ലോകവാദത്തെ വിശ്വസിക്കുകയെന്നുള്ളത് ഐതിഹ്യപ്രമാണം. (8) അഭാവം ഒരു പദാൎത്ഥം ത്രികാലത്തിലും ഒരിടത്തിലുമില്ലെന്നു നിസ്സംശയം പറയുന്നതു അഭാവപ്രമാണം.(9) പാരിശേഷികം—രാമന്നുവിജയം ഭവിച്ചുവെന്നു പറയുമ്പോൾ പ്രബലനായ രാവണന്നു പരാജയം നേരിട്ടുവെന്നു ധരിക്കുന്നതു പാരിശേഷികപ്രമാണം. (10) സംഭവം—ഇരുമ്പുലോകയുടെ ആകൎഷണത്തിന്നു ഹേതുവായ ശക്തി കാന്തമാണെന്നു പറയുന്നതു സംഭവപ്രമാണം.

പ്രത്യക്ഷം മുതലായ പത്തു പ്രമാണങ്ങളേയും അവയുടെ ലക്ഷണങ്ങളേയും പ്രതിപാദിച്ചുകഴിഞ്ഞു. ഇനി അഷ്ടപ്രമാണങ്ങളെന്ന ദൃഷ്ടിപരിമാണം, ഭ്രാന്തി, വ്യാമോഹം, അവിചാരിതബോധം, ഉപേക്ഷ, അസംഭവം, ബുദ്ധബോധം, വിലക്ഷണബോധം എന്ന എട്ടു പ്രമാണാഭാസങ്ങളെ പറയുന്നു. (1) ഏതൊരു വസ്തുവിൻെറയും പരിപൂൎണ്ണമായ ആകാരജ്ഞാനം ദൃഷ്ടിപരിമാണം.(2) ശുക്തിയിൽ രജതബുദ്ധിപോലെ ഒരു വസ്തുവിൽ മറെറാന്നാണെന്ന ഭ്രമം ഭവിക്കുന്നതു ഭ്രാന്തി. (3) ഇതു സ്ഥാണുവോ പുരുഷനോ എന്നു ശങ്കിക്കുംവിധമുള്ള അനിശ്ചിതബുദ്ധിയാണു വ്യാമോഹം. ( ) മുറെറത്തുനില്ക്കുന്ന മരക്കുററിയെ ആലോചനകൂടാതെ ഒരു മനുഷ്യനാണെന്നു പരിനിൎണ്ണയം ചെയ്യുന്നത് അവിചാരിതബോധം. (5)കടുവാ മുതലായ ഘോരസത്വങ്ങൾ വന്നടുക്കുന്നതായാലും

പരിഹാരമാർഗ്ഗാന്വേഷണം ചെയ്യാതെ സ്വസ്ഥവൃത്തനായിരിക്കുന്നതു് ഉപേക്ഷ. (6) ശശവിഷാണപ്രതിമങ്ങളായ വാക്യങ്ങളുടെ ശ്രവണമാത്രത്തിൽ മിത്ഥ്യാത്വബോധം ജനിക്കുന്നതു് അസംഭവം. (7) ശീതബാധക പാവകം ഹിമമേല്ക്കുന്നതു പ്രതിവിധിയാണെന്നും മററും അറിഞ്ഞിട്ടുള്ളതിനെ അപ്രകാരംതന്നെ യഥാവസരം ബോധിക്കുകയെന്നുള്ളതു ബുദ്ധബോധം. (8) ഇവർ നിന്റെ മാതാപിതാക്കന്മാരാണെന്നു വല്ലവരേയും ചൂണ്ടിക്കാണിച്ചു് അന്യന്മാർ അടിസ്ഥാനമില്ലാതെ പറയുന്നതിനെ വാസ്തവമായി കരുതുന്നതു വിലക്ഷണബോധം.

ലോകായതം, ബൌദ്ധം, സാംഖ്യം, നൈയായികം, വൈശേഷികം, മീമാംസാ, എന്നീ ആറു മതങ്ങൾക്കു യഥാക്രമം ബൃഹസ്പതി, ബുദ്ധൻ, കപിലൻ, അക്ഷപാദൻ (ഗൌതമൻ), കണാദൻ, ജൈമിനി എന്നീ ആറുപേരാകുന്നു ആചാൎയ്യന്മാർ. ഇവർ മേൽപറഞ്ഞ പത്തു പ്രമാണങ്ങളേയും കൈക്കൊണ്ടിരുന്നു. അവയിൽ പ്രത്യക്ഷം, അനുമാനം, ആഗമം, ഉപമാനം, അൎത്ഥാപത്തി, അഭാവം ഈ ആറു പ്രമാണങ്ങൾ മാത്രമേ ഇപ്പോൾ അംഗീകരിക്കപ്പെട്ടുവരുന്നുള്ളു.

ശൈവം — പ്രമാണവാദശ്രവണാനന്തരം മണിമേഖല ശൈവവാദിയോടു ചോദിച്ചു. നിങ്ങൾ ഈശ്വരൻ സൎവ്വവ്യാപിയാണെന്നല്ലെ വിശ്വസിച്ചുവരുന്നതു്? നിങ്ങൾ ആരാധിക്കുന്ന ദൈവം ഏതെല്ലാം പ്രകാരത്തിലിരിക്കുന്നു? ശൈവൻ — അൎക്കചന്ദ്രന്മാർ, പഞ്ചഭൂതങ്ങൾ, യജമാനൻ ഈ അഷ്ടമൂൎത്തികളോടുകൂടി ജീവനേയും ശരീ

രത്തേയും ബാധിച്ചുനില്ക്കുന്ന കാലസ്വരൂപനും ലീലക്കായി സൃഷ്ടിയും ജന്തുക്കളുടെ താപശാന്തിക്കായി സംഹാരവും ചെയ്യുന്നതിൽ മഹിമയും ഇച്ഛയുമുള്ളവനും തന്നിൽനിന്നു വേറായി മറ്റൊന്നുമില്ലാത്തവനും യാതൊരുത്തനോ ആ ദേവനാണു ഞങ്ങളുടെ ഈശ്വരൻ.

ബ്രാഹ്മം — ഈ ലോകമെല്ലാം ഒരു ദേവനിൽനിന്നുണ്ടായ ഒരു അണ്ഡമാണെന്നു ബ്രാഹ്മവാദി പറഞ്ഞു.

വൈഷ്ണവം — വിഷ്ണു പുരാണപുരുഷനാണെന്നും ലോകരക്ഷകനാണെന്നും മറ്റുമുള്ള തത്വങ്ങളെ വൈഷ്ണവൻ ഭക്തിപുരസ്സരം പ്രതിപാദിച്ചു.

വൈദികം — (1) കല്പം (കരം), (2) ഛന്ദസ്സ് (പാദം), (3) ജ്യോതിഷം (നേത്രം), (4) നിരുക്തം (ശ്രോത്രം), (5) ശിക്ഷാ (നാസികാ), (6) വ്യാകരണം (മുഖം) ഈ ആറംഗങ്ങളോടുകൂടി സ്വയംഭൂവായി ആദ്യന്തഹീനമായ വേദംതന്നെ തത്വമായിട്ടുള്ളതു് എന്നു വൈദികൻ പ്രസ്താവിച്ചു.

2. ആജീവകവാദം — വൈദ്യകവാദം സത്യപ്രതിപാദകമായ യാതൊന്നിനോടും യോജിക്കുന്നില്ല. എന്നാൽ നിങ്ങളുടെ ദേവനാര്? മതതത്വമെന്ത്? എന്നു മണിമേഖല ആജീവകവാദിയോടു ചോദിക്കുകയും അദ്ദേഹം പറയുകയും ചെയ്തു. ഈ മതത്തിന്നു “മക്കലി”യെന്നും പേരുണ്ടു്. ഇതു ശ്രമണമതത്തിന്റെ ഒരു ശാഖയാണു്. അപരിമിതങ്ങളായ അഖിലപദാർത്ഥങ്ങളിലും അനവരതം വ്യാപിച്ചു വിളങ്ങുന്നവനും അഖണ്ഡജ്ഞാനസമ്പന്നനുമായ മക്കലിയാണു് ഞങ്ങളുടെ ദേവൻ. ജീവനും, നാലു

വക അണുക്കളുംകൂടി ഭൂതങ്ങളുണ്ട്. അണുക്കൾ പൃഥിവി, ജലം, അഗ്നി, വായു എന്നുള്ളവയാണ്. ഇവയെ ഉററു നോക്കുന്നതായാൽ പരസ്പരം സംയോഗവിയോഗങ്ങളുള്ളതായി കാണാം. ഇവ പർവ്വതവൃക്ഷശരീരാദി രൂപങ്ങളായി സംയോജനത്തെയും വിയോജനത്തെയും പ്രാപിക്കുന്നു. ഈ വികാരത്തെ അറിയുന്നതു യാതൊന്നൊ അതു ജീവനെന്നു പറയപ്പെടുന്നു. അണുക്കളിൽ പൃഥിവി അത്യന്തം സ്ഥൂലരൂപമാകുന്നു. ജലം ദ്രവത്വവും ശൈത്യവും രുചിയുമുള്ളതും താഴ്ന്ന ഭാഗത്തേക്കൊഴുകി ഭൂഗർത്തിലേക്ക വലിഞ്ഞു പോകുന്നതുമാകുന്നു. അഗ്നി ഉഷ്ണത്തോടും ഊർദ്ധ്വജ്വലനത്തോടും കൂടിയതു്. വായുവിലങ്ങത്തിൽ വീശുന്നതു്. ഭൂതചതുഷ്ടയലക്ഷണങ്ങൾ ഇവകളാകുന്നു. അനാദികളായ ഈ പരമാണുക്കൾ വിപരീതസ്ഥിതിയിൽ ഭിന്നപ്രകൃതികളായിരിരും. ഇവക്കു അല്പംപോലും നാശം സംഭവിക്കയില്ല. ഏതെങ്കിലുമൊന്നു നവീനമായി ഉത്ഭവിച്ചു മറെറാന്നിൽ ചേരുകയില്ല. ഒരു ജാതിയിലുള്ളതു മറെറാന്നായി പരിണമിക്കുകയില്ല. ഒന്നു രണ്ടായി ഭേദിക്കയില്ല. അവിൽ പോലെ പരന്ന രൂപത്തിലാവുകയില്ല. തിര്യഗൂർദ്ധ്വാധോഗതികളെ പ്രാപിക്കുകയും ക്രമക്കേടു കൂടാതെ ഒന്നിച്ചു ചേരുകയും വീണ്ടും പിരിഞ്ഞു അതാതു നിലയിലെത്തുകയും വലിയ വൈരക്കട്ടയായും വേണു മുതലായ ബഹിസ്സാരസസ്യങ്ങളായും പരിണമിക്കയും ചെയ്യും. ചന്ദ്രനെപ്പോലെക്ഷയവൃദ്ധികൾ ഭവിക്കയില്ല എങ്ങും പരന്നു നില്ക്കയാണെങ്കിലും ഭൂതരൂപം പ്രാപിക്കുമ്പോൾ ഒന്നിനൊന്നു കുറവായോ തുല്യ

മായോ ഭവിക്കയില്ല. ഇവക്ക് ഒന്നു മുക്കാൽ, അര, കാൽ, എന്നുള്ള അംശനാമങ്ങൾ സംജ്ഞകൾ മാത്രമായി പറഞ്ഞു വരുന്നു. ഈ ഗുണങ്ങളെ കൈക്കൊണ്ടാലല്ലാതെ ഭൂമിയായി തീർന്നു സ്ഥൗല്യം പ്രാപിപ്പാനോ, ജലമായിത്തീർന്നു ദ്രവിപ്പാനോ, അഗ്നിയായി തപിപ്പാനോ, കാററായി വീശുവാനോ, മററു കൃത്യങ്ങൾ നടത്തുവാനോ അവക്കു കഴിയുന്നതല്ല. ജ്ഞാനികളുടെ ദൃഷ്ടിക്ക് അണുക്കളെ വേർതിരിച്ചു കാണ്മാൻ കഴിയും. സാധാരണന്മാർക്കു ഭൂതരൂപത്തിലുള്ള അണുസമുദായം പോലും ദൃശ്യമല്ല. കരുമ്പിറപ്പ്, കരുനിലപ്പിറപ്പ്, ചെമ്പിപ്പറ്, പൈമ്പിറപ്പ്, പൊല്പിറപ്പ്, വെൺപിറപ്പ്, ഇങ്ങിനെ ഉത്തരോത്തരം ഉൽക്കർഷാവഹങ്ങളായ ഈ ആറു വിധം ജന്മങ്ങളിൽ വെൺപിറപ്പു ലഭിക്കുമ്പോഴാണ് നിർവ്വാണപ്രാപ്തിയുണ്ടാവുന്നത്. ഈ നില കഴിവില്ല. ഈ ആറു ജന്മങ്ങളുമെടുത്തു മോക്ഷം പ്രാപിക്കുകയെന്നതു് അസാദ്ധ്യം. ജനനമരണാദി ദുഃഖങ്ങൾ ഉല്പത്തികാലത്തു തന്നെ ജീവനെ ബാധിച്ചു നില്ക്കുന്നവയാണ്. ഇവയെല്ലാം പൂർവ്വാർജ്ജിതകർമ്മ പ്രണീതങ്ങൾ തന്നെ.

നിഖണ്ഡം— (ദിഗംബരവാദം)—ആജീവക മതശ്രവണാനന്തരം മണിമേഖല ആ മതത്തിനു പററിയ പോലെ പൂർവ്വാപരവിരുദ്ധങ്ങൾ വരാതെ നിങ്ങടെ മതത്തിലെ ദേവൻ, ആഗമം, പദാർത്ഥം, സംബന്ധം, ഗതി ഇവയെ ഉപന്യസിക്കേണമെന്നാവശ്യപ്പെട്ട പ്രകാരം നിഖണ്ഡവാദി പറയുന്നു. ഇതു ശ്രമണമതത്തിന്റെ രണ്ടു ശാഖകളിലൊന്നാണ്. നാല്പത്തിരണ്ടു ഭവനേന്ദ്രന്മാർ, മു

പ്പത്തിരണ്ടു വിയന്ധരേന്ദ്രന്മാർ, ഇരുപത്തിരണ്ടു കല്പേന്ദ്രന്മാർ, ചന്ദ്രൻ, സൂര്യൻ, നരേന്ദ്രൻ, മൃഗേന്ദ്രൻ, ഈ ഒരു നൂറു ഇന്ദ്രന്മാരാൽ ആരാധിക്കപ്പെടുന്നതിനാൽ അവനാണ് ഞങ്ങളുടെ ദേവൻ. അംഗാഗമം, പൂർവ്വാഗമം, ബഹുശ്രുത്യാഗമം, എന്നുള്ള മൂന്നു മതഗ്രന്ഥങ്ങൾ അദ്ദേഹത്താൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ധർമ്മാസ്തികായം, അധർമ്മാസ്തികായം, കാലം, ആകാശം, ജീവൻ, പരമാണുക്കൾ, പുണ്യം, പാപം, ബന്ധം, മോക്ഷം, ഇങ്ങിനെ പത്തും ബന്ധമോക്ഷങ്ങളായ പദാർത്ഥങ്ങളാകുന്നു. ഇവ ഓരോന്നും ഒരേക്ഷണത്തിൽ നിത്യതാവും അനിത്യതാവും കൈക്കൊള്ളുകയും ഉല്പത്തി സ്ഥിതിലയങ്ങളെ പ്രാപിക്കയും ചെയ്യുന്നു. ധർമ്മാസ്തികായം സർവ്വത്തിലും വ്യാപിച്ചു പദാർത്ഥങ്ങളെ ചേഷ്ടിപ്പിക്കുന്നു. അധർമ്മാസ്തികായം പദാർത്ഥങ്ങളെ നിശ്ചേഷ്ടങ്ങളാക്കുന്നു. കാലം ഹ്രസ്വദീർഘതകളെ ഉളവാക്കുന്നു. ആകാശം എല്ലാററിന്നും ഇടം കൊടുക്കുന്നു. ജീവൻ ശരീരവർത്തിയായി ഇന്ദ്രിയദ്വാരാ വിഷയങ്ങളെ ഭുജിക്കുന്നു. പരമാണുക്കൾ ഉടലും അവയവങ്ങളുമായി ഭവിക്കുന്നു. പുണ്യപാപങ്ങൾ നന്മതിന്മകളെ (സുഖദുഃഖങ്ങളെ) വിളിക്കും. ബന്ധം അന്യവസ്തുക്കളിലുള്ള പ്രതിപത്തി. പുണ്യപാപപ്രാപ്തികളുള്ള മാർഗ്ഗങ്ങളെ തടുത്തു പ്രാരാബ്ധകർമ്മഫലങ്ങളെ ഭുജിച്ചു തീർക്കുന്നതു മോക്ഷം. ഇങ്ങിനെ ദിഗംബരൻ തന്റെ വാദങ്ങളെ സമർപ്പിച്ചു.

8. സാംഖ്യവാദം—മണിമേഖലയുടെ അഭിലാഷത്തെ അനുസരിച്ചു സാംഖ്യൻ തന്റെ മതപ്രസംഗം

ചെയ്യുന്നു. അഗണ്യവും ത്രിഗുണാത്മകവുമായി മനസ്സാറു സർവ്വസാമാന്യവും സർവ്വോല്പത്തിസ്ഥാനവുമായ മൂലപ്രകൃതിയെന്ന ചിത്തിൽ നിന്നു മഹത്വമെന്ന ബുദ്ധിയും അതിൽ നിന്നാകാശവും അതിൽ നിന്നു വായുവും അതിൽ നിന്നഗ്നിയും അതിൽ നിന്നു ജലവും അതിൽ നിന്നു ഭൂമിയും അവയുടെസമുദായത്തിൽനിന്നു മനസ്സും അതിൽ നിന്ന് അഹംകാരവുമുണ്ടായി. ആകാശാദിപഞ്ചഭൂതങ്ങളിൽ നിന്നു ക്രമത്തിൽ ശ്രോത്രം, ത്വക്, ചക്ഷുസ്സ്, ജിഹ്വാ, നാസികാ എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധങ്ങളെന്ന് പഞ്ചവിഷയങ്ങളുമുണ്ടായി. ത്വക്കിന്റെ വികാരങ്ങളായി വാക്, പാണി, പാദ, പായു,പസ്ഥങ്ങളായ അഞ്ചു കർമ്മേന്ദ്രിയങ്ങളുമുണ്ടായി. ഭൗതികങ്ങളായ വികാരങ്ങളിൽ നിന്നു പർവ്വതവൃക്ഷാദികളുത്ഭവിച്ചു പ്രപഞ്ചമായ്ത്തീന്നു. ഇവയെല്ലാം ഉല്പത്തിക്രമത്തിൽ അതാതു പദാത്ഥങ്ങളിൽ തന്നെ ലയിച്ചു പ്രളയമായി പരിണമിക്കുമ്പോഴും ഏകമായി എങ്ങും പരന്നു നിത്യമായി സൂക്ഷ്മമായി ത്രിഗുണാത്മകത്വവും ലക്ഷണസാമാന്യത്വവും വിട്ടു പദാത്ഥോല്പത്തിസാധനമല്ലാതെ നിഖില പദാത്ഥങ്ങൾക്കും അറിവായിട്ടുള്ളന്ന പുരുഷൻ ഇന്ദ്രിയങ്ങളാറിനോടും പദാത്ഥങ്ങളിലെ ഭൂതങ്ങൾ ആറിനോടും ചേന്നു നില്ക്കുന്നു. ഇങ്ങിനെ സാംഖ്യതത്വങ്ങളെ നിർവ്വചിച്ചു.

4. വൈശേഷികവാദം — മണിമേഖലയുടെ അഭ്യർത്ഥനയാൽ വൈശേഷികൻ തന്റെ മതസിദ്ധാന്തങ്ങളെ പറയുന്നു. ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം,

വിശേഷം, സമവായം ഈ ആറു പദാൎത്ഥങ്ങളും വൈശേഷികതത്വങ്ങളാകുന്നു. ഗുണകൎമ്മസംയുക്തങ്ങളായ സൎവ്വപദാൎത്ഥങ്ങൾക്കും ഹേതുഭൂതമായ ആ ദ്രവ്യം പൃഥിവ്യപ്തേജോവായ്വാകാശകാലദിഗാത്മമനസ്സുകളെന്ന് ഒമ്പതുവിധം. ഇവയിൽ പൃഥിവി ശബ്ദസ്പൎശവൎണ്ണരസഗന്ധങ്ങളേയും, അപ്പ് ശബ്ദാദി നാലു ഗുണങ്ങളേയും തേജസ്സ് ശബ്ദാദി മൂന്നിനേയും, വായു ശബ്ദാദി രണ്ടിനേയും ആകാശം ശബ്ദമാത്രത്തേയും വഹിച്ചിരിക്കുന്നു. ശബ്ദസ്പൎശവൎണ്ണരസഗന്ധങ്ങളും, ഉൽക്കൎഷാപകൎഷങ്ങളും, ദ്രവത്വാണുത്വങ്ങളും സത്വാസത്വങ്ങളും മുതലായവ പദാൎത്ഥഗുണങ്ങളാകുന്നു. പദാൎത്ഥവും ഗുണവും കൎമ്മം ചെയ്യാൻ തക്ക സത്വത്തെ നൽകുന്ന പരസാമാന്യങ്ങളാകുന്നു. അഭാവവും ഭാവവും ഒരു പദാൎത്ഥത്തിന്റെ സാമാന്യഗുണങ്ങളാകയാൽ നാശവും സ്ഥിതിയും അതിന്നു സ്വാഭാവികങ്ങളാണ്. വിശേഷം (അണു) സമവായം (അണുസഞ്ചയം) ഇവ രണ്ടും ക്രമത്തിൽ ഗുണവും ഗുണിയുമാകുന്നു.

5. ഭൂതവാദം — മണിമേഖല വൈശേഷികവാദം കേട്ടതിന്നുശേഷം ഭൂതവാദം കേൾപ്പാനാവശ്യപ്പെട്ടപ്രകാരം ഭൌതികൻ പറയുന്നു. അംകോതിപ്പൂ, കരിമ്പു മുതലായ പഞ്ചദ്രവ്യങ്ങളുടെ സംയോഗത്താൽ മാദകശക്തി ജനിക്കുംവണ്ണം പൃഥിവ്യാദി പഞ്ചഭൂതങ്ങളിൽനിന്നു ജ്ഞാനശക്തി ജനിക്കുന്നു. ഈ ജ്ഞാനം ഭൂതങ്ങളുടെ വിയോഗകാലത്തിൽ ഭേരീനാദംപോലെ അതാതംശങ്ങളായി പിരിഞ്ഞു തത്തത്ഭൂതങ്ങളിൽതന്നെ ലയിക്കുന്നു. ഇങ്ങിനെ ചേതനഭൂതങ്ങളും അചേതനഭൂതങ്ങളും അതാതുവഴിയേതന്നെ ഉല്പന്നങ്ങളാകുന്നു. ഇതുതന്നെ ഗ്രാഹ്യ

മായ തത്വം. മററുള്ള ഭേദങ്ങളും, തത്വങ്ങളും ലോകായതനാമതാനുസൃതങ്ങൾതന്നെ. പ്രത്യക്ഷത്തിലോ അനുമാനത്തിലോ ഉള്ള ഈ ജീവിതവും, ജീവിതാനുഭവങ്ങളും ഇജ്ജന്മത്തിൽതന്നെ നശിച്ചുപോകുന്നു. പുനൎജ്ജന്മവും തദ്സംബന്ധിയായ കൎമ്മഫലാനുഭവവും മിത്ഥ്യതന്നെ.

ഇങ്ങിനെ ഭൂതവാദാന്തമായ മതവാദങ്ങളെ കേട്ടതിനുശേഷം മണിമേഖല "ഈ വാദങ്ങളുടെ മണ്ഡനത്തിനൊ, ഖണ്ഡനത്തിനൊ ഞാനൊരുക്കമല്ല. എന്നാൽ തങ്ങടെ ജന്മാന്തരവൃത്താന്തങ്ങളൊന്നും സിദ്ധിച്ചിട്ടുള്ളവരാരെങ്കിലും ഉള്ളതായി നിങ്ങൾക്കറിയാമോ?" എന്നു മന്ദഹാസം പൂണ്ടുകൊണ്ടു ചോദിച്ചപ്പോൾ ഭൌതികൻ ഈ മന്ദഹാസത്തിന്റെ കാരണം ചോദിച്ചു. മണിമേഖല തനിക്കു ജന്മാന്തരവൃത്താന്തങ്ങളൊന്നും ലഭിച്ചിട്ടുണ്ടെന്നും, മന്ദഹാസം അതിനെ പ്രകാശിപ്പിക്കയാണു ചെയ്തതെന്നും ഉത്തരം പറഞ്ഞു. ഭൌതികൻ "നിങ്ങളുടെ ഈ ജ്ഞാനം മോഹിതന്മാരുടെ മാററു ഈശ്വരഭ്രാന്തിയിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുംപോലെ സന്ദേഹാസ്പദമെന്നല്ലാതെ സത്യമല്ല" എന്നു പറഞ്ഞു. മണിമേഖല, "ഈലോകത്തിൽ നാങ്ങടെ മാതാപിതാക്കന്മാരെ അനുമാനംകൊണ്ടല്ലാതെ അറിയുന്നതെങ്ങിനെ; പരമാൎത്ഥബോധം കൂടാതെ പരാൎത്ഥവസ്തുജ്ഞാനം സാദ്ധ്യമല്ല. ഇങ്ങിനെ വാദം ചെയ്യേണ്ട. ഞാൻ പറഞ്ഞതിൽ ശങ്കിപ്പാൻ അവകാശമില്ല." എന്നു പറഞ്ഞു.

ഇങ്ങിനെ മണിമേഖല വേഷപ്രച്ഛന്നയായി വഞ്ചിനഗരത്തിലുള്ള മതാചാൎയ്യന്മാരിൽനിന്നു തന്റെ അഭിമതംപോലെ പഞ്ചമതവാദങ്ങളേയും ഗ്രഹിച്ചു.

## ഇരുപത്തെട്ടാം ഗാഥ.

### കച്ചിമഹാനഗരപ്രാപ്തി.

അനന്തരം മണിമേഖല മാധവിയേയും ശ്രുതമതിയേയും അറവണ അടികളേയും കാണ്മാനുള്ള ആകാംക്ഷയോടെ വഞ്ചി നഗരത്തിന്റെ അന്തൎഭാഗത്തിൽ പ്രവേശിച്ചു നാനാജാതികൾക്കും വാസയോഗ്യങ്ങളായ വീഥികളേയും മറ്റു പല ഭാഗങ്ങളേയും സകൗതുകം സന്ദൎശിച്ചു കൊണ്ടു ബൌദ്ധധൎമ്മോപദേഷ്ടാക്കളായ മുനിവരന്മാരുടെ ആവാസങ്ങളിൽ ചെന്നു അവിടെ തപം ചെയ്തു കൊണ്ടിരിക്കുന്നവനും കോവലന്റെ പിതാവുമായ മാശാത്തുവാനെ കണ്ടു വണങ്ങി അക്ഷയമാകും വണ്ണം അന്നം പെരുകി വരുന്ന അമൃതസുരഭിയുടെ മാഹാത്മ്യവും അതിനെ കൊണ്ടു ചെയ്ത ദാനവിശേഷത്താൽ ആപുത്രൻ പുണ്യരാജനായി പിറന്നു, ശാവകദേശം പരിപാലിച്ചു വരുന്ന മഹിമയേയും താൻ അവനെ മണിപല്ലവദ്വീപിലേക്കു കൂട്ടിക്കൊണ്ടു ചെന്നു ബുദ്ധപീഠത്തെ ദൎശിപ്പിച്ചപ്പോൾ അവന്നു ജന്മാന്തരസ്മരണമുണ്ടായതും ദീപതിലക പ്രത്യക്ഷമായതിനാലും കാവിരിപ്പൂമ്പട്ടിനം കടലെടുത്തു പോകയാൽ മാധവിയും ശ്രുതമതിയും അറവണസ്വാമികളും അനായാസേന ഈ നഗരത്തിൽ വന്നു ചേൎന്നതായി ദീപതിലകയിൽ നിന്നറിഞ്ഞതും പുണ്യരാജൻ നാഗപുരം പ്രാപിച്ചപ്പോൾ താൻ മണിപല്ലവം വിട്ടു വന്നതും മാതാവാകിയ കണ്ണകിയുടെ സന്ദൎ

നം മുതലായതും പിന്നീടു രൂപം മാറി മതവാദികളെ ചെന്നു കണ്ടു് അവരുടെ സിദ്ധാന്തങ്ങൾ കേട്ടതും അവയൊന്നും യോജിക്കായ്കയാൽ താൻ വിശ്വസിക്കാതിരുന്നതും ബൌദ്ധധർമ്മശ്രവണാകാംക്ഷയാൽ അറവണ സ്വാമികളെ അന്വേഷിച്ചു വന്നതും പറഞ്ഞു കേൾപ്പിച്ചു. ഇതെല്ലാംകേട്ട മാശാത്തുവൻ പറഞ്ഞു. "നിന്നെ കാണ്മാൻ യോഗം വന്നതു് എന്റെ പുണ്യഫലം തന്നെയാണു്. നിന്റെ മാതാപിതാക്കന്മാരായ കണ്ണകിയും കോവലനും അനുഭവിച്ച ദുഃഖങ്ങളും മധുരാപുരിക്കുണ്ടായ നാശവും മറ്റും കേട്ടതിനാൽ ഞാൻ സർവ്വവും പരിത്യജിച്ചു ബൌദ്ധമതം കൈക്കൊണ്ടു തപസ്സിനൊരുമ്പെട്ടതാണു്. എന്നാൽ ഇവിടെ വരുവാനുള്ള കാരണവും പറയാം കേട്ടുകൊൾക.

മുൻകാലത്തു് ഈ നഗരത്തെ വാണിരുന്ന 'ഇമയവരമ്പൻ നെടുഞ്ചേരലാതൻ' എന്ന നരപാലൻ തന്റെ പത്നിമാരോടും കൂടി ഈ ചോലയിലെഴുന്നെള്ളിയിരുന്നപ്പോൾ ലങ്കാദ്വീപിലുള്ള 'ശമനൊളി'യെന്ന ഗിരിയെ ദർശിച്ചു പ്രദക്ഷിണം ചെയ്തു് ആകാശമാർഗ്ഗത്തൂടെ മടങ്ങിവരുന്ന ചില ചാരണമുനികൾ ഇവിടെ ഇറങ്ങി ഒരു ശിലാതലത്തിൽ വിശ്രമിക്കുന്നതായി കണ്ടു രാജാവു വന്ദനോപചാരങ്ങൾ ചെയ്തു് ഭോജനാദികൾ നൽകി സ്തുതിച്ചപ്പോൾ അവർ അദ്ദേഹത്തെ ജനനമരണാദിദുഃഖങ്ങളിൽനിന്നു നിവൃത്തനാക്കേണമെന്നു കരുതി ജന്മം ദുഃഖമെന്നും ജന്മനിവൃത്തിസുഖമെന്നും ബുദ്ധദേവനരുളിചെയ്ത ദിവ്യജ്ഞാനാമൃതത്തെ ഉപദേശിച്ചു. ഈ രാജാവു തന്റെ പ്രിയ മിത്രമായിരുന്നതിനാൽ നിന്റെ പിതാവി

ന്നു മുമ്പ് ഒമ്പതാമത്തെ തലമുറയിലുള്ള കോവലൻ ഇവിടെ വന്നിരുന്ന് ഇമയവരമ്പനും ചാരണ മുനികൾ ചെയ്ത ധർമ്മോപദേശങ്ങളെ കേട്ടു സ്വാർജ്ജിതമായ അനേക കോടി ധനത്തേയും പൂർവ്വന്മാരാൽ ധർമ്മാർജ്ജിതങ്ങളായ നാനാസമ്പത്തുകളേയും ഏഴു ദിനം കൊണ്ടു യാചകന്മാർക്കു ദാനം ചെയ്തതിന്നു ശേഷം താപസവൃത്തി കൈക്കൊൾകയും ചെയ്തു. അക്കാലത്തിൽ അദ്ദേഹം ബുദ്ധദേവന്റെ ആരാധനക്കായി ഒരു ശിലോച്ചയത്തിന്മേൽ അത്യന്തം വെണ്മ കലരും വണ്ണം നിർമ്മിച്ചതായ ചൈത്യത്തെ ദർശനം ചെയ്വാനായി ഞാൻ ഇവിടെ വന്നു. കാവിരിപ്പൂമ്പട്ടിനം കടലെടുത്തു പോകുമെന്നു ഇവിടെയുള്ള മുനിജനങ്ങൾ ഉറപ്പായി പറഞ്ഞതിനാൽ അവിടേക്കു ചെല്ലാതെ ഇവിടെ തന്നെ ഇരുന്നതാണ്. കർമ്മഫലത്താൽ കൊലപ്പെടുത്തപ്പെട്ടു കാലധർമ്മം പ്രാപിച്ചനിന്റെ ജനകൻ പുണ്യഫലത്താൽ ദിവ്യലോകം ലഭിച്ചു പിന്നേയും പാപഫലം ഭുജിച്ച് ഒടുവിൽ ബുദ്ധദേവനാവതാരം ചെയ്തതിന്നു ശേഷം അദ്ദേഹത്തിന്റെ ധർമ്മോപദേശ ശ്രവണത്താൽ നിർവ്വാണം പ്രാപിക്കുമെന്നു തപോധനന്മാർ എന്നോടരുൾ ചെയ്തിരിക്കുന്നു. നിന്റെ ഭാവി ചരിത്രങ്ങളെ നീ സ്കംഭേശ്വരനിൽ നിന്നു ഗ്രഹിച്ചിരിക്കുന്നതായി അറവണ സ്വാമികളിൽ നിന്നെനിക്കറിവാനിടയായി. അദ്ദേഹം നിണക്കു ധർമ്മോപദേശം ചെയ്വാൻ യോഗ്യമായ സ്ഥാനം കാഞ്ചീപുരമാണെന്നു കല്പിച്ചു ഇവിടം വിട്ടങ്ങോട്ടു പോയിരിക്കയാണ്. മാധവിയും സുതമതിയും അദ്ദേഹത്തോടൊരുമിച്ചു തന്നെ അങ്ങോട്ടു

പോയിട്ടുണ്ട്. അത്രയുമല്ല. അനാവൃഷ്ടിയാൽ ആ നഗരത്തിൽ അതിയായ ദുർഭിക്ഷം ബാധിച്ച് അനേകം ജീവരാശികൾ നശിച്ചിരിക്കുന്നു ഭിക്ഷ ചെയ്യുന്നവരാരുമില്ലാതെ പോയതിനാൽതാപസന്മാരെല്ലാംഅവിടംവിട്ടിവിടേക്കുവന്നിരിക്കുന്നു. അതിനാൽ ആ നഗരത്തിൽ ചെന്നു സകലജീവികളേയും കാത്തുരക്ഷിക്കേണ്ടതു നിന്റെകടമയാണ്". മാശാത്തുവാന്റെ നിർദേശത്താൽ മണിമേഖല അവനെ വന്ദിച്ച് അമൃതസുരഭിയും കയ്യിലെടുത്തു വഞ്ചിനഗരത്തിന്റെ പശ്ചിമ ഭാഗത്തിൽ നിന്നു മേല്പോട്ടുയന്നു നഭോമാൎഗ്ഗത്തിൽ ഉത്തരാഭിമുഖമായി ചെന്നു നാപദാമിതമായ ധനസഞ്ചയം ക്ഷയിച്ചും അതിയായ ദുർഭിക്ഷം വർദ്ധിച്ചും അത്യാദൃശമായ ചാരുതചമകന്നും ദയനീയാവസ്ഥയിലിരിക്കുന്ന കാഞ്ചീനഗരത്തെ കണ്ടു കരളുരുകി പ്രദക്ഷിണമായി അതിന്റെ മദ്ധ്യപ്രദേശത്തിലിറങ്ങി, അവിടെ 'തൊട്ടുകഴൽകിള്ളിയുടെ' കനിഷ്ഠസഹോദരനായ 'തുണയിളംകിള്ളി'യാൽ കാഞ്ചനമയമായും രത്നഖചിതമായും നിർമ്മിക്കപ്പെട്ട ബുദ്ധദേവായതനത്തെ വണങ്ങി അതിന്നു തെക്കു പടിഞ്ഞാറെ ഭാഗത്തുള്ള ഒരു പൂഞ്ചോലയിൽ ഇരുന്നു. മണിമേഖലയുടെ വരവിനെ അറിഞ്ഞകഞ്ചുകി പ്രധാനി വേഗത്തിൽ ചെന്നു തുണയിളം കിള്ളിയെ തൊഴുതു പറഞ്ഞു. "സ്വാമിൻ! കോവലന്റെ പുത്രി, ഉൽകൃഷ്ടങ്ങളായ തപോനിയമങ്ങളെ അനുഷ്ഠിക്കുന്നവൾ; ഈ ജംബൂദ്വീപവാസികളെല്ലാവരെക്കാളും മഹത്വമേറിയവൾ; അവൾ അമൃതസുരഭിയെന്ന പാത്രവും കയ്യിലേന്തി ഈ നഗരത്തിൽ വന്നു ധൎമ്മ

വനത്തിൽ വസിക്കുന്നു.” രാജാവു സ്കംഭേശ്വരൻ മുമ്പു ത ന്നോടരുളി ചെയ്തതു വാസ്തവമായി തീൎന്നതിനാൽ ആ ദേവനു വന്ദനം ചെയ്തു മന്ത്രികളോടൊരുമിച്ചു മണിമേ ഖലയുടെ മുമ്പിൽ ചെന്നു.

“ധരണി പതിപിഴച്ചോ താപസന്മാർ ചരിക്കു
ന്നരിയതപ മിളച്ചോ യോഷമാർ ഭൂഷയാകും
ചരിതമതു ചലിച്ചോ സൎവ്വ സമ്പൽ സമൃദ്ധം
പുരവു മുരുവിഷാദ സ്ഥാനമായ്ത്തീൎന്നതെന്തേ?

ഞാൻ ഇനി എന്തു ചെയ്യേണ്ടു എന്നു കൎത്തവ്യമൂഢ നായിരുന്നപ്പോൾ ഒരു ദേവി എന്റെ മുമ്പിൽ ആവിൎഭ വിച്ചു, “നീ ഖേദിക്കേണ്ട. നിന്റെ സുകൃതവശാൽ ഒരു ത്തി ഇവിടെവരും. അവളുടെ കയ്യിലുള്ള ദിവ്യപാത്ര ത്തിൽ നിന്നു എടുക്കുംതോറും മേല്ക്കുമേൽ വൎദ്ധിച്ചു വരു ന്ന ദാനത്താൽ ഈ ലോകമെല്ലാം ഉപജീവിക്കും, അ വൾ ഈ നഗരത്തിൽ വന്നാൽപിന്നുണ്ടാകുന്ന വിശേഷ ങ്ങൾക്കളവില്ല; വൃഷ്ടി കുറഞ്ഞാലും ജലത്തിന്റെപുഷ്ടിക്കു കുറവു വരുന്നതല്ല; അവൾക്കു വന്നിരിപ്പാനായി പാരിട ത്തിൽ പണ്ടുള്ളോർ നിൎമ്മിച്ച ഗോമുഖിപ്പൊയ്കയോടു കൂടെ മണിപല്ലവദ്വീപം ഇങ്ങുവന്നിരിക്കയാണോ എന്നു തോന്നുംവിധം ഈ നഗരവീഥിയിൽ ഒരു പൊയ്കയും, അതിന്നു ചുററിലും ഒരു പൂഞ്ചോലയും ഉണ്ടാക്കുക” എ ന്നു പറഞ്ഞു മറഞ്ഞുപോയി. പിന്നീടു ആ ദേവി കല്പിച്ച പ്രകാരം തന്നെ നിൎമ്മിച്ചതാണു ഈ സ്ഥാനം. എന്നു പറഞ്ഞു ആ പ്രദേശത്തെ കാട്ടിക്കൊടുത്തപ്പോൾ മ ണിപല്ലവതുല്യമായ ആ ഉദ്യാനത്തിൽ ചെന്നു അതി

നേയും പൊയ്കയേയും കണ്ടാനന്ദിച്ച്, തനിക്ക ജന്മാന്തര ജ്ഞാനം നൽകിയ ബുദ്ധപീഠത്തേയും ആ ഉദ്യാനത്തിൽ സ്ഥാപിച്ച ദീപതിലകയേയും മണിമേഖലാദേവിയും ആരാധിപ്പാൻ തക്ക ആലയവും പണിയിച്ച നിത്യപൂജയും ഉത്സവവും രാജാവിനെക്കൊണ്ട നടത്തിച്ച് ആ പീഠത്തിൽ ജീവനൌഷധമായ അമൃതസുരഭിയെ വെച്ച്, ഉണ്ണുവാൻ വരുവിനെന്ന എല്ലാവരേയും ക്ഷണിച്ചപ്പോൾ അന്ധന്മാർ, ബധിരന്മാർ, മുടവന്മാർ, അഗതികൾ, മൂകന്മാർ, രോഗികൾ, വ്രതികളായ താപസന്മാർ, ക്ഷുൽബാധിതന്മാർ, വസ്ത്രവിഹീനന്മാരായ ദരിദ്രന്മാരെന്നുള്ള സകല മനുഷ്യരും അനേകായിരം തിൎയ്യക്കുകളുമായ സൎവ്വ പ്രാണികളും വന്നുകൂടി ഉണ്ണുംതോറും അന്നം പെരുകിവന്നു; ജന്തുക്കളുടെ ക്ഷുൽബാധ തീൎത്തുകൊണ്ടിരുന്നു; ആ പുണ്യവിശേഷത്താൽ എങ്ങും വൎഷമുണ്ടായി, ഭൂമിയുടെ ഫലശക്തി വൎദ്ധിച്ചു; ഇങ്ങിനെയിരിക്കും കാലത്ത് അറവണ അടികൾ ഈ സംഭവം കേട്ട മാധവിയോടും, ശ്രുതമതിയോടും കൂടി ഈ ധൎമ്മശാലയിൽവന്നു; മണിമേഖല ഉടനെ അദ്ദേഹത്തെ വന്ദിച്ച, കാൽ കഴുകിച്ച പീഠത്തിന്മേലിരുത്തി ഷഡ്രസയുക്തമായ ഭോജനം കഴിപ്പിച്ച്, "ഞാൻ ചെയ്ത പുണ്യം പിഴക്കാതെ ഫലിക്കുമാറാകട്ടെ" എന്ന പ്രാൎത്ഥിച്ച വീണ്ടും വണങ്ങി.

# ഇരുപത്തൊമ്പതാം ഗാഥ.

## തപസ്സും ധർമ്മശ്രവണവും.

ഭക്തിബഹുമാനാദരപുരസ്സരം വന്ദനോപചാരാദികൾ ചെയ്ത മണിമേഖലയോട് അറവണ അടികൾ ഇങ്ങിനെ പറഞ്ഞു. "നെടുമുടിക്കിള്ളിക്കു നാഗപുരരാജകുമാരിയായ പീലിവളയിൽ ജാതനായ കുമാരനെ മണിപല്ലവത്തിൽനിന്നു പോകുന്ന കപ്പലിൽ കയററി അതിന്റെ അധിപനായ കമ്പളച്ചെട്ടിവശം ഏല്പിച്ചു. കൂട്ടില്ലാതെ ഒററക്കു തന്നെ വംശദേശത്തേക്കു പോകുന്ന ആ കപ്പൽ ഒരു നാൾ കൂരിരുൾ നിറഞ്ഞ നിശീഥത്തിൽ ഏതാണ്ടു കരക്കടുത്തുള്ള ഒരു പ്രദേശത്തുവെച്ചു ഉടഞ്ഞു നശിച്ചുപോകയും രാജകുമാരനെ കാണാതാവുകയും ചെയ്തു. കപ്പലുടമസ്ഥൻ ഈ സംഭവം നെടുമുടിക്കിള്ളിയെ അറിവിച്ചു. ഇതു കേട്ടു രാജാവു പുത്രവിയോഗദുഃഖപരവശനായി കുമാരനെ അന്വേഷിച്ചലഞ്ഞു നടന്നതിനാൽ കാവിരിപ്പൂമ്പട്ടിനത്തിൽ പാരമ്പരയായി നടത്തിവരാറുള്ള ഇന്ദ്രോത്സവം മുടങ്ങിപ്പോയി. തന്നിമിത്തം മണിമേഖലാദേവി, "ഈ പട്ടണം കടലെടുത്തു പോകട്ടെ" എന്നു ശപിച്ചു. ഈ ശാപത്താൽ പുകാർനഗരത്തെ കടൽ മൂടുകയാൽ നിന്റെ ജനനിയും ഞാനും നിന്റെ നിമിത്തം ഈ നഗരത്തിൽ വന്നതാണ്." മണിമേഖല അ

ദ്ദേഹത്തിന്റെ അടിയിണ തൊഴുതു പറഞ്ഞു. മണിപല്ലവത്തിൽ ബുദ്ധപീഠത്തെ കാത്തുകൊണ്ടിരിക്കുന്ന ദീപതിലകയും ഈ വൃത്താന്തം പറയുകയുണ്ടായി. ഞാൻ രൂപാന്തരം കൈക്കൊണ്ടു വഞ്ചിനഗരത്തിൽ ചെന്നു അവിടെയുള്ള പല മതസ്ഥന്മാരും വാദിച്ച സിദ്ധാന്തങ്ങൾ തൃപ്തികരമല്ലാതിരുന്നതിനാൽ അവയെ അംഗീകരിക്കാതെ യഥാർത്ഥരൂപത്തോടെ ഇവിടെ വന്നു ഭവാനെ ശരണം പ്രാപിച്ചു. നിന്തിരുവടി ഇവൾക്കു പരമാർത്ഥതത്വത്തെ ഉപദേശിച്ചരുളണേ" എന്നു പ്രാർത്ഥിക്കയും അറവണസ്വാമികൾ ആദിബുദ്ധദേവനാൽ അംഗീകരിക്കപ്പെട്ടവയായ പ്രത്യക്ഷം, അനുമാനം, എന്ന രണ്ടു പ്രമാണങ്ങളേയും അവയുടെ അവാന്തരവിഭാഗങ്ങളേയും ദൃഷ്ടാന്തപൂർവ്വകം വെളിപ്പെടുത്തി യഥാർത്ഥബോധമുണ്ടാകത്തക്കവണ്ണം ഉപദേശിക്കയും ചെയ്തു.

## മുപ്പതാം ഗാഥ

### സംസാരമോചനോദ്ദേശം.

ദാനശീലത്തെ മുഖ്യോദ്ദേശമായി കല്പിച്ചും ശീലാഷ്ടാംഗത്താൽ പ്രഥമഗണനീയസ്ഥാനത്തെ അർഹിച്ചും (അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അസംഗ്രഹം ഇവ പഞ്ചശീലങ്ങൾ. ഇവയോടു രാത്രിയിൽ അശുദ്ധാന്നവർജ്ജനം, ചന്ദനാദി സുഗന്ധദ്രവ്യപരിത്യാഗം, വെറും നിലത്തു പായിന്മേൽ ശയനം ഇവ മൂന്നും ചേരുമ്പോൾ അഷ്ടാംഗശീലങ്ങൾ. ഇവയോടു നൃത്തഗീതാദികളിൽ അനാസ്ഥ, സ്വർണ്ണരജതാദികളിൽ നൈരാശ്യം ഇവ രണ്ടും ചേരുമ്പോൾ ദശശീലങ്ങൾ. ഇവയിൽ അഷ്ടാംഗശീലങ്ങൾ കർമ്മികൾക്കും, ദശശീലങ്ങൾ ജ്ഞാനികൾക്കും അനുഷ്ഠേയങ്ങളാകുന്നു.) ജന്മാന്തരവൃത്താന്തജ്ഞാനം സിദ്ധിച്ചു മരിക്കുന്ന മണിമേഖല അറവണസ്വാമികളിൽനിന്നു പ്രമാണസിദ്ധാന്തങ്ങൾ ഗ്രഹിച്ചതിനു ശേഷം, "ബുദ്ധം ശരണം ഗച്ഛാമി" "ധർമ്മം ശരണം ഗച്ഛാമി" "സംഘം ശരണം ഗച്ഛാമി" എന്നു മൂന്നുരു ഉച്ചരിച്ച് സർവ്വജ്ഞനായ ബുദ്ധൻ അഭിധർമ്മം, സൂത്രധർമ്മം, വിനയധർമ്മം എന്ന വിഭാഗങ്ങളോടു കൂടി ബുദ്ധദേവനാൽ അനുഗ്രഹബുദ്ധിയോടെ അരുൾ ചെയ്യപ്പെട്ട ധർമ്മം, മുക്തന്മാരായ ബുദ്ധന്മാർ ഒന്നിച്ചു ചേർന്ന സംഘം ഇവ മൂന്നും ത്രിമണികളെന്നു പ്രസിദ്ധ

ങ്ങളാകയാൽ ബുദ്ധനേയും, ധൎമ്മത്തേയും, സംഘത്തേയും മൂന്നുവട്ടം വണങ്ങി അറവണാചാൎയ്യപാദപത്മങ്ങളെ ശരണം പ്രാപിച്ചു. അദ്ദേഹം ബൌദ്ധധൎമ്മോപദേശം ചെയ്യാൻ സന്നദ്ധനായി ഇപ്രകാരം പറയുകയും ചെയ്തു:—"അഖിലജീവികളും അന്ധന്മാരായുഴലുന്ന കാലത്തു ദേവന്മാർ പലവുരു പ്രാൎത്ഥിക്കയാൽ മഹാരാജികം മുതലായ ആറു ദിവ്യലോകങ്ങളിൽ നാലാമതായ തുഷിതലോകത്തിൽനിന്നും ഭൂലോകത്തിലവതരിച്ച് 'ബുദ്ധഗയ' എന്ന ഫൽഗുണീനദീതീരത്തിൽ 'മഹാബോധി' എന്നു വിഖ്യാതി കയ്ക്കൊണ്ടു പഞ്ചശാഖമായി പരിലസിക്കുന്ന അശ്വത്ഥപാദപമൂലത്തിലിരുന്നരുളി മാരനെ വെന്നവനായി, കാമക്രോധമോഹങ്ങളായ ദോഷത്രയങ്ങളെയകററി മനോഹരരൂപനായിവാഴുന്ന ബുദ്ധദേവന്റെ മാഹാത്മ്യമറിയ ഉപന്യാസങ്ങൾ പൂൎവ്വകാലങ്ങളിലവതരിച്ച അസംഖ്യം ബുദ്ധന്മാരാലും അപാരകരുണാപരവശതയോടെ അരുളിച്ചെയ്യപ്പെട്ടവയാകുന്നു. ഇവയിൽ ചോദേശാദിമാനജന്യങ്ങളായ തത്വങ്ങളടങ്ങിയിരിക്കുന്നു. കാൎയ്യകാരണസംബന്ധത്തോടുകൂടി അനുലോമക്രമത്തിൽ ആറു നിദാനങ്ങളിൽ ഒന്നാമത്തേതിൽനിന്നു രണ്ടാമത്തേതും അതിൽനിന്നു മൂന്നാമത്തേതും അങ്ങിനെ പന്ത്രണ്ടാമത്തേതിൽനിന്ന് ഒന്നാമത്തേതുമായ ഉല്പത്തിയേയും പ്രതിലോമക്രമത്തിൽ പന്ത്രണ്ടാമത്തേതു പതിനൊന്നാമത്തേതിലും പതിനൊന്നാമത്തേതു പത്താമത്തേതിലും അങ്ങിനെ ഒന്നാമത്തേതു പന്ത്രണ്ടാമത്തേതിലുമായി ലയം പ്രാപിച്ചുകൊണ്ടു പരിവൎത്തനം ചെയ്യുന്നു. ഈ ഉല്പ

ത്തിക്രമത്തെ നിരോധിക്കുമ്പോൾ ലയത്തിന്നും നിരോധം സംഭവിക്കുന്നു. ഉല്പത്തിലയങ്ങൾക്കു നിവൃത്തിമാൎഗ്ഗമില്ലാതാവുകയും പ്രവൃത്തിമാൎഗ്ഗമുണ്ടാവുകയും ചെയ്യുമ്പോൾ അതാതിൻെറ ബന്ധത്തിന്നനുസരിച്ച് ഉല്പത്തിക്രമത്തിൽ ഖണ്ഡചതുഷ്ടയം, സന്ധിത്രയം, ഉല്പത്തിത്രയം, ഉല്പത്തികാലയം, ഇവയെക്കൊണ്ട് അപരാധവും കൎമ്മവും ഫലവുമുണ്ടായി ദുരന്തസന്താപം നേരിടുമെന്നു കണ്ട് അന്ത്യനമോക്ഷസാധനമായ ദുഃഖം, ദുഃഖോല്പത്തി,ദുഃഖനിവാരണം, ദുഃഖനിവാരണമാൎഗ്ഗമെന്നുള്ള സത്യചതുഷ്ടയത്തിന്നാസ്പദമായ രൂപം, വേദന, സംജ്ഞ, ഭാവനം, വിജ്ഞാനം എന്നി പഞ്ചസ്കന്ദങ്ങൾക്കാധാരമായി ന്യായമുഖങ്ങളാറിനേയും അംഗീകരിച്ചു നാലുനയങ്ങളുടെ ഫലപ്രാപ്തിയായി നാലുവക ഉത്തരങ്ങളോടുകൂടി ഉല്പത്തിയും ലയവുമില്ലാതെ നിൎദ്ദോഷമായ സന്താനാശംവരാതെ നേതാവില്ലാതെ നയിപ്പാൻ കഴിയാത്തതായി അഹന്തയും, മമതയും, ഗതിയും, അഗതിയും അവസിതത്വവും, അവസാനവും കൎമ്മവും, ഫലവും, ജന്മവും, മരണവുമില്ലാതെ സൎവ്വവും താൻതന്നെയായി അവിദ്യ, കൎമ്മം, വിജ്ഞാനം, നാമരൂപം, ഷഡായതനം, (ജ്ഞാനേന്ദ്രിയങ്ങളും മനസ്സും) സ്പൎശം, (ഇന്ദ്രിയവിഷയസംബന്ധം) വേദന, തൃഷ്ണ, ഉപാദാനം, ഭവം, ജനനം, കൎമ്മഫലം എന്നി ദ്വാദശനിദാനങ്ങളെ അറിയുന്ന ജന്മികൾ നിൎവ്വാണത്തെ അറിയും. അറിയാത്തവർ അപാരമായ നരകത്തേയും അറിയും. ഹേ സുമുഖി! അവിദ്യയെന്നത് — സത്യചതുഷ്ടയത്തേയും അതിനെ പ്ര

കാശിപ്പിക്കുന്ന ദ്വാദശനിദാനങ്ങളേയും അറിയാതെ മൌഢ്യം കൊണ്ടു ഒരു വസ്തുവിനെ കാണുമ്പോൾ മുൻകണ്ടതിനെ വിസ്മരിച്ചു മുയൽക്കൊമ്പുണ്ടെന്നു കേൾക്കുന്നതായാൽ അതിനെ വിശ്വസിക്കുകയെന്നുള്ളതുതന്നെ ലോകത്രയത്തിന്നും ജീവനായ ലോകം(ചൈതന്യപ്രപഞ്ചം) അല്ലവററതാണ്. അതിൽ ഷൾഗതിയെന്നുപേരായി ഭിന്നവൃത്തികളായ മനുഷ്യർ, ദേവന്മാർ, ബ്രഹ്മാക്കൾ, നരകവാസികൾ, തിര്യക്കുകൾ, പിശാചങ്ങൾ എന്ന ആറു വക ജനനമുണ്ട്. ഈ ജീവരാശികളിൽ ഉല്പത്തിയാഗമ്പോഴുള്ള ഭാവനാക്കനുരൂപമായ കർമ്മഫലപ്രാപ്തിയുണ്ടാവുകയാൽ ജീവികൾക്കു സുഖദുഃഖങ്ങളുണ്ടാകുന്നു കർമ്മം—ദുഷ്കർമ്മമെന്നും സൽക്കർമ്മമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ദുഷ്കർമ്മങ്ങളിൽ ഹിംസയും, ചൌര്യവും കാമവും കായികങ്ങളും, അസത്യവും കപടവും കർക്കശഭാഷണവും, പ്രലപനവും വാചികങ്ങളും, ആശയ്യം, കോപവും, ഭയവും, മാനസികങ്ങളുമാകുന്നു. ഇവയെ ദശസംയോജനന് എന്നു പറയുന്നു. ഇവയുടെ ഫലത്തെ അറിയുന്ന പണ്ഡിതന്മാർ ഈ കർമ്മങ്ങൾക്കുൾപ്പെടുകയില്ല. അങ്ങിനെ ഉൾപ്പെടുന്നതായാൽ തിര്യക്കുകളും പിശാചങ്ങളും, നാഗങ്ങളുമായി പിറന്നു കലുഷിതമാനസന്മാരായുഴലേണ്ടിവരും. സൽക്കർമ്മമെന്നുള്ളതു ദശസംയോജനയിൽനിന്നും വിട്ടൊഴിഞ്ഞ് അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അസംഗ്രഹം, എന്ന പഞ്ചശീലത്തേയും ദാനനിഷ്ഠയേയും അംഗീകരിച്ച് ഉൽകൃഷ്ടങ്ങളായ ദേവ, മനുഷ്യ, ബ്രഹ്മവർഗ്ഗങ്ങളിൽ ജനിച്ച പുണ്യ

ഫലങ്ങളായ സുഖസഞ്ചയങ്ങളെ ഭുജിക്കുകയാകുന്നു. വി ജ്ഞാനമെന്നത് — സുപ്തനായ ഒരുവന്റെ ജ്ഞാനം നി ഷ്ക്രിയമായി വിഷയങ്ങളിൽ കർതൃത്വവും ഭോക്തൃ ത്വവുമില്ലാത്ത നിലയിരിക്കുന്നതുതന്നെ. നാമരൂപമെ ന്നത് — വിജ്ഞാനസമ്മിതമായ ജീവനും ശരീരവുമാകുന്നു. ഷഡായതനങ്ങൾ — വിജ്ഞാനത്തിൽ വിഷയങ്ങളെ നയി പ്പാനുള്ള മാർഗ്ഗങ്ങളായിരിക്കും. സ്പർശമെന്നത് — മററുള്ള ഇന്ദ്രിയങ്ങളിൽ വിജ്ഞാനത്തിന്റേയും ഷഡായതനത്തി ന്റേയും പ്രവേശമാകുന്നു. വേദന — വിജ്ഞാനം വിഷ യങ്ങളെ ഭുജിക്കുകയെന്നുള്ളതുതന്നെ. തൃഷ്ണയെന്നത് — നിഷ്പ്രയോജനങ്ങളായ പദാർത്ഥങ്ങളിൽ മേല്ക്കുമേൽ വ ളരുന്ന മോഹമത്രേ. ഉപാദാനം — ഒന്നിന്മേൽബന്ധി ച്ചുകൊണ്ടു നിൽക്കുന്ന ജ്ഞാനം. ഭാവമെന്നാൽ — കർമ്മ സഞ്ചയക്രമത്തിൽ പ്രാപ്തമാണെന്ന നിലയിൽ തന്നെ ത്താൻ ഓരോന്നിനേയും അംഗീകരിക്കുന്നത്. ജന്മമെന്ന തു — കർമ്മങ്ങളുടെ ഗതിയോട് ഏററവും ചേർച്ചയുള്ളവിജ്ഞാ നം തദനുഗുണങ്ങളായ ജന്മരാശികളിൽ കാരണകാര്യരൂ പങ്ങളായി ജനിക്കുന്നതുതന്നെ. വ്യാധിയെന്നാൽ — വിഷ യാന്തരബന്ധമൊഴിഞ്ഞു ഭാവഭേദംവന്നു ശരീരം ആയാ സപ്പെടുന്നത്. വാർദ്ധക്യമെന്നാൽ — മരണംവരെ ആരോ ഗ്യം നിലനില്ക്കാതെ ശരീരത്തിനുണ്ടാവുന്ന ആലസ്യം. മരണം — നാമരൂപങ്ങൾക്കാധാരമായ ശരീരം അസ്തോ ന്മുഖനായ സൂര്യനെപ്പോലെ മറഞ്ഞുപോകുന്നതുതന്നെ.

അവിദ്യയിൽനിന്നു കർമ്മവും അതിൽനിന്നു വിജ്ഞാ നവും അതിൽനിന്നു നാമരൂപവും അതിൽനിന്നു ഷഡാ

യതനവും അതിൽനിന്നു സ്പർശവും അതിൽനിന്നു വേദനയും അതിൽനിന്നു തൃഷ്ണയും അതിൽനിന്നു ഉപാദാനവും അതിൽനിന്നു കർമ്മസഞ്ചയവും ജന്യങ്ങളാകുന്നു. കർമ്മസഞ്ചയംമൂലം കാരോ മാർഗ്ഗത്തിൽ ജന്മമുണ്ടാകുന്നു. ജന്മപ്രാപ്തി ഹേതുവായിട്ട് വാർദ്ധക്യരോഗമരണാദിക്ലേശങ്ങളനുഭവിക്കേണ്ടിവരുന്നു. ഈ ക്ലേശം അനന്തവും ഭ്രമണരൂപത്തിലിരിക്കുന്നവയുമാണ്. മുമ്പു പറഞ്ഞപ്രകാരം പൂർവ്വപൂർവ്വനിദാനങ്ങളിൽനിന്ന് ഉത്തരോത്തരനിദാനങ്ങളുടെ ഉല്പത്തി ഏതുവിധമോ അപ്രകാരംതന്നെ അവിദ്യ നീങ്ങുമ്പോൾ കർമ്മവും കർമ്മം നീങ്ങുമ്പോൾ വിജ്ഞാനവും നീങ്ങുമെന്നുള്ള ക്രമത്തിൽ അവിദ്യാദി പൂർവ്വപൂർവ്വനിദാനങ്ങളുടെ അഭാവത്തിൽ കർമ്മാദ്യുത്തരോത്തരനിദാനങ്ങളുടെയും അഭാവം വരുന്നു. അപ്രകാരം ജന്മാഭാവം ഹേതുവാൽ പുനർജ്ജന്മഭാവവും, തന്മൂലം വ്യാധി, ജര, മരണം, ദൌർബ്ബല്യം, ഉപാലാഭം, ദുഃഖം ആലസ്യമെന്നുള്ളവയുടെ നിവൃത്തിയും സിദ്ധിക്കുന്നു.

ഖണ്ഡചതുഷ്ടയം—അവിദ്യയും കർമ്മവും കാരണങ്ങളായി നില്ക്കുന്നവയാകയാൽ അവ ഒന്നാംഖണ്ഡം. വിജ്ഞാനം, നാമരൂപം, ഷഡായതനം, സ്പർശം, വേദന ഇവയഞ്ചും അവിദ്യയിലും കർമ്മത്തിലും നിന്നുത്ഭവിച്ചിരിക്കയാൽ രണ്ടാം ഖണ്ഡം. തൃഷ്ണ, ഉപാദാനം, ഭവം ഈ മൂന്നും വേദനയെ അനുസരിച്ചുണ്ടായ ദോഷവും കർമ്മവുമാകയാൽ മൂന്നാം ഖണ്ഡം. ഇതിൽ തൃഷ്ണയും ഉപാദാനവും ദോഷം; ഭവം, കർമ്മം; ജന്മം, വ്യാധി, ജര,

മരണം ഈ ദുഃഖങ്ങൾ കർമ്മഫലങ്ങളാകയാൽ നാലാം ഖണ്ഡം.

സന്ധിത്രയം — കർമ്മവും വിജ്ഞാനവും ഒന്നാം സന്ധി. വേദനയും തൃഷ്ണയും രണ്ടാം സന്ധി. ഭവവും ജന്മവും മൂന്നാം സന്ധി.

ഉല്പത്തിത്രയം — പൂർവ്വവാസനാമൂലകങ്ങളായ വിജ്ഞാനം, ജനനം, മോക്ഷമെന്നുള്ള സങ്കല്പങ്ങളാൽ വിജ്ഞാനത്തോടും രൂപത്തോടും ഉത്ഭവിക്കുന്നവയാണ് ദേവമനുഷ്യതിര്യക്കുകളെന്ന മൂന്നു ജന്മങ്ങൾ.

കാലത്രയം — അവിദ്യയും, കർമ്മവും ഭൂതകാലവും വിജ്ഞാനം നാമരൂപം, ഷഡായതനം, സ്പർശം, വേദന, തൃഷ്ണ, ഉപാദാനം, ഭവം, ജന്മമെന്നിവ വർത്തമാനകാലവും ജന്മാദി ആലസ്യാന്തമായ ദുഃഖാഷ്ടകം ഭാവികാലവുമാകുന്നു

ദോഷത്രയം — ഇച്ഛാ, ഉപാദാനം, അവിദ്യ ഇവ മൂന്നു ദോഷങ്ങൾ.

കർമ്മദ്വയം — ഭവവും കർമ്മവും.

ഫലസപ്തകം — വിജ്ഞാനം, നാമരൂപം, ഷഡായതനം, സ്പർശം, വേദന, ജന്മമെന്ന ആറും, ജരാ, വ്യാധി, മരണരൂപമായ കർമ്മഫലം ഒന്നുംകൂടിയ ഏഴ് ഫലങ്ങൾ. ദോഷവും കർമ്മവും ഫലവും ദുഃഖജന്യമായ സങ്കല്പവും സുസ്ഥിരമല്ലാത്ത ഏതു പദാർത്ഥത്തിനും ആത്മാവില്ലെന്നുള്ള ബോധം മോക്ഷമാകുന്നു.

സത്യചതുഷ്ടയം — ദുഃഖം, ദുഃഖോല്പത്തി, ദുഃഖനിവാരണം, ദുഃഖനിവാരണമാർഗ്ഗം ഇവയാകുന്നു. വിജ്ഞാ

നംമുതൽ വേദനവരെയുള്ള നിദാനങ്ങളഞ്ചും ജന്മാദ്യഷ്ട
കവും ദുഃഖവും അവിദ്യ, കൎമ്മം, ഇച്ഛാ, ഉപാദാനം, കൎമ്മ
സഞ്ചയം ഇവ ദുഃഖകാരണവുമാകുന്നു. ദുഃഖം സങ്കല്പജ
ന്യവും സങ്കല്പം ദുഃഖത്തിന്നുപാദാനകാരണവും കാമവും
മോക്ഷവും അനുപാദാനകാരണവുമാകുന്നു

പഞ്ചസ്കന്ധങ്ങൾ— —രൂപം, വേദന, സംജ്ഞ, സം
സ്കാരം, വിജ്ഞാനം ഇങ്ങിനെ സ്കന്ധങ്ങളഞ്ചു്. ഇവ
യിൽ രൂപസ്കന്ധത്തിന്നു ഭൂതരൂപം, ഉപാദാനരൂപമെ
ന്നു രണ്ടു വിഭാഗങ്ങൾ. പൃഥിവ്യാദി നാലു ഭൂതങ്ങൾ ഭൂത
രൂപം. ഗന്ധം, രസം, വൎണ്ണം, ബലം ഇവ ഉപാദാന
രൂപം. വേദനാസ്കന്ധത്തിന്നു കുശലവേദന, അകുശല
വേദന, കുശലാകുശലവേദന എന്നു മൂന്നു വിഭാഗങ്ങൾ.
സംജ്ഞാസ്കന്ധത്തിന്നു ശരീരം, വദനാവിവരം, നേത്രം,
ശ്രോത്രം, മനസ്സ് ഇങ്ങിനെ അഞ്ചു വിഭാഗങ്ങൾ. സം
സ്കാരസ്കന്ധം പുണ്യദശകവും പാപദശകവുംകൂടി ഇരുപ
തു്. പുണ്യപാപദശകങ്ങളുടേയും വിജ്ഞാനത്തിന്റെ
യും ലക്ഷണങ്ങൾ മുമ്പു പറയപ്പെട്ടിരിക്കുന്നു

ഷഡ് വ്യവഹാരങ്ങൾ— —സമുദായം, അനുബന്ധം,
ഭാവാതിരേകം, സംയോജനം ഇവ നാലിനേയും ആശ്ര
യിച്ചുനില്ക്കുന്ന സത്യവ്യവഹാരം, അസത്യവ്യവഹാരം,
സത്യസമ്മിതമായ സത്യവ്യവഹാരം, സത്യസമ്മിതമായ
അസത്യവ്യവഹാരം, അസത്യസമ്മിതമായ സത്യവ്യവ
ഹാരം, അസത്യസമ്മിതമായ അസത്യവ്യവഹാരം. ഇ
ങ്ങിനെ ആറു വ്യവഹാരങ്ങൾ. സമുദായമെന്നതു ശരീര
വും, ജലവും ജനപദവുമാകുന്നു. നാനാധാതുക്കളുടെ സ

ഞ്ചയം ശരീരവും, നാനാബിന്ദുക്കളുടെ സഞ്ചയം ജലവും, നാനാഗ്രാമങ്ങളുടെ സഞ്ചയം ജനപദവുമാണെന്നു വ്യവഹരിച്ചുവരുന്നവിധംപഞ്ചസ്കന്ധസമുദായമാണ് ആത്മാവെന്നു പറഞ്ഞുവരുന്നു. വിത്ത്, മുള, നരിയെന്ന ക്രമത്തിലുണ്ടായതാണ് നെൽചെടിയെന്നു പറഞ്ഞുവരും പ്രകാരം സർവ്വവും കാരണകാര്യസംബന്ധത്തെ വഹിക്കുന്നവെന്നുള്ളത് അനുബന്ധം. ഒരു വസ്തുവിന്റെ നാശം, ഉല്പത്തി, ജീർണ്ണതയെന്നിവയിൽ ഒന്നിന്റെ നിലക്ക് ആധിക്യം കല്പിക്കുന്നതു ഭാവാതിരേകം. പലലിപികൾ ചേൎന്നു പദമെന്നും, പലനാൾ ചേൎന്നു മാസമെന്നും വ്യവഹരിക്കുന്നതു സംയോജനം. സത്യാസത്യവ്യവഹാരങ്ങൾ രണ്ടും സുവ്യക്തങ്ങളാണല്ലോ. ബോധപൂൎവ്വകമായ വിജ്ഞാനം സത്യസമ്മിതമായ സത്യവ്യവഹാരം. മനസ്സാന്നിദ്ധ്യത്തോടുകൂടിയ വേദന സത്യസമ്മിതമായ അസത്യവ്യവഹാരം. വിജ്ഞാനപൂൎവ്വകമല്ലാത്ത ബോധം അസത്യസമ്മിതമായ സത്യവ്യവഹാരം. കാരണം കൂടാതെയുള്ള കാൎയ്യോല്പത്തി അസത്യസമ്മിതമായ അസത്യവ്യവഹാരം.

നയചതുഷ്ടയം — സംയോജകം, വിയോജകം, അകരണം, പ്രാകൃതം എന്നു നാലു നയങ്ങൾ. ഇവയിൽ കാരണകാൎയ്യരൂപങ്ങളായ പദാൎത്ഥങ്ങളഭിന്നങ്ങളാണെന്നറിയുന്നതു സംയോജകനയം. അവ ഭിന്നങ്ങളാണെന്നറിയുന്നതു വിയോജകനയം. നിശ്ശേഷം നശിച്ചിട്ടില്ലാത്ത ഒരു പദാൎത്ഥം മറ്റു കാൎയ്യപദാൎത്ഥങ്ങളോടു സംയോജിച്ചതായ കാരണത്തിൽനിന്നു ജന്യമായ കാൎയ്യ

ത്തിന്റെ ബോധമുണ്ടാവാൻതക്ക വിജ്ഞാനംതന്നെയില്ലെന്നുള്ളതു് അകരണനയം. നെൽവിത്തിൽനിന്നു മുളയുണ്ടാകുമെന്നുള്ളതു പ്രാകൃതനയം.

നയഫലം—ഈ നയചതുഷ്ടയത്താൽ നാം അനുഭവിക്കുന്ന ഫലമെന്തെന്നാൽ—സംയുക്തമല്ലാത്ത ഒരു പദാൎത്ഥമില്ലെന്നും, ആ പദാൎത്ഥം ഇടയിലുണ്ടായതായ്വരികയില്ലെന്നും, അതിന്നു കൎത്താവിനോടു ബന്ധമില്ലെന്നും, യാദൃച്ഛികമായ കാരണത്തോടുകൂടിയതാണ് കാൎയ്യമെന്നും അതു് തത്ഭാവവും, അതത്ഭാവവുമില്ലാത്തതാണെന്നും അറിയുന്നതുതന്നെ

പ്രശ്നോത്തരചതുഷ്ടം—സിദ്ധാന്തം, അന്യതരവിവക്ഷാ, സാധനവിവക്ഷാ, അവാക്പ്രസരം, എന്നു് ഉത്തരങ്ങൾ നാലുവിധം ജനനമുള്ള പദാൎത്ഥത്തിന്നു നാശമുണ്ടോ ഇല്ലയോ എന്നു് ചോദിക്കുന്നതിൽ മുക്തനോ ബദ്ധനോ എന്നു് പേർ തിരിച്ചുചോദിക്കുന്നതു് അന്യതരവിവക്ഷാ. കുരണ്ടിയോ മൂത്തതു് പനയോ മൂത്തതെന്നു ചോദിക്കുന്നതിൽ ഏതുകുരണ്ടിക്കേതുപന എന്നു് ചോദിക്കുന്നതു് സാധനവിവക്ഷാ ആകാശകുസുമം പഴയതോ പുതിയതോ എന്നു് ചോദിക്കുന്നതിൽ ഉത്തരം പറയാതിരിക്കുന്നതു് അവാക്പ്രസരം.

ഭാവനാപഞ്ചകം—ബന്ധമോക്ഷങ്ങളെ അവയുടെ കാരണങ്ങളോടു് ഘടിപ്പിച്ചു് ബോദ്ധ്യപ്പെടുത്തിത്തരുന്നവരില്ല. മുൻപറഞ്ഞ വിഷയങ്ങൾക്കെല്ലാം കാരണം കാമക്രോധമോഹങ്ങളാകുന്നു. ഇവയെ അകററുവാൻ മൈത്രി, കരുണാ, മുദിതാ, അശുഭാ, ഉപേക്ഷ എന്നു്

അഞ്ചു് ഭാവനകളുണ്ടു്. (അശുഭഭാവനയൊഴിച്ചു്) നാലു ഭാവനകളെന്നും ഒരു പക്ഷമുണ്ടു്. മൈത്രിയെന്നതു് — ഒരുവനു് തന്റെ സഖാവിലുള്ള സ്നേഹമാകുന്നു. ഒരു ദുനിഗമ്യമായ ഒരു വസതിയിൽ ചെന്നു് ആസനാസ്ഥനായാൽ ഇങ്ങിനെ ധ്യാനിക്കമാറുണ്ടു്. "ഉത്തമമായ ജന്മം സിദ്ധിച്ചിട്ടുള്ള ജീവികളെല്ലാം ആമോദിക്കമാറാകട്ടെ. അവയെല്ലാം ദുഃഖ വ്യാധി ദുരാശാദികളിൽനിന്നു് മുക്തന്മാരാകട്ടെ. ഒട്ടൊഴിയാതെയുള്ള മർത്ത്യന്മാരും, അമർത്ത്യന്മാരും, നരകാനുഭവത്താൽ ക്ലേശിക്കുന്നവരും സന്തുഷ്ടചിത്തന്മാരായി ഭവിക്കട്ടെ. ഇവക്കു ദുഃഖവ്യാധിദുരാശകളിൽനിന്നു് വേർപാടു് ഭവിക്കട്ടെ." മൈത്രിയെന്നതു് ക്രോധത്തിന്നു് വിപരീതവൃത്തിയാകുന്നു. ഇവരണ്ടുംകൂടി ഒരിടത്തുനില്ക്കുകയില്ല. മൈത്രിയെന്നതു് തൃഷ്ണയല്ല. അവിദ്യയിൽനിന്നു് തൃഷ്ണയുണ്ടാകും, അതിൽനിന്നു് ദുരാശജനിക്കും. മൈത്രിയിൽനിന്നു് ദുരാശ ഭവിക്കുന്നതല്ല. കരുണയെന്നതു് -- പ്രാണികളുടെ ദൈന്യാവസ്ഥയാൽ മനസ്സുരുകി അതിന്റെ നിവൃത്തിവരുത്തേണമെന്നുള്ള ചിത്തവൃത്തിയാകുന്നു. മുദിതയെന്നതു് -- "മഹാജനങ്ങളുടെ ഭാഗധേയത്തിന്നു് എന്നും ഭംഗംവരാതിരിക്കേണം; ഓരോരുത്തരും തങ്ങൾക്കുള്ള സുകൃതഫലങ്ങൾ ഭുജിക്കേണം." എന്നു് ഭാവിക്കുകതന്നെ. മുദിതയെന്നാൽ സന്തോഷം. എന്നാൽ അതു് ലൌകികപദാർത്ഥവിഷയകമായ ഔൽസുക്യമല്ല. ഇതു് മൈത്രിയോടും കരുണയോടും ബന്ധിച്ചുനില്ക്കുന്നതാണു്. മൈത്ര്യാദി മൂന്നുഭാവനകളിലൊന്നിനെ അഭ്യസിക്കുന്ന ഒരു വ്രതി,

താൻ ഉദ്ദേശിച്ചിട്ടുള്ള ഭാവനയെ ഒന്നാമതായി ചില ജനങ്ങളോടും പിന്നെ ഒരു തെരുവിലുള്ളവരോടും അതിനുശേഷം ഒരു ഗ്രാമത്തിലുള്ളവരോടും അനന്തരം ഒരു ദേശവാസികളോടും ക്രമത്തിൽ ഉപദേശിച്ചുകൊണ്ടു് ശീലിക്കുന്നതു് നന്നായിരിക്കും. അശുഭഭാവനയെന്നതു്-- അമംഗളകരങ്ങളായ വിഷയങ്ങളിലും അനിത്യങ്ങളായ പദാർത്ഥങ്ങളിലുമുള്ള അനാസ്ഥ. അശുഭമെന്നാൽ അമംഗളം. ശോഭനമെന്നതിന്നു് വിപരീതാർത്ഥം; നിരാമോദം, അനാസ്ഥയെന്നുള്ള മനോവികാരങ്ങളെ ജനിപ്പിക്കുന്നതു്. ഇതിനെ അഭ്യസിക്കുന്ന ഒരു തപസ്വീ, "ശരീരം മുപ്പത്തിരണ്ടു ദോഷങ്ങളാൽ നിർമ്മിക്കപ്പെട്ടതാണെന്നും ഗോമയ പുഞ്ജത്തിലുത്ഭവിച്ചുവളരുന്ന പുഴുക്കളെപോലെ ഗർഭാശയത്തിലുത്ഭവിക്കുന്നുവെന്നും മലദ്വാരംപോലെ അശുദ്ധപദാർത്ഥങ്ങൾക്കിരിപ്പിടമാണെന്നും വഴവഴുപ്പായ ദ്രവപദാർത്ഥങ്ങൾ അതിന്റെ നവദ്വാരങ്ങളിൽക്കൂടേയും അന്യൂനം സദാസ്രവിച്ചുകൊണ്ടിരിക്കുന്നുവെന്നും അവ ജുഗുപ്സാവഹമായ ദുർഗ്ഗന്ധത്തെ വെളിപ്പെടുത്തുന്നുവെന്നും ഭാവിക്കേണ്ടതാണു്. ശരീരത്തിന്റെ കാലനിർണ്ണയം ഒരു നിമിഷമാത്രമാണു്; മിന്നൽ, നുര, നീരിലിട്ട ഉപ്പു്, ശുഷ്കതൃണത്തിൽ പററിയ പാവകൻ, കടൽത്തിര, കാനൽജലം, തൃണാഗ്രലഗ്നമായ ഹിമകണം, ഇവ കണക്കെ അതു് ഉദിച്ച ഉടൻതന്നെ നശിക്കുന്നതാണു്." എന്നു് ശരീരത്തിന്റെ അസ്ഥിരതയെ സംഭാവനം ചെയ്യുന്നതും അശുഭഭാവനയിലുൾപ്പെടുന്നതാണു്. ഉപേക്ഷാഭാവനയെന്നതു്--എല്ലാജീവികളിലും

സമഭാവനയും ഇഷ്ടാനിഷ്ടഭാവപരിത്യാഗവുമാകുന്നു. ത്ത് മററുനാലുഭാവനാകളേക്കാൾ മിക്കതും ഉൽകൃ അർഹതന്മാരാൽ അനുഷ്ഠിക്കപ്പെട്ടുന്നതുമാണ്. ഇത് സമചിത്തതയെന്നും പറയുന്നു.

മൈത്ര്യാദി മൂന്നുഭാവനകളേയും യഥായോഗ്യ ന്ന് കോപത്തെ വെടിയുക. ശാസ്ത്രങ്ങളുടെ ശ്രവ വിചിന്തനം, ഭാവനാ, ബോധം, ഇവയെ ആരാ മോഹത്തെ അകററിക്കളയുക. ഇവ നാലിനാലും യാന്ധകാരം നീങ്ങുമാറാകും.'' എന്ന് അറവണ കൾ പൂർവ്വാപരവിരോധ വിഹീനമാംവണ്ണം പ്രസന്ന ഭിരഭാവുകവാക്യങ്ങളാൽ ജ്ഞാനപ്രദീപപ്രകാശമ ത്ത്യത്തെ വെളിപ്പെടുത്തുകയാൽ "തവപ്രഭാവം സ ച്ച് ധർമ്മജ്ഞതയുമുണ്ടായി ജന്മരാശികൾക്കറുതി വ റാകട്ടെ''യെന്ന് പ്രാർത്ഥിച്ച് മണിമേഖല വ്രതാനു നത്തിൽ പ്രവേശിക്കുകയും ചെയ്തു.

ശുഭം.